O:3M99.2
32J3

MUL
160071

Madras University

Call Number

Accession Number

Available for loan from

This book should be returned on o[r before]
the date last marked below.

25 APR 1959
19 APR 1968
12 NOV 1959
19 APR 1968
30 NOV 1959
2[illegible] MAR 1960
[illegible] 2 MAR 1960
23 MAY 19[illegible]
-1 MAY 1960
18 JUN 1968
20 JUN [illegible]
30 JAN 1964
-8 MAR 1969
[illegible]6 MAY 1978
2 JUL 1964
O. 61
27 SEP 1965

# ഭാഗ്യസൂചന

UNIVERSITY LIBRARY
31 DEC 1954
MADRAS

ഗ്രന്ഥകർത്താ,

എ. എസ്. പഞ്ചാപകേശയ്യർ.

വിവർത്തകൻ,

കെ. എൻ. ദാമോദരൻനായർ.

പ്രകാശകന്മാർ,

ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ,

കൊല്ലം.

1129.

പകർപ്പവകാശം
പ്രകാശകന്മാർക്ക്.

ശ്രീരാമവിലാസം പ്രസ്സ്
കൊല്ലം.

ഒന്നാം പതിപ്പ്
കോപ്പി 1000

160071
36705
O:3M99x
32J3

# പ്രസ്താവന

ശ്രീ: ഏ. എസ്. പി. അയ്യരുടെ **Finger of Destiny** തുടങ്ങിയ എട്ടു കഥകളുടെ സമാഹാരമാണു് ഈ ഗ്രന്ഥം. ഇതിനുമുമ്പു് ഞാൻ വിവൎത്തനം ചെയ്ത ഈ ഗ്രന്ഥകാരന്റെതന്നെ 'സ്ത്രീഹൃദയ'ത്തെപ്പോലെ മൂലഗ്രന്ഥത്തിന്റെ രീതിയെ അതേപടി പരിഭാഷപ്പെടുത്തുവാനാണു് ഇതിലും ഞാൻ യത്നിച്ചിട്ടുള്ളതു്. അൎത്ഥക്ലിഷ്ടത തോന്നാതിരിക്കുവാൻ അപൂൎവ്വം ചില സ്ഥലങ്ങളിൽ ഈ നിയമത്തിനു വ്യത്യസ്തമായി പ്രവൎത്തിച്ചിട്ടുണ്ടു്. രണ്ടാമതു് കഥയുടെ **Lotus Buds** എന്ന പേരു് 'ആദ്യപ്രേമം' എന്നു മാററിയതു് അങ്ങിനെയുള്ള സ്വാതന്ത്ര്യത്തിനു് ഉദാഹരണമാണു്.

മലയാളരാജ്യം, കൊല്ലം,
9-11-'53.

കെ. എൻ. ദാമോദരൻനായർ.
(വിവൎത്തകൻ)

വിനീതമായ സേവനബുദ്ധിയോടുകൂടി

ഇൻഡ്യയിലെ കഷ്ടപ്പെടുന്ന

ജനകോടികൾക്കു്

സമൎപ്പിച്ചിരിക്കുന്നു.

# വിഷയവിവരം


| | | |
|---|---|---|
| 1. | ഭാഗ്യസൂചന | |
| 2. | ആദശ്പ്രേമം | 27 |
| 3. | ദരിദ്രൻെറ മകൻ | 64 |
| 4. | ഞാണിന്മേൽദണ്ഡിപ്പുകാരി | 88 |
| 5. | ആമയങ്ങൾ ഒന്നുചേരുന്നു | 103 |
| 6. | ഒററമരം | 128 |
| 7. | വെറും ദാസിപ്പെണ്ണ് | 166 |
| 8. | സകലതും വിഫലം | 216 |

# മുഖവുര

അന്തമില്ലാത്ത അത്ഭുതകഥകളുടേയും വിചിത്രപ്രവൃത്തികളുടേയും നാടാണ് ഇന്ത്യ. ദീർഘകാലമായി നിലനിന്നുവരുന്ന ആചാരങ്ങളുടെ മറവിലും തോൽകൊണ്ടു മൂടിക്കെട്ടിയ ധർമ്മത്തിന്റേയും പിന്നിൽ, അപ്രായോഗികമായ ആദർശങ്ങളും പ്രായോഗികമായ സാമാന്യബുദ്ധിയും മാറിമാറി അലയടിക്കുന്ന പ്രേമത്തിന്റേയും വെറുപ്പിന്റേയും മഹാസമുദ്രം സ്ഥിതിചെയ്യുന്നു. മീതെ സ്ഥിതിചെയ്യുന്ന മഞ്ഞുകട്ടി പൊട്ടിച്ചാൽമതി, നമുക്ക് പ്രാക്തനകാലജലാശയങ്ങളിലേയ്ക്കു് കടക്കമാറാകാൻ. കാലചൈതന്യത്തെ പ്രതിനിധീഭവിക്കുന്ന ലോകശക്തികൾ, ബന്ധിച്ചുനിർത്തുന്ന ഹിമാവരണത്തെ തകർത്തുകൊണ്ടിരിക്കുകയാണ്. പല സ്ഥലങ്ങളിലും അതു തകർന്നുകഴിഞ്ഞു. ഹിമസംഘാതമാകെ തകർന്ന്, സ്ത്രീയും പുരുഷനും സ്വാതന്ത്ര്യമായി ചരിക്കുകയും പ്രേമവിവാഹങ്ങൾ സാധാരണമായിരിക്കുകയും ചെയ്തിരുന്ന ആ പുരാതനകാലത്തെപ്പോലെ, ആനന്ദപ്രദമായ മന്ദോഷ്ണജലം ഒരിക്കൽക്കൂടി പ്രവഹിക്കുന്ന ദിനം അധികം അകലത്തല്ല. ഈ കഥകൾ ചിലപ്പോൾ തകരാത്ത ഹിമസംഘാതത്തെപ്പററിയും ചിലപ്പോൾ വിശാലസമുദ്രത്തെപ്പററിയും പറയുന്നവയാണെങ്കിലും, ജീവിതത്തോടു യാഥാർത്ഥ്യബന്ധമുള്ളവയാണ്. ഇവയിലെ എല്ലാ പാത്രങ്ങളും സംഭവങ്ങളും എന്റെ സൃഷ്ടികളാണ്. അവ ഏതെങ്കിലും യഥാർത്ഥവ്യക്തികളെയോ, സംഭവങ്ങളെയോ സൂചിപ്പിക്കുന്നില്ല.

എ. എസ്. പഞ്ചാപകേശയ്യർ.

31 DEC 1954
MADRAS

# ഭാഗ്യസൂചന

എറണാകുളത്തുള്ള നാഗഭട്ടന്റെ വീട്ടുവാതിലിൽ ആരോ മുട്ടി. ജ്യേഷ്ഠന്മാരായ കൃഷ്ണഭട്ടനും രാമഭട്ടനും ഒരുമിച്ചാണു് അയാൾ താമസിച്ചിരുന്നതു്. നാഗഭട്ടൻ, വായിച്ചുകൊണ്ടിരുന്ന ചരിത്രപുസ്തകം മാററിവച്ചിട്ടു് മുകളിലെ നിലയിലുള്ള ജനലിൽക്കൂടി പുറത്തേയ്ക്കുനോക്കി. അയാൾ കൃഷ്ണഭട്ടനോടു് ഉത്സാഹപൂർവ്വം പറഞ്ഞു: "നമ്മുടെ വീട്ടിൽ ഇതിനുമുമ്പൊരിക്കലും വരാത്ത ഒരു അപരിചിതനാണതു്. അയാൾ നിങ്ങളുടേയും എന്റേയും ജാതകത്തിനുവേണ്ടി വന്നതായിരിക്കണം." ഉടനെതന്നെ പോയി അയാൾ വാതിൽ തുറന്നു.

പൊക്കംകൂടി, അല്പം വളഞ്ഞ, ഇടത്തുന്ന പുരികങ്ങളോടുകൂടിയ ഒരാൾ ചോദിച്ചു:—

"രാമഭട്ടൻ അകത്തുണ്ടോ?"

"ഉണ്ടു്. എന്തിനു് നിങ്ങൾക്കദ്ദേഹത്തെ കാണണം?" നാഗഭട്ടൻ ചോദിച്ചു.

"എന്റെ കുടുംബത്തിലുള്ള രണ്ടു പെൺകുട്ടികളുടെ —എന്റെ മകളുടേയും സഹോദരന്റെ മകളുടേയും— ജാതകങ്ങളും, നിങ്ങളുടേയും നിങ്ങളുടെ സഹോദരന്റെ ജാതകവും തമ്മിൽ ചേരുമോ എന്നു നോക്കണം." എന്നു മറെറയാൾ പറഞ്ഞു.

അപരിചിതനെ നാഗഭട്ടൻ മുകളിലെ നിലയിലേയ്ക്കു കൊണ്ടുപോയി, അയാൾക്കു വേണ്ടതു നോക്കിക്കൊള്ളാൻ കൃഷ്ണഭട്ടനോടു പറഞ്ഞു. പിന്നെ കളിച്ചുകൊണ്ടിരുന്ന

നാഗഭട്ടൻെറ അട്ടത്തേയ്ക്കു വിവരം അറിയിക്കാനായി ഓടി.

നാഗഭട്ടന് പതിനേഴ വയസ്സ കഴിഞ്ഞിരുന്നു. രണ്ടു വർഷം കാളേജിലായിരുന്നു. കൃഷ്ണഭട്ടന് പതിനെട്ടു മാസം പ്രായക്കൂടുതലുണ്ട്. യൂണിവേഴ്സിററിയിൽ ഒരുവഷം കൂടുതൽ പഠിത്തവും ഉണ്ട്. വരന്മാരെ തിരക്കിനടക്കുന്നവക്ക് തങ്ങളുടെ ലിസ്റ്റിൽ പേരു് ഉൾപ്പെടുത്താൻതക്ക പ്രായത്തിൽ അവരിരുവരും പ്രവേശിച്ചിരുന്നു. താൻ ഒരിക്കലും കണ്ടിട്ടില്ലാത്തവളും എന്നാൽ എല്ലാം തികഞ്ഞവളെന്നു തന്നാൽ ചിത്രീകരിക്കപ്പെട്ടിട്ടുള്ളവളും ആയ ഏതോ പെൺകുട്ടിക്കു് അനുയോജ്യനായി താൻ കരുതപ്പെടുന്നല്ലോ എന്നതു നാഗഭട്ടന് അത്യന്തം സംതൃപ്തിജനകമായിരുന്നു. അയാളുടെ ഭാവന എല്ലാത്തരം സ്വപ്നങ്ങളുടേയും വിശിഷ്ടഭോജ്യങ്ങൾ ആസ്വദിച്ചിട്ടുണ്ടു്. താഴ്ന്ന ക്ലാസ്സുകളിൽ വച്ചു്, നോവലുകളും വീരകഥകളും വായിച്ചിട്ടു് ഭാവനയിലൂടെ അയാൾ ഒരു രാജകുമാരിയെ കല്യാണംകഴിക്കുകയും അവളുടെ സ്വത്തിന് അവകാശിയായിത്തീരുകയും ചുററിനമുള്ള പ്രദേശങ്ങൾ ആക്രമിച്ചു് രാജ്യവിസ്തൃതി വദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. എതിർത്ത എല്ലാ രാജാക്കന്മാരേയും അവരുടെ ആണുങ്ങളായ ബന്ധുക്കളേയും അയാൾ നെഞ്ചിൽതന്നെ വെടിവച്ചു കഥകഴിച്ചിരുന്നു. സഹോദരന്മാക്കും മച്ചുനന്മാക്കും കല്യാണം കഴിച്ചുകൊടുത്തു് രാജാക്കന്മാരുടെ പുത്രിമാരെക്കൊണ്ടുണ്ടാകാവുന്ന സൌഖ്യയ്ക്കും നിഷ്പ്രയാസം അയാൾ അറുതിവരുത്തി. പ്രായം ഏറിവന്നപ്പോൾ, യാഥാർത്ഥ്യത്തിൻെറ ജയിൽഭിത്തികൾ അന്തരീക്ഷത്തിൽ വളർന്നുയരാൻ തുടങ്ങിയപ്പോൾ, അകലെ സ്ഥിതിചെയ്യുന്ന മനോമോഹനമായ സങ്കല്പലോകത്തെ അതു മറയ്ക്കുവാൻ തുടങ്ങിയപ്പോൾ, കാൽനടയ്ക്കുള്ള ഒരു യാത്രാമദ്ധ്യേ ഒരു ധനികൻെറ വീട്ടിൽ കടന്നുചെന്നതും, ആ ധനികൻെറ

അവകാശിനിയായ ഏകപുത്രിയോട്ട് താൻ വെള്ളം ചോദിച്ചതും, അതിശയനീയമാംവിധം സുന്ദരിയും സവ്ഗ്ഗുണസമ്പൂൎണ്ണയും ആയ അവരം തന്നെ പ്രേമിച്ചതും, അവളെ കല്യാണം കഴിച്ചതും ആ സ്വത്തെല്ലാം തനിക്ക് അവകാശപ്പെട്ടുകിട്ടിയതും, സവ്പ്രകാരേണയും അതു താൻ വദ്ധിപ്പിച്ചതും എല്ലാം അയാരം മനക്കണ്ണുകൊണ്ടു കണ്ടു. എന്നാൽ, പതിനേഴുവയസ്സുചെന്ന ഈ സമയത്തു്, എത്രയും മിതമായ പ്രസ്തുത പദ്ധതി പോലും അയഥാത്ഥമായി അയാരംക്കു തോന്നി. താൻ കുറഞ്ഞിനെടന്നു് പെണ്ണിൻെറ പ്രേമം സമ്പാദിക്കുന്നതിനേക്കാരം എളുപ്പം സാദ്ധ്യമായിട്ടുള്ളതു് ഒററമകരം മാത്രമുള്ള ധനികൻ വ്യക്തമായ നിദ്ദേശങ്ങളുമായി ജ്യേഷ്ഠനെ സമീപിക്കുകയാണു് എന്നും അയാരം വിചാരിച്ചു. കിളരംകൂടി രോമങ്ങരം തിങ്ങിയ പുരികങ്ങളോടുകൂടിയ ആ അപരിചിതൻ ഒരു ധനികനാണെന്നും, അയാളുടെ സ്വത്തിനു് അവകാശിയായ ഏകപുത്രിയെ തനിക്കു കല്യാണം കഴിച്ചുതരുവാൻ വ്യഗ്രതകൊള്ളുകയാണെന്നും അയാരം സങ്കല്പിച്ചു. കുളികഴിഞ്ഞുവന്നു് രാമഭട്ടൻ അപരിചിതനെ ഒരു പ്രത്യേക മുറിയിലേയ്ക്കു കൊണ്ടുപോയി. കുട്ടികരം സംഭാഷണം എന്തെന്നു് അറിയണ്ട എന്നു കരുതിയാണു് അയാരം അങ്ങിനെ ചെയ്തതു്. പതുങ്ങിനിന്നു കേരംക്കാൻ പാടില്ലാത്തവിധം മുറിയുടെ കതകു് അയാരം തുറന്നിടുകയും ചെയ്തു. ഊഹിച്ചെടുക്കുകമാത്രമേ പിന്നെ ഒരു മാൎഗ്ഗമുണ്ടായിരുന്നുള്ളു.

"ഈ അപരിചിതനെപ്പററി എന്തു വിചാരിക്കുന്നു, കൃഷ്ണാ?" നാഗഭട്ടൻ ചോദിച്ചു.

"പുരികം കണ്ടിട്ടു് സംശയിക്കേണ്ട ഒരു വ്യക്തിയാണെന്നു തോന്നുന്നു." എന്നായിരുന്നു ഇച്ഛാഭംഗജനകമായ മറുപടി.

"എങ്കിലും അയാൾ ധനികനായിരിക്കണം." നാഗഭട്ടൻ പറഞ്ഞു: "നല്ലമുണ്ടും, കോട്ടും, തലപ്പാവും, കസവുരണ്ടാംമുണ്ടും അയാൾക്കുണ്ടല്ലോ?"

"അതെല്ലാം എരവൽവാങ്ങിയതാണെന്നു നമുക്കറിഞ്ഞുകൂടേ." മാററമില്ലാത്ത കൃഷ്ണൻ പറഞ്ഞു.

"എന്താണ് അതൊക്കെ എരവൽവാങ്ങിയതാണെന്നു പറഞ്ഞതു്?" നാഗഭട്ടൻ ചോദിച്ചു.

"അവ അയാളുടെ സ്വന്തമാണെന്നു് നമുക്കു് എങ്ങിനെയറിയാം?" കൃഷ്ണൻ പിന്നെയും പറഞ്ഞു.

അല്പനേരം കഴിഞ്ഞു് നാഗഭട്ടൻ ചോദിച്ചു: "അയാളുടെ സഹോദരൻ ധനികനായിരിക്കുമോ?"

"ഇയാളിതു കടം വാങ്ങിയതാണെന്നുണ്ടെങ്കിൽ, സഹോദരൻ തീച്ചയായും ഒരു പാപ്പരായിരിക്കണം." കൃഷ്ണൻ പറഞ്ഞു.

"ഒരു സഹോദരൻ ധനികനും മറെറാരു സഹോദരൻ ദരിദ്രനും ആകാൻ പാടില്ലാത്തതു് എന്തുകൊണ്ടാണു്?" നാഗഭട്ടൻ ചോദിച്ചു.

"ആകാം. പക്ഷേ അതു സാധാരണമല്ല. ഈയാളുടെ കാര്യത്തിൽ സഹോദരൻ കൂടുതൽ ദരിദ്രനാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. യാത്രച്ചെലവിനുള്ള പണംപോലും ഉണ്ടാക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണു്, തൻെറ മകൾക്കുകൂടി ഒരു വരനെ കണ്ടുപിടിക്കാൻ അയാൾ ഈ മനുഷ്യനെ ചുമതലപ്പെടുത്തി അയച്ചതു്."

നാഗഭട്ടനു് ആ മനുഷ്യനിലും അയാളുടെ സഹോദരനിലും ഒരു താല്പര്യവും തോന്നിയില്ല. അതിനാൽ, രാമഭട്ടൻ ആ മനുഷ്യനെ തെരുവിലേയ്ക്കുള്ള വഴിവരെ കൊണ്ടുചെന്നു വിട്ടിട്ടു്, തിരിച്ചുവന്നു്, അയാൾ കുടിച്ച സ്വത്തെ

ല്ലാം നശിച്ച ഒരാളാണെന്നു പറഞ്ഞപ്പോൾ അയാൾക്കു വളരെയേറെസന്തൃപ്തിതോന്നി. അയാൾ കൃഷ്ണനോടു വിവരിച്ചുകൊടുത്തു. "അയാളുടെ കുടി ഒരു ചീത്തദോഷമാണെന്നു കരുതിക്കൊള്ളൂ. പക്ഷെ അയാളുടെ മകൾ കുടിക്കുകയില്ല. അച്ഛൻെറ ദോഷത്തിനു് അവളെ കുററപ്പെടുത്തേണ്ടതുമില്ല. പക്ഷെ, അയാളുടെ ഈ ധാരാളിത്തം, അയാളോടു് ബന്ധപ്പെട്ടന്നതു് തീരെ ഓക്കവാൻകൂടി പാടില്ലാത്ത കാൎയ്യമാണെന്നു കാണിക്കുന്നില്ലേ?"

"അയാളുടെ മകൾ പണം ധാരാളിച്ചു ശീലിച്ചിട്ടുണ്ടായിരിക്കുകയില്ല. നിങ്ങളുടെ യുക്തിവച്ചു നോക്കുന്നപക്ഷം, അവളുടെ അച്ഛൻെറ ദോഷത്തിനു് അവളെ എന്തിനു് കുററപ്പെടുത്തുന്നു?" കൃഷ്ണൻ ചോദിച്ചു.

"മറയാ, രണ്ടും തമ്മിൽ ധ്രുവാന്തരമുണ്ടെന്നു കണ്ടുകൂടെ? അയാൾ കുടിച്ചതുകൊണ്ടു് അവൾക്കു നേരിട്ടു ദോഷമൊന്നും സംഭവിക്കുകയില്ല. പക്ഷെ അയാൾ പണം ധൂത്തടിക്കുന്നതു് അവളെ പാപ്പരാക്കി വിടുന്നതിനു തുല്യമാണു്" നാഗഭട്ടൻ പറഞ്ഞു. "അവൾ ഒരുത്തിയേ ഉള്ളോ എന്നും എനിക്കു സംശയമുണ്ടു്" അയാൾ തുടൎന്നു പറഞ്ഞു.

"പത്തുപേരുള്ളതിൽ മൂത്തതാണവൾ എന്നതിനെ സംബന്ധിച്ചു് എനിക്കു സംശയമൊട്ടുമില്ല. കുടിയന്മാൎക്കു കുഞ്ഞുങ്ങൾ ധാരാളമുണ്ടാകുമെന്നാണു് പഴമൊഴിതന്നെ," അയാളുടെ സഹോദരൻ മറുപടിപറഞ്ഞു.

ആ അപരിചിതനെപ്പററിയോ അയാളുടെ മകളെപ്പററിയോ മക്കളെപ്പററിയോ താല്പൎയ്യംതോന്നാഞ്ഞതിനാൽ, നാഗഭട്ടൻ ആ പ്രമേയത്തെപ്പററി പിന്നെ വാദപ്രതിവാദം നടത്തിയില്ല.

ഇതിനുശേഷം ഒരുമാസം കഴിഞ്ഞു്, അയലത്തുള്ള ഒരു വീട്ടിൽ ഒരു ബാങ്കറുടെ മകൾ പാട്ടുകച്ചേരി നടത്താൻ പോകുന്നുണ്ടെന്നു നാഗഭട്ടൻ കേട്ടു. അവളുടെ അച്ഛൻെറ ബാങ്ക് പൊളിഞ്ഞുപോയി. ഈ സംഭവംകഴിഞ്ഞ് അല്പ ദിവസങ്ങൾക്കകം ഹൃദയം സ്തംഭിച്ച് അച്ഛനും മരിച്ചു. അയാൾ സത്യസന്ധനായിരുന്നതിനാൽ, സ്വത്തൊന്നും ശേഷിച്ചിരുന്നില്ല. വരദക്ഷിണ കൊടുക്കുവാൻ വഴിയില്ലാ യിരുന്നതിനാൽ പെൺകുട്ടിക്കു പതിന്നാലുവയസ്സായെ ങ്കിലും അവളെ കല്യാണംകഴിച്ചുകൊടുക്കാൻ വിധവയായ അവളുടെ അമ്മയ്ക്കു നിവൃത്തിയില്ലാതെവന്നു. പെൺകുട്ടി നല്ല പരിശ്രമശീലയായിരുന്നു. ജന്മസിദ്ധമായി അവൾക്കു വളരെ മനോഹരമായശബ്ദം ലഭിച്ചിരുന്നു. നല്ലകാലത്തു് സംഗീതത്തിൽ ഒന്നാംതരം പരിശീലനം അവൾക്കുലഭിച്ചു മിരുന്നു. പാട്ടുകച്ചേരികൾ നടത്തി, അതിൽനിന്നു കിട്ടുന്ന മിച്ചംകൊണ്ടു കല്യാണംനടത്താമെന്നു അവൾ തീരുമാ നിച്ചു. സംഗീതക്കച്ചേരികൾ നടത്തിയുംകൊണ്ടുള്ള യാത്ര യ്ക്കിടയിൽ ഏതെങ്കിലും ചെറുപ്പക്കാരൻ തന്നെ പ്രണയി ക്കാനും, പണമില്ലാതെതന്നെ കല്യാണംകഴിക്കാനും പാടി ല്ലാതെയില്ലെന്നും അവൾ വിചാരിച്ചു.

നാഗഭട്ടനും ഒട്ടുംതന്നെ നല്ലനിലയിലല്ലായിരുന്നു. അയാളുടെ കുടുംബം ഒരിക്കൽ സമ്പന്നമായിരുന്നു. എ ന്നാൽ കൂടെക്കൂടെയുള്ള വ്യവഹാരംപറച്ചിൽകൊണ്ടു് കുടും ബത്തിലെ സ്വത്തു മിക്കവാറും നശിച്ചുകഴിഞ്ഞിരുന്നു. യൂണിവേഴ്സിററി വിദ്യാഭ്യാസം പൂർത്തിയാക്കുവാൻതന്നെ, തങ്ങൾക്കു കിട്ടാവുന്ന വരദക്ഷിണയെ ആശ്രയിക്കേണ്ടിവ രുന്ന നിലയായിരുന്നു കൃഷ്ണഭട്ടനും നാഗഭട്ടനും ഉണ്ടായിരു ന്നതു്. രാമഭട്ടൻ ഒരു ആദർശവാദിയായിരുന്നു. പക്ഷേ വസ്തുതകൾ അയാൾക്കു എത്രയും കട്ടപ്പമേറിയതായിട്ടാണു് അനുഭവപ്പെട്ടതു്. അതിനാൽ കൃഷ്ണഭട്ടനു കുറഞ്ഞതു്

ആയിരത്തിഇരുന്നൂറുരൂപയും നാഗഭട്ടന് രണ്ടായിരം രൂപയും കിട്ടേണ്ടതാണെന്ന് അയാൾ വ്യക്തമായി തീരുമാനിച്ചുവച്ചിരുന്നു. കൂടുതൽ ബുദ്ധിമാനായിരുന്നതുകൊണ്ടാണ് നാഗഭട്ടനു കൂടിയ തുക അയാൾ നിശ്ച്യയിച്ചതു്. ആ പ്രദേശത്തു നിലവിലിരുന്ന നിരക്കിൽ ഏററവും കൂടിയ തുക തനിക്കു ലഭിക്കാവുന്ന വരദക്ഷിണയായി നിശ്ചയിച്ചുവല്ലോ എന്നോർത്തു നാഗഭട്ടന് ഏതാണ്ട് അഭിമാനം തന്നെ തോന്നിയിരുന്നു. വമ്പിച്ച സ്വത്തിനു് അവകാശമുള്ള പെൺകുട്ടിയെ കല്യാണംകഴിക്കുന്നതിനു പുറമെ, ഈ തുകയുംകൂടി കിട്ടുക എന്നതു് വളരെ മഹത്തായ കാര്യമായി അയാൾക്കുതോന്നി. എങ്കിലും, അപ്രായോഗികമായ ആദശ്വാദവും ചിലപ്പൊഴൊക്കെ അയാളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. അയാളുടെ ആന്തരപ്രകൃതിയിൽ മറഞ്ഞു കിടക്കുന്ന ഈ ഉറവുകൾ, എപ്പോഴും പണത്തെ അടിസ്ഥാനമാക്കിയുള്ള നിലപാടിനോടു സമരോത്സുകമായിരുന്നു. ചിലപ്പോഴൊക്കെയും കരുത്തേറിയതും അച്ചടക്കമുള്ളതും ആയ ഹൃദയത്തേയും ഇരുമ്പുപോലുള്ള ഇച്ഛാശക്തിയേയും ഭേദിച്ചു അവ പുറത്തുചാടുകയും ചെയ്തിരുന്നു.

പാട്ടുകച്ചേരി ഏററവും ഭംഗിയായി നടന്നു. നൂറുകണക്കിനാളുകൾ കച്ചേരിക്കു ഹാജരായി നല്ലതുകയും പിരിഞ്ഞു സംഗീതം രണ്ടുമണിക്കൂർ നീണ്ടുനിന്നു. നാഗഭട്ടനും കൃഷ്ണഭട്ടനും അവിടെപ്പോയിരുന്നു. നാഗഭട്ടൻ അത്യന്തം ശ്രദ്ധയോടെ പാട്ടുകേട്ടു. അയാളുടെ കണ്ണുകൾ സുന്ദരിയായ ഗായികയിലും, കാതുകൾ അവളിൽനിന്നു് ഒഴുകിയ സ്വരമാധുരിയിലും ലീനമായി. കറുത്തുമെലിഞ്ഞു മനോഹരമായ ശരീരഘടനയോടുകൂടിയ അവൾ പ്രകാശമേറിയ കണ്ണുകളും, നിഷ്കളങ്കമായ മുഖവും, ഇച്ഛാശക്തിയെ സൂചിപ്പിക്കുന്ന താടിയുംഉള്ള ഒരു കുട്ടിയായിരുന്നു. നീലസാരിയും റോസാപ്പൂവണ്ണത്തിലുള്ള മേൽക്കുപ്പായവും

ആകർഷകമാംവിധം ധരിച്ചിരുന്ന അവൾ, തീർച്ചയായും തന്നിക്കു യോജിക്കാത്തവളല്ലെന്നു് നാഗഭട്ടനു തോന്നി. സംഗീതത്തിനുവേണ്ടി അയാൾ അത്യാർത്തിപൂണ്ടിരിക്കുകയായിരുന്നു. അയാളുടെവീട്ടിൽ സംഗീതമേ ഉണ്ടായിരുന്നില്ല. അതിനാൽ അതിവിശിഷ്ടമായ ഈ സംഗീതസദ്യയിൽ അയാളുടെ ഹൃദയംമുഴുവൻ ലയിച്ചുപോയി. അയാളുടെ ദൃഷ്ടികൾ പാട്ടുകാരിയിൽതന്നെ തറച്ചുപോയിരുന്നു. അവളുടെ നേരെഎതിരെ ഇരുന്നിരുന്നതുകൊണ്ടു് ഈ വസ്തുത അയാളുടെ സ്നേഹിതന്മാരുടെ ശ്രദ്ധയിൽപെട്ടില്ല. ആദ്യമൊക്കെ പെൺകുട്ടിക്കു് സങ്കോചമുണ്ടായി, ദൂരേയ്ക്കുനോക്കാൻ അവൾ ശ്രമിച്ചു. എങ്കിലും ഏതാനും മിനിററു കഴിഞ്ഞു് അവൾ ധൈര്യസമേതം അയാളുടെ മുഖത്തു തന്നെ നോക്കിക്കൊണ്ടു് ഗാനംതുടന്നു. കച്ചേരി അവസാനിക്കുന്നതുവരെ, അവൾ അയാളിൽനിന്നു് ദൃഷ്ടികൾ മാററിയില്ല.

കൂടെക്കൂടെയുണ്ടായ കൈയടികളിൽ നാഗഭട്ടൻ പങ്കുകൊണ്ടില്ല. സ്വരമാധുരിയെ ഭ്രാന്തമായി തടസ്സപ്പെടുത്തുന്ന ഒരു പ്രവൃത്തിയായി മാത്രമേ അയാൾക്കതു തോന്നിയുള്ളു. സംഗീതത്തിനു യോജിക്കാത്ത കയ്യടികളും ആർത്തുവിളികളും കേൾക്കുവാൻ അയാൾ ഒരിക്കലും ഇഷ്ടപ്പെട്ടില്ല. അയാളുടെ പ്രതിഷേധം മുഖത്തു പ്രത്യക്ഷമായിരുന്നു പാട്ടുകാരി അതു ശ്രദ്ധിച്ചു ചിരിച്ചു അയാളുടെ വിമ്മിഷ്ടവും ആ അജ്ഞന്മാരോടു കാണിക്കുന്ന സഹിഷ്ണുതയും കണ്ടുള്ള ചിരിയായിരുന്നു അതു്. ജനിച്ചതുമുതല്ക്കേ തങ്ങൾ തമ്മിൽ പരിചയത്തിലായിരുന്നോ എന്ന തോന്നൽ ആ രണ്ടുമണിക്കൂറിനകം നാഗഭട്ടനുണ്ടായി. അത്രയ്ക്കുട്ടത്ത മിത്രഭാവവും സഹാനുഭൂതിയും അയാൾക്കു് അവളോടു തോന്നി.

"ജന്മാന്തരങ്ങളുണ്ടെത്രയെനിക്കിനി
അമ്മേ! നിരാമയമുക്തി പൂകാൻ?

സുപ്രസിദ്ധമായ ആ വരികൾ പാടിയപ്പോൾ, നാഗഭട്ട ന്റെ ശരീരമാകെ വികാരവിജൃംഭിതമായി. തന്റെ സ്റ്റൂളും, സഹോദരന്മാരും, സംഗീതശാലയും എല്ലാം അയഥാർത്ഥ മാണെന്നയാൾക്കു തോന്നി. യഥാർത്ഥമായതു് ആ സുന്ദരി യായ പാട്ടുകാരിയും അവൾ പാടിയ എണ്ണമററ ജനനമര ണശൃംഖലയും മാത്രമായിരുന്നു. അവസാനമായി പ്രാർത്ഥ നാഗീതം ആലാപിക്കപ്പെട്ടു.

സർവ്വപ്രപഞ്ചവിധാതാവേ, ധാതാവേ
സർവ്വദാ നിൻപദം കുമ്പിടുന്നേൻ.

പത്മവിലോചന! നിന്നവതാരങ്ങൾ
പത്തും ഞാൻ സാദരം കൈവണങ്ങാം.

കാളക്കൂടംകുടിച്ചൂഴിയെ രക്ഷിച്ച
നീലകണ്ഠ! തൊഴാം ശ്രീമഹേശ!

എന്ന പ്രാർത്ഥനാഗീതം അവൾ അവസാനമായി പാടി. ഓരോ പ്രാവശ്യവും ആ പെൺകുട്ടി തന്നെയാണു നമിക്കു ന്നതെന്നു് അയാൾക്കു തോന്നി.

ഒടുവിൽ എല്ലാംകഴിഞ്ഞു് സദസ്സു പോകാനായി എ ഴുന്നേററപ്പോഴും നാഗഭട്ടൻ വേരുപിടിച്ചതുപോലെ ഇരു ന്നിടത്തുതന്നെ ഇരുന്നുപോയി. കൃഷ്ണഭട്ടൻ അയാളുടെ ഇടതു തോളിൽ തട്ടിക്കൊണ്ടു ചോദിച്ചു "നീ വരുന്നോ?"

"നിങ്ങൾ പൊയ്ക്കോ, ഞാൻ കുറച്ചു കഴിഞ്ഞുവരാം." എന്നുപറഞ്ഞു നാഗഭട്ടൻ അയാളെ അയച്ചു.

നേരത്തെ ഒന്നും കൊടുക്കാതിരുന്ന ചിലർ, അവരുടെ വക രൂപയും ചില്ലറ നാണയങ്ങളും പിരിവുകിണ്ണത്തിൽ ഇ ട്ടുകൊടുത്തു. അതുകഴിഞ്ഞു് അവർ പോയി. പാട്ടുകാരി വീണ ഉറയിലാക്കുകയായിരുന്നു. നാഗഭട്ടൻ എഴുന്നേററു

കീശതപ്പി ഒരു നാലണത്തുട്ടെടുത്തു ലജ്ജിതനായി കിണ്ണത്തിലിട്ടുകൊടുത്തു.

"ഇതു നിസ്സാരമായ ദാനമാണു്" നാണിച്ചുകൊണ്ടു് അയാൾ പറഞ്ഞു "എങ്കിലും എനിക്കു് ഇത്രയും തരാനേ നിവൃത്തിയുള്ളൂ."

"തരുന്നതിലല്ല കാര്യം. തരുന്നയാളിന്റെ മനസ്സാണപ്രധാനം." അയാളുടെ കണ്ണുകളിൽത്തന്നെ നോക്കി മധുരപ്പുഞ്ചിരി പൊഴിച്ചുകൊണ്ടു് പെൺകുട്ടി പറഞ്ഞു.

അവൾ അമ്മയെ മെല്ലെയൊന്നു തള്ളി. അവളുടെ ഇംഗിതം ഗ്രഹിച്ച മാതാവു് നാഗഭട്ടനോടു പറഞ്ഞു. "നിങ്ങൾക്കു സംഗീതം ആസ്വദിക്കാൻ അഭിരുചി ഉണ്ടെന്നു തോന്നുന്നല്ലോ."

"എനിക്കോ!" അയാൾ മറുപടി പറഞ്ഞു. "സംഗീതം എന്തെന്നു് ഇന്നുവരെ എനിക്കറിഞ്ഞുകൂടായിരുന്നു. സംഗീതം കേൾക്കാൻ എനിക്കു തീർച്ചയായും കൊതിയുണ്ടു്."

"എന്റെ മകൾ പാടാൻ ഇഷ്ടപ്പെടുന്നു. അവൾ നല്ലവണ്ണം പാടുന്നുണ്ടെന്നല്ലേ നിങ്ങളുടെ അഭിപ്രായം."

"ഒന്നാംതരമായി ഇത്ര നല്ലസംഗീതം മുമ്പൊരിക്കലും കേട്ടിട്ടില്ല" നാഗഭട്ടൻ പറഞ്ഞു.

യഥാർത്ഥമായ ആനന്ദംകൊണ്ടുള്ള പുഞ്ചിരി അവളുടെ മുഖം പ്രകാശമാനമാക്കി

"നിങ്ങളുടെ പേരെന്താണു്?" അമ്മചോദിച്ചു

'നാഗഭട്ടൻ.'അയാൾ മറുപടി പറഞ്ഞു.

"പങ്കജം എന്നാണു് എന്റെ മകളുടെ പേരു്" അവൾ പറഞ്ഞു "സാധുക്കുട്ടി, അവളുടെ അച്ഛൻ മരിച്ചപ്പോ

യി. ഞങ്ങളെ വളരെ കഷ്ടപ്പാടിൽ വിട്ടിട്ടുപോയെന്നതാണു് ഏററവും കഷ്ടം. ഒരുകാലത്തു ഞങ്ങഠം വലിയ ധനികരായിരുന്നു.”

“ഞങ്ങളും അങ്ങിനെയായിരുന്നു” നാഗഭട്ടൻപറഞ്ഞു.

“ഇപ്പോഴോ?” അവഠം ചോദിച്ചു.

“എൻെറ നാലണത്തുട്ട് അക്കഥ വിളിച്ചു പറഞ്ഞില്ലേ?”

“വരദക്ഷിണ കൊടുക്കാനും കല്യാണച്ചെലവു നടത്താനും വല്ലതും ഉണ്ടാക്കാമെന്നുള്ള ഉദ്ദേശത്തിൽ ഞങ്ങഠം സദിരുകഠം നടത്തി സഞ്ചരിക്കുകയാണു്” അമ്മ തുടൎന്നു: “കുടുംബസ്ഥിതിയോ, പെണ്ണിൻെറ യോഗ്യതകളോ, ഇക്കാലത്തു് ആരാണു നോക്കുന്നതു്? എല്ലാം ചെറുപ്പക്കാരും പണം മാത്രമാണു് അന്വേഷിച്ചു നടക്കുന്നതു്.”

“ഹും. ചിലൎക്കു് അങ്ങിനെ ചെയ്യാതെ നിവൃത്തിയില്ലെന്നു നിങ്ങഠംക്കറിഞ്ഞുകൂടെ.” നാഗഭട്ടൻ പറഞ്ഞു. “ഔദാൎയ്യബുദ്ധി മുഴുവൻ പ്രകടിപ്പിക്കുവാൻ കഴിയാത്തവിധം അവരുടെ ധനസ്ഥിതി എത്രയും മോശമാണു്.”

“നിങ്ങഠം പറയുന്നതു് ശരിയായിരിക്കാം.” അമ്മ അയാളോടു യോജിച്ചു. “സൎവ്വത്ര കാണുന്ന ഈ സാമ്പത്തികാധഃപതനവും ജീവിതത്തിനുവേണ്ടിയുള്ള വൎദ്ധിച്ചു വരുന്ന മത്സരവുമാണു് വരദക്ഷിണ ഈവിധം ഭയങ്കരമായി വൎദ്ധിക്കാൻ കാരണം. എൻെറ കാലത്തു് വരദക്ഷിണ എന്നൊരു ഏൎപ്പാടേ ഉണ്ടായിരുന്നില്ല. എൻെറ ഭൎത്താവു് ഒരു പൈപോലും വാങ്ങിയില്ല.”

“അദ്ദേഹം സ്കൂളിൽ പഠിപ്പിനു മിടുക്കനായിരുന്നോ? അദ്ദേഹം ബുദ്ധിമാനായിരുന്നോ? എല്ലാത്തിനും അദ്ദേഹം ഒന്നാമനായിരുന്നോ?” നാഗഭട്ടൻ ചോദിച്ചു.

ആ മഹതി പറഞ്ഞു:“അന്നു് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു് ഇത്രയേറെ പ്രചാരം സിദ്ധിച്ചിരുന്നില്ല. എങ്കിലും അദ്ദേഹം അസാധാരണമാംവിധം ബുദ്ധിമാനായിരുന്നില്ല.”

“അതില്ല, തീച്ച്. അല്ലെങ്കിൽ ബാങ്കു പൊളിയുമായിരുന്നില്ലല്ലോ” ആലോചിക്കാതെ പെട്ടെന്നു നാഗഭട്ടൻ പറഞ്ഞു. ഉടനെ വിഡ്ഢിത്തം മനസ്സിലാകുകയാൽ അയാറം ചുണ്ടുകടിച്ചു.

“നാം എന്തുചെയ്താലും സംഭവിക്കാനുള്ളതു സംഭവിക്കും.”

“നിങ്ങറം അങ്ങിനെ വിചാരിക്കുന്നില്ലേ?” പങ്കജം ചോദിച്ചു.

“തീച്ച്യയായും ആ വിധം സംഭവിക്കും.” നാഗഭട്ടൻ പറഞ്ഞു. “നിങ്ങളുടെ വികാരങ്ങളെ ക്ഷതപ്പെടുത്തിയെങ്കിൽ ദയവായി മാപ്പുതരിക.”

“മാപ്പുതരാനൊന്നുമില്ല.” അവറം മറുപടി പറഞ്ഞു “അങ്ങിനെയൊരു അഭിപ്രായം നിങ്ങളല്ല ആദ്യമായി പറയുന്നതു്. അന്യായമായിപ്പോയി എന്നു ലേശവും ശങ്കിക്കാതെ ആന്യരായ ആരും പറയുന്ന ഒരഭിപ്രായമാണതു്.”

“ഇതുവരെ എന്തു തുക പിരിച്ചെടുക്കുവാൻ നിങ്ങറംക്കു കഴിഞ്ഞു?” നാഗഭട്ടൻ പങ്കജത്തിൻെറ അമ്മയോടു ചോദിച്ചു.

“450 രുപാ.” അവറം മറുപടി പറഞ്ഞു. ഇതു വളരെയേറെ വിഷമംപിടിച്ച പണിയാണു്. ഇതു പത്താമത്തെ പാട്ടുകച്ചേരിയാണു്. തുടച്ച്യയായുള്ള യാത്രയും അദ്ധ്വാനവുംകൊണ്ടു പങ്കജത്തിൻെറ ആരോഗ്യം നശിക്കു

മെന്നുള്ളതിനാൽ ഇനിയും അധികം പാട്ടുകച്ചേരി നട ത്താൻ കഴിയുമെന്നു ഞാൻ കരുതുന്നില്ല."

"നമസ്കാരം. നിങ്ങൾക്കു സർവ്വവിജയവും ആശം സിക്കുന്നു." എഴുന്നേല്ക്കവേ നാഗഭട്ടൻ പറഞ്ഞു.

അയാളുടെ ആദർശവാദം അപ്രത്യക്ഷമായി. ആ പാ ട്ടുകളും, സുന്ദരിയായ പാട്ടുകാരിയും, അന്തമില്ലാത്ത ജനനമ രണശൃംഖലയും എല്ലാം ഉളവാക്കിയ മനഃപീഡയുടെ സ്ഥാ നത്തു് അടുത്തുവരുന്ന പരീക്ഷയുടെ ഓർമ്മയും അതിനു് തയ്യാറാകണമല്ലോ എന്നുള്ള വിചാരവും സ്ഥലംപിടിച്ചു. അടങ്കൽ ചെയ്തിരുന്ന 2000 രൂപയും 450 രൂപയും തമ്മി ലുള്ള അന്തരം ഈ മനംമാററത്തിനു് സഹായകമായി ത്തീൎന്നു. പെട്ടെന്നു യാത്രപറയാൻ തോന്നിയതിന്റെ കാരണമെന്തെന്നു് പങ്കജം ശരിക്കു് ഊഹിച്ചു. അവൾ നാഗഭട്ടന്റെ കണ്ണുകളിൽത്തന്നെ ഉറപ്പിച്ചു നോക്കിക്കൊ ണ്ടു പറഞ്ഞു: "നമസ്കാരം. ധനാപരമായ പരിഗണന കൾ കൂടാതെ, പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും അവരവർ ഇഷ്ടപ്പെടുന്നയാളുകളെ വിവാഹം കഴിക്കത്തക്ക വിധം സാമ്പത്തികസ്ഥിതി നന്നാകുന്ന ഒരു നല്ലകാലം നമ്മുടെ രാജ്യത്തിനു് ഉണ്ടാകുമെന്നു നിങ്ങൾ വിചാരിക്കു ന്നില്ലേ?" "ഉണ്ടു്" നാഗഭട്ടൻ പെട്ടെന്നു പറഞ്ഞു. "ആ ദിവസം ഇനിയും വന്നിട്ടില്ല; ഒരു പക്ഷെ വന്നില്ലെന്നും വരാം." പിന്നെ അയാൾ അവിടംവിട്ടു.

വളരെ ദിവസത്തേയ്ക്കു്, പാട്ടുകാരിയെപ്പററിയുള്ള ഓർമ്മ നാഗഭട്ടനെ അലട്ടി. ക്രമേണ അതു മങ്ങിമങ്ങി ചത്തടിഞ്ഞ ഭൂതകാലത്തിന്റെ മറയിൽ ലയിച്ചു. ആ കുട്ടി ആരെയെങ്കിലും പരിണയിക്കുന്നതിൽ വിജയിച്ചോ എന്നും, അയാൾ എങ്ങിനെയുള്ളയാളാണെന്നും അയാൾ കൂടെ ആലോചിച്ചു. പക്ഷേ ഇതു് വെറും ഒരു ആലോച

നമാത്രമായിരുന്നു. ചന്ദ്രഗുപ്തമൗര്യൻ സ്ഥാനത്യാഗം ചെയ്തുവോ, ചെയ്തെങ്കിൽ എന്നു് എന്നു് ആലോചിക്കുന്ന മാരീരി മാത്രമേ ഈ ആലോചന പോയുള്ളു. വീട്ടുജോലികളും സ്കൂൾ സംബന്ധമായ ജോലികളും ചേർന്നു് അസംഭാവ്യമോ അത്ഭുതകരമോ ആയതിനെയൊക്കെ സാധാരണ രീതിയിലാക്കി. പ്രായോഗികവിഷമതകളും സാമ്പത്തിക ചിന്തകളും ആകുന്ന ചളിപ്രദേശത്തു അയാളുടെ ആദർശങ്ങൾ ഒന്നൊന്നായി മൂടപ്പെട്ടുപോയി. ചിന്തയെ മുക്കിക്കൊല്ലാൻവേണ്ടി അയാൾ പുസ്തകങ്ങളിലും പരീക്ഷകളിലും ശ്രദ്ധ കേന്ദ്രീകരിച്ചു.

പാട്ടുകച്ചേരി കഴിഞ്ഞു ഒരുകൊല്ലത്തിനുശേഷം കൃഷ്ണഭട്ടന്റെ വിവാഹം നടക്കുകയും, അടങ്കൽകൊള്ളിച്ചിരുന്ന 1200 രൂപയും വരത്തുല്യമായി വസൂലാക്കുകയുംചെയ്തു.

നാഗഭട്ടൻ വളരെ സ്തുത്യർഹമാംവിധം ബി. ഏ. പാസ്സായി. നാഗഭട്ടനെക്കൊണ്ടു് മകളെ കല്യാണംചെയ്യിക്കാമെന്ന ഉദ്ദേശത്തിൽ നല്ല ധനസ്ഥിതിയുള്ള ഒരു സ്കൂൾ മാസ്റ്റർ രാമഭട്ടനെ സമീപിച്ചു. സമർത്ഥനായ ഒരു കുട്ടിയായിരുന്നതുകൊണ്ടു് അയാൾക്കു നാഗഭട്ടനിൽ വലിയ ഭ്രമമായിരുന്നു. പക്ഷേ 1600 രൂപാ കൊടുക്കാനേ അയാൾക്കു സന്നദ്ധത ഉണ്ടായിരുന്നുള്ളൂ. രാമഭട്ടൻ കടിച്ചാൽപൊട്ടാത്ത ജാതിയായിരുന്നു. "ദൂഷണം ചെയ്യണമെന്ന വിചാരം എനിക്കില്ല." അയാൾ പറഞ്ഞു. "ഈ രണ്ടായിരംരൂപാ നാലുകൊല്ലത്തിനുമുമ്പു് നിശ്ചയിച്ചതാണു്. കമ്പോളനിലവാരം അതില്പിന്നെ ഉയരുകയേ ചെയ്തിട്ടുള്ളൂ; താഴുകയല്ല ചെയ്തതു്. കുട്ടി നിയമം പഠിക്കണമെങ്കിലും പണം വേണം." സ്കൂൾമാസ്റ്റർ 1800 രൂപാവരെ പറഞ്ഞു. അതിൽ ഒരു പൈ കൂടുതൽ കൊടുക്കാൻ താൻ തയ്യാറല്ലെന്നു് അയാൾ പ്രസ്താവിച്ചു. അങ്ങിനെ ആ ആലോചനകൾ തകർന്നു.

പാട്ടുകാരിയുടെ അർത്ഥഗർഭമായ വാക്കുകൾ കേട്ടതിൽ പിന്നെ, വരശുല്ക്കത്തെപ്പററി ഓക്കുമ്പോഴൊക്കെയും നാഗഭട്ടൻെറ മനസ്സ് അസ്വസ്ഥമായിരുന്നു. രാമഭട്ടൻ തനിക്കു നിശ്ചയിച്ച വമ്പിച്ച സ്ത്രീധനത്തെപ്പററി അയാൾ അതിൽപിന്നെ അഭിമാനംകൊണ്ടതുമില്ല. ഇതേപ്പററി രാമഭട്ടനുമായി വാദിക്കണമെന്ന് അയാൾക്ക് എപ്പോഴും തോന്നി. ഈ ആലോചനകൾ തകന്നു് അയാൾക്ക് അതിനു സന്ദർഭം നൽകുകയും ചെയ്തു. ഒരു സായാഹ്നത്തിൽ, രാമഭട്ടനു മററു ജോലികളില്ലാതിരുന്നപ്പോൾ, നാഗഭട്ടൻ അയാളെ സമീപിച്ചു പറഞ്ഞു: "താങ്കൾക്ക് വിരോധമില്ലെങ്കിൽ, വരശുല്ക്കത്തിൻെറ നീതിശാസ്ത്രത്തെപ്പററി നമുക്കു ചച്ചകൾ നടത്താം."

രാമഭട്ടൻ സഹജമായ പരുക്കൻമട്ടിൽ ഉത്തരം പറഞ്ഞു. "അവയ്ക്കു നീതിശാസ്ത്രപരമായ അടിസ്ഥാനം അധികമൊന്നുമില്ല. നീതിശാസ്ത്രപരമായ വീക്ഷണഗതിയനുസരിച്ച് പറയാവുന്നതു് ഇത്രയുംമാത്രമാണ്. ഹൈന്ദവനിയമം അനുസരിച്ചു പെൺകുട്ടികൾക്ക് കുടുംബസ്വത്തിന് അവകാശമില്ല. അങ്ങിനെയിരിക്കെ, സ്വത്തുള്ള കുടുംബമാണെങ്കിൽ, അവളുടെ ഓഹരിയോളം വരുന്നതുക സ്ത്രീധനമായി ആവശ്യപ്പെടുന്നതിൽ അല്പം ധാമ്മികമായ ന്യായമുണ്ട്. എന്നാൽ സ്വത്തുള്ളവനിൽനിന്നും ഇല്ലാത്തവനിൽനിന്നും ഈ സ്ത്രീധനം പിടിച്ചുപറിച്ചെടുക്കുകയാണു ചെയ്യുന്നതു്. പെൺകുട്ടിയുടെ സ്ത്രീധനമല്ല അതിന്; പിന്നെയോ? വരനു നൽകുന്ന വിലയാണ്. പെൺകുട്ടി വരൻെറ വീട്ടിൽ ചെന്നെത്തുന്നതിനുമുമ്പുതന്നെ ആ തുക വരനും അയാളുടെ ബന്ധുക്കളും തിന്നുതീന്നിട്ടുണ്ടാകും. പെണ്ണിൻെറ ആഭരണങ്ങൾക്കായി ചെറിയൊരംശം തുക ചെലവാക്കാറുണ്ട്. പക്ഷെ അതും ഭത്താവിൻെറ ആൾക്കാരുടെ സന്തോഷത്തേയും ഇച്ഛയേയും ആശ്ര

യിച്ചാണിരിക്കുന്നതു്. മററു രാജ്യങ്ങൾ ആക്രമിച്ചു കീഴടക്കി അവിടെനിന്നു കപ്പവും മററാദായങ്ങളും പിടിച്ചുപററുന്നതു് സാധൂകരിക്കാമെങ്കിൽ മാത്രമേ വരദക്ഷിണയേയും സാധൂകരിക്കാൻ സാധിക്കൂ. ഇവയ്ക്കു രണ്ടിനുമുള്ള സാധൂകരണം—അതും ബാലിശമായ സാധൂകരണം—കൂടുതൽ ശക്തി ഉണ്ടെന്നുള്ളതാണു്. നിൻെറ കാര്യത്തിലെന്നപോലെ ചിലപ്പോൾ ആവശ്യംകൊണ്ടുമാകാം. അന്യരാജ്യങ്ങളെ ആക്രമിച്ചു് ആ കൊള്ളസാധനങ്ങളിൽനിന്നു ജീവിക്കേണ്ടിവരത്തക്കവിധം ചില രാജ്യങ്ങൾ തീരെ ദരിദ്രമായിരിക്കും. മദ്ധ്യേഷ്യാ അതിനു് ഒരു ഉദാഹരണമാണു്. ഒരത്ഥത്തിൽ, അക്രമം നടത്തുന്ന എല്ലാ രാജ്യങ്ങളും ജനതകളും ഉദാഹരണങ്ങൾ തന്നെ. എന്തെന്നാൽ ഈ കൊള്ള നടത്തിയിരുന്നില്ലെങ്കിൽ അവ കൂടുതൽ ദരിദ്രമാകുമായിരുന്നു. അവർ ശീലിച്ചുപോയ കൃത്രിമമായ ആഡംബരജീവിതം തുടരാൻ അവർ അശക്തരായും തീരുമായിരുന്നു. അതുപോലെതന്നെ വരശുല്ക്കം ലഭിക്കുന്നതുകൊണ്ടാണു് നമ്മുടെ വിവാഹധൂത്തു് വളരെയൊക്കെ സാദ്ധ്യമായിത്തീരുന്നതു്. സാമ്രാജ്യശക്തികൾ കാളനികളും ആശ്രിതരാജ്യങ്ങളും കൈവിട്ടുകളയുവാൻ ആഗ്രഹിക്കാത്തപോലെ നാമും വരശുല്ക്കം ഉപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നില്ല. പല സംഗതികളിലും നികൃഷ്ടമായ ഈ സമ്പ്രദായം തുടരുന്നതിനുള്ള ഉത്തരവാദിത്വം, മനുഷ്യൻെറ സഹജമായ സ്വാതന്ത്ര്യത്തിനാണുള്ളതു്. അപൂവ്വം ചിലപ്പോൾ—നിൻെറ കാര്യത്തിലെന്നപോലെ—മനുഷ്യൻ നിസ്സഹായനായിഭവിക്കുന്നു. അയാൾ ഒന്നുകിൽ വരശുല്ക്കം സ്വീകരിച്ചു് ഉന്നതവിദ്യാഭ്യാസവും ഭാവിയും ഉറപ്പുചെയ്യണം; അല്ലെങ്കിൽ അതു് ഉപേക്ഷിച്ചു് എന്നും ലോകത്തിലെ ഹതഭാഗ്യരുടെ കൂട്ടത്തിൽ കഴിയണം."

"ഉൽകൃഷ്ടമനഃസ്ഥിതിയുള്ള ഒരാൾ വരദക്ഷിണ വേണ്ടെന്നുവയ്ക്കുകയും, പ്രേമത്തിൻെറ ബലിപീഠത്തിൽ

എല്ലാം ത്യജിക്കുകയും വേണമെന്നല്ലേ അങ്ങു കരുതുന്നതു്? വിവാഹബന്ധം സ്വർഗ്ഗത്തിലാണു നടക്കുന്നതെന്നു നാം വിശ്വസിക്കെ, വൃത്തികെട്ട ലോഭമോഹത്തിന്റെ ചെളിയിലേയ്ക്കും ചെള്ളയിലേയ്ക്കും അതിനെ പിടിച്ചു് ആഴ്ത്തുവാൻ നമുക്കു് അധികാരമുണ്ടോ?" നാഗഭട്ടൻ ചോദിച്ചു.

"ഏററവും ശരിയാണു്. നിനക്കു വളരെയേറെസമ്മാനങ്ങൾ നേടിത്തന്ന വാദപ്രതിവാദമത്സരത്തിന്റെ രീതിയുമുണ്ടതിനു്." രാമഭട്ടൻ പറഞ്ഞു. "പക്ഷേ മറുവശത്തെപ്പററി എന്തുപറയുന്നു?" നീ വരത്തുല്ലും വേണ്ടെന്നുവയ്ക്കുകയാണെങ്കിൽ, അതിന്റെ അർത്ഥം നിന്റെ വിദ്യാഭ്യാസം അവസാനിച്ചു എന്നാണു്. ദേഹവും ദേഹിയും യോജിപ്പിച്ചുകൊണ്ടുപോകുവാൻ മതിയാകാത്ത തുക പററിക്കൊണ്ടു് ഏതെങ്കിലും സ്കൂളിൽക്കിടന്നു് ബാക്കി ജീവിതം ചീയ്ക്കുകയുംവേണം. വിദ്യാഭ്യാസമന്ത്രിമാർക്കും, ഡയറക്ടറന്മാർക്കും, ഡെപ്യൂട്ടിഡയറക്ടറന്മാർക്കും നല്കുന്ന സ്വീകരണങ്ങളിൽ സംബന്ധിക്കുകയും അവരെ പ്രശംസിച്ചുകൊണ്ടു് മംഗളപത്രം നൽകുകയും അല്ലാതെ ഉന്നതമായ മററു കാര്യങ്ങളെപ്പററി ചിന്തിക്കാനുണ്ടായിരിക്കുകയില്ല. അതിനാൽ രണ്ടിലേതെങ്കിലുമൊന്നേ കരണീയമായുള്ളു. ഒന്നുകിൽ അല്പനേരത്തേക്കു് സ്വല്പം ചെളി പററിക്കൊള്ളുവാൻ സന്നദ്ധമാകണം. അല്ലെങ്കിൽ എന്നെന്നും അതിലാണ്ടുകിടക്കണം. പിന്നെ, വാങ്ങിയ പണം തിരിച്ചുകൊടുക്കണമെന്നു തോന്നുന്നപക്ഷം, അതിനു കഴിവുണ്ടാകാവുന്ന അവസരത്തിൽ അപ്രകാരം ചെയ്യാവുന്നതുമാണല്ലോ."

"അങ്ങിനെയാണെങ്കിൽ, നിശ്ചിതവരദക്ഷിണ നല്കുവാനുള്ള കഴിവില്ലെങ്കിൽ, നിങ്ങൾ പ്രേമിക്കുന്ന പെൺകുട്ടിയെ കല്യാണംകഴിക്കുവാൻ സാദ്ധ്യമല്ലല്ലോ"

"അതു ശരിയാണു്. ദാരിദ്ര്യത്തിന്റെ പല അസ്വാധീനതകളിൽ ഒന്നാണതു്. തത്വജ്ഞാനികൾ ധനത്തെ

പുച്ഛിക്കുന്നതായി ഭാവിച്ചേയ്ക്കാം. പക്ഷേ, പണമില്ലാത്തതുകൊണ്ടു് ഗുണവാന്മാരായ പലർക്കും മാന്യമല്ലാത്ത പ്രവൃത്തികൾ ചെയ്യേണ്ടിവരുന്നു. ധാർമ്മികവും ആത്മീയവും ആയ വളർച്ചയെ മുരടിച്ചുകളയുന്ന പ്രവൃത്തികൾ. ഭൂമിയിലെ ഉത്തമന്മാരായ പുരുഷം ചിലർ, തങ്ങളുടെ തത്വം അനുസരിച്ചു ജീവിക്കുന്നതിനുവേണ്ടി, അനുയോജ്യമല്ലാത്ത പ്രവൃത്തികൾ ചെയ്യുവാൻ വിസമ്മതിക്കുകയും വളരെയേറെ കഷ്ടതകൾ അനുഭവിക്കുകയും ചെയ്യുന്നുണ്ടെന്നുള്ളതു വാസ്തവംതന്നെ"

"അവരുടെ കൂട്ടത്തിൽ ചേരുന്നതിന്നു് ഓരോരുത്തനും ശ്രമിച്ചാലെന്താണു്? തനിക്കുചേരാത്ത പ്രവൃത്തി ചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതു് അവർ ഓരോരുത്തരുടെയും ഉത്തമധർമ്മമല്ലേ?"

"തത്വപരമായി അങ്ങിനെയാണു വേണ്ടതു്. പക്ഷെ അതൊരിക്കലും പ്രായോഗികമല്ല. വരത്തുല്ലം വേണ്ടെന്നു പറയുവാൻമാത്രം തന്റേടമുള്ള ചെറുപ്പക്കാർ എവിടിരിക്കുന്നു?" നാഗഭട്ടൻ ചോദിച്ചു.

എന്തുവന്നാലും വരദക്ഷിണയായി ഒരു പൈപോലും തൊടുന്നതല്ലെന്നു പ്രതിജ്ഞചെയ്തുകൊണ്ടു് നാഗഭട്ടൻ വാദപ്രതിവാദം മതിയാക്കി അവിടെനിന്നു പോയി. അയാളുടെ മനസ്സിൽ ഒളിഞ്ഞുകിടന്നിരുന്ന പങ്കജത്തെപ്പററിയുള്ളഓർമ്മ അബോധാവസ്ഥയിൽനിന്നുയന്നു് ബോധാവസ്ഥ കൈക്കൊണ്ടു. അവളെപ്പററി ഓർത്തപ്പോൾ പെട്ടെന്നുണ്ടായ ആർദ്രത അയാളെ കീഴടക്കി. അവളോടു തനിക്കുണ്ടായിരുന്ന സ്നേഹം വെറും ബാല്യകൗതുകംകൊണ്ടുണ്ടായതല്ല എന്നും, അഗാധവും യഥാർത്ഥവും ആയ പ്രേമത്തിന്റെ ഫലമാണു് അതെന്നും അത്ഭുതപൂർവ്വം അയാൾ ഗ്രഹിച്ചു. "വരദക്ഷിണ വാങ്ങാതെ കല്യാണംകഴിക്കുന്ന

പക്ഷം, ഞാൻ തീച്ച്യയായും മനസ്സിനിണങ്ങിയ പെണ്ണിനെ ത്തന്നെ കല്യാണംകഴിക്കണം" അയാൾ സ്വയം പറഞ്ഞു. സ്മരണീയമായ ആ ദിനത്തിനുശേഷം അവളെപ്പററി യാതൊന്നുംതന്നെ അയാൾ ഗ്രഹിച്ചിരുന്നില്ല അവളുടെ കാര്യം അന്വേഷിച്ചിരുന്നതുമില്ല. അവൾ എവിടെയാ ണെന്നറിയുവാൻ ഇപ്പോൾ അയാൾ അത്യന്തം വ്യാകുല പ്പെട്ടു. അവൾ ആരെയെങ്കിലും കല്യാണംകഴിച്ചിരിക്കുമോ എന്നോത്തപ്പോൾ അയാളുടെ ഹൃദയം പിടച്ചു.

അന്നുരാത്രി അയാൾ ഉറങ്ങിയില്ല. അതു് വെക്കേ ഷൻകാലമായിരുന്നു. സുപ്രസിദ്ധമായ കുററാലം വെള്ള ച്ചാട്ടം കാണാൻ പോയാൽകൊള്ളാമെന്നു് പിറേറദിവസം രാവിലെ അയാൾ രാമഭട്ടനോടു പറഞ്ഞു. രാമഭട്ടനോടു കുറെ പണവും, രണ്ടാഴ്ച സ്ഥലംവിടാനുള്ള അനുവാദവും അയാൾ വാങ്ങി. ഭയാശങ്കകൾനിറഞ്ഞ ഹൃദയത്തോടെ സംഗീതക്കച്ചേരിനടന്ന അയൽക്കാരൻെറ വീട്ടിൽ അയാൾ പോയി. വളരെ ബുദ്ധിപൂവ്വം നടത്തിയ സംഭാഷണ മദ്ധ്യേ, യാദൃച്ഛികമെന്നപോലെ പങ്കജം വീണ്ടും വരുമോ എന്നും അവളുടെ കല്യാണം നടന്നുവോ എന്നും അയാൾ ചോദിച്ചു. ചുവടെ ചേക്കുന്ന മറുപടി അയാൾക്കു് അത്യ ധികമായ ആശ്വാസം പ്രദാനംചെയ്തു. "ഇല്ല. കല്യാണം കഴിക്കുന്നതിൽ അവൾ ഇനിയും വിജയിച്ചിട്ടില്ല. അവ ളുടെ അമ്മ ഒരു വരനുവേണ്ടി ഭ്രാന്തുപിടിച്ചു ശ്രമിച്ചുകൊ ണ്ടിരിക്കുകയാണു്. ഈ കല്യാണക്കാലം കഴിയുന്നതിനു മുമ്പു് കല്യാണം ആലോചിക്കണമെന്നു് അവർ ദൃഢനി ശ്ചയം ചെയ്തിരിക്കുകയാണു്. പെണ്ണു് അതിവേഗം വളൻ കൊണ്ടിരിക്കുന്നു. അവർ കാശിനു ഗതിയില്ലാത്തവളായതു കഷ്ടംതന്നെ. അല്ലാത്തപക്ഷം, നിങ്ങളെപ്പോലെ അതി സമത്ഥനായ ഒരു വരനെ സമ്പാദിക്കുവാൻ അവൾക്കു കഴി യുമായിരുന്നു."

"അവരുടെ ജന്മദേശമേതു്?" നാഗഭട്ടൻ ചോദിച്ചു.

"ആലങ്ങാട്ടു്." അയൽക്കാരൻ പറഞ്ഞു. "അവൎക്കു് വസ്തുക്കളൊന്നുമില്ല. അവരുടെ പഴയ വീട്ടിൽതന്നെ, ആ വീടു വിലയ്ക്കുവാങ്ങിയ ആളിൻെറ കാരുണ്യംകൊണ്ടു അവർ താമസിച്ചുവരുന്നു."

"അവർ ഇനിയും സഞ്ചരിക്കുന്നില്ലേ?"

"ഇല്ല; ഇനി സഞ്ചരിക്കുന്നില്ല. ഒടുവിലായപ്പോൾ അതുകൊണ്ടു പ്രയോജനം ഒന്നുമില്ലാതായി ഇക്കാലത്തു് സംഗീതത്തിനു വളരെക്കുറച്ചേ പ്രോത്സാഹനം കിട്ടുന്നുള്ളു വെന്നു നിങ്ങൾക്കും അറിയാമല്ലോ."

സംശയം തോന്നാതിരിക്കുവാൻ, സംഭാഷണം മററു ചില കാര്യങ്ങളിലേയ്ക്കും പ്രവേശിപ്പിച്ചിട്ടു് നാഗഭട്ടൻ അയല്ക്കാരൻെറ അടുത്തുനിന്നു പിരിഞ്ഞു.

കുററാലത്തേയ്ക്കാണുപോകുന്നതെന്നു ജ്യേഷ്ഠനു് ഊഹിക്കുവാൻ വിട്ടുകൊണ്ടു്, ഊണുകഴിഞ്ഞു നാഗഭട്ടൻ ആലങ്ങാട്ടേയ്ക്കുള്ള ബസ്സുകയറി. അയാൾ വീട്ടിൽ എത്തിയപ്പോഴേയ്ക്കും സമയം രാത്രിയായിരുന്നു. പിടയ്ക്കുന്ന ഹൃദയത്തോടെ അയാൾ കതകിനുമുട്ടി. പങ്കജം കതകു തുറന്നു. അവളുടെ മുഖം ദുഃഖവും ഉത്സാഹമില്ലായ്മയും പ്രകടമാക്കിയിരുന്നു. അടുത്തസമയം കരഞ്ഞതിൻെറ ലക്ഷണവും കാണാനുണ്ടായിരുന്നു. അയാളെ കണ്ട ഉടനെ അവളുടെ മുഖം തുടുത്തു. മുഖത്തു സംശയാതീതമാംവിധം സന്തോഷവും പ്രകടമായി. രണ്ടുകൊല്ലത്തിനുമുമ്പു് അയാൾ കണ്ടതിനേക്കാൾ അവൾ പൊക്കംവെച്ചിരിക്കുന്നു; സൗന്ദൎയ്യവും വൎദ്ധിച്ചിട്ടുണ്ടു്. അന്നവൾ കേവലം ഒരുകുട്ടിയായിരുന്നു. ഇന്നവൾ സ്ത്രീയായിപ്പോയി എന്നു് അവളുടെ മുഖത്തെ ഓരോ രേഖയും, ശോഭയും, സൗന്ദൎയ്യവും, പ്രൗഢിയും പ്രക

ടമാക്കി. അയാളും ഒരു സ്കൂൾകുട്ടിയിൽനിന്നു വളൎന്നു്, ജീവിതമത്സരത്തിൽ മുതലക്കുപ്പിട്ടുവാൻതക്കവിധം ദൃഢഗാത്രനായ യുവാവായിത്തീൎന്നിരിക്കുന്നു. പങ്കജം ശങ്കിച്ചു പിന്നോക്കം മാറിനിന്നപ്പോൾ, അയാൾ ചോദിച്ചു: "നിന്റെ അമ്മയെവിടെ?"

"അവർ ചില സാമാനങ്ങൾ വാങ്ങാൻ പോയിരിക്കുകയാണു്. ഞാനിവിടെ തനിച്ചേ ഉള്ളു." അവൾ പറഞ്ഞു.

അല്പനേരം ശങ്കിച്ചുനിന്നതിൽപിന്നെ അയാൾ വീട്ടിനുള്ളിൽ പ്രവേശിച്ചു. "നീ എന്നെ ഓൎക്കുന്നുണ്ടായിരിക്കും"? അയാൾ പറയാൻ തുടങ്ങി.

"തീൎച്ചയായും." പങ്കജം പറഞ്ഞു. "യൂണിവേഴ്സിററിയിൽനിന്നുള്ള പ്രശസ്തവിജയംകേട്ടു ഞങ്ങൾ വളരെ സന്തോഷിച്ചു എന്തിനാണു് നിങ്ങൾ ഇവിടെ വന്നതെന്നുപറയുമോ? ബന്ധുക്കളാരെങ്കിലും നിങ്ങൾക്കിവിടെയുണ്ടോ?"

"ആരുംതന്നെയില്ല" നാഗഭട്ടൻ പറഞ്ഞു. എന്നിട്ടു തുടൎന്നു പറഞ്ഞു. "ഇനിയും ആയിട്ടില്ല."

സ്ത്രീസാധാരണമായ സഹജാവബോധംകൊണ്ടു് അയാൾ തുടൎന്നുപറഞ്ഞതിന്റെ അൎത്ഥം എന്തെന്നു പങ്കജത്തിനു മനസ്സിലായി. അവളുടെ മുഖം തുടുത്തുപോയി.

വളരെ ശ്രമപ്പെട്ടു നാഗഭട്ടൻ പറഞ്ഞു. "അതേ. പങ്കജം, നിന്റെ അമ്മയേയും നിന്നെയും കാണാൻമാത്രമായിട്ടാണു് ഞാനിവിടെ വന്നതു്. ഞാൻ—ഞാൻ വരദക്ഷിണവാങ്ങാതെ വിവാഹംചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു. പങ്കജം, എനിക്കു നിന്നെ കല്യാണംകഴിക്കണം."

ആ പെൺകുട്ടി പിന്നിലുള്ള ഭിത്തിയിൽ ചാരിനിന്നു. അവളുടെ കണ്ണിൽനിന്നു് അശ്രുക്കൾ പൊഴിഞ്ഞു. നാഗഭട്ടൻ അവളുടെ കൈകൾ ഗ്രഹിച്ചുകൊണ്ടു ചോദിച്ചു: "നീ

എന്താണു് ഒന്നും മിണ്ടാത്തതു്? നീ എന്നെ കല്യാണംകഴിക്കുമോ?"

"ദൈവത്തിനു് എന്താണിത്ര ദയവില്ലാത്തതു്? അങ്ങെന്താണു് ഇത്ര വൈകിപ്പോയതു്?" കവിൾത്തടങ്ങളിൽക്കൂടെ ചുടുബാഷ്പം പുറപ്പെടവെ അവൾ ചോദിച്ചു.

അയാൾ പിന്നോക്കംമാറിയിട്ടു ചോദിച്ചു. "നീ കല്യാണം കഴിച്ചില്ലെന്നുള്ളതു തീർച്ചയല്ലേ?"

"ഇനിയും ആയിട്ടില്ല." അവൾ പറഞ്ഞു. "അങ്ങിനെയായിരുന്നെങ്കിൽ, എന്നെ തൊടുവാൻ ഞാൻ അങ്ങയെ അനുവദിക്കുമായിരുന്നില്ല. എന്നാൽ, ഈ വീട്ടിന്റെ ഉടമസ്ഥനായ വൃദ്ധനു് എന്നെ കെട്ടിക്കൊടുക്കാമെന്നു് എന്റെ അമ്മ സമ്മതിച്ചുകഴിഞ്ഞു. അയാൾക്കു വയസ്സു് അൻപത്തിനാലായി. എങ്കിലും ധനികനും വിഭാര്യനും ആണു്."

"വൃത്തികെട്ട ആ ജന്തുവിനെ വിവാഹംചെയ്തുകൊള്ളാമെന്നു നീ സമ്മതിച്ചിട്ടില്ലല്ലോ" നാഗഭട്ടൻ ചോദിച്ചു.

"ആകാമെന്നോ, ഇല്ലെന്നോ ഞാൻ പറഞ്ഞിട്ടില്ല. വരദക്ഷിണയായി നൽകാൻ എന്റെ അമ്മയുടെകൈയിൽ ഒരു പൈപോലും ഇല്ല. പാട്ടുകച്ചേരിനടത്തി കിട്ടിയ കുറച്ചു തുകയുണ്ടായിരുന്നതു ഞങ്ങൾ മടങ്ങിവന്നതിനുശേഷമുള്ള വീട്ടാവശ്യങ്ങൾക്കു ചെലവായിപ്പോയി. ഈ വൃദ്ധനല്ലാതെ, ഒന്നുംപറയാതെ വിവാഹംകഴിക്കാൻ മററാരും സമ്മതിച്ചില്ല. അങ്ങയെ സംബന്ധിച്ചു ഞാൻ ആശിച്ചതുമില്ല; പ്രത്യേകിച്ചും അങ്ങു് പരീക്ഷയിൽ പ്രശസ്തമായരീതിയിൽ ജയിച്ചതിൽപിന്നെ. അടുത്തതിന്റെ പിന്നത്തെ തിങ്കളാഴ്ചത്തേയ്ക്കാണു് വിവാഹത്തീയതി ക്ലിപ്തപ്പെടുത്തിയിരിക്കുന്നതു്. മറെറന്നാൾ വിവാഹനിശ്ചയം നടത്തുവാനും തീരുമാനിച്ചിരിക്കുന്നു."

"അതു നടക്കുകയില്ല." നാഗഭട്ടൻ പറഞ്ഞു. "അതി നുപകരം നീ എന്നെ കല്യാണം കഴിക്കും."

"എന്നാൽ" അവൾ പറയുവാൻ തുടങ്ങി. അവളുടെ ചുണ്ടിൽ അയാൾ അർപ്പിച്ച വികാരപൂർണ്ണമായ ചുംബനംമൂലം അവൾക്കു തുടർന്നൊന്നും പറയാൻ കഴിഞ്ഞില്ല.

"ഇതാ, അക്കാര്യം തീരുമാനിക്കപ്പെട്ടുകഴിഞ്ഞു." അയാൾ പറഞ്ഞു. "നാം അന്യോന്യം ചുംബിച്ചുവെന്നും വിവാഹംകഴിക്കുവാൻ നിശ്ചയിച്ചുകഴിഞ്ഞുവെന്നും നിൻെറ അമ്മയോടും ആ വൃദ്ധനോടും നമുക്കു പറയാം ഇങ്ങിനെ സമ്മതിച്ചുകഴിഞ്ഞാൽ,അയാൾ മിണ്ടാതെ മടങ്ങിക്കൊള്ളും." അവൾ അയാളുടെ തോളിൽ തൂങ്ങിക്കൊണ്ടു പറഞ്ഞു: "ഈ സമയംമുതൽ അങ്ങാണു് എൻെറ നാഥനും ഈശ്വരനും. മേലാൽ എന്നെ സംരക്ഷിക്കേണ്ട ചുമതല അങ്ങേയ്ക്കാണുള്ളതു്."

അവളെ ആശ്ലേഷിച്ചുകൊണ്ടു് അയാൾ പറഞ്ഞു. "ഓമനേ, നിന്നെ കിട്ടത്തക്കവിധം കഴിഞ്ഞജന്മം എന്തു പുണ്യമാണു ഞാൻ ചെയ്തതു്."

"അങ്ങയെ കിട്ടത്തക്കവിധം, കഴിഞ്ഞ ജന്മം എന്തു പുണ്യമാണു് ഞാൻ ചെയ്തതു് എന്നാണു് പ്രാണപ്രിയാ, ചോദിക്കേണ്ടതു്". അവൾ പറഞ്ഞു.

അയാൾപറഞ്ഞു "പങ്കജം; നിന്നെ ഞാൻ കല്യാണം കഴിക്കാൻപോകുന്നതു് എൻെറ സഹോദരന്മാരുടെ സമ്മതംകൂടാതെയും. ഒരുപക്ഷെ അവരുടെ എതിർപ്പിനെ നേരിട്ടുകൊണ്ടും ആയിരിക്കും. ഓമനേ, ഞാൻ ധനികനല്ല. നിയമപഠനം തുടരണമെന്ന എൻെറ ഉദ്ദേശം ഉപേക്ഷിച്ചു് അല്പശമ്പളംപറ്റുന്ന സ്കൂൾമാസ്റ്ററായി വല്ലയിടവും എനിക്കുകഴിയേണ്ടിവരും.

"അതെന്തിന് അങ്ങിനെ ചെയ്യണം?" അവൾ ചോദിച്ചു "തിരുവനന്തപുരത്തുപോയി അങ്ങേയ്ക്കു തല്ക്കാലത്തേയ്ക്കു സ്ക്കൂൾമാസ്റ്റർ ജോലിനോക്കുകയും അതേഅവസരത്തിൽ മിച്ചമുള്ള തുകകൊണ്ടു് നിയമക്ലാസിൽ പഠിക്കുകയും ചെയ്യാമല്ലൊ."

"അതു മതിയാകാതെവരും. വലിയതുക ഫീസ് കൊടുക്കണം." അയാൾ പറഞ്ഞു.

"പെൺകുട്ടികളെ പാട്ടുപഠിപ്പിച്ചു് വല്ലതും സമ്പാദിക്കുവാൻ എനിക്കുകഴിയും." എന്നവൾ പറഞ്ഞു.

"നീ പൊന്നോമനയാണു്" അയാൾപറഞ്ഞു.

"അങ്ങിനെയാകാൻ ഞാൻ കൊതിക്കുന്നു" എന്നു പറഞ്ഞു് അവൾ അയാളോടുപിന്നെയും ചേൎന്നുനിന്നു.

ഇതിനിടയിൽ, തുറന്നുകിടന്നിരുന്ന വാതിലിൽക്കൂടി പങ്കജത്തിന്റെഅമ്മയും വൃദ്ധനും മുറിയിൽ കടന്നുവന്നു.

"എന്താണു ഞാനീകാണുന്നതു്?" ധാൎമ്മികമായ ഭീതിയും കോപവും കലൎന്ന സ്വരത്തിൽ വൃദ്ധൻ ചോദിച്ചു.

പങ്കജത്തിന്റെ അമ്മ സ്തംഭിച്ചുനിന്നുപോയി. ആശ്ലേഷത്തിൽനിന്നു്പങ്കജത്തെ മോചിപ്പിച്ചുകൊണ്ടു്നാഗഭട്ടൻ പറഞ്ഞു. "അന്യോന്യമുള്ള തങ്ങളുടെപ്രേമം പ്രതിജ്ഞചെയ്യുന്ന ചെറുപ്പക്കാരായ രണ്ടു പ്രേമികൾ, വിവാഹംകഴിക്കുന്നതിനു നിശ്ചയിക്കുന്നതും, ഭാവിജീവിതം എങ്ങിനെയായിരിക്കണമെന്നു തീരുമാനിക്കുന്നതുംആണു നിങ്ങൾ കാണുന്നതു്." വൃദ്ധൻ ദേഷ്യഭാവത്തിൽ ചോദിച്ചു "ചെറുപ്പക്കാരാ, ഈ പെൺകുട്ടിയെ എനിക്കു കല്യാണംകഴിച്ചുതരുവാൻ തീരുമാനിച്ചിരിക്കുകയാണെന്നു നിങ്ങൾക്കറിഞ്ഞുകൂടെ? "സാർ", നാഗഭട്ടൻപറഞ്ഞു അന്യനെ സ്നേഹിക്കുകയും അയാളുടെ ആശ്ലേഷത്തിൽ സ്ഥിതിചെയ്യുന്നുവെന്നു നിങ്ങൾതന്നെ കാണുകയും ചെയ്ത ഒരു പെൺകുട്ടിയെ

കല്യാണംകഴിക്കുവാൻ തീൎച്ചയായും നിങ്ങൾ ഇഷ്ടപ്പെടുക യില്ല."

ആ മാന്യവൃദ്ധൻ അല്പനേരം മിണ്ടാതെ് നിന്നിട്ടു പറഞ്ഞു:

"ചെറുപ്പക്കാരാ, നിങ്ങൾ പറയുന്നതിൽ അല്പം ന്യായമുണ്ടു്. നിങ്ങൾ ആരാണു്; നിങ്ങളുടെ ഉദ്ദേശം എന്തു്; എല്ലാം എന്നോടു വിശദമായിപറയൂ." പിന്നെ പങ്കജത്തിൻെറ അമ്മയുടെനേരെ തിരിഞ്ഞു് അയാൾ പറഞ്ഞു. "ഉത്സാഹമായിരിക്കൂ; ഇതിൽ ഒരക്ഷരം പുറത്തു വരികയില്ല" നാഗഭട്ടൻ വിവരങ്ങളെല്ലാം പറഞ്ഞപ്പോൾ വൃദ്ധൻ അഭിപ്രായപ്പെട്ടു. "വിചിത്രാശയങ്ങളുൾക്കൊള്ളുന്ന ഉത്സാഹിയും ധീരനുംആയ ചെറുപ്പക്കാരനാണു നിങ്ങൾ. നിങ്ങളോടിപ്പോൾ എനിക്കു ഒരു വിരോധവുമില്ല. നിങ്ങൾ രണ്ടുപേരും സൗഖ്യമായി കഴിയട്ടെ!"

നാഗഭട്ടനും പങ്കജവും അയാളുടെ മുമ്പിൽ നമസ്കരിക്കുകയും ആശിസ്സു് വാങ്ങുകയുംചെയ്തു. വിവാഹനിശ്ചയം ആഘോഷിക്കുന്നതിനു് അന്നുരാത്രിയിൽ അവിടെ വിശേഷപ്പെട്ട ഒരു സദ്യനടന്നു.

പിറേറദിവസംരാവിലെ, നാഗഭട്ടൻ എറണാകുളത്തു പോയി, വിവരം രാമഭട്ടനെ അറിയിച്ചു. നാഗഭട്ടൻ കാര്യമായ തടസ്സമൊന്നും പറഞ്ഞില്ലെന്നു കണ്ടപ്പോൾ അയാൾക്കു് അത്ഭുതവും ആനന്ദവും ഉണ്ടായി. നീ അറിഞ്ഞുകൊണ്ടുതന്നെ ബഹുമതിയുടേയും കർത്തവ്യത്തിൻേറയും മുൾനിറഞ്ഞമാൎഗ്ഗം തിരഞ്ഞെടുത്തു. അതിൽ നിനക്കു സർവ്വവിധ ആനന്ദവും നേരുന്നു" എന്നയാൾ പറഞ്ഞു. രണ്ടാഴ്ച്ചയ്ക്കുള്ളിൽ, നാഗഭട്ടൻ പങ്കജത്തെ കല്യാണംകഴിച്ചു. ഒരുമാസംകൂടി കഴിഞ്ഞപ്പോൾ, അയാളെ കാണുന്നതു് തിരുവനന്തപുരത്തെ ഒരദ്ധ്യാപകനും നിയമവിദ്യാൎത്ഥിയും എന്ന നിലയിലാണു്. രാവിലെയും വൈകിട്ടും അയാൾ

നിയമക്ലാസുകളിൽ ഹാജരായി പഠിത്തംതുടൻ. പത്തരയ്ക്കും നാലരയ്ക്കും ഇടയ്ക്ക് അയാൾ സ്ഥലത്തെ ഒരു ഹൈസ്ക്കൂളിൽ ജോലിനോക്കി പ്രതിമാസം അൻപതുരൂപാ സമ്പാദിച്ചു. ഒഴിവുസമയങ്ങളിൽ, പെൺകുട്ടികളെ സംഗീതംഅഭ്യസിപ്പിച്ച് പങ്കജം മാസംതോറും മുപ്പതുരൂപാവീതം സമ്പാദിച്ചു. അങ്ങിനെ ധനപരമായ ക്ലേശങ്ങളൊന്നും കൂടാതെ സുഖമായി ജീവിക്കുവാൻ അവൎക്കു കഴിഞ്ഞു.

രണ്ടുവൎഷത്തിനകം നാഗഭട്ടൻ വക്കീലായി മൂന്നു വൎഷം പിന്നെയുംകഴിഞ്ഞപ്പോൾ അയാൾ പ്രതിമാസം മുന്നൂറുരൂപാ സമ്പാദിച്ചുതുടങ്ങി. പങ്കജം സംഗീതാഭ്യസനം മതിയാക്കി. അവൾ വിശ്രമസമയം മുഴുവൻ സ്ഥലത്തെ സ്ത്രീസമാജത്തിനുവേണ്ടി പ്രവൎത്തിക്കുവാൻ തുടങ്ങി. അതിൻെറ സെക്രട്ടറിയും ചൈതന്യവും അവളായിരുന്നു. ഒരുകൊല്ലംകൂടി കഴിഞ്ഞപ്പോൾ അവരുടെ ആദ്യകുട്ടി ജനിച്ചു. യജ്ഞദത്തൻ എന്ന് അവന് അവർ അന്വൎത്ഥമായി നാമകരണംചെയ്തു.

നാഗഭട്ടൻ പങ്കജത്തിനു കൂടെക്കൂടെ വിലയേറിയ സമ്മാനങ്ങൾ നൽകിയിരുന്നു. ഇവയിൽവച്ചേററവും വിലപിടിച്ചതു് വിലപിടിച്ച രത്നങ്ങൾ പതിച്ച ഒരു ദന്തപേടകമായിരുന്നു. ഒരുദിവസം, അയാളതു് എടുത്തു്, ഭാൎയ്യ എന്തൊക്കെ ആഭരണങ്ങൾ അതിൽ സൂക്ഷിച്ചിട്ടുണ്ടെന്നു നോക്കി. അത്ഭുതമെന്നുപറയട്ടെ, വിലപ്പെട്ട പട്ടുതുണ്ടിൽ പൊതിഞ്ഞ തേഞ്ഞ ഒരു നാലണത്തുട്ടല്ലാതെ, മറെറാന്നും അയാളതിൽ കണ്ടില്ല. അയാൾ പങ്കജത്തെ വിളിച്ചു ചോദിച്ചു. "എന്താണിതു്?"

"അതോ," അവൾപറഞ്ഞു. "ഭാഗ്യത്തിൻെറ ആദ്യത്തെസൂചനയാണതു്. ആദ്യപ്രേമപാരിതോഷികം. അതിൽനിന്നാണു് മറെറല്ലാം ഉണ്ടായതു്."

# ആദർശപ്രേമം

പതിനഞ്ചുവയസ്സുള്ളപ്പോൾ, മദ്രാസ് നഗരത്തിലുള്ള ഒരു കാൻവെൻറ്സ്കൂളിൽ അഞ്ചാംഫാറത്തിൽ പഠിക്കാനായി റിക്ഷയിൽപോകുകയും വരികയും ചെയ്യുന്നകാലത്ത്, സരോജയുടെ ജീവിതം ആനന്ദപ്രദവും അത്യന്തം അത്ഭുതകരവും ആയി തോന്നിയിരുന്നു. അവളുടെ അദ്ധ്യാപികമാരായ ബ്രിട്ടീഷ്കന്യാസ്ത്രീകൾ അവളുടെ ക്ഷേമത്തിലും വിദ്യാഭ്യാസപുരോഗതിയിലും അത്യന്തം ശ്രദ്ധാലുക്കളായിരുന്നു. അവരെ അവൾ ഇഷ്ടപ്പെട്ടു. പരോപകാരത്തിനുവേണ്ടിയുള്ള അവരുടെ മതജീവിതവും ആത്മസമർപ്പണവും, തങ്ങളിൽനിന്ന് ജാതിയിലും, മതത്തിലും, നിറത്തിലും എത്രയും വ്യത്യസ്തരായിരുന്നിട്ടും നിരക്ഷരരായ ഇന്ത്യയിലെ ദശലക്ഷക്കണക്കിനുള്ള സ്ത്രീജനങ്ങൾക്കുവേണ്ടി അവർ നടത്തുന്ന സേവനവും അവളുടെ ഹൃദയത്തെ ഏററവും കൂടുതലായി ആകർഷിച്ചു. ഒരുദിവസം സഹപാഠിയും ഏററവും വലിയ കൂട്ടുകാരിയും ആയ മീനയോട് തനിക്കു അവരോടു തോന്നുന്ന അഭിനന്ദനത്തെപ്പററി അവൾ പറഞ്ഞു.

മീനപറഞ്ഞു. "നമ്മെ ഭരിക്കാനായി-ഇവിടെ വരുന്ന സഹസ്രക്കണക്കിനുള്ള ഇംഗ്ലീഷുകാരെക്കാൾ പരോപകാരികളല്ല ഇവരാരും. എല്ലാവക്കും സ്വാത്ഥോദ്ദേശങ്ങളുണ്ടു്."

സരോജ കഠിനമായി പ്രതിഷേധിച്ചുകൊണ്ടുപറഞ്ഞു: "അല്ല. നീ ഈവിധം ലോഹ്യമില്ലാതെ സംസാരിക്കരുതു്. നീ പറഞ്ഞ ആയിരക്കണക്കിനുള്ളവക്കു്, നാട്ടിൽ സ്വപ്നം കാണാൻകൂടി കിട്ടാത്ത കനത്തദ്രവ്യം ഇവിടെകിട്ടുന്നുണ്ടു്. എന്നാൽ ഇവക്കു എന്താണുകിട്ടുന്നതു്?"

"ദ്രവ്യമായി ഒന്നും കിട്ടുന്നില്ലെന്നുള്ളതു തീച്ച്. എന്നാൽ തങ്ങളുടെ മതത്തിലേയ്ക്ക് ആളുകളെച്ചേർത്തുവെന്ന ആത്മസംതൃപ്തി ലഭിക്കുന്നുണ്ട്; കൂട്ടത്തിൽതന്നെ തങ്ങളുടെ വിശ്വാസങ്ങളെ മററുള്ളവരിൽ ചെലുത്തുവാൻ കഴിയുന്നുവെന്ന സംതൃപ്തിയുമുണ്ട്. പണം സമ്പാദിക്കുകയും, സാമ്രാജ്യത്തോട് രാജ്യങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്യുന്നതുപോലെതന്നെയുള്ള സ്വാത്ഥോദ്ദേശമാണ് തന്റെ മതത്തിലേയ്ക്കു അന്യരെ ആകഷിക്കണമെന്ന ആഗ്രഹവും. ആകാശത്തുനിന്നു മഴപെയ്യുംപോലെയായിരിക്കണം പരോപകാരപ്രവത്തികൾ എന്നാണ് എന്റെ അഭിപ്രായം. പകരമായി ഒന്നും ചോദിക്കരുതു്; ആന്തരോദ്ദേശവും പാടില്ല. ഈ കന്യാസ്ത്രീകൾ എപ്പോഴും ക്രിസ്തുമതത്തിന്റെ മാഹാത്മ്യത്തെപ്പററി പാടിപ്പുകഴ്ത്തുന്നതും അതിന്റെ നന്മകൾ യഥേഷ്ടം നമുക്ക് ദാനംചെയ്യുന്നതായി കരുതുന്നതും മനംപിരട്ടുന്ന അനുഭവങ്ങളാകുന്നു. ഇഷ്ടമുള്ളവരേയും ആവശ്യപ്പെടുന്നവരേയും മാത്രമെ മതം അഭ്യസിപ്പിച്ചുകൂടൂ. ടാർതേയ്ക്കുന്നയാളിനെപ്പോലെ അതുംകൊണ്ടു നടക്കുകയും, കൈയെത്തുന്നിടത്തുള്ളവരെയൊക്കെ ടാർപുരട്ടി വിടുകയും ചെയ്യുന്നതു് എല്ലാംകൊണ്ടും അപമാനകരമാണ്." മീന പറഞ്ഞു.

"പക്ഷെ, അതവരുടെ ജീവിതദൌത്യമാണ്. അവർ ആത്മാപ്പണം ചെയ്തിട്ടുള്ള കാര്യങ്ങൾ നടത്തുന്നതിൽ അവരെ എങ്ങിനെ കുററപ്പെടുത്തുവാൻ കഴിയും?" എന്നു സരോജ ചോദിച്ചു.

"അപ്പോൾ, പണം സമ്പാദിക്കാനായി ആത്മാപ്പണം ചെയ്തിട്ടുള്ള ലുബ്ധനേയും, ലോകം മുഴുവൻ പിടിച്ചടക്കുവാൻ ആത്മാപ്പണം ചെയ്തിട്ടുള്ള, അലക്സാണ്ടരേയും നെപ്പോളിയനേയുംപോലെയുള്ള രാജാക്കന്മാരേയും എന്തിനു കുററപ്പെടുത്തുന്നു?" മീന മറുപടി പറഞ്ഞു.

"മീനേ, ഞാൻ പറയട്ടെ, നിനക്കു് ആദശ്ശങ്ങളില്ല. നീ മനുഷ്യവിദ്വേഷിയാണു്. നിനക്കു് ഒരു വജ്രം തരുകയാണെങ്കിൽ, അതൊരു കരിക്കട്ട ചെത്തിമിനുക്കിയതാണെന്നു നീ പറയും." എന്നു സരോജ പറഞ്ഞു.

"കരിക്കട്ടയല്ലാതെ അതു മറെറന്താണു്?" മീന ചിരിച്ചുകൊണ്ടു ചോദിച്ചു.

"പിന്നെ നീയെന്തിനാണു്, വജ്രംകൊണ്ടുള്ള ഈ കമ്മൽ ധരിച്ചിരിക്കുന്നതു്?" ചൊടിച്ചുകൊണ്ടു സരോജ ചോദിച്ചു.

"നീ അണിഞ്ഞിരിക്കുന്ന അതേകാരണംകൊണ്ടുതന്നെ." മീന പറഞ്ഞു. "പകിട്ടിനും അന്തസ്സിനുംവേണ്ടി."

"നീ ഇത്ര ആത്മാത്ഥതയില്ലാത്തവളും ചപലയും ആയിരിക്കെ എന്തിന്നീ കന്യാസ്ത്രീകളെ കുററപ്പെടുത്തുന്നു." സരോജ ചോദിച്ചു.

"അവർ പരിശുദ്ധരായ പരോപകാരികളാണെന്നു ഭാവിക്കുന്നതുകൊണ്ടും, അവർ അങ്ങിനെയല്ലാത്തവരായതുകൊണ്ടും." മീന മറുപടി പറഞ്ഞു.

സരോജ പറഞ്ഞു "എല്ലാററിനേയും അതിൻെറ ഉന്നതതലത്തിൽനിന്നു് നീ താഴെ വലിച്ചിറക്കിക്കളെയുന്നു. ഒരു യുവവിധവ, മറെറാരു ഭത്താവുണ്ടായാൽ കൊള്ളാമെന്ന തൻെറ ആഗ്രഹത്തെ നശിപ്പിച്ചിട്ടു്, മരിച്ചുപോയ ഭത്താവിൻെറ സ്മരണയ്ക്കായി ജീവിതശിഷ്ടം സമപ്പിക്കാമെന്നു് തീരുമാനിച്ചതിനെപ്പററി ഇക്കഴിഞ്ഞദിവസം നീ പരിഹസിച്ചുപറഞ്ഞു. അതാണു് ഹൈന്ദവാദശം. അതെനിക്കു മനോഹരമായും സംതൃപ്തിജനകമായും തോന്നുന്നു."

"അത്തരം അഭിപ്രായങ്ങൾ പറയാൻ വരട്ടെ. നിൻെറ ജീവിതം അവസാനിക്കാറാകുന്നതുവരെ ക്ഷമിച്ചിരിക്കു. നമ്മുടെ ഹൈന്ദവാദശങ്ങൾ അധികവും കാണികളു

ടെ സുഖത്തിനും സംതൃപ്തിക്കും ഉള്ളതാണെന്നു് എനിക്കു തോന്നുന്നു. അല്ലാതെ യഥാൎത്ഥത്തിൽ അതു കൊണ്ടുനടക്കുന്നവൎക്കുവേണ്ടിയുള്ളതല്ല. ഞാൻ പറയുന്നതു് എന്താണെന്നു നിനക്കു മനസ്സിലാകുന്നുണ്ടെന്നു വിശ്വസിക്കുന്നു. ഗോസായിമാർ ശൂലവും തവിയും കവിളിൽക്കൂടി തറച്ചുകയററുന്നതുപോലെയാണതു്. യഥാൎത്ഥസന്യാസി ജനപ്രീതി സമ്പാദിച്ച ഹൈന്ദവാദൎശമാണതു്. പക്ഷെ, അതു ചെയ്യേണ്ടിവരുന്ന സാധുവും ഭാഗ്യഹീനനും ആയ ഒരുവന്റെ ആദൎശം അതാണോ? അതുപോലെ, കല്യാണംകഴിക്കണമെന്ന ഒരു യുവവിധവയുടെ ആഗ്രഹത്തെ അമൎത്തിക്കളയണമെന്നു് എന്തിനു നിൎബ്ബന്ധിക്കുന്നു? പിന്നെ, എനിക്കു് തോന്നുന്നതു്, അങ്ങിനെയുള്ള ആഗ്രഹം നിലവിലിരിക്കെ, അതമൎത്തിക്കളയുന്നതുകൊണ്ടു് നിൎഭാഗ്യവതിയായ ആ സ്ത്രീയുടെ ശരീരത്തിനു മുഴുവൻ കേടുവരുന്നുവെന്നുമാണു്. ഇണചേരലിനുള്ള ആഗ്രഹം സ്ത്രീക്കു് ഒരിക്കലും ഇല്ലാതിരിക്കുന്നിടത്തോളം, കാൎയ്യം വ്യത്യസ്തമാണെന്നുള്ളതിൽ സംശയമില്ല. പക്ഷെ അത്തരം ഉദാഹരണങ്ങൾ ദുൎല്ലഭങ്ങളാകുന്നു. അതു നമ്മെ ബാധിക്കുന്നുമില്ല. ആദൎശങ്ങൾ ബലാല്ക്കാരമായി പിടിച്ചേല്പിക്കുന്നതിനെപ്പററിയാണു ഞാൻ പറയുന്നതു്."

"നീ പറയുന്നതെന്തെന്നു് എനിക്കു മനസ്സിലാകുന്നുണ്ടു്." സരോജ പറഞ്ഞു. "പക്ഷെ ഈ ലോകത്തിൽ ആദൎശങ്ങൾ നിൎബ്ബന്ധിച്ചു നടപ്പിൽ വരുത്തിക്കേണ്ടതുണ്ടെന്നാണു് എന്റെ വാദം. നീ പറയുന്നതുപോലുള്ള കീഴമൎത്തൽ ഇണയ്ക്കുവേണ്ടിയുള്ള ആസക്തിയെ പരിശുദ്ധമാക്കിത്തീൎക്കുകയും മനുഷ്യസേവനത്തിനുവേണ്ടി പ്രവൎത്തിക്കാൻ കഴിയുമാറു് വിധവയിൽ വിപുലമായ ചൈതന്യം ഉളവാക്കുകയും ചെയ്യുന്നു."

സ്നേഹിത മറുപടി പറഞ്ഞു. "നേരേമറിച്ചു് ആ സാധുവിൽ ശേഷിച്ചിരുന്ന ചൈതന്യംകൂടി നശിപ്പിച്ചു്, അവ

ളെ ഉത്സാഹമില്ലാത്തവളും, ലക്ഷ്യമില്ലാത്തവളും, നിസ്സഹായയും, സ്വയം വെറുക്കപ്പെട്ടവളും, പരോപദ്രവിയും, മരണത്തെമാത്രം ഉററുനോക്കുന്നവളും ആക്കിത്തീക്കുകയാണു് ചെയ്യുന്നതു് "

"വാദിച്ചുജയിക്കാൻ സാധിക്കാത്തവിധം നീ ഒരു കട്ടിക്കാരിയാണു്." സരോജ പറഞ്ഞു.

"സരോജാ, നമ്മുടെ പല സ്ത്രീപുരുഷന്മാരേയുംപോലെ, നിൻെറ മൂക്കിനുതാഴെത്തന്നെ സ്ഥിതിചെയ്യുന്ന വൃത്തികെട്ട യാഥാത്ഥ്യങ്ങളെ ഒളിച്ചുവച്ചുകൊണ്ടു് ആദശങ്ങൾ ഭക്ഷിച്ചു ജീവിക്കാമെന്നു വിചാരിക്കുകയും, ഭംഗിയേറിയ സ്വപ്നങ്ങളിൽ മോഹിച്ചുകഴിയുകയും ചെയ്യുന്നതുകൊണ്ടാണു് നിനക്കങ്ങിനെ തോന്നുന്നതു്. ആദശഭക്ഷികളായ നിന്നെപ്പോലെയുള്ളവക്കു്, സാധുവും മട്ടിതയും, ക്രൂരസമുദായം വിവാഹം വിലക്കിയിട്ടുള്ളവളും, ദുഃഖിതയും, അപമാനിതയും, താഴ്ത്തപ്പെട്ടവളും ആയ ഒരു വിധവ, ഹൈന്ദവസ്ത്രീത്വത്തിൻെറ മാതൃകയായി ഭവിക്കുന്നു. അത്തരം വിധി അനുഭവിക്കാൻ നിർബ്ബന്ധിതമായി തീരുമ്പോൾ മാത്രമേ ആരുടേയും സ്വപ്നങ്ങൾ ആവിയായി തീരുകയും യാഥാത്ഥ്യം വെളിപ്പെടുകയും ചെയ്യുകയുള്ളു. നാം വിധവയെന്നു വിളിക്കുന്ന ഒരുത്തി വിധവാജീവിതത്തെ പ്രശംസിച്ചു പറയുന്നതു് എനിക്കു് ഇനിയും കേൾക്കേണ്ടതായിരിക്കുന്നു."

"ഞാൻ വിധവയാകാൻ ആഗ്രഹിക്കുന്നില്ലെങ്കിലും, എന്നെങ്കിലും വിധവയായി തീരുന്നപക്ഷം വീണ്ടും ഒരിക്കലും വിവാഹം കഴിക്കുകയില്ലെന്നു ഞാൻ തീരുമാനിച്ചിട്ടുണ്ടു്. എൻെറ മരിച്ചുപോയ ഭത്താവിൻെറ സ്മരണയെനിലനിറുത്തുവാൻ കഴിയുമാറു് നല്ല പ്രവത്തനങ്ങളിൽ ഏപ്പെട്ടുകഴിയുവാനും ഞാൻ തീരുമാനിച്ചിരിക്കുന്നു. പക്ഷെ, ഞാനിങ്ങിനെ പറയുന്നുവെങ്കിലും, ഞാൻ ഒരിക്കലും വിധവയാകരുതെന്നാണു് എൻെറ ആഗ്രഹം." സരോജ പറ

ഞ്ഞു. അവളുടെ സ്നേഹിത പറഞ്ഞു: "അങ്ങിനെതന്നെ സംഭവിക്കട്ടെ! പക്ഷെ നീ പറയുന്നതുപോലെ പ്രവത്തിക്കുന്നപക്ഷം, നീ ചെയ്യുന്നതു വിവേകപൂവ്മായിരിക്കുമെന്നു ഞാൻ കരുതുന്നില്ല. മരണത്തിനുശേഷവും ഭക്തി തോന്നത്തക്കവിധം പ്രചോദനം നൽകാനുള്ള കഴിവ് അപൂവ്വം ഭത്താക്കന്മാക്കേ ഉണ്ടായിരിക്കുകയുള്ളൂ. മിക്ക ഭത്താക്കന്മാരും മിക്ക ഭായ്യമാരെയുംപോലെ സാധാരണ മട്ടിലുള്ളവരായിരിക്കും. അവർ വളരെ നല്ലവരോ വളരെ ചീത്തയോ ആയിരിക്കുകയില്ല. ചെളിയുടേയും ആകാശത്തിൻേറയും ചേരുവയായായിരിക്കും അവർ. ചിലർ മുഴുവൻതന്നെ ചെളിയായിരിക്കും. നാറുന്ന ചെളി. വളരെവളരെ കുറച്ചുപേർ മാത്രം യഥാത്ഥത്തിലുള്ള ആകാശമായിരിക്കും. ഇങ്ങിനെയുള്ളവർ നീ അഭിപ്രായപ്പെടുന്നതുപോലെ അവരുടെ പത്നിമാരിൽ ഭക്തി ഉദിപ്പിച്ചേയ്ക്കാം. പത്നിമാരും അവരെപ്പോലെയുള്ളവരാണെങ്കിൽ മാത്രം."

"ആകട്ടെ, ഞാൻ എന്താണ്. ആകാശമോ, ചെളിയോ?" സരോജ ചോദിച്ചു. "പപ്പാതി; അൻപതു ശതമാനംവീതം." മീന മറുപടി പറഞ്ഞു. "വേരുകൾ ചെളിയിലും മൊട്ടുകൾ ആകാശത്തിലും."

സരോജ ശ്വാസമെടുത്തു പറഞ്ഞു "നന്ദി; നീയോ?"

"ഒരു ശതമാനവും, തൊണ്ണൂററിയൊൻപതു ശതമാനവും വീതം". മീന മറുപടി പറഞ്ഞു. "ഞാൻ തികച്ചും ഭൂമിയിലാണ്. അതിനാൽ എല്ലാററിനേയും പ്രായോഗികമായി വീക്ഷിക്കുന്നു. എനിക്കു ആദശങ്ങളുമില്ല."

"ഒരു പക്ഷെ എൻെറ അൻപതിനെക്കാൾ ഉയരത്തിൽ, നിൻെറ ഒന്നു പരിലസിക്കുന്നുണ്ടാകാം. നീ എന്നെക്കാൾ തീക്ഷ്ണതയുള്ള ആദശവാദിയും ആയിരിക്കാം."

"ആയിരിക്കാം." മീനപറഞ്ഞു. "ഷൈപവർ എലക്ട്രിസിററിപോലെ കാണത്തക്ക ഒരു ഫലവും ഉണ്ടാക്കാതെ അതെൻെറ തലയ്ക്കുമീതേക്കൂടി പോകുന്നുണ്ടാകാം."

"ചെറുപ്പത്തിൽത്തന്നെ വിധവയാകുന്നപക്ഷം, ഞാൻ വീണ്ടും വിവാഹം കഴിക്കുമെന്നാണോ അപ്പോൾ നീ പറയുന്നതു്?" സരോജ ചോദിച്ചു.

"അതേ, ആദർശങ്ങളുടെ ശക്തി ആവിയായിപ്പോകുമ്പോൾ നീ വീണ്ടും വിവാഹംകഴിക്കും. നീ അങ്ങിനെ ചെയ്യുന്നില്ലെങ്കിൽ, നീ മറയി ആയിരിക്കും. അങ്ങിനെ ജീവിതാനന്ദം നഷ്ടപ്പെട്ടുത്തിക്കളെയുകയും ചെയ്യും."

മീന എന്താണു പറഞ്ഞതെന്നു് അന്നുരാത്രി സരോജ ആലോചിച്ചുനോക്കി. തൻെറ സ്നേഹിത, തൻെറ ആദർശത്തേയും ഇച്ഛാശക്തിയേയും അവമതിച്ചുകളഞ്ഞു എന്ന നിഗമനത്തിൽ അവൾ എത്തിച്ചേരുകയും ചെയ്തു. എന്തും വരട്ടെ, തൻെറ വാക്കനുസരിച്ചു പ്രവത്തിക്കുന്നതാണെന്നു് അവൾ തീരുമാനിച്ചു.

ഇതിനെപ്പററി ഓത്തപ്പോൾ, അവളുടെ ചിന്തകൾ, ക്രമേണ വിവാഹകാര്യത്തിലേയ്ക്കു കടന്നു. എന്നായിരിക്കും താൻ വിവാഹം കഴിക്കുക? അവൾ ആലോചിച്ചു. യാഥാസ്ഥിതികരായ തൻെറ കൂട്ടുകാരികളുടെ എല്ലാംതന്നെ വിവാഹം കഴിഞ്ഞു. ചിലർ വിധവകളും ആയിക്കഴിഞ്ഞു. സാധുക്കളുടെ തലയിലെഴുത്തു കട്ടപ്പംതന്നെ, എന്നവൾ ഓത്തു. "അവർ തീച്ചയായും വീണ്ടും വിവാഹം കഴിക്കുകയില്ല. അതു മഹത്തായ ഒരാദർശമാണു്. എങ്കിലും അവരെല്ലാം വളരെ ദുഃഖം അനുഭവിക്കുന്നപോലെ തോന്നുന്നല്ലോ. എന്താണതിനു കാര്യമെന്നു് ഓത്തു എനിക്കു അത്ഭുതം തോന്നുന്നു. ഒരുപക്ഷേ അവർ കല്യാണം കഴിക്കുന്നതു് അവരുടെ അച്ഛനമ്മമാർ തെരഞ്ഞെടുത്തവരെ ആയിരി

ക്കാം. അവർ സ്വയം തിരഞ്ഞെടുത്തവരെയല്ലായിരിക്കാം. അതിനാൽ, അവരുടെ ത്യാഗത്തിൽ അവരെ നിലനിൎത്തിക്കൊണ്ടുപോകുവാൻ സ്നേഹംനിറഞ്ഞ സ്മരണകൾ അവശേഷിക്കുന്നില്ലായിരിക്കാം. പക്ഷെ, കൊച്ചുപെൺകുട്ടികളുടെ തെരഞ്ഞെടുപ്പ് എപ്പോഴും അച്ഛനമ്മമാരുടെ തെരഞ്ഞെടുപ്പിനെക്കാൾ വിവേകപൂൎവ്വമോ, നിശ്ചിതമോ ഉത്തമമോ ആയിരിക്കുമോ?" ഈ ചിന്തകൾ അവളെ കുഴപ്പിക്കുകയും വ്യസനിപ്പിക്കുകയും ചെയ്തു. അവൾ വിളക്കണച്ചു കിടക്കയിൽ കയറി, ഈ ചിന്താക്ലേശം ഒഴിവാക്കുവാൻവേണ്ടി മനഃപൂൎവ്വം ഉറങ്ങാൻ തയ്യാറാകുകയുംചെയ്തു.

അടുത്ത സായാഹ്നത്തിൽ, സ്കൂളിൽനിന്നു മടങ്ങിയെത്തിയതിനുശേഷം, അച്ഛനായ രാമദാസും ഒരുമിച്ചു മദ്രാസിലെ മരീനാകടപ്പുറത്ത് അവൾ നടക്കുകയായിരുന്നു. മോശപ്പെട്ട വേഷം ധരിച്ചവനെങ്കിലും, ആകൎഷകമായ സ്വപ്നദൃഷ്ടികളുള്ള ഒരു കാളേജുവിദ്യാൎത്ഥി തനിക്കു് എതിരെ വരുന്നതു് അവൾ കണ്ടു. ആ കണ്ണുകൾ അവളുടെ നയനങ്ങളിൽ ആകാംക്ഷാപൂൎവ്വം കുറേ സമയം തങ്ങിനിന്നു അവളും അയാളെ നിൎന്നിമേഷയായിനോക്കി. മീനയോടു തോന്നുന്നതിൽനിന്നു വ്യത്യസ്തമായി, വിവരിക്കാനാവാത്ത ഒരു പുതിയ ആനന്ദവും സ്നേഹവും അവളുടെ ഹൃദയത്തിൽ അങ്കുരിച്ചുവരികയാൽ, അവിടെ കുറെനേരം തങ്ങിനില്ക്കാൻ അവൾക്കാഗ്രഹമുണ്ടായി. എന്നാൽ, പതിവനുസരിച്ചു അവളുടെ അച്ഛൻ വേഗം നടന്നുപോകുകയാൽ, തന്നിൽ ഈ പുതിയ താല്പൎയ്യം ഉളവാക്കിയ സ്വപ്നജീവിയായ ചെറുപ്പക്കാരനെ പിന്നിൽ വിട്ടിട്ടു മുന്നോട്ടു പോകുവാൻ അവൾ നിൎബ്ബന്ധിതയായിത്തീൎന്നു. ആരായിരിക്കാം അയാൾ എന്നവൾ ആലോചിച്ചു. വലിയ ഭാവം കാണിക്കാത്ത, ആനന്ദദായകമായ സ്വപ്നദൃഷ്ടികളുള്ള ഒരാളാണയാൾ എന്നതു തീൎച്ചയാണു്. ആ നയനങ്ങൾ ആദൎശദാൎഢ്യ

ത്തിൻേറയും അഗാധപ്രേമത്തിൻേറയും ലക്ഷണമായി അവൾക്ക തോന്നി. ആ പ്രേമത്തിനുവേണ്ടി അവൾ കൊതിച്ചു.

ഈ ചിന്തകളിൽ മുഴുകുകയാൽ അവളുടെ നടത്തം സാവധാനത്തിലായിത്തീൎന്നു. അവളുടെ അച്ഛൻ ചോദിച്ചു: "സരോജാ, നീ എന്താണു് ആലോചിക്കുന്നതു്? എന്താണു് നീയിത്ര പതുക്കെ നടക്കുന്നതു്?"

അവൾ അല്പം ഓടി, അയാളുടെ ഒപ്പം എത്തി പിടിച്ചുകൊണ്ടു ചോദിച്ചു. "വിവാഹം യഥാൎത്ഥത്തിൽ ആളുകളെ കൂടുതൽ സന്തുഷ്ടരാക്കുന്നുണ്ടോ എന്നു ഞാൻ ആലോചിക്കുകയായിരുന്നു."

"അതു് ആ വിവാഹത്തിൻെറ സ്വഭാവത്തെ ആശ്രയിച്ചാണിരിക്കുന്നതു്." രാമദാസ് പറഞ്ഞു. "ദമ്പതികൾ തമ്മിൽ ചേരുന്നവരാണെങ്കിൽ അവരുടെ ജീവിതം മുന്നേതിലും സുഖകരമായിത്തീരുന്നു; ചേരാത്തവരാണെങ്കിൽ അവരുടെ ജീവിതം മുമ്പിലത്തേതിലും അസുഖകരമായി ഭവിക്കുന്നു."

"സ്വപ്നം കാണുന്നതുപോലുള്ള കണ്ണുകളുള്ളവർ നല്ല ഭൎത്താക്കന്മാരായിരിക്കുമെന്നു് അങ്ങു വിചാരിക്കുന്നുണ്ടോ?"

"എന്തൊരുചോദ്യം! ഒരിക്കലുമില്ല. തുറന്ന കണ്ണുകളുള്ളവരാണു് നല്ല ഭൎത്താക്കന്മാരാകുവാൻ പററിയവരെന്നാണു് എൻെറ അഭിപ്രായം. സ്വപ്നദ്രഷ്ടാക്കളായവർ ഉറക്കംതൂങ്ങികളായിരിക്കും. അവർ ഭൎത്താവാകാൻ പററുകയില്ല. പലപ്പോഴും അവർ അപ്രായോഗികആദൎശവാദികളുമായിരിക്കും." രാമദാസ് പറഞ്ഞു.

"അച്ഛാ, അങ്ങു് ആദൎശവാദികളെ ഇഷ്ടപ്പെടുന്നില്ലേ?" സരോജ ചോദിച്ചു.

"ഇഷ്ടപ്പെടുന്നവയെന്ന പറയാൻ എനിക്കു സാധ്യമല്ല" അയാൾ പറഞ്ഞു. "ആദർശവാദത്തെക്കാൾ യാഥാത്ഥ്യങ്ങളെയാണു ഞാൻ ഇഷ്ടപ്പെടുന്നതു്." സരോജ മിണ്ടാതെ നടന്നു. അച്ഛൻെറ വാദം അവൾക്കു ബോദ്ധ്യമായില്ല. പ്രയോജനമൊന്നും ഇല്ലെന്നുകണ്ടതിനാൽ, ഈ ചച്ച്ച തുടരുവാൻ അവൾ അഭിലഷിച്ചില്ല.

മൂന്നുദിവസംകഴിഞ്ഞു്, പ്രഭാതത്തിൽ സരോജയും അച്ഛനും തങ്ങളുടെ വീട്ടിൻെറ വരാന്തയിൽ ഒരു ലഘുസംഭാഷണത്തിൽ ഏൎപ്പെട്ടിരിക്കുമ്പോൾ, പോസ്റ്റ്മാൻ കടന്നുവന്നു ഒരെഴുത്തു രാമദാസിനു കൊടുത്തു. അത്ഭുതം മുഖത്തു സ്ഫുരിക്കുമാറു് അയാളതു വായിച്ചു. പിന്നെ ആ കത്തു് സരോജയ്ക്കു കൊടുത്തിട്ടു പറഞ്ഞു. "ഇതു വായിച്ചുനോക്കു! ഏതോ സ്വപ്നദശി."

വിറയ്ക്കുന്ന കൈകളോടെ സരോജ എഴുത്തുവാങ്ങി വായിച്ചു:

സർ,

രണ്ടുദിവസത്തിനുമുമ്പു്, ഒരു സായാഹ്നത്തിൽ, താങ്കളും താങ്കളുടെ ഏത്രയും സുന്ദരിയായ പുത്രിയും എനിക്കെതിരെ നടന്നുവരുന്നതു മരീനയിൽവച്ചു ഞാൻ കണ്ടു. എൻെറ കണ്ണുകൾ അവളിലും അവളുടെ കണ്ണുകൾ എന്നിലും പതിഞ്ഞ ആ നിമിഷത്തിൽ, വിധിയുടെ മണിയടിച്ചുവെന്നും, എൻെറ മനസ്സിനൊത്ത പെൺകുട്ടിയെ കണ്ടുപിടിച്ചു എന്നും എനിക്കു തോന്നി. താങ്കളുടെ മകളോടു എനിക്കു തോന്നുന്ന നിസ്സീമമായ പ്രേമത്തേയും, അഭിനന്ദനത്തേയും, ആദരവിനേയും എങ്ങിനെയാണു് പ്രകടിപ്പിക്കേണ്ടതു് എന്നു എനിക്കു അറിഞ്ഞുകൂടാ. ഈ സംഗതിയെപ്പററി സംസാരിക്കുവാൻ, എന്നെ അനുവദിക്കണമെന്നു ഞാൻ താങ്കളോടു വിനീതമായി അപേക്ഷിക്കുന്നു. ഞാൻ

ലാക്കാളേജിലെ ഒരു വിദ്യാർത്ഥിയാണു്. ഇതുവരെയുള്ള പരീക്ഷകളിൽ ഞാൻ അത്യുന്നതനിലയിൽ പാസ്സായിട്ടുണ്ടു്.

മറുപടിയായി ഒരു വരി എഴുതണമെന്നു് കേണപേക്ഷിച്ചുകൊണ്ടു്,

ആത്മാർത്ഥതാപൂർവ്വം,

ത്രിവിക്രമൻ.

P. S. അവളുടെ പേരു് സരോജ എന്നാണു്. അവളുടെ നയനാരവിന്ദം, സ്വപ്നസമാനമായ പ്രേമത്തെ എന്റെ ഹൃദയത്തിൽ അഗാധമായി പ്രതിഷ്ഠിച്ചിരിക്കുന്നു. സരോജ, എത്ര കൗതുകമുള്ളപേരു്; അതേസമയം എത്രയും ഉചിതമായതും!"

അത്യാഹ്ലാദത്തോടെ സരോജ കത്തു മൂന്നുപ്രാവശ്യം വായിച്ചു. അപ്പോൾ, സ്വപ്നനയനങ്ങളുള്ള ആ യുവാവു് തന്നെ മറന്നിട്ടില്ല. അയാൾ തന്നെ മറക്കുകയില്ലെന്നു് എങ്ങിനെയോ അവൾക്കു തോന്നിയിരുന്നതാണു്. അവൾക്കു് അഭിമാനവും ആനന്ദവും തോന്നി.

രാമദാസ് അവളോടുപറഞ്ഞു: "സരോജാ, എന്താണു് നീ ആലോചനയിൽ മുഴുകിയിരിക്കുന്നതു്. ഏതാണീ കുട്ടി? അയാളെ കണ്ടതായി ഞാൻ ഓർമ്മിക്കുന്നേയില്ല."

തുടുത്ത മുഖത്തോടെ അവൾ പറഞ്ഞു. "ആൾ ആരാണെന്നു ഞാൻ ഊഹിക്കുന്നുണ്ടു്. ഐസ്ഹൗസിനെതിരെവച്ചു്, കഴിഞ്ഞ സായാഹ്നത്തിൽ നാം കണ്ട സ്വപ്നദൃഷ്ടികളുള്ള കുട്ടിയാണയാൾ."

"ഉം!" രാമദാസ് പറഞ്ഞു. "സ്വപ്നദൃഷ്ടികളുള്ളവർ നല്ലഭർത്താക്കന്മാരായിരിക്കുമോ എന്നു നീ ചോദിച്ചതിന്റെ അർത്ഥം എനിക്കു മനസ്സിലായി."

അവളുടെ മുഖം വീണ്ടും തുടുത്തു. "ഞാൻ ഇനി എന്താണു വേണ്ടതു്?" അവളുടെ അച്ഛൻ ചോദിച്ചു.

"അച്ഛനു നല്ലവണ്ണം അറിയാമല്ലോ" എന്നവൾ പറഞ്ഞു.

"ഇന്നു് ആഫീസ്സിൽവച്ചു അയാളെ കാണുന്നതു നന്നായിരിക്കുമെന്നു എനിക്കു തോന്നുന്നു. അയാൾ പറവു മോ എന്നു നോക്കട്ടെ. യോഗ്യനാണെന്നു കാണുന്നപക്ഷം, നാളെ ചായ കഴിക്കാനായി അയാളെ വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുവരാം."

സരോജയ്ക്കു അത്യധികമായ ഉൽക്കണ്ഠയായി. രാമദാസ് ഭാര്യയെ വിളിച്ചു്, ഉണ്ടായ വസ്തുതകളൊക്കെ പറഞ്ഞു.

അന്നുച്ചതിരിഞ്ഞു അയാൾ ത്രിവിക്രമനു് ആളയയ്ക്കുകയും ആഫീസ്സിൽവച്ചു സംസാരിക്കുകയും ചെയ്തു. ആ കുട്ടിയുടെ മാതാപിതാക്കൾ ഒരുകാലത്തു് ധനികരായിരുന്നുവെന്നും, ഇപ്പോൾ അയാൾ ദരിദ്രനാണെന്നും അയാൾക്കു മനസ്സിലായി.

അയാൾ പച്ചയായിത്തന്നെ പറഞ്ഞു: "എന്തെങ്കിലും വരദക്ഷിണയോ, സ്ത്രീധനമോ കിട്ടുമെന്നു പ്രതീക്ഷിക്കരുതു്."

"ഞാൻ അതൊന്നും പ്രതീക്ഷിക്കുന്നില്ല." ത്രിവിക്രമൻ പറഞ്ഞു.

"അതുപോലെതന്നെ മാസം 300 രൂപയിൽ കുറഞ്ഞ വരുമാനമുള്ളവൎക്കു എന്റെ മകളെ ഞാൻ കൊടുക്കുകയുമില്ല! അവളുടെ ജ്യേഷ്ഠത്തിമാരെയൊക്കെ ആവിധമാണു കല്യാണം കഴിച്ചുകൊടുത്തതു്." രാമദാസ് പറഞ്ഞു.

"വക്കീലെന്നുള്ള നിലയിൽ ഏതാനും കൊല്ലത്തിനകം 300 രൂപാ പ്രതിമാസം ഉണ്ടാക്കാൻ എനിക്കു കഴിയും." ത്രിവിക്രമൻ പറഞ്ഞു.

"ചെറുപ്പമായിരിക്കുമ്പോൾ എല്ലാവരുടേയും പ്രതീക്ഷകൾ എത്രയും വലുതായിരിക്കും." രാമദാസ് പറഞ്ഞു. "സഹായമോ, പിന്തുണയോ ഇല്ലാതെ, എത്ര മിടുക്കനായാലും ഒരു അഭിഭാഷകനു 100 രൂപയിലധികം സമ്പാദിക്കുവാൻ സാധ്യമല്ലെന്നു ലോകപരിചയം നിങ്ങളെ പഠിപ്പിച്ചുതരും. അങ്ങിനെയുള്ള ചിലരെ എനിക്കറിയാം."

"ഒരുപക്ഷേ അവർക്കു ഊർജ്ജിതംപോരായിരിക്കും." ത്രിവിക്രമൻ അഭിപ്രായപ്പെട്ടു.

"അല്ല. അവരെ ഊർജ്ജിതപ്പെടുത്താൻ ഒന്നുമില്ലായിരുന്നു." രാമദാസ് മറുപടിപറഞ്ഞു.

"ഞാൻ 300 രൂപാ പ്രതിമാസം സമ്പാദിച്ചുതുടങ്ങുമ്പോൾ, നിങ്ങളുടെ മകളെ എനിക്കു തന്നാൽമതി. 100 രൂപാകൊണ്ടു ഒരു ഭർത്താവിനും ഭാര്യയ്ക്കും സുഖമായി കഴിയാൻ എന്തുകൊണ്ടു സാധ്യമല്ല എന്നു എനിക്കു തോന്നുന്നുണ്ടെങ്കിലും, എനിക്കതാണു പറയാനുള്ളത്." ത്രിവിക്രമൻ പറഞ്ഞു.

രാമദാസ് പറഞ്ഞു: "അത്തരം താണനിലയിലുള്ള ജീവിതം ഞാൻ വെറുക്കുന്നു. അത്തരം ജീവിതം ഞാൻ പരിചയിച്ചിട്ടില്ല. കഷ്ടിച്ചു ജീവിക്കാൻമാത്രം വകയുള്ളവർ വിവാഹം കഴിക്കരുതെന്നും, ഭാര്യയേയും കുട്ടികളേയും സംരക്ഷിക്കുവാൻമാത്രം വകയുള്ളവരേ വിവാഹം കഴിച്ചുകൂട്ടു എന്നും ഹൃദയാന്തർഭാഗത്തുനിന്നുതന്നെ വിശ്വസിക്കുന്നതുകൊണ്ടാണു് എനിക്കങ്ങിനെ തോന്നുന്നതു്. 300 രൂപാ പ്രതിമാസം ഉണ്ടാക്കാൻ കഴിയുന്ന അവസരത്തിൽമാത്രം

എൻെറ മകളെ തന്നാൽ മതിയെന്നു നിങ്ങൾ സമ്മതിച്ചിരിക്കുന്ന സ്ഥിതിക്ക്, നാംതമ്മിൽ അഭിപ്രായവ്യത്യാസത്തിനു കാര്യമില്ല. നാളെ ചായ കുടിക്കുവാൻ നിങ്ങൾ എൻെറ വീട്ടിൽ വരണം. കൂട്ടത്തിൽ പെണ്ണുമായി പരിചയപ്പെടുകയും ചെയ്യാം."

പിറേറദിവസം, ചായ കഴിക്കാനായി കടന്നുപോകുമ്പോൾ, സരോജ ഇടനാഴിയിൽ നില്ക്കുന്നതു് ത്രിവിക്രമൻ സ്വപ്നനേത്രങ്ങൾകൊണ്ടു കണ്ടു. അവൾക്കു ഇരട്ടി സൗന്ദര്യമുള്ളതായിത്തോന്നി. അതിമനോഹരമായ ഒരു പട്ടുസാരിയാണു് അവൾ ധരിച്ചിരുന്നതു്. മനോഹരമായി വികസിച്ച കണ്ണുകൾകൊണ്ടു് അവൾ അയാളെ നോക്കി. അയാൾ നോട്ടം പെട്ടെന്നു പിൻവലിച്ചുകളഞ്ഞു. മുകളിൽ ചായ കൊണ്ടുവന്നതു് അവളാണു്. പക്ഷേ അവളെ നോക്കാൻ ലജ്ജ അയാളെ അനുവദിച്ചില്ല. എങ്കിലും താൻ കുടിക്കുന്ന ചായ അവൾ തയ്യാർ ചെയ്തതാണല്ലോ എന്നോർത്തു് അയാൾക്കു അത്യധികമായ സന്തോഷംതോന്നി. ചായ കഴിച്ചുകൊണ്ടിരിക്കുമ്പോൾ, ത്രിവിക്രമൻ വിദേശത്തു പഠിക്കാനുള്ള വിദ്യാൎത്ഥിവേതനത്തിനു അപേക്ഷിക്കണമെന്നും, അതുപയോഗിച്ചു ഐ. സി. എസ്സ്-നു പഠിക്കണമെന്നും, എളുപ്പം നല്ല ആദായംകിട്ടാനുള്ളമാൎഗ്ഗം അതുമാത്രമാണെന്നും രാമദാസ് അഭിപ്രായപ്പെട്ടു. താൻ അത്തരം ചില സ്കാളർഷിപ്പിനു നേരത്തെതന്നെ അപേക്ഷിച്ചിട്ടുണ്ടെന്നും, എന്നാൽ ഈ സംഗതിയിൽ തനിക്കു വലിയ പ്രത്യാശകളില്ലെന്നും ത്രിവിക്രമൻ പറഞ്ഞു.

ത്രിവിക്രമൻ പോയിക്കഴിഞ്ഞു് രാമദാസ് ഭാൎയ്യയോടു പറഞ്ഞു. "ഈ കുട്ടി ദരിദ്രനാണെന്നു തോന്നുന്നു. ഒന്നാംക്ലാസ് ഡിഗ്രികളും വമ്പിച്ച ആശകളും മാത്രമേ അയാൾക്കു ധനമായി ഉള്ളു. ഇവ രണ്ടിനും ഇക്കാലത്തു വലിയ

വിലയില്ല. സരോജയ്ക്കു ഇയാൾ പററുമോ എന്നാണു് എനിക്കു സംശയം. നീ എന്തു പറയുന്നു?"

"ഞാൻ അവളുടെ അഭിപ്രായത്തിനു വിടുന്നു." എന്നവർ പറഞ്ഞു

"നീ എന്തു പറയുന്നു, സരോജ?" രാമദാസ് ചോദിച്ചു.

"അദ്ദേഹം ധനികനെന്നോ, ദരിദ്രനെന്നോ, വിദേശത്തു പഠിക്കുന്നതിനുള്ള വിദ്യാർത്ഥിവേതനം അദ്ദേഹത്തിനു കിട്ടുമെന്നോ, കിട്ടുകയില്ലെന്നോ ഞാൻ അന്വേഷിക്കുന്നില്ല എന്നെ സ്നേഹിക്കണമെന്നതുമാത്രമാണു് എന്റെ ആവശ്യം. അദ്ദേഹം എന്നെ സ്നേഹിക്കുന്നുണ്ടെന്നു് എനിക്കു തീർച്ചയായി അറിയാം. അതിനാൽ അദ്ദേഹം എന്നെ സ്വീകരിക്കുമെങ്കിൽ, അദ്ദേഹത്തെ ഞാനും സ്വീകരിക്കും." എന്നവൾ പറഞ്ഞു.

"ജീവിക്കാനുള്ളവകയെവിടെ?" അവളുടെ അച്ഛൻ ചോദിച്ചു.

"വലിയ ബിരുദങ്ങൾ നേടാൻ കഴിയുന്ന ഒരുത്തനു് ഞങ്ങളുടെ അത്യാവശ്യങ്ങൾ നടത്താനുള്ളവകയുണ്ടാക്കാനും കഴിയും. പോരാത്തതിനു്, ഞങ്ങൾ ഞങ്ങളുടെ പ്രേമസ്വപ്നം കണ്ടുകൊണ്ടിരിക്കും." സരോജ പറഞ്ഞു.

"എന്തു മൂഢവിചാരമാണു് നിനക്കുള്ളതു്!" രാമദാസ് പറഞ്ഞു. "എങ്കിലും എനിക്കു നിന്നെ കുററപ്പെടുത്തുവാൻ നിവൃത്തിയില്ല. ഞാനും ചെറുപ്പത്തിൽ ഈവിധം ഒരുത്തനായിരുന്നു. കുട്ടിയുടെ പുരോഗതി എങ്ങിനെയിരിക്കുന്നു എന്നു ശ്രദ്ധിച്ചുകൊണ്ടിരിക്കാം; പിന്നെ എന്താണു് വേണ്ടതു് എന്നു തീരുമാനിക്കാം."

അന്നു രാത്രി സരോജയ്ക്കു് മോഹനസ്വപ്നങ്ങൾ ഉണ്ടായി.

രണ്ടുദിവസത്തിനുശേഷം, ഒരു രാവിലെ രാമദാസ് അവളെ വിളിച്ച് ഒരെഴുത്തുകൊടുത്തിട്ടു പറഞ്ഞു "കുഞ്ഞേ, നിൻെറ സ്വപ്നജീവി എത്ര വഞ്ചകനായിത്തീൎന്ന എന്നു നോക്കൂ."

സരോജ എഴുത്തുവായിച്ചു. അതിപ്രകാരമായിരുന്നു:
പ്രിയപ്പെട്ട ശ്രീ. രാമദാസ്,

ഈ കത്തിലെ വിവരങ്ങൾക്ക് എനിക്കു മാപ്പുതരണമെന്നപേക്ഷ. ഞാൻ എൻെറ ജ്യേഷ്ഠനുമായി സംസാരിച്ചു. വരശ്ശുല്ക്കം വാങ്ങാതെ, എൻെറ വിവാഹം നടത്തുവാൻ സാധ്യമല്ലെന്നു അദ്ദേഹം പറയുന്നു. ഞാൻ ദരിദ്രൻ മാത്രമാണെന്നായിരുന്നു വിചാരിച്ചിരുന്നതു്. പഠിത്തം പൂൎത്തിയാക്കാനുള്ള വകയുണ്ടെന്നായിരുന്നു എൻെറ വിശ്വാസം. ഞാൻ ദരിദ്രൻ മാത്രമല്ല, കടക്കാരൻകൂടിയാണെന്നു ഇപ്പോൾ മനസ്സിലാകുന്നു. വരശ്ശുല്ക്കം തരുന്ന പിതാക്കളുള്ള ഒരു കുട്ടിയെ വിവാഹം ചെയ്യാതെ നിവൃത്തിയില്ലെന്നും ബോദ്ധ്യമായിരിക്കുന്നു. മോഹനസ്വപ്നങ്ങൾക്കും ആനന്ദദങ്ങളായ പ്രത്യാശകൾക്കും നമോവാകം! ഉഗ്രകിരണനായ മാൎത്താണ്ഡൻ തുഹിനമൗക്തികങ്ങളാകെ വലിച്ചുകുടിച്ചുകളഞ്ഞു. മലിനജലം പാനംചെയ്യാനുള്ള ആൎത്തി ശമിപ്പിക്കാനും അങ്ങിനെ ജീവിക്കാനുംവേണ്ടി ഞാനും സാധാരണ കുളത്തിലേയ്ക്കു പോകേണ്ടിയിരിക്കുന്നു. നിങ്ങളോടു വരശ്ശുല്ക്കം ചോദിക്കുന്നകാൎയ്യം ഞാൻ സ്വപ്നം കാണുകപോലും ചെയ്തിരുന്നില്ല. സരോജയെപ്പററിയുള്ള എൻെറ സ്വപ്നമെല്ലാം അവസാനിക്കണം എന്നാണു് ഇതിൻെറയെല്ലാം അൎത്ഥം. വയററുവേദനയുള്ളവൎക്കു് ഉദ്ദേശിച്ചുള്ളതല്ല മോഹനസ്വപ്നങ്ങൾ. ദയവായി എൻെറ സ്ഥിതി മനസ്സിലാക്കാൻ ശ്രമിക്കുക. നമസ്കാരം.

ത്രിവിക്രമൻ.

P. S. വിദേശത്തു പഠിക്കാൻ പോകുന്നതിനുള്ള സ്കാളർഷിപ്പു കിട്ടുമെന്നുള്ള ആശയെ പാടെ തകൎത്തുകൊണ്ടുള്ള ഒരു കത്തു് എനിക്കു് ഇന്നലെ സന്ധ്യയ്ക്കുകിട്ടി. മറക്കാനും മാപ്പുതരാനും ദയവുണ്ടാകുക. T.

സരോജ രണ്ടുപ്രാവശ്യം അതു വായിച്ചു. അശ്രുക്കൾ അവളുടെ കാഴ്ചയെമറച്ചു സ്വപ്നങ്ങൾ തകൎന്നതോൎത്തു് വ്യസനമാണു് അവൾക്കു് ആദ്യം ഉണ്ടായതു്. ത്രിവിക്രമന്റെ ആദൎശരാഹിത്യവും അയാൾ പ്രദൎശിപ്പിച്ച ഭൗതികജീവിതകൊതിയും ഓൎത്തപ്പോൾ അവൾക്കു പെട്ടെന്നു ദ്വേഷ്യംവന്നു. എങ്കിലും ഒടുവിൽ, കാൎയ്യങ്ങളുടെ യഥാൎത്ഥനില അവൾ ഗ്രഹിച്ചു. തുടൎന്നു് ആവശ്യംകൊണ്ടു പണത്തിനുവേണ്ടി വിവാഹം കഴിക്കുവാൻ നിൎബ്ബദ്ധരായിത്തീരുന്ന ഇത്തരം നിൎഭാഗ്യവാന്മാരുടെ സ്ഥിതിയോൎത്തു് അവൾക്കു സഹതാപംതോന്നി. അതിനാൽ അച്ഛൻ ഇതേപ്പററി ചോദിച്ചപ്പോൾ അവൾ ഈവിധം പറഞ്ഞു. "ആ സാധുകുട്ടിയിൽ എനിക്കു് അനുകമ്പയാണു തോന്നുന്നതു്. ഈ രാജ്യത്തിലെ ആയിരക്കണക്കിനു ജനങ്ങളുടെ അവസ്ഥതന്നെയാണു് അയാൾക്കുള്ളതു്. പരിതഃസ്ഥിതികളുടെ ഇരയാണയാൾ."

രാമദാസ് പറഞ്ഞു: "അതൊന്നും നാം ആലോചിക്കേണ്ട കാൎയ്യങ്ങളല്ല. അയാൾ നിനക്കു ചേരുകയില്ലെന്നുള്ളതുസ്പഷ്ടം ആ പരമാൎത്ഥം അയാൾ സമ്മതിക്കുകയും ചെയ്തു. അങ്ങിനെ ആ കാൎയ്യം അവസാനിച്ചിരിക്കുന്നു." അയാൾ ആ കത്തു് കഷണംകഷണമായി കീറി ചവററുകൊട്ടയിൽ നിക്ഷേപിച്ചു.

അന്നു്, സരോജമീനയോടു പറഞ്ഞു: "നീ പറഞ്ഞതു ശരിയാണു്. ആദൎശസ്വപ്നംതിന്നു ജീവിക്കുന്ന ഒരു ജനതയാണു് നാം. സ്വപ്നങ്ങളുടെ നിരന്തരമായ തകൎച്ചയാണു

നമ്മുടെ ജീവിതം. വിദ്യാഭ്യാസം തുടരാനും മററു ആവശ്യങ്ങൾക്കും പണം ലഭിക്കാൻ വേണ്ടി പല യുവാക്കന്മാർക്കും തങ്ങൾ പ്രേമിക്കുന്ന പെൺകുട്ടികളെ കൈവെടിയേണ്ടതായി വരുന്നു."

"ബുദ്ധിപൂർവ്വം ചെയ്യേണ്ട കാര്യം." മീന പറഞ്ഞു. "പരിഷ്കാരം കൂടുതൽ കൂടുതൽ പുരോഗമിക്കുന്തോറും, വികാരത്തിൻെറ സ്ഥാനം യുക്തി കരസ്ഥമാക്കുന്നു." പിന്നെ പെട്ടെന്നു് അവൾ ചോദിച്ചു "അയ്യോ, നിൻെറ കണ്ണുകളിലെന്താണു് വെള്ളം നിറയുന്നതു്?"

"വികാരം അപ്രത്യക്ഷമായതുകൊണ്ടു്." കണ്ണുകൾതുടച്ചുകൊണ്ടു സരോജ പറഞ്ഞു.

"ഇന്നലെ ത്രിവിക്രമൻ നിന്നെ കാണാൻ വന്നിരുന്നോ?" മീന ചോദിച്ചു.

"ഇല്ല." സരോജ പറഞ്ഞു. "അദ്ദേഹവും പരിതഃസ്ഥിതികളുടെ സമ്മർദ്ദംമൂലം പണത്തിനുവേണ്ടി കല്യാണം കഴിക്കാൻ തീരുമാനിച്ചു."എന്നു പറഞ്ഞു് അവൾ പിന്നെയും കണ്ണീർ തുടച്ചു.

"പൊന്നേ, കരയാതെ" മീന പറഞ്ഞു. "ഇങ്ങിനെയുള്ള ചപലന്മാർ കരച്ചിലിനു അർഹരല്ല."

"ഇങ്ങിനെയുള്ള പരിതഃസ്ഥിതികളിൽ ഇതുപോലെ ചാപല്യം കാണിക്കുന്ന വളരെപ്പേർ ഉണ്ടാകയില്ലേ?" സരോജ ചോദിച്ചു.

"ഞാൻ അങ്ങിനെ വിചാരിക്കുന്നില്ല" സരോജ പറഞ്ഞു "ഒരുതുള്ളി കണ്ണീർ അർഹിക്കുന്നതായി വളരെ വളരെ കുറച്ചാളുകളേ ഉള്ളു."

"ദുഃഖമയമായ ഒരു ലോകമാണിതു്" സരോജ പറഞ്ഞു.

"നാം എങ്ങിനെ നോക്കുന്നുവോ അതിനെ ആശ്രയിച്ചാണു അതിൻെറ നില. ഇതിലേറെ ദുഃഖപൂണ്ണമാകാമായിരുന്നു എന്നു എനിക്കു തോന്നുന്നുണ്ട്. ആകേണ്ടത്ര ദുഃഖപൂണ്ണമല്ലല്ലോ എന്നോത്ത് സ്വയം അഭിനന്ദിക്കുകയാണു നാം ചെയ്യേണ്ടതു്."

"കഷ്ടതരമായ സമാശ്വാസം" സരോജ പറഞ്ഞു.

പതിനെട്ടുമാസം കഴിഞ്ഞു മീനയുടേയും സരോജയുടേയും ഹൈസ്ക്കൂൾപഠനവും പബ്ളിക്കുപരീക്ഷയും തീൎന്നു രണ്ടുപേരും വെക്കേഷനു പിരിയുന്നതിനു മുമ്പായി കണ്ടുമുട്ടിയപ്പോൾ മീന ചോദിച്ചു. "അല്ലാ, നീ മറെറാരു വരനെ കണ്ടുപിടിച്ചുകളഞ്ഞതല്ലോ?"

"എൻെറച്ഛനാണു് എനിക്കുവേണ്ടി തിരക്കിപ്പിടിച്ചതു്" സരോജ പറഞ്ഞു.

"ആരാം എങ്ങിനെ? സ്വപ്നദ്രഷ്ടിയാണോ?"

"അല്ലല്ല. സ്വപ്നദ്രഷ്ടികളെ ഞാൻ വേണ്ടെന്നു വച്ചിരിക്കുകയാണു്. അച്ഛൻ തെരഞ്ഞെടുത്ത ഇപ്പോഴത്തെയാളിനു് വികസിച്ചു ഉണൎന്നിരിക്കുന്ന കണ്ണുകളാണുള്ളതു്."

"എന്താണദ്ദേഹത്തിനു ജോലി?"

"അദ്ദേഹം ഡാക്ടരാണു്. രാമചന്ദ്രൻ എന്നാണു് പേരു്."

"വയസ്സോ?"

"ഇരുപത്തിമൂന്നു്."

"സുമുഖനാണോ?"

"തീരെ മോശമല്ല."

"അദ്ദേഹത്തെ നീ സ്നേഹിക്കുന്നോ?"

"ഞാൻ അദ്ദേഹത്തെ ഇഷ്ടപ്പെടുന്നു. പ്രേമം വഴിയെ വന്നുകൊള്ളുമെന്നാണു് എൻെറ വിശ്വാസം."

"എന്നാണു കല്യാണം?"

"അടുത്തമാസത്തിൽ എപ്പോഴെങ്കിലും. തീയതി താമസിയാതെ നിശ്ചയിക്കും. അപ്പോൾ നിനക്കു ഞാൻ എഴുതിക്കൊള്ളാം. തീർച്ചയായും നീ വരുമല്ലോ?"

"നിസ്സംശയമായും. കല്യാണത്തിൻെറ ആനന്ദവും സദ്യയും ഒന്നും നഷ്ടപ്പെടുത്തിക്കളയാവുന്നതല്ല. അദ്ദേഹം എവിടെയാണു പ്രാക്ടീസ് ചെയ്യുന്നതു്?"

"അദ്ദേഹം മെഡിക്കൽകാളേജിൽനിന്നു് ഇപ്പോൾ പാസ്സായതേയുള്ളു. സിംഗപ്പൂരിൽ മെഡിക്കൽആഫീസറായി ഒരു നല്ല ക്ഷണം അദ്ദേഹത്തിനു കിട്ടിയിട്ടുണ്ടു്. അതു സ്വീകരിക്കയും ചെയ്തു. കല്യാണം കഴിഞ്ഞു ഞാനും ഒരുമിച്ചു അവിടേയ്ക്കു പോകാനാണു് അദ്ദേഹം ഉദ്ദേശിക്കുന്നതു്."

"അങ്ങനെ സപ്തസാഗരങ്ങൾ നമ്മെ അകററിക്കളയും." മീന പറഞ്ഞു.

"സ്ത്രീയുടെ വിധിയതാണു്." സരോജ പറഞ്ഞു. "ഭർത്താവു് എവിടെയാണോ അവിടേയ്ക്കു അവൾ പോകുന്നു. എങ്കിലും നമ്മുടെ അടുത്ത പടിവാതിൽപോലെയായിട്ടുണ്ടല്ലോ സിംഗപ്പൂർ. മാതൃരാജ്യത്തിനു എല്ലാമക്കളേയും പോററാൻ കഴിവില്ലാതെ വരികയും ചെയ്തിരിക്കുന്നു."

"അദ്ദേഹത്തിനു അവിടെ എന്തുശമ്പളം കൊടുക്കാമെന്നാണു പറഞ്ഞിരിക്കുന്നതു്?

"പ്രതിമാസം 300 ഡാളറും സൗജന്യമായ താമസസ്ഥലവും കാറും. 450 രൂപയും വീടും കാറും എന്നു കണ

ക്കാക്കാം. പിന്നെ 1500 രൂപാ എത്തുന്നതുവരെ വർഷം തോറും 75 രൂപാവീതം ശമ്പളക്കൂട്ടതലും കിട്ടും. എല്ലാംകൂടി നോക്കിയാൽ തരക്കേടില്ല; അല്ലേ?"

"ഒന്നാംതരമായി! ഇതുപോലെ മററൊരു ഡാക്ടരെ എനിക്കും കണ്ടുപിടിച്ചു തരാമോ എന്നു ചോദിക്കുവാൻ ഭാവിക്കുകയായിരുന്നു. ഇത്രയും ശമ്പളവും, സൗജന്യമായ വീടും കാറും ഉള്ള ഒരു ഡാക്ടരെ കല്യാണംകഴിച്ചാൽ കൊള്ളാമെന്നു് എനിക്കും മോഹമുണ്ടു്" ചിരിച്ചുകൊണ്ടു് മീന പറഞ്ഞു.

"അന്വേഷിച്ചുകൊണ്ടിരിക്കാൻ ഞാൻ അച്ഛനോടു പറയാം." സരോജ മറുപടിപറഞ്ഞു. "പക്ഷേ അത്തരം ഡാക്ടരെ ആർഡറനുസരിച്ചു പണിതെടുക്കാൻ സാദ്ധ്യമല്ലെന്നു അറിയാമല്ലോ."

"ഈ ബന്ധത്തിൽ നിനക്കു അതിയായ സന്തോഷമുണ്ടു്, ഇല്ലേ." മീന ചോദിച്ചു.

"രാമചന്ദ്രനു് സ്വപ്നനയനങ്ങളുണ്ടായിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കാറുണ്ടെങ്കിലും സന്തുഷ്ടയാണെന്നാണു സ്വയം തോന്നുന്നതു്."

"ഒരാളോടുള്ള ക്രൂറു് മററൊരാളിലേക്കു മാററിക്കഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു് ആദ്യത്തെയാളിനെപ്പററി സ്മരിച്ചതുകൊണ്ടു വിശേഷമില്ല. സ്വപ്നദൃഷ്ടികൾ വിസ്മരിച്ചു് ഉന്നൻവികസിച്ചകണ്ണുകളിൽ ശ്രദ്ധവയ്ക്കൂ." എന്നു മീന പറഞ്ഞു.

സരോജയുടെ മുഖം തുടുത്തു. "നിസ്സാരമായ മോഹങ്ങൾക്കു് എന്തു ന്യായമാണെന്നു പറയുക ആക്കും സാദ്ധ്യമല്ല" എന്നവൾ പറഞ്ഞു.

"സ്വപ്നദൃഷ്ടി ഇപ്പോൾ എന്തുചെയ്യുന്നു?" മീന ചോദിച്ചു.

"ഒരു യാഥാസ്ഥിതിക കുടുംബത്തിൽനിന്നു അദ്ദേഹം ഒരു പെൺകുട്ടിയെ കല്യാണം കഴിച്ചു. അവിടെനിന്നു കിട്ടിയ രണ്ടായിരംരൂപാ വരശ്ശുല്ലാംകൊണ്ടു് കടംവീട്ടി. ഒരു വിദ്യാൎത്ഥിവേതനംകിട്ടിയതനുസരിച്ചു ഐ. സി. എസ്സ്–നു പഠിക്കാനായി അടുത്തദിവസം ഇംഗ്ലണ്ടിലേയ്ക്കു പോയിരിക്കുകയാണു്."

"സ്വപ്നദ്രഷ്ടിയുടെ അതിസൂക്ഷ്മത" മീന പറഞ്ഞു.

"ഉണൎന്നിരിക്കുവാൻ ആവശ്യം അദ്ദേഹത്തെ പ്രേരിപ്പിച്ചു." സരോജ പറഞ്ഞു.

"നിന്റെ തുറന്ന കണ്ണുകളെ പ്രേമം പെട്ടെന്നുതന്നെ സ്വപ്നദ്രഷ്ടികളാക്കും." മീന പറഞ്ഞു.

"അങ്ങനെ സംഭവിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം." സരോജ പറഞ്ഞു. "എനിക്കു ഒന്നു ഏറ്റുപറയാനുണ്ടു്. യഥാൎത്ഥജീവിതത്തിൽ സങ്കല്പങ്ങൾക്കും ആദൎശങ്ങൾക്കും നന്നാ കുറച്ചു സ്ഥാനമേയുള്ളു. കടുത്ത യാഥാൎത്ഥ്യങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ചു ഓരോ ദിവസവും നമുക്കു നമ്മുടെ സ്വപ്നത്തെ കൈവെടിയേണ്ടതായിവരും. ക്രമേണ ആദൎശസ്വപ്നവും ഉപേക്ഷിക്കേണ്ടിവരുന്നു.

"അതങ്ങിനെതന്നെയാണു വേണ്ടതും." മീന പറഞ്ഞു "സ്വപ്നംകൊണ്ടു വയറുനിറയ്ക്കുക നമുക്കു സാദ്ധ്യമല്ല. അവയിൽ മറെറന്തെങ്കിലും കാൎയ്യമായ സംതൃപ്തി സമ്പാദിക്കാനും നമുക്കു നിവൃത്തിയില്ല. നേരത്തെതന്നെയുള്ള സ്വപ്നങ്ങളുടെകൂടെ കൃത്രിമമായി സൃഷ്ടിക്കപ്പെട്ട വളരെയേറെ സ്വപ്നങ്ങൾ പിന്നെയും ഉണ്ടാകരുതെന്നു കരുതിയാണു് നമ്മുടെ പൂൎവ്വികന്മാർ നാം കരുപ്പൂതിന്നരുതെന്നു നിരോധിച്ചതു്. ആട്ടെ; ഇനിയും എനിക്കു പോകണം. നിന്റെ കല്യാണദിവസം അറിയിച്ചുകൊണ്ടു എനിക്കു എഴുതുക.

അങ്ങേയററം നേരമ്പോക്കു് ഉണ്ടാക്കുന്നതിനുവേണ്ടി തീച്ച്യായും നാലുദിവസം മുൻകൂട്ടിത്തന്നെ ഞാൻ വന്നേയ്ക്കാം."

"അങ്ങിനെതന്നെ." സരോജ പറഞ്ഞു.

കല്യാണം കെങ്കേമമായി കഴിഞ്ഞു. നഗരത്തിലെ പ്രമാണികളെല്ലാം സംബന്ധിച്ചിരുന്നു. മീനയും വന്നിരുന്നു. സദ്യകൾ തുല്യം പറയാനില്ലാത്തവിധം ഒന്നാംതരമായിരുന്നു പാട്ടുകാരെല്ലാം ഒന്നാംകിടയിലുള്ളവരായിരുന്നു ചടങ്ങുകളെല്ലാം കഴിഞ്ഞപ്പോൾ, മധുവിധു ആഘോഷിക്കാനും ജോലിക്കുംവേണ്ടി ദമ്പതികൾ സിംഗപ്പൂരിലേയ്ക്കു കപ്പൽ കയറി.

സിംഗപ്പൂരും കടൽക്കരയിലുള്ള തൻെറ ബംഗ്ലാവും സരോജയ്ക്കു് നന്നാ പിടിച്ചു. സുഖപ്രദമായ ഡാഡ്ജ് കാറിൽ ചുററിത്തിരിയുന്നതിലും സാമാനങ്ങൾ വാങ്ങാൻ പോകുന്നതിലും സുഹൃത്തുക്കളെ സന്ദശിക്കുന്നതിലും അവർ ആനന്ദിച്ചു. അവളുടെ സൗന്ദര്യവും, സ്വാഭാവികതയും, ആകഷ്ണീയതയും അവൾക്കു് ധാരാളം സുഹൃത്തുക്കളെ നേടിക്കൊടുത്തു. എല്ലാവരും അവളെ ഇഷ്ടപ്പെട്ടു. രാമചന്ദ്രൻെറ ആശുപത്രി രണ്ടുമൈൽ അകലെയായിരുന്നു. അവൾ രാവിലെ അദ്ദേഹത്തിൻെറകൂടെപ്പോകും; ഉച്ചയ്ക്കു ഊണുകൊണ്ടുചെന്നു കൊടുക്കും; വൈകിട്ടു് തിരിച്ചു പോരുമ്പോഴും ഒന്നിച്ചുണ്ടാകും. രാത്രിയിലും അവർ ഭത്താവൊന്നിച്ചു കാറിൽ വളരെനേരം സഞ്ചരിക്കുകയും സഹസ്രക്കണക്കായ ദീപങ്ങൾ കണ്ടും ശബ്ദങ്ങൾ കേട്ടും കടൽക്കരയിലെ നേരമ്പോക്കുകൾ അനുഭവിച്ചും ആനന്ദിക്കുകയും ചെയ്യും. സമയം ആനന്ദമയമായും, അറിയാതെയും പറന്നുപോയിരുന്നു.

അധികവും രാമചന്ദ്രൻെറ അഭിപ്രായമനുസരിച്ചു്, ആദ്യ അഞ്ചുവഷത്തേയ്ക്കു കുഞ്ഞുങ്ങളൊന്നും ഉണ്ടാകരുതെ

ന്ന അവർ തീരുമാനിച്ചിരുന്നു. ഒരു ഡാക്ടരുടെ ഉത്തമവിശ്വാസ്യതയോടെ അയാറം അവളോടു പറഞ്ഞു. "ഒരു കുഞ്ഞു ജനിക്കാൻപാടില്ലാത്തവിധം നീ ഇപ്പോറം തീരെ ചെറുപ്പമാണു്. നിനക്കു് ഇരുപത്തൊന്നോ, ഇരുപത്തിരണ്ടോ വയസ്സുള്ളപ്പോറം കുഞ്ഞുണ്ടാകുന്നതായിരിക്കും ഏററവും നല്ലതു്. പ്രേമം പുഷ്ടിക്കുകയും എന്നാൽ കായാകാതിരിക്കുകയും ചെയ്യുന്ന ദാമ്പത്യത്തിൻെറ ആദ്യഘട്ടമാണു് ഏററവും ആനന്ദപ്രദമായ കാലം."

"എങ്കിലും എനിക്കു ഒരു കുഞ്ഞിനെ സ്നേഹിക്കണം" അവറം പറഞ്ഞു.

"ഈ 5 കൊല്ലം കഴിഞ്ഞാൽ നിനക്കു് എത്ര കുഞ്ഞുങ്ങറം വേണമെങ്കിലും ആകാമല്ലോ." അയാറം പറഞ്ഞു "നഷ്ടപ്പെട്ടയൗവനം ഒരിക്കലും വീണ്ടുകിട്ടുകയില്ല. ഓരോ കുഞ്ഞിൻെറ ജനനവും യൗവനത്തിനു നേരിടുന്ന ആഘാതമാണു്. അതിനാൽ, ആനന്ദിക്കുവാൻ കഴിയുന്നകാലത്തു ആനന്ദിക്കുക." അവറം ഈ അഭിപ്രായത്തിനു വശംവദയായി.

ഭർത്താവു് സമീപത്തില്ലാതിരിക്കുമ്പോറം, ചിലപ്പോഴെല്ലാം അവറംക്കു മുഷിവുതോന്നിയിരുന്നെങ്കിലും ജീവിതം മധുരമായി അവറംക്കു തോന്നി. സമയം പോക്കുന്നതിനു്, ഒരു കുട്ടിയെ ലാളിക്കുവാനില്ലല്ലോ എന്നു് തനിച്ചായിരിക്കുമ്പോറം അവറംക്കു തോന്നിയിരുന്നു. സ്നേഹിതകളുടെ കുഞ്ഞുങ്ങളെ കൂടെക്കൊണ്ടുവരുവാൻ അവരെ അവറം പ്രേരിപ്പിച്ചു. ഈ ഓമനക്കുഞ്ഞുങ്ങറംക്കു് അവറം വളരെ വളരെ സമ്മാനങ്ങറം നൽകി.

4-ാമത്തെ വർഷാന്ത്യത്തിൽ, അടിപററി. കടുത്ത ക്ഷയരോഗികളെ രാവും പകലും ശുശ്രൂഷിക്കുകനിമിത്തം രാമചന്ദ്രനെ ക്ഷയം പിടികൂടി. ആദ്യം അതു സാരമില്ലാ

യിരുന്നു. ആഹാരം മാറിക്കഴിക്കുന്നതുകൊണ്ടും ജോലിസമയം കുറയ്ക്കുന്നതുകൊണ്ടും സുഖം തോന്നാവുന്നതേ ഉണ്ടായിരുന്നുള്ളു. എന്നാൽ ആ പിശാചിക വേഗം പിടിമുറുക്കി. അങ്ങിനെ രണ്ടുമാസത്തിനുള്ളിൽ, തൻെറ അസിസ്റ്റൻറന്മാരാൽ പരിചരിക്കപ്പെട്ടു തൻെറതന്നെ ആശുപത്രിയിൽ ചികിത്സിക്കപ്പെടാൻതുടങ്ങി. സരോജ ഭക്ഷണം കൊണ്ടുചെന്നു കൊടുക്കുക പതിവാക്കി. ശ്രദ്ധാപൂർവ്വം ശുശ്രൂഷിച്ചുകൊണ്ടു അവൾ രാത്രികളിൽ അയാളോടൊപ്പം കഴിച്ചു. എങ്കിലും രോഗം പെട്ടെന്നു വർദ്ധിച്ചുവന്നു.

രോഗത്തെസംബന്ധിച്ച്, രാമദാസിൻെറ സിംഗപ്പൂരിലുള്ള ഒരു സ്നേഹിതൻ അയാൾക്കു് എഴുതിയിരുന്നു. ജാമാതാവു് ആശുപത്രിയിൽ കിടപ്പായി ഒരു മാസം കഴിഞ്ഞപ്പോൾ രാമദാസ് സിംഗപ്പൂരിൽ എത്തി. അച്ഛനെ വിഷമിപ്പിക്കരുതെന്നു കരുതി മകൾ അയാളിൽനിന്നു രോഗവിവരം മറച്ചുവച്ചിരിക്കുകയായിരുന്നു.

രാമചന്ദ്രൻെറ സ്ഥിതിയോർത്തും, നിരന്തരം ശുശ്രൂഷയിൽ ഏർപ്പെട്ടുകനിമിത്തം വളരെ ക്ഷീണിച്ചുകഴിഞ്ഞിരുന്ന മകളുടെ ഭാവംകണ്ടും രാമദാസിനു വിഷമം തോന്നി. ആശുപത്രിയിൽവച്ചു ജാമാതാവിനെ അയാൾ തനിച്ചുകണ്ടു. ഭാര്യയും ഒരുമിച്ചു ഉടനെ നാട്ടിലേയ്ക്കു മടങ്ങണമെന്നു് അയാൾ രാമചന്ദ്രനെ ഉപദേശിച്ചു.

"ഇതു കാടന്മാരുടെ രാജ്യമാണു്. നമുക്കുടനെ ജന്മദേശത്തേയ്ക്കുപോകാം. സ്ഥലംമാററംമൂലം നിങ്ങൾക്കു് ആരോഗ്യം വീണ്ടുകിട്ടിയേയ്ക്കും" എന്നയാൾ പറഞ്ഞു. "പോരെങ്കിൽ, അവിടെ വേണ്ടിടത്തോളം നഴ്സ്മാരും ഉണ്ടാകും."

"എന്നെ ശുശ്രൂഷിക്കുവാൻ സരോജ ധാരാളംമതി" രാമചന്ദ്രൻ പറഞ്ഞു.

“അവർക്കു പരിശീലനമില്ല. പോരെങ്കിൽ, ഇങ്ങിനെ തുടച്ച്യായി ശുശ്രൂഷിക്കാനുള്ള ശേഷിയും അവർക്കില്ല. നോക്കു; അവളിപ്പോൾതന്നെ ക്ഷീണിച്ചു വശംകെട്ടിരിക്കുന്നു.” രാമദാസ് പറഞ്ഞു.

“ഞാൻ ഇൻഡ്യയെ വെറുക്കുന്നു.” രാമചന്ദ്രൻ പറഞ്ഞു “മാന്യമായി അവിടെ ജീവിക്കുന്നതിനു് പകുതി സൗകര്യംപോലും എനിക്കു ലഭിച്ചില്ല. അവിടെ ജീവിതത്തോതു് തിരെ താഴ്ന്നതാണു്. മത്സരമോ? ശക്തിയേറിയതും. ഇവിടെ ഞാനും സരോജവും ആനന്ദമയമായി കഴിയുകയായിരുന്നു. ഇൻഡ്യയിലേയ്ക്കു മടങ്ങണമെന്നു എനിക്കു് ആഗ്രഹമേയില്ല. അങ്ങേയററത്തെ ചികിത്സ നടത്തുവാൻ ഇവിടെ സൗകര്യമുണ്ടു്. സരോജ ശുശ്രൂഷിക്കുന്നതാണു് ഞാൻ ഇഷ്ടപ്പെടുന്നതെങ്കിലും, നഴ്സ്മാരേയും ഇവിടെ വേണ്ടുവോളം ലഭിക്കും. നിങ്ങളിങ്ങോട്ടുവരാൻ ആരു പറഞ്ഞു? നിങ്ങൾ എന്തിനുവന്നു? നിങ്ങൾ നാട്ടിലേയ്ക്കു മടങ്ങുകയാണു നല്ലതു്. രോഗം ഭേദമായി ഏതാനും ആയിരം സമ്പാദിക്കാൻ കഴിയുന്നതുവരെ ഞാൻ ഇന്ത്യയിലേയ്ക്കില്ല. ഇതുവരെ ഞാൻ ഒന്നുംതന്നെ സമ്പാദിച്ചിട്ടില്ല. സിംഗപ്പൂരിൽപോയി നാലുകൊല്ലം കഴിഞ്ഞിട്ടും ഒററക്കാശില്ലാതെ, ദീനംപിടിച്ചു് അമ്മായിഅച്ഛൻ പോയിക്കൊണ്ടുവരത്തക്ക നിലയിൽ തിരിച്ചുവന്നു, എന്നു നാട്ടുകാരെക്കൊണ്ടു പരിഹസിച്ചു പറയിക്കാൻതക്കവിധം നാട്ടിലേയ്ക്കു മടങ്ങാൻ ഞാൻ തയ്യാറില്ല.”

“ബാലിശമായി സംസാരിക്കരുതു്. ഇൻഡ്യയിലേയ്ക്കു മടങ്ങാം.” എന്നു രാമദാസ് പറഞ്ഞു.

“ഞാൻ വരുന്നില്ല” മറെറയാൾ പറഞ്ഞു.

“അങ്ങിനെയാണെങ്കിൽ ഞാൻ സരോജയെക്കൂടെ കൊണ്ടുപോകും. ഓരോദിവസവും ക്ഷീണിച്ചു ക്ഷീണിച്ചു അവളിങ്ങനെ തനിച്ചു വീട്ടിൽ താമസിച്ചുകൂടാ.”

"നിങ്ങൾ ഇവിടെ എത്തി അവളെ ഇന്ത്യയിലേയ്ക്കു കൂട്ടിക്കൊണ്ടു പോകണമെന്നു് എഴുതിയതു സരോജയാണോ?" കിടക്കയിൽനിന്നു എഴുന്നേററുകൊണ്ടു് രാമചന്ദ്രൻ ചോദിച്ചു.

"അവളല്ല. ഒരു സ്നേഹിതനാണു്." രാമദാസ് പറഞ്ഞു.

"ദൈവത്തിനു നന്ദി" രാമചന്ദ്രൻ പറഞ്ഞു. "എൻെറ സരോജ ആവിധം പ്രവൃത്തിക്കുകയില്ലെന്നു എനിക്കറിയാമായിരുന്നു. ഇനി നിങ്ങൾ പോകുകയാണു നല്ലതു്. വേണമെങ്കിൽ, നിങ്ങൾക്കു എഴുതി അയച്ച സ്നേഹിതനേയും ഇൻഡ്യയിലേയ്ക്കു കൊണ്ടുപൊയ്ക്കൊള്ളു. എന്നേയും സരോജയേയും തനിച്ചു വിട്ടേയ്ക്കു്."

"സാധ്യമല്ല. സരോജയെ എനിക്കു കൂടെക്കൊണ്ടു പോകണം. നിങ്ങൾ സ്വന്തം രക്ഷയെപ്പററി ശ്രദ്ധിക്കാൻ തയ്യാറില്ലെങ്കിൽ, എനിക്കു എൻെറ മകളുടെ രക്ഷയെങ്കിലും നോക്കണം." രാമദാസ് പറഞ്ഞു.

"നിങ്ങൾ നിങ്ങളുടെ ജോലിനോക്കണം." അത്യന്തം കുപിതനായി രാമചന്ദ്രൻ പറഞ്ഞു.

"സരോജയ്ക്കു് നന്മവരുന്ന കാര്യമെന്തെന്നു എനിക്കറിയാം."

"നിങ്ങൾക്കറിഞ്ഞുകൂടാ. നിങ്ങൾക്കു അറിയാമെങ്കിൽതന്നെ, അവളുടെ ആരോഗ്യത്തേയും സുഖത്തേയും കാൾ നിങ്ങൾ കാര്യമാക്കുന്നതു നിങ്ങളുടെ സ്വന്തം സംതൃപ്തിയെയാണു്."

"നിങ്ങൾ അങ്ങിനെ പറഞ്ഞോ!" രാമചന്ദ്രൻ പറഞ്ഞു. "നല്ല ജനങ്ങളുടെ കുടുംബബന്ധം ശിഥിലമാക്കുകയും സുഖം നശിപ്പിക്കുകയും ചെയ്യുന്നയാളാണു നിങ്ങൾ. നിങ്ങൾക്കെ

ന്തായിരുന്ന ഇൻഡ്ധ്യയിൽത്തന്നെ താമസിച്ചാൽ? എനിക്കെതിരായി എൻെറ ഭാൎയ്യയുടെ മനസ്സ് വിഷപങ്കിലമാക്കാനും അവളെക്കൊണ്ടു എന്നെ ഉപേക്ഷിപ്പിക്കാനുംവേണ്ടി നിങ്ങളെന്തിന്നു ഇവിടെവന്നു?"

"എന്താണിതൊക്കെ." ഭൎത്താവിൻെറ പ്രാതലുമായി അവിടെ കടന്നുവന്ന സരോജ ചോദിച്ചു.

"നീ എന്നെ ഉപേക്ഷിച്ചു കൂടെ ഇൻഡ്ധ്യയിലേയ്ക്കു ചെല്ലണമെന്നു നിൻെറ അച്ഛൻ ആവശ്യപ്പെടുന്നു."

"വെറും അസംബന്ധം!" രാമദാസ് പറഞ്ഞു. "നിന്നേയും ഭൎത്താവിനേയും ഇന്ത്യയിലേയ്ക്കു കൊണ്ടുപോകാമെന്നും, ഇയാൾക്കു രോഗം ഭേദമാകുന്നതുവരെ നിന്നെ അവിടെ താമസിപ്പിക്കാമെന്നും മാത്രമേ ഞാൻ പറഞ്ഞുള്ളൂ. അയാൾ നിർബ്ബന്ധപൂൎവം ആ അഭിപ്രായം തള്ളിക്കളഞ്ഞതിനാൽ, നിന്നെയെങ്കിലും കൂടെക്കൊണ്ടു പോകുമെന്നു പറഞ്ഞു. ദേഹത്തിനും മനസ്സിനും കേടുവരുത്തിക്കൊണ്ട് നീ ഇപ്പോൾ അനുഭവിച്ചുവരുന്ന ക്ലേശത്തിൽനിന്നും ഭയങ്കരമായ ഏകാന്തതയിൽനിന്നും രക്ഷപ്പെടട്ടെ എന്നു കരുതിയാണു ഞാനങ്ങനെ പറഞ്ഞതു്."

"അച്ഛാ," സരോജ പറഞ്ഞു. "ഭൎത്താവിൻെറ അടുത്തു കഴിയുന്നതുകൊണ്ടാണു എനിക്കു ആനന്ദമുണ്ടാകുന്നതെന്നു് അങ്ങു മറന്നുകളയുന്നു. ഭൎത്താവിൻെറ സമീപമാണു ഭാൎയ്യയുടെ സ്ഥാനം—പ്രത്യേകിച്ചും ആപൽഘട്ടത്തിൽ. അതിനാൽ എന്നെ തനിച്ചു ഇന്ത്യയിലേക്കു കൊണ്ടുപോകണമെന്ന ഉദ്ദേശം എന്നെന്നേക്കുമായി ഉപേക്ഷിച്ചുകളയൂ."

"വിശിഷ്ടങ്ങളായ ആഗ്രഹങ്ങളാണു കുഞ്ഞേ അവയെല്ലാം" രാമദാസ് പറഞ്ഞു. "നീ വല്ലാണ്ടു ക്ഷീണിച്ചിരിക്കുന്നു. അതിനാൽ ഒരു മാററം ആവശ്യമാണു്."

"അങ്ങിനെയാണെങ്കിൽ, ഞങ്ങൾ രണ്ടുപേരും വരാം." സരോജ പറഞ്ഞു.

"ഈ നിലയിൽ ഞാൻ ഒരിക്കലും ഇൻഡ്യയിലേയ്ക്കു വരികയില്ല." അയാൾ പറഞ്ഞു.

"നോക്കു് അയാളുടെ കുഴപ്പംപിടിച്ച ശാഠ്യബുദ്ധി!" രാമദാസ് പറഞ്ഞു.

"ഹേ വിഷസർപ്പമേ, നിങ്ങളെ ഞാൻ വെറുക്കുന്നു." രാമചന്ദ്രൻ വിളിച്ചുപറഞ്ഞു. അയാൾ ഭയങ്കരമാംവിധം ഉദ്വിഗ്നനായി. അയാളുടെ ആരോഗ്യസ്ഥിതി വഷളായി ത്തീൻു. ഇൻഡ്യയിൽ പോകുന്നതിനെപ്പററി ഇനിയും പറയരുതെന്നു സരോജ രാമദാസിനോടു പറഞ്ഞു.

"അപ്പോൾ എന്തിനാണു് ഞാനീ പണമൊക്കെ ചെലവാക്കി ഇവിടംവരെ വന്നതു്." അയാൾ ചോദിച്ചു.

"എന്തിനുവന്നു." സരോജ പറഞ്ഞു.

സരോജയെങ്കിലും നിർബ്ബന്ധിച്ചു ഇൻഡ്യയിലേയ്ക്കു കൊണ്ടുപോകാമെന്ന നേരിയ ആശയോടെ രാമദാസ് രണ്ടാഴ്ച്ചക്കൂടി അവിടെ താമസിക്കാമെന്നു നിശ്ചയിച്ചു. തനിക്കു് എതിരായി ഭാര്യയുടെ മനസ്സു് വിഷമലീമസമാക്കുമെന്നും തന്നെ ഉപേക്ഷിച്ചു പോകുവാൻ അവളെ പ്രേരിപ്പിക്കുമെന്നും ഓർത്തു രാമചന്ദ്രൻ ചാകുന്നതിനുതുല്യം ക്ലേശിച്ചു. മനഃക്ലേശംമൂലം അയാളുടെ ആരോഗ്യസ്ഥിതി ദിവസംചെല്ലുംതോറും വഷളായിക്കൊണ്ടുവന്നു. രാമദാസ് വന്നു പതിമ്മൂന്നുദിവസം കഴിഞ്ഞപ്പോൾ, രാമചന്ദ്രൻെറ ദീനം പെട്ടെന്നു വർദ്ധിച്ചു. അയാളുടെ അന്ത്യം വിദൂരമല്ല എന്നു് ചികിത്സനടത്തിക്കൊണ്ടിരുന്നവർ പ്രവചിച്ചു. രണ്ടുദിവസത്തിനുള്ളിൽ പുറപ്പെടുന്ന കപ്പലിൽ മടങ്ങിപ്പോകുവാൻ രാമദാസ് ടിക്കററു് ബുക്കു്ചെയ്തിരുന്നു. രോഗത്തെ

പ്പററിയുള്ള വിവരംകേട്ടു അയാറം യാത്രമാററിവച്ച്, പിന്നെയും അവിടെ താമസിച്ചു.

"പോത്തു ചാകാൻ ശവംതീനിപ്പരുന്തു കാത്തിരിക്കുംപോലെ ഞാൻ ചാകാനാണു് അയാറം കാത്തിരിക്കുന്നതു്" എന്നു തന്നെകാണാൻ സരോജ വന്നപ്പോറം രാമചന്ദ്രൻ പറഞ്ഞു.

"നാഥാ, അങ്ങിനെ പറയാതെ." അവറം പറഞ്ഞു. "അങ്ങു് ഇനിയും വളരെവഷം ജീവിച്ചിരിക്കും."

"എനിക്കങ്ങിനെയുള്ള മായാമോഹമൊന്നുമില്ല. ഒരാഴ്ചയ്ക്കകം ഞാൻ തീച്ചയായും മരിക്കും. ഞാനും ഒരു ഡാക്ടരാണു്. എനിക്കതറിയാം." പിന്നെ വളരെ ദയതോന്നുമാറു് അയാറം ചുമച്ചു. വളരെയേറെ രക്തവുംതുപ്പി.

സരോജ വല്ലാണ്ടു കരഞ്ഞു.

"ഓമനേ! കരയാതെ." ചുമ അവസാനിച്ചപ്പോറം അയാറംഅവളോടു പറഞ്ഞു.

"നമ്മുടെ ആനന്ദത്തിൽ കുശുമ്പുതോന്നിയ ദൈവതങ്ങളാണു് ഈ രോഗവും രാമദാസിനെയും ഇങ്ങോട്ടു അയച്ചതു്."

അടുത്ത ഒരാഴ്ച സരോജയ്ക്കു് എത്രയും ഉൽക്കണ്ഠനിറഞ്ഞ ദിവസങ്ങളായിരുന്നു. അവളുടെ ഭത്താവിൻെറ ആരോഗ്യസ്ഥിതി ദ്രുതഗതിയിൽ വഷളായിത്തീൻകൊണ്ടിരുന്നു. തൻെറ പ്രവചനത്തിനുശേഷം പത്തുദിവസം കഴിഞ്ഞപ്പോറം രാമചന്ദ്രൻ അന്ത്യശ്വാസം വലിച്ചു. സരോജയോടു അയാറം ഒടുവിൽ പറഞ്ഞ വാക്കുകളിതാണു്: "എൻെറ ജീവിതത്തിലെ സൂയ്യപ്രകാശമായിരുന്നു നീ. നിന്നിൽനിന്നു പിരിഞ്ഞുപോകണമല്ലോ, എന്നോക്കുമ്പോഴാണു മരിക്കുന്നതിൽ എനിക്കു് ഏററവും വ്യസനം തോന്നുന്നതു്. പരലോകത്തിൽ നിന്നെയുംകാത്തു ഞാനിരിക്കും."

കണ്ണീർ വാർത്തുകൊണ്ട് ദുഃഖാക്രാന്തയായി അവൾ നിലം പതിച്ചു. രാമദാസിനോട് രാമചന്ദ്രൻ ഒരക്ഷരംപോലും പറഞ്ഞില്ല.

രാമചന്ദ്രനെ സംസ്കരിച്ചതിനുശേഷം, രാമദാസും സരോജയും മദ്രാസ്സിലേക്കു കപ്പൽകയറി. സരോജയെ സന്ദർശിക്കുവാൻ ആദ്യം എത്തിയിരുന്നവരുടെ കൂട്ടത്തിൽ മീനയും ഉൾപ്പെട്ടിരുന്നു. തന്റെ ഹൃദയഭാരം മുഴുവൻ സരോജ അവളിലേയ്ക്കു പകന്നു.

"ഞാൻ എന്തിനു ജീവിച്ചു എന്നും എങ്ങിനെ ജീവിക്കുന്നു എന്നും എനിക്കു് അറിഞ്ഞുകൂടാ." അവൾ മീനയോടുപറഞ്ഞു. "ഞാൻ വിചാരിച്ചു മരിച്ചുപോകുമെന്നു്. അങ്ങിനെ സംഭവിച്ചിരുന്നെങ്കിൽ അതെത്രയും നന്നാകുമായിരുന്നു."

"ഒരിക്കലും പാടില്ല" മീന പറഞ്ഞു. "ജീവിതം മരണത്തെക്കാൾ ഭേദമാണു്. അങ്ങിനെയുള്ള കടുംകൈകൾ പ്രവർത്തിക്കുന്നതിൽനിന്നു നമ്മളിലുള്ള അഗാധമായ സഹജാവബോധം നമ്മേ തടയുകയും ചെയ്യും. അങ്ങിനെയുള്ള കാര്യങ്ങളെപ്പററി എന്റെ ഭർത്താവു പറയുന്നതു നീ കേൾക്കേണ്ടതുമാണു്."

"അദ്ദേഹം ഒരു ബാരിസ്റ്ററാണെന്നും, നിനക്കദ്ദേഹത്തെ വളരെ പിടിച്ചു എന്നും ഞാൻ കേട്ടു." സരോജ പറഞ്ഞു.

"അതേ" മീന പറഞ്ഞു. "വിട്ടുപോയയാളിന്റെ മരണാനന്തരകർമ്മങ്ങളെല്ലാം കഴിഞ്ഞാൽ, വിധവയായാലുംകൊള്ളാം വിഭാര്യനായാലും കൊള്ളാം കഴിയുന്നത്ര നേരത്തെ വീണ്ടും വിവാഹംകഴിക്കേണ്ടതാണെന്നു് ഈയിടെ അദ്ദേഹം എന്നോടു പറഞ്ഞു." തുടന്നവൾ പറഞ്ഞു. "ഒരു ഹാർമോണിയം താഴെവീണു തകന്നാൽ, ഉടനെ നാം മറെറാന്നു വാങ്ങുന്നു. ഭാര്യയുടെയോ, ഭർത്താവിന്റെയോ

മനുഷ്യസംഗീതപ്പെട്ടി മരണംമൂലം തകൻുപോകുന്നപക്ഷം നാം എന്തിനു വിഭിന്നരീതിയിൽ പെരുമാറണം?"

മനസ്സാലെ അല്ലെങ്കിലും ചിരിച്ചുകൊണ്ടു സരോജ പറഞ്ഞു: "അദ്ദേഹം ഒുററിക്കുന്തൂം ഭൗമികവാദിയാണെന്നു തോന്നുന്നല്ലോ."

"അങ്ങിനെയാണദ്ദേഹം." മീന പറഞ്ഞു. "വിണ്ണിൻെറ നേരിയശങ്ക ഉണ്ടായാൽ മതി, തൻെറ കേസ്സുകളും അങ്ങിനെ മുഴവൻ ഫീസും നഷ്ടം ആകുമെന്നും അദ്ദേഹം എന്നോടു പറഞ്ഞു."

"അതെങ്ങിനെയുമാകട്ടെ. ജീവിതംമുഴുക്കെ വിധവയായി കഴിയുവാൻ ഞാൻ തീരുമാനിച്ചു. ഞാൻ അങ്ങിനെ പറഞ്ഞിരുന്നതു് നീ ഓർമ്മിക്കുന്നുണ്ടാവുമല്ലോ" സരോജ പറഞ്ഞു.

"ഹാ,ഞാനതോക്കുന്നുണ്ടു്" മീന പറഞ്ഞു. "നീ ഇത്ര പെട്ടെന്നു വിധവയാകുമെന്നു ഞാൻ അന്നു് ഓർത്തതേയില്ല. നീ ചെറുപ്പമാണു്, സുന്ദരിയാണു്; നിനക്കു കുഞ്ഞുങ്ങളുമില്ല. വിമല ചെയ്തതുപോലെ നീ തീച്ചയായും വീണ്ടും കല്യാണം കഴിക്കണം"

"ഞാൻ അങ്ങിനെ ചെയ്യുകയില്ല. മരിച്ചുപോയ ഭർത്താവിനെ ഞാൻ അത്രയ്ക്കു സ്നേഹിക്കുന്നുണ്ടു്." സരോജ പറഞ്ഞു.

മീനയെ പ്രത്യേകം വിളിച്ചുകൊണ്ടുപോയിട്ടു രാമദാസു് പറഞ്ഞു "മീന! നിൻെറ വിവേകപൂർവ്വമായ ഉപദേശംകൊണ്ടു് അവൾക്കു് ഒരു വിശേഷവും കാണുന്നില്ലല്ലൊ. മരിച്ചുപോയ ഭർത്താവിൻെറ ഫോട്ടോ അവൾ യഥാർത്ഥത്തിൽ പൂജിക്കുകയാണു്. നിത്യവും അതിൽ പുത്തൻ പുത്തൻ മാലചാത്തുകയും ചെയ്യുന്നു. ആരാധിക്കത്തക്കവിധം

160071
36705
O:3,1M99.1c
32J3



എന്താണയാളിൽ ഉണ്ടായിരുന്നതെന്നു മനസ്സിലാക്കാൻ എനിക്കു കഴിയുന്നില്ല.”

“ഇതെല്ലാം ഒന്നോ രണ്ടോ വഷംകഴിയുമ്പോൾ അവസാനിക്കും” മീന പറഞ്ഞു. ലോകത്തെപ്പററി കൂടുതൽ കാണുകയും തൻെറ പടിയിൽ സ്ഥിതിചെയ്യുന്ന ആണന്ദത്തെപ്പററി ഗ്രഹിക്കുകയും ചെയ്യുമ്പോൾ ഫോട്ടോയെ അതിൻെറപാട്ടിനു വിട്ടേയ്ക്കും. അതു് ഒളിച്ചുവച്ചു എന്നും വരാം.”

“ഞാൻ അവളെ സംബന്ധിച്ചു് ഇപ്പോൾ എന്തുചെയ്യണമെന്നാണു് നീ ഉപദേശിക്കുന്നതു്?” അയാൾ ചോദിച്ചു.

“അടുത്ത[illegible] ച്ചു നടക്കുന്ന അഖിലേന്ത്യാ സ്ത്രീ.സ[illegible] അവളെയും കൊണ്ടുപോകാം. അ[illegible] ക്കവാറും അതോടെ പൊയ്പ്പോകും. [illegible]ൽ അവർ പഠിത്തം തുടരണമെന്നു് ആവശ്യപ്പെടണം. ഇൻെറർമീഡിയററു് ക്ലാസ്സിൽ ചേക്കാം.

രാമദാസ് അതുപോലെ സമ്മതിക്കുകയും അവളോടു നന്ദിപറയുകയും ചെയ്തു.

വളരെ വിഷമിച്ചു്, നാഗപ്പൂർസമ്മേളനത്തിനു തന്നോടൊപ്പം വരാമെന്നു മീന സരോജയെക്കൊണ്ടു സമ്മതിപ്പിച്ചു. നാഗപ്പൂരിൽ എത്തിയതോടെ, സരോജ അവളുടെ മുഴുവൻ ശ്രദ്ധയും തൽസംബന്ധമായ കാര്യങ്ങൾക്കായി ചെലവാക്കി. അനൗപചാരികമായി നടന്ന സംഭാഷണങ്ങളിൽ, ഏററവും കൂടുതൽ പ്രാധാന്യം നൽകപ്പെട്ടിരുന്ന വിഷയം വിധവാവിവാഹമായിരുന്നു. സരോജയ്ക്കു് എത്രയും ബഹുമാനമുണ്ടായിരുന്ന പ്രശസ്തരായ പല മഹിളകളും വിധവാവിവാഹത്തിനുവേണ്ടി ശക്തിയായി വാദിച്ചു. വിഭാര്യന്മാരുടെ വിവാഹംപോലെ, വിധവാവിവാഹവും സവ്

സാധാരണമായി തീരുന്നതുവരെ രാജ്യത്തിനു യാതൊരു പുരോഗതിയും ഉണ്ടാകുന്നതല്ലെന്നായിരുന്നു അവരുടെ അഭിപ്രായം.

"വിഭാര്യന്മാരും വിവാഹം ചെയ്തുകൂടെന്നു് നാം ആവശ്യപ്പെടുന്നതായിരിക്കുകയല്ലേ കൂടുതൽ നല്ലതു്." സരോജ ചോദിച്ചു.

"ഒരു കാലിൽ മന്തുണ്ടായിരിക്കുന്നതുതന്നെ വളരെ കഷ്ടമാണു്. മറേറക്കാലിലും ഉണ്ടാകണമെന്നു വാദിക്കേണ്ട കാര്യമില്ല." പ്രമുഖയായ ഒരു വനിതാപ്രതിനിധി ചുരുക്കിയങ്ങു് ഉത്തരം പറഞ്ഞു.

"എന്താണു് നിങ്ങൾ ഉദ്ദേശിക്കുന്നതു് എന്നു ദയവായി ഒന്നു വിവരിച്ചാലും." സരോജ പറഞ്ഞു.

"രോഗം ഒരു കാലിനെ ആക്രമിച്ചുകഴിഞ്ഞു എന്നാണു് ഞാൻ പറയുന്നതു്. അങ്ങിനെ വിവാഹംകഴിക്കാത്ത വിധവകൾ, പ്രയോജനമില്ലാത്ത, ഭാരിച്ച, വിനാശകരമായ ചുമടായി രാജ്യത്തിനു് അനുഭവപ്പെട്ടിരിക്കുകയാണു്. ഈ രോഗം മറേറക്കാലിലേയ്ക്കും പകരാൻ അനുവദിക്കത്തക്ക വിധം ആദ്യകാലിലുണ്ടായതുകൊണ്ടുള്ള അവസ്ഥ അത്ര സുഖകരമായിരുന്നില്ല."

സരോജയ്ക്കു മിണ്ടാതിരിക്കേണ്ടിവന്നു. അതുവരെ മനോഹരമായി തോന്നിയിരുന്ന പഴയ ആദർശങ്ങൾ ഇപ്പോൾ അവൾക്കു് അറപ്പുണ്ടാക്കുന്ന രോഗങ്ങളായി തോന്നി. ഒൻപതാംവയസ്സിൽ വൈധവ്യം സംഭവിച്ചതിനു ശേഷം ഇരുപത്തിയഞ്ചുവയസ്സുള്ളപ്പോൾ വീണ്ടും വിവാഹം കഴിച്ച ഒരു പ്രതിനിധിയുമായി രഹസ്യമായി അവൾ നടത്തിയ സംഭാഷണം അവളുടെ പുതിയ വിശ്വാസത്തെ കൂടുതൽ ഉറപ്പിച്ചു.

സരോജ മീനയോടു പറഞ്ഞു: "ഒരു കറിക്കും ഈ കാൺഫറൻസിൽ ആദർശവാദം ഉപയോഗിക്കുന്നില്ലെന്നു

തോന്നുന്നു. ഇവിടെ സമ്മേളിച്ചിരിക്കുന്ന പ്രായോഗികമായി ചിന്തിക്കുന്ന മഹിളകളുമായി സംസാരിച്ചതിൻെറ ഫലമായി എൻെറ വിശ്വാസത്തിനു വല്ലാത്ത ഉലച്ചിൽ തട്ടിയിരിക്കുന്നു"

"ഒരു ഉദാഹരണം?" ഈ ചർച്ചകളുടെ പിന്നിൽ നിന്നിരുന്നവളും ഉദ്ദേശപൂർവ്വമായിത്തന്നെ ഈ വിഷയങ്ങൾ ചർച്ച്യയ്ക്കുവരാൻ ഇടയാക്കിയവളുമായ മീന ചോദിച്ചു.

നിർബ്ബന്ധിതവൈധവ്യത്തിനുവേണ്ടി ഞാൻ മുന്നേപ്പോലെ ഭ്രാന്തമായി വാദിക്കുകയില്ലെന്നാണ് എനിക്കിപ്പോൾ തോന്നുന്നതു്." സരോജ പറഞ്ഞു.

"മുന്നോട്ടു പോകൂ. ഒരു നല്ല ഭർത്താവിനെ കണ്ടുപിടിക്കൂ. വയസ്സുകാലത്തു നിന്നെ സമാശ്വസിപ്പിക്കാൻ നല്ല ആരോഗ്യമുള്ള കുട്ടികളും ഉണ്ടാകട്ടെ." മീന പറഞ്ഞു.

സരോജയുടെ മുഖം തുടുത്തുപോയി.

"ഞാൻ കാര്യമായിത്തന്നെ പറയുകയാണ്." മീന പറഞ്ഞു.

"പക്ഷേ ഒരു വിധവയെ കല്യാണംകഴിക്കാൻ ആർ ആഗ്രഹിക്കും; അവളെ ആരു് സ്നേഹിക്കും?" സരോജ ചോദിച്ചു.

"ആയിരംപേരുണ്ടാകും." മീന പറഞ്ഞു. "നീ വീണ്ടും കല്യാണംകഴിക്കാൻ സന്നദ്ധയാണെന്നു വെളിക്കറിഞ്ഞാൽമാത്രം മതി, കല്യാണപ്രായമായ ചെറുപ്പക്കാരെല്ലാം ഭ്രാന്തുകയറിയമാതിരി നിന്നെ തട്ടിയെടുക്കുവാൻവേണ്ടി ഒന്നൊന്നായി വന്നുവീഴും."

സരോജയുടെ മുഖം വീണ്ടും തുടുത്തുപോയി.

സമ്മേളനംകഴിഞ്ഞുവന്നു സരോജ കാളേജിൽ ചേന്നു. മരിച്ചുപോയ ഭർത്താവിൻെറ പടംവച്ചു പൂജിക്കുന്നതു്

അവൾ മതിയാക്കിയിരുന്നു. പുതിയ ദൃഷ്ടികളോടെ അവൾ ലോകത്തെ നോക്കാൻ തുടങ്ങി. എല്ലാം വിഷാദമയമായി വീക്ഷിച്ചിരുന്ന അവളിൽ വസന്തം കടന്നുവരികയും ശീതകാലത്തെ നിഷ്കാസനം ചെയ്യുകയുംചെയ്തു. പ്രേമിക്കാനും, പാടാനും, ആനന്ദിക്കുവാനുംഉള്ള അവളുടെ പഴയ ആവേശം വീണ്ടും അവളിൽ കുടികൊണ്ടു. ഈ ഘട്ടത്തിൽ, നരസിംഹൻ എന്നു പേരുള്ള യുവാവായ ഒരു കാളേജ് ലക്ചററെ അവൾ പ്രേമിച്ചു. അയാൾക്കും അവളോട് നിസ്സീമമായ പ്രേമം തോന്നി. തന്നെ കല്യാണം കഴിക്കാൻ തയ്യാറാണോ എന്നയാൾ അവളോടു ചോദിച്ചു.

അവൾ പറഞ്ഞു "അതെ, അങ്ങ് എന്നെ യഥാർത്ഥമായി സ്നേഹിക്കുമെങ്കിൽ."

"ഞാൻ സ്നേഹിക്കുന്നുണ്ട്. എല്ലാ ദൈവതങ്ങളേയും പിടിച്ചു ഞാൻ സത്യംചെയ്യുന്നു ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന്."

അന്ന് അവൾ രാമദാസിൻെറ അടുത്തുചെന്നു വിവരം പറയുകയും കല്യാണം കഴിക്കുന്നതിനുള്ള സമ്മതം ആവശ്യപ്പെടുകയുംചെയ്തു. അയാൾ പറഞ്ഞു.

"ആ ചെറുപ്പക്കാരന് ഒരുമാസം 90 രൂപയല്ലേ കിട്ടുന്നുള്ളൂ. 300 രൂപയെങ്കിലും ഒരുമാസം വരുമാനമില്ലാത്ത ആൾക്കും നിന്നെ ഞാൻ കല്യാണം കഴിച്ചുകൊടുക്കുകയില്ല."

ആദർശം ഭക്ഷിക്കുകയും നടപ്പില്ലാത്ത സ്വപ്നം കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന എൻെറ കാലം കഴിഞ്ഞുപോയല്ലൊ. ഒരു വിധവയെ സ്നേഹിക്കുകയും അവളെ കല്യാണം കഴിക്കാമെന്നു സമ്മതിക്കുകയും ചെയ്യുന്ന ചെറുപ്പക്കാർ നമ്മുടെ ഹിന്ദുസമുദായത്തിൽ വളരെ ചുരുക്കമാണെന്ന് എനിക്കറിയാം. ഒരു സ്ത്രീയുടെ ജീവിതത്തിൽ ആ അത്ഭുതം ആവർത്തിക്കാൻ നിവൃത്തിയില്ലാത്തവിധം അത്ര

രം അനുഭവങ്ങൾ അത്രയ്ക്കു ചുരുക്കമായിരിക്കും. 90 രൂപാ കിട്ടുന്നതുകൊണ്ടു ഞാൻ സംതൃപ്തയാണു്. എന്നെ പ്രേമിക്കുന്നയാൾക്കു 300 രൂപാ കിട്ടുന്നതുവരെ കാത്തിരിക്കാൻ തക്ക ഒരു മനഃസ്ഥിതിയല്ല എനിക്കുള്ളതു്. അന്നേയ്ക്കു് അദ്ദേഹത്തിന്റെ മനസ്സിനു മാററം വന്നുവെന്നും സ്വപ്നങ്ങളിൽനിന്നു അദ്ദേഹം വിമുക്തനായെന്നുംവരാം. അതിനാൽ, സമ്മതിച്ചിരിക്കുന്നുവെന്നു അങ്ങു് ഇപ്പോൾത്തന്നെ പറയുക.”

“സമ്മതിച്ചിരിക്കുന്നു.” രാമദാസ് പറഞ്ഞു. അടുത്തയാഴ്ചയിൽത്തന്നെ വിവാഹം നടക്കുകയും ചെയ്തു.

“ആദർശസ്വപ്നങ്ങൾ കുറഞ്ഞുകുറഞ്ഞുവരുന്നു എന്നതു് നമ്മുടെ രാജ്യത്തെ സംബന്ധിച്ചു ഭാഗ്യസൂചകമായ ഒരു കാര്യമാണു്” സന്തോഷപ്രദമായ ആ ചടങ്ങുകൾ അവസാനിച്ചപ്പോൾ, അമ്പരന്നുനിന്ന വിമലയെ പ്രത്യേകം വിളിച്ചു് മീന പറഞ്ഞു.

# ദരിദ്രൻെറ മകൻ

മൂന്നു ആൺമക്കളും ഏഴു പെൺമക്കളും അടങ്ങിയ കുടുംബത്തിലെ ഏററവും പ്രായമുള്ള അംഗമായിരുന്നു കിട്ടു. ഒരു തെക്കൻജില്ലയിലുള്ള നാശോന്മുഖമായ ഗ്രാമത്തിൽ താമസിച്ചിരുന്ന അടുത്തുൺപററിയ റവന്യൂക്ലാക്കു് ശേഷു ആയിരുന്നു അയാളുടെ അച്ഛൻ. സ്വന്തംജില്ലയിൽ മാന്യമായി ജീവിക്കുവാൻ മാർഗ്ഗമില്ലാതിരുന്നതിനാൽ ഈ ഗ്രാമത്തിലെ ഭൂരിഭാഗം ജനങ്ങളും തൊഴിൽ അന്വേഷിച്ചു മദ്രാസ്സിലേയ്ക്കോ, ബാംബെയിലേയ്ക്കോ, കൽക്കട്ടയിലേയ്ക്കോ പോയ്കഴിഞ്ഞിരുന്നു. തനിക്കു ലഭിച്ചിരുന്ന തുച്ഛമായ പെൻഷൻകൊണ്ടു വാടകകൊടുക്കേണ്ടാത്ത ഒരു ജീർണ്ണിച്ച വീട്ടിലാണു് അയാൾ താമസിച്ചിരുന്നതു്. ഈ വീട്ടിൻെറ ഉടമസ്ഥനും ഭാര്യയും ഏകപുത്രിയും കാളറാവന്നു മരിച്ചുപോയിരുന്നു. തനിക്കും ഭാര്യയ്ക്കും കുട്ടികൾക്കും ആഹാരത്തിനും ഉടുപ്പിനും ഉള്ള വക ഉണ്ടാക്കുന്നകാര്യം ശേഷുവിനെ അഭിമുഖീകരിച്ചു വമ്പിച്ച ഒരു പ്രശ്നമായിരുന്നു. ആൺമക്കളെ പഠിപ്പിക്കുകയും പെൺമക്കളെ വിവാഹംകഴിച്ചുകൊടുക്കുകയും ചെയ്യുന്നകാര്യം ആലോചിക്കുകക്കൂടി സാദ്ധ്യമായിരുന്നില്ല. അയാൾ പതിവായി ഇങ്ങിനെ പറയാറുണ്ടായിരുന്നു. "കേവലമായ ദാരിദ്ര്യം ഭയങ്കരമാണു്; അധഃപതിപ്പിക്കുന്നതാണു്. കഴിവുകൾ വികസിപ്പിക്കുന്നതിനോ, മാന്യവും, സ്വതന്ത്രവും, അഭിമാനബോധത്തോടുക്കൂടിയതും ആയ ജീവിതം നയിക്കുന്നതിനോ തന്മൂലം സാദ്ധ്യമല്ലാതെവരുന്നു. എന്തിനു്, ആത്മാഭിമാനം മുഴുവൻ അതു നശിപ്പിക്കുന്നു. വെറും ഹീനന്മാരിൽനിന്നുപോലും ഭിക്ഷയാചിക്കാൻ അതു പ്രേരിപ്പിക്കുന്നു. ആ ഹീനന്മാക്കാകട്ടെ ഒന്നും നഷ്ടപ്പെട്ടു

ന്നില്ലെന്നുമാത്രമല്ല അവരുടെ അന്തസ്സ് ഏറുകയും ചെയ്യു ന്നു. എങ്കിലും, വലിയ ഒരു കുടുംബമുള്ള പാവപ്പെട്ട ഒരു വനോട്ട് തെണ്ടരുതു് എന്നു പറഞ്ഞതുകൊണ്ടു വിശേഷമി ല്ല. ജീവിതത്തേക്കാൾ താഴ്ന്നതാണു് തത്വങ്ങൾ. സൃഷ്ടി യുടെ ആദിമുതൽ നാലുപ്രകാരത്തിലേ മനുഷ്യർ ജീവിച്ചിട്ടു ള്ളു. വേലചെയ്തു്. അങ്ങേയററത്തെ സന്യാസിമുതൽ ഏററ വും താണപടിയിലുള്ള തെരുവുതെണ്ടിവരെ അവലംബമാ ക്കിയിരിക്കുന്ന തെണ്ടൽകൊണ്ടു് മഹാന്മാരായ ജേതാക്കൾ മുതൽ താഴ്ന്നപടിയിലുള്ള പോക്കററടിക്കാരൻവരെ നട ത്തുന്ന കുററപ്രവൃത്തിയിൽക്കൂടി. ഭാഗ്യംകൊണ്ടോ യോഗം കൊണ്ടോ ജീവിക്കുന്നവരുമുണ്ടു്. വേലയും തെണ്ടലുംകൊണ്ടു ഞാൻ ജീവിച്ചു. ഭാഗ്യം ഒരിക്കലും എൻെറ വഴിക്കു വന്നില്ല. മുൻപറഞ്ഞ മൂന്നിനോടും കുററവും ചേർത്തു ജീവിക്കുന്നവരാ ണു് ചിലർ. ആത്മാവിൻെറ വികസനത്തിനു്, ഒരു ക്ലിപ്ത അളവിൽ സ്വത്തു് ആവശ്യമാണു്. അല്ലെങ്കിൽ, അവൻ ശാരീരികമായും, മാനസികമായും, ധാർമ്മികമായും തീരെ നശിച്ചുപോകും. നമ്മുടെ തത്വചിന്തകന്മാരും, തങ്ങളുടെ തത്വചിന്തകൾ വ്യാഖ്യാനിക്കുന്നതിനു് വലിയ സംഖ്യ ആവശ്യപ്പെടുന്ന ജഗദ്ഗുരുക്കന്മാരും എന്തൊക്കെപ്പറ ഞ്ഞാലും അനുഭവം അതാണു്. ഈ ജഗദ്ഗുരുക്കന്മാരു ടെ പാദശുശ്രൂഷചെയ്യുന്നതിനുപോലും വലിയസംഖ്യ ചെ ലവാണു്. 108 രൂപാ ചെലവുവരുന്ന വലിയ ഒരു ചട ങ്ങായി അതു നടത്തണമെന്നാണു് അവരുടെ നിയമം."

ചെലവുകൾ ചുരുക്കിയും, സംഭാവനയ്ക്കും സ്കാളർഷിപ്പിനും വേണ്ടി യാചിച്ചും, ശേഷു, മൂത്തമകനായ കിട്ടുവിനെ എം. എ. പാസ്സാകുന്നതുവരെ പഠിപ്പിച്ചു. കുട്ടി പഠിക്കുവാൻ വളരെ സമർത്ഥനായിരുന്നു. അതിനാൽ അയാൾ ഒന്നാം ക്ലാസ്സിൽ പാസ്സായി. പിന്നെ അയാൾ എഫ്. സി. എസി-നു ചേർന്നു്, അതിലും പാസ്സായി. നല്ലശമ്പളംകി ട്ടുന്ന ആ ഉദ്യോഗത്തിൽ, തുടക്കത്തിൽതന്നെ നല്ലൊരു

സ്ഥാനം ലഭിച്ചു. കഠിനാദ്ധ്വാനം, സാമൎത്ഥ്യം, സത്യസന്ധത എന്നീ ഗുണങ്ങൾകൊണ്ടു് അയാൾ വേഗംഉയൎന്നുവന്നു. മുകളിലുള്ള ഉദ്യോഗസ്ഥന്മാൎക്കു് അയാളോടു നല്ല തൃപ്തിയായിരുന്നു. കീഴുദ്യോഗസ്ഥന്മാർ അയാളെ ബഹുമാനിക്കുകയും ഭയപ്പെടുകയും ചെയ്തു. ലളിത എന്നുപേരായ സുന്ദരിയായ ഒരു പെൺകുട്ടിയെ അയാൾ വിവാഹംചെയ്തു. നല്ല സ്ത്രീധനവും കിട്ടി. പക്ഷേ, ഓരോഉദ്യോഗക്കയററം കിട്ടുമ്പോഴും തൻെറ കുടുംബത്തിൻെറ ദാരിദ്ര്യം ഓൎത്തു് അയാൾക്കു് ലജ്ജയും അതൃപ്തിയും ഏറിവന്നു. തൻെറ വരുമാനത്തിൽ നല്ലൊരുഭാഗം അച്ഛനമ്മമാൎക്കും, അനുജന്മാൎക്കും അനുജത്തിമാൎക്കുംവേണ്ടി ചെലവാക്കേണ്ടിവരുന്നതിൽ അയാൾക്കു പ്രതിഷേധം തോന്നി. അനുജന്മാരെ വിദ്യാഭ്യാസംചെയ്യിക്കുന്നതിനുള്ള തുക വാങ്ങുന്നതിനുവേണ്ടി അയാളുടെ അച്ഛനു് പലപ്രാവശ്യം അയാളെ കാണാനായി ചെല്ലേണ്ടിവന്നിരുന്നു.

ഒരുപ്രാവശ്യം അച്ഛൻ പണത്തിനുവന്നപ്പോൾ, അയാൾ ചോദിച്ചു "അവരുടെ പഠിത്തം നിൎത്തിയിട്ടു്, ഷോൎട്ട്ഹാൻഡ്ടൈപ്പിസ്റ്റിൻേറയൊ, പീടികജോലിക്കാരൻേറയോ, ഹോട്ടൽജോലിക്കാരൻേറയോ പണിഎടുക്കുവാൻ തക്കവിധം അഭ്യസിപ്പിച്ചാലെന്താ?"

"നിന്നെയും എനിക്കങ്ങിനെ ചെയ്യാമായിരുന്നു" ശേഷു മറുപടിപറഞ്ഞു. "പക്ഷേ ഞാനതു ചെയ്തില്ല. അതിൻെറ ഫലമായി നീ ഉയൎന്ന ഉദ്യോഗത്തിൽ ഇരിക്കാനും എന്നോടു് ഈ ചോദ്യം ചോദിക്കാനും സംഗതിയായി."

"പരീക്ഷയിൽ തോല്ക്കുന്ന ഈ പിള്ളേൎക്കുവേണ്ടി എത്രനാളിങ്ങിനെ ഞാൻ പണംതരണം?" കിട്ടുചോദിച്ചു.

"അവരെന്താണു തോല്ക്കുന്നതെന്നു നിനക്കറിയാമോ? "ശേഷുചോദിച്ചു" അവൎക്കു വെള്ളംകോരണം, കടയിൽ

പോകണം, വാല്യക്കാരാരുമില്ലാത്തതുകൊണ്ടു് മററു പല ചില്ലറജോലികളും ചെയ്യണം. നീ അവരെ ഇങ്ങുകൊണ്ടു പോരികയാണെങ്കിൽ, അവർ മുഴുവൻ സമയവും പഠിക്കാം. അങ്ങിനെചെയ്താൽ അവർ തോല്ക്കുകയില്ലെന്നു ഞാൻ ഉറപ്പുപറയുന്നു. അവർ നിൻെറ സഹോദരന്മാരാണു്. നിനക്കുള്ള തലച്ചോറു് അവർക്കുമുണ്ടു് ''

"അയ്യോപാടില്ല. അവരെ ഇവിടെ കൊണ്ടുവരരുതു്." കിട്ടുപെട്ടെന്നു പറഞ്ഞു. "ഇങ്ങിനെ പട്ടിണികിടക്കുന്ന സന്താനങ്ങളെക്കണ്ടാൽ എൻെറക്കൂട്ടുകാരെന്തുകരുതും?"

"അവർക്കെല്ലാം, ദൂരെഎവിടെയോ ഒളിച്ചുതാമസിപ്പിച്ചിട്ടുള്ള പട്ടിണിക്കോലങ്ങളായ ബന്ധുക്കളുണ്ടായിരിക്കും" ശേഷു പറഞ്ഞു." ഒരുകാര്യം നീ ഓർക്കണം. ഈ പട്ടിണി സന്താനങ്ങളെ ഞാൻ കരങ്ങിനെപ്പോലെ എൻെറ നെഞ്ചോടുകെട്ടിപ്പിടിച്ചുവച്ചുകൊണ്ടു അവർക്കുവേണ്ടി യാചിച്ചുകഴിഞ്ഞിരുന്നെങ്കിൽ നിനക്കു് ഈ കൂട്ടുകാരെ ഒരിക്കലും ലഭിക്കുമായിരുന്നില്ല."

ചുണ്ടു കടിച്ചുകൊണ്ടു് കിട്ടു ചോദിച്ചു. "അനിയന്മാരുടെകാര്യത്തിൽ അങ്ങു എന്തുചെയ്യാനാണുദ്ദേശിക്കുന്നതു്?"

"നിനക്കുവേണ്ടി തെണ്ടിയതുപോലെ തെണ്ടാൻ. നിനക്കുവേണ്ടി അന്യരോടു തെണ്ടിയതുപോലെ തെണ്ടാതെ എൻെറ മകനോടു മാത്രമേതെണ്ടു."ശേഷു പറഞ്ഞു.

"അങ്ങു നല്ലമുണ്ടു് ഉടുക്കുന്നതുപോലുമില്ലല്ലോ. സ്നേഹിതന്മാർ എന്നെ കാണാൻ വരുമ്പോൾ, അങ്ങു് എൻെറ അച്ഛനാണെന്നു പറയുവാൻ എനിക്കു വളരെ വിമ്മിഷ്ടംതോന്നുന്നു." കിട്ടുപറഞ്ഞു.

"നീ എനിക്കു തരുന്നതുകൊണ്ടു് ഞങ്ങളുടെ അത്യാവശ്യങ്ങൾപോലും നടക്കുകയില്ലാത്തതുകൊണ്ടാണു് അങ്ങി

"BAGYA SUCHANA"

ന്നെ വരുന്നതു്. എൻെറ ഉടുപ്പിനുവേണ്ടി പാഴ്ച്ചെലവു ചെയ്യണമെന്നും ഞാൻ കരുതുന്നില്ല. വൃദ്ധനായ എനിക്കു്, മാന്യതയ്ക്കു് ഒരു ഉടുമുണ്ടു് വേണ്ടുവോളംമതി." ശേഷു പറഞ്ഞു.

ഈമാതിരിയുള്ള ഒരു സന്ദർശനവേളയിൽ, കളക്ടരും, ഭാര്യയും, മകളും കിട്ടുവും ലളിതയും ഒരുമിച്ചു ചായകഴിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഇതിനിടയിൽ, സന്ദർശകർ ആരൊക്കെ എന്നുകാണാമെന്നു കരുതി, ശേഷു വന്നെത്തി നോക്കി. കളക്ടർ കിട്ടുവിനോടു ചോദിച്ചു "ആരാണീ വയസ്സൻ?"

"ഓ, അയാളോ" വിളറിയമുഖത്തോടെ കിട്ടു പറഞ്ഞു "അയാളൊരു പുരോഹിതനാണു്."

"അവൻെറ അച്ഛനുംകൂടിയാണു്." കിട്ടുവിനു് പരിഭ്രമവും, കളക്ടർക്കും കുടുംബത്തിനും വിനോദവും ഉളവാക്കിക്കൊണ്ടു് ശേഷു ഇടയ്ക്കു് കടന്നുപറഞ്ഞു.

സന്ദർശകർ പോയിക്കഴിഞ്ഞപ്പോൾ, എത്തിനോക്കിയതിനും ഇടയ്ക്കു കയറിപ്പറഞ്ഞതിനും കിട്ടു അച്ഛനെ ശല്യപ്പെടുത്തി.

"ഈ തെററുമൂലം അങ്ങു എൻെറ മനസ്സമാധാനം നശിപ്പിച്ചല്ലോ." അയാൾ പറഞ്ഞു.

"അതിനു മുമ്പുചെയ്ത ഒരു തെററുമൂലം എൻെറ മനസ്സമാധാനം എനിക്കു നഷ്ടപ്പെട്ടല്ലോ." ശേഷു പറഞ്ഞു.

കിട്ടുവിനു ദേഷ്യംവന്നു. അയാൾ ശേഷുവിനോടു പറഞ്ഞു. "ഇറങ്ങു എൻെറ വീട്ടിൽനിന്നു്, ഈ നിമിഷം!"

ലളിത അയാളെ സമാധാനപ്പെടുത്തിക്കൊണ്ടു പറഞ്ഞു. "അദ്ദേഹം ഇപ്പോൾ പെട്ടെന്നു പോയതുകൊണ്ടു് അങ്ങു കൂട്ടുകാരുടേയും അയൽക്കാരുടേയും ദൃഷ്ടിയിൽ വലിയവനായിത്തീരുകയില്ല. അങ്ങയുടെ പേരിൽ കൂടുതൽ

ആഹ്ലാദിക്കാൻ അവക്ക് കൂടുതൽ അവസരം ലഭിക്കുകയേ ചെയ്യൂ. അങ്ങു ജോലിചെയ്യുന്നതിൽ സത്യസന്ധതയും ആലോചനാശീലവും കാണിക്കുന്ന ആളാണല്ലോ. എന്താണു് അർഹ്ഹനോടിങ്ങനെ കാണിക്കാൻ കാരണം?"

ഈ അഭിപ്രായത്തിലടങ്ങിയിരിക്കുന്ന ന്യായം കിട്ടുവിനു ബോദ്ധ്യമായി. അയാഠം പറഞ്ഞു "അതേ; നീ പറഞ്ഞതു ശരിയാണു്. അദ്ദേഹം ഇവിടെ താമസിക്കുമ്പോഠം സന്ദർശകരുണ്ടാകാതെ ശ്രദ്ധിച്ചാൽ മതി."

ശേഷു മകനെ സന്ദർശിക്കുന്ന പതിവു മതിയാക്കിയില്ല. അയാഠം കൂടെക്കൂടെ കിട്ടുവിനെ സന്ദർശിച്ചു. ശേഷു പറഞ്ഞു "കടുത്ത പെരുമാററമോ, ഉപേക്ഷയോ ഉത്തമന്റെനേയും തെണ്ടിയേയും പിൻതിരിപ്പിക്കുകയില്ല. അയാഠം നിർബ്ബന്ധമായും സന്ദർശിച്ചുകൊണ്ടിരിക്കണം. ചില അധമന്റെരുടേയും ദാതാക്കളുടേയും ശീലം അതാണെന്നു അറിഞ്ഞുകൊണ്ടുതന്നെ അയാഠം അങ്ങിനെ ചെയ്യണം. എന്റെ മകനിൽനിന്നു ഇത്തരം അനുഭവങ്ങഠം ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്നതല്ലെങ്കിലും എന്റെ യജമാനന്മാരിൽനിന്നും അപരിചിതരിൽനിന്നും ഇത്തരം അനുഭവങ്ങഠം മുമ്പുതന്നെ എനിക്കുണ്ടായിട്ടുണ്ടു്."

ഏററവും ഇളയ സഹോദരിയെ കല്യാണം കഴിച്ചുകൊടുക്കുന്നതിനുവേണ്ടി 500 രൂപാ നൽകിയ അവസരത്തിൽ, കിട്ടു ശേഷുവിനോടു ചോദിച്ചു. "വളരെ കഷ്ടപ്പെട്ടു സമ്പാദിച്ച പണം കൈവിട്ടുകളഞ്ഞാലുള്ള അനുഭവം എന്താണെന്നു അങ്ങേയ്ക്കു് അറിയാമോ?"

"നീ ഇനു അഞ്ചുരൂപ്പികനോട്ടു് എണ്ണുന്നതുപോലെ, ഞാൻ ചെമ്പുതുട്ടു് എണ്ണിക്കൊണ്ടിരുന്ന അവസരത്തിൽ എനിക്കതു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്."

"ഞാനിതാ മൂന്നാമത്തെ കല്യാണത്തിനുള്ള പണവും തന്നു" കിട്ടു പറഞ്ഞു "എൻെറ കല്യാണത്തിന കിട്ടിയ 3000 രൂപയും അനുജത്തിമാരെ കല്യാണം കഴിച്ചുകൊടുക്കാനായി അങ്ങ് എടുത്തുകളഞ്ഞു."

"അതങ്ങിനെയാണ്" ശേഷു പറഞ്ഞു. "എനിക്കതിൽ ലജ്ജതോന്നുന്നില്ല. തെണ്ടിക്ക നാണം തോന്നിക്കൂടാ. ആവശ്യത്തിനു നിയമം എന്തെന്നു അറിയില്ല. ആ സാധുകുട്ടികൾക്ക് വിദ്യാഭ്യാസമില്ല അവരെ കല്യാണം കഴിച്ചുകൊടുക്കുകയെങ്കിലും വേണ്ടേ?"

"അങ്ങ് ബുദ്ധിയുള്ള തെണ്ടിതന്നെ." പകുതി ദേഷ്യംകൊണ്ടും പകുതി അഭിനന്ദനപൂർവ്വമായും കിട്ടു പറഞ്ഞു.

"ഞാൻ അങ്ങിനെയായിരിക്കണമല്ലോ." ശേഷു പറഞ്ഞു. "അങ്ങിനെയല്ലായിരുന്നെങ്കിൽ ഒരു സാധു ക്ലാക്കായിരുന്ന എനിക്ക് നിന്നെ എങ്ങിനെ 1500 രൂപാ ശമ്പളം വാങ്ങുന്ന ആഫീസ്സറാക്കാൻ കഴിയും?"

"എൻെറ സാമത്ഥ്യം അങ്ങു മറന്നുകളയുന്നു." ചൊടിച്ചുകൊണ്ടു കിട്ടു പറഞ്ഞു.

"ഇല്ല, ഞാനതു മറന്നിട്ടില്ല" ശേഷു പറഞ്ഞു. "പക്ഷേ ഖനിക്കകത്തുള്ള സ്വണ്ണവും മുകളിൽ പൊക്കിക്കൊണ്ടു വരേണ്ടതുണ്ട്. അതുപോലെ ഏററവും വലിയ മേധാശക്തിയും ഗ്രഹിക്കപ്പെടുകയും പുറത്തു കൊണ്ടുവരികയും ചെയ്യേണ്ടതുണ്ട്."

കിട്ടുവിൻെറ മകനായ ശേഷശായി, അച്ഛനെക്കാൾ ബുദ്ധിമാനായിരുന്നു. കാളേജിലെ എല്ലാ സമ്മാനങ്ങളും കീർത്തിമുദ്രകളും അയാൾക്കാണ് ലഭിച്ചിരുന്നത്. കാളേജ് വിദ്യാത്ഥികളുടെ കണ്ണിലുണ്ണിയായിരുന്നു അയാൾ. ഓരോ സമാജത്തിൻെറ ജീവനും അയാളായിരുന്നു. അവനെ

മകനായി ലഭിച്ചതിൽ കിട്ടുവും ലളിതയും അഭിമാനം കൊണ്ടു. എന്നാൽ അവരെക്കാൾ അഭിമാനം തോന്നിയതു ശേഷുവിനായിരുന്നു. അയാളുടെ മററു മക്കളെല്ലാം തോററു പോയി. കുറെ ഭേദപ്പെട്ട നിലയിൽ അവരെ എത്തിക്കണമെന്നു കരുതി അയാൾ വളരെ പരിശ്രമിച്ചെങ്കിലും, അവർക്കെല്ലാം ഗുമസ്തന്മാരോ, ചുരുക്കെഴുത്തുകാരോ, കടകളിലെ ജോലിക്കാരോ, ഹോട്ടൽ ജോലിക്കാരോ ആയി കഴിയേണ്ടിവന്നു. അതിനാൽ വയസ്സുകാലത്ത് തൻെറ പേരുവഹിക്കുന്ന വംശവൃക്ഷത്തിലെ ഈ കൊച്ചുമുള പ്രശസ്തിയാർജ്ജിച്ചുകൊണ്ടു കുതിച്ചുപൊങ്ങുന്നതും, പൊതുജനങ്ങളുടെ കണ്ണഞ്ചുമാറു വിലസുന്നതും കണ്ടപ്പോൾ, അയാൾക്കു ആനന്ദം തോന്നി. വെറും ശിശുവായിരിക്കുമ്പോൾതന്നെ അയാൾ അവനെ ഓമനിച്ചുവന്നു. അവനോടു വളരെ വാത്സല്യവും അയാൾക്കു തോന്നിയിരുന്നു. കുട്ടിക്കും അപ്പൂപ്പനെ വലിയ കാര്യമായിരുന്നു. തനിക്കു കിട്ടിയ അലവൻസുകളിൽനിന്നും സമ്മാനസംഖ്യകളിൽനിന്നും അയാൾ അച്ഛനറിയാതെ അപ്പൂപ്പന് പണം അയച്ചുവരികയും ചെയ്തിരുന്നു. കിട്ടു മകനു ഇഷ്ടംപോലെ പണം കൊടുത്തുവന്നിരുന്നതിനാൽ, ഈ ചോർച്ചയെപ്പററി അറിഞ്ഞിരുന്നില്ല.

ഭയങ്കരമായ രണ്ടാംലോകമഹായുദ്ധം ആരംഭിച്ചു. സാധനവിലകൾ കുതിച്ചുകയറി യുദ്ധകൺട്രാക്റ്റന്മാരും മില്ലുടമസ്ഥന്മാരും, കച്ചവടക്കാരും വമ്പിച്ച ധനികന്മാരായി. കിട്ടുവിനെപ്പോലെയുള്ള സത്യവാന്മാരായ ഗവർമ്മെൻറുദ്യോഗസ്ഥന്മാരുടെ വരുമാനം നിന്നിടത്തുനിന്നു. മാതാപിതാക്കന്മാർക്ക് ധനസഹായം ചെയ്യുന്ന കാര്യത്തിൽ, കിട്ടുവിൻെറ വൈമുഖ്യം വർദ്ധിച്ചുവന്നു. അയാളുടെ വൈരസ്യം വർദ്ധിപ്പിക്കുന്ന മറെറാരു സംഭവമുണ്ടായി അയാളുടെ ഒരു സഹോദരിയായ പൊന്നുവിൻെറ ഭർത്താവിനു് ബർമ്മയിലായിരുന്നു ജോലി. അയാൾക്കു ഭാര്യയും പതിന്നാലുവ

സ്സുള്ള മീനാൾ എന്ന പുത്രിയും മററും ഒരുമിച്ചു വെള്ളംകിട്ടാത്ത മലകളിലും കാട്ടുകളിലുംക്കൂടി കാൽനടയായി ദീർഘനാൾ സഞ്ചരിച്ചു് മണിപ്പൂരിൽ എത്തേണ്ടിവന്നു. മണിപ്പൂരിൽ എത്തിയപ്പോഴേയ്ക്കും പൊന്നുവിൻെറ ഭർത്താവും പുത്രന്മാരും ജപ്പാൻകാരുടെ ഒരു ബോംബു് ഏററു കൊല്ലപ്പെട്ടുപോയി.

ലളിത നാത്തൂനേയും അവളുടെ കുഞ്ഞിനേയും വീട്ടിലേയ്ക്കു ക്ഷണിച്ചുവരുത്തി. വാത്സല്യപൂർവ്വം ശുശ്രൂഷിച്ചു് അവർരണ്ടാളേയും ആരോഗ്യമുള്ളവരാക്കിത്തീർത്തു. മീനാൾ വളരെ ദിവസങ്ങളോളം ഉറക്കത്തിൽ ഈവിധം വിളിച്ചുകരയുക പതിവായിരുന്നു. "അയ്യോ, അമ്മാ, ബാംബു വീഴുന്നേ! അയ്യോ അച്ഛാ! അയ്യോ ചേട്ടാ!"

സഹോദരിയും മകളും തൻെറ വീട്ടിൽ പാർക്കുന്നതു് കിട്ടു വെറുത്തുതുടങ്ങി. അയാൾ ലളിതയോടു ഈവിധം പറയുക പതിവായിരുന്നു. "അവർ അച്ഛൻെറ വീട്ടിലേയ്ക്കു പോകുകയാണു നല്ലതു്. അവിടെയാണെങ്കിൽ, അവക്കു ചെലവു കുറഞ്ഞിരിക്കും. അവർ കണ്ടമാനം തിന്നുമെന്നു് നിനക്കും അറിയാമല്ലോ."

"സാധുക്കൾ!" ലളിത പറഞ്ഞു "അവർ ഒരുപാടു പട്ടിണികിടന്നു. അതുകൊണ്ടു ധാരാളം തിന്നാൻ അവക്കിപ്പോൾ കൊതി തോന്നുന്നുണ്ടു്. അവർ തിന്നുന്നതു കാണാൻ എനിക്കു സന്തോഷമാണു്. തിന്നാനല്ലെങ്കിൽ പിന്നെ തീററിസാധനങ്ങൾ എന്തിനുള്ളതാണു്?"

"ശരി. പണം ഉണ്ടാക്കാൻ എത്ര വിഷമമുണ്ടെന്നു് എനിക്കറിയാം. ഈ ധൂർത്തു് തുടൻപോകാൻ ഞാൻ അനുവദിക്കയില്ല. പിന്നെ, സഹോദരി അവളുടെ പെണ്ണിനെ, ശേഷശായിയെക്കൊണ്ടു കല്യാണം കഴിപ്പിക്കാൻ ആലോചിക്കുന്നുണ്ടെന്നും തോന്നുന്നു." കിട്ടു പറഞ്ഞു.

"എനിക്കും അങ്ങിനെ തോന്നി." ലളിത പറഞ്ഞു. "മീനാൾ പരമസുന്ദരിയാണ്. പോരെങ്കിൽ, ദേവതയെപ്പോലെ അവൾ പാട്ടുകയും ചെയ്യുന്നു നമ്മുടെ . മകന് എല്ലാവിധത്തിലും ചേരുന്ന ഭാര്യയായിരിക്കും അവൾ."

"വെറും അസംബന്ധം!" കിട്ടു പറഞ്ഞു. "ഐ. സി. എസ്-കാരും ഹൈക്കോടതി ജഡ്ജിമാരും അവരുടെ മക്കളെ നമ്മുടെ മകനെക്കൊണ്ടു കല്യാണം കഴിപ്പിക്കുവാൻ വെമ്പുകയാണ്. ഈ ദരിദ്രജന്തുവിനെ നമുക്ക് എന്തിനു വേണം?"

"അവൾ നമ്മുടെ സ്വന്തമല്ലേ? അവളുടെ രക്തവും നമ്മളുടെ രക്തവും തമ്മിൽ നല്ലവണ്ണം ചേരും. മീനാളിനേയും അവളുടെ അമ്മയേയും എനിക്കു വലിയ ഇഷ്ടമാണ്." ലളിത പറഞ്ഞു.

"ഞാൻ അവരെ വെറുക്കുന്നു" കിട്ടു പറഞ്ഞു. "ഈ ദരിദ്രപ്പരിഷകളിൽനിന്ന് രക്ഷപ്പെടുവാൻ എന്നു കഴിയുമെന്റീശ്വരാ? തല്ക്കാലം മീനാളിനേയും അമ്മയേയും അടുത്തുള്ള നമ്മുടെ കൊച്ചുവീട്ടിൽ താമസിക്കാനായി ഞാൻ പറഞ്ഞയക്കാം. അവർക്കു കഷ്ടിച്ചു കഴിയുവാനുള്ള വകയും നൽകാം. നമ്മുടെ ആഡംബരജീവിതത്തിൽ അവരും എന്തിനു പങ്കുചേരണമെന്നു എനിക്കു മനസ്സിലാകുന്നില്ല. സദ്യയുണ്ടും ദിവസവും ഓറഞ്ചും വാഴപ്പഴവും തിന്നും, നാം വളരെ കഷ്ടപ്പെട്ടു് സമ്പാദിച്ച പണം അവർ മുടിച്ചുകളഞ്ഞുകൂടാ."

ലളിത പറഞ്ഞു "അരുതു്. അങ്ങിനെ ചെയ്യാൻ ഞാൻ അനുവദിക്കുകയില്ല."

"അങ്ങിനെ പറയാൻ നീ ആരാണ്? എന്റെ പണം ഞാൻ എങ്ങിനെ ചെലവാക്കണമെന്നു പറയാൻ നിനക്കു്

എന്താണവകാശം?" അവളെ ശക്തിയോടെ പിടിച്ചുതള്ളി ക്കൊണ്ടു കിട്ടു ചോദിച്ചു.

ലളിതയുടെ തല ഭിത്തിയിൽ ചെന്നടിച്ചു്, അവരം ബോധംകെട്ടു നിലത്തുവീണു. മീനാളും പൊന്നുവും അവി ടെ പറന്നെത്തി, അവളെ കിടക്കയിൽ കൊണ്ടുചെന്നു കിട ത്തി ശുശ്രൂഷിച്ചു സുഖപ്പെടുത്തി. തങ്ങൾക്കുവേണ്ടി ലളി തയെ ഹിംസിക്കുന്നതു കാണാൻ ശക്തിയില്ലാതെ, അന്നു തന്നെ അവർ കൊച്ചുവീട്ടിലേയ്ക്കു താമസം മാററുകയും ചെയ്തു.

കിട്ടു അവൾക്കു മാസംതോറും പതിനഞ്ചുരൂപാവീതം കൊടുത്തു. ദേഹവും ദേഹിയും ഒന്നിച്ചു നിലനിർത്തിക്കൊണ്ടു പോകാൻപോലും ഈ തുക മതിയാകുമായിരുന്നില്ല. ഈ സംഭവം ലളിതയെ വ്യാകുലപ്പെടുത്തി. വിവാഹസമയത്തു അച്ഛൻ അവൾക്കു നൽകിയ ഒരുജോഡി വള വിററു് ആ തുക അവരം ഭർത്താവറിയാതെ പൊന്നുവിനു കൊടുത്തു. പക്ഷേ അയാളതു കണ്ടുപിടിക്കുകയും അവളെ നിർദ്ദയം പ്രഹരിക്കുകയും ചെയ്തു.

ലളിതയ്ക്കു് ഇതു വല്ലാതെ ഉള്ളിൽതട്ടി. അതിനാൽ, പിറേറദിവസം രാവിലെ പതിവുപോലെ വീട്ടിനു പിന്നിലു ള്ള ആഴമേറിയ ആററിൽ കുളിക്കാനായി പൊന്നുവും ഒരു മിച്ചുപോയപ്പോരം, വെറുക്കപ്പെട്ട തൻെറ ജീവിതം അവ സാനിപ്പിക്കുന്നതിനുവേണ്ടി അവരം മനഃപൂർവ്വം കയത്തി ലേയ്ക്കു മുങ്ങിക്കളഞ്ഞു. അവൾക്കു നീന്തറിഞ്ഞുകൂടായിരു ന്നു. പൊന്നുവിനും അറിയാൻ പാടില്ലായിരുന്നു. അവർ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു.

ലളിതയെ രക്ഷിക്കാൻവേണ്ടി പൊന്നു അവളുടെ നേ രെ പാഞ്ഞു.

ലളിത പറഞ്ഞു "എൻെറടുത്തുവരരുതു്. എനിക്കു ജീവിതം വെറുത്തു. ഞാൻ പോകുകയാണു്. ആർമാദി

മാനം ഇല്ലാതെ ജീവിക്കാൻ എനിക്കു സാധ്യമല്ല. നീ, നിൻെറ ജീവിതം നശിപ്പിക്കരുതു്. നിനക്കു മീനാംബാളിൻെറ കാര്യം അന്വേഷിക്കേണ്ടതുണ്ടു്."

"നിങ്ങൾക്കു ശേഷശായി ഉണ്ടല്ലോ" എന്നു പറഞ്ഞു പൊന്നു ലളിതയുടെ നേക്കു പാഞ്ഞു.

ശക്തിയായ ഒഴുക്കു് അവരെ വലിച്ചുകൊണ്ടുപോയി. ഭയങ്കരമായ ഓളങ്ങൾ അവരുടെ കഥയും കഴിച്ചു.

സഹായിക്കാൻ ആരുമില്ലാതെ ആററിൻെറ നടുവിൽ കൂടി അവർ ഒഴുകിപ്പോകുന്നതു കാണാൻതക്കവിധം ഒരു സ്ത്രീ ആ സമയം നദിക്കരയിൽ എത്തി. അവൾക്കും നീന്തറിഞ്ഞുകൂടായിരുന്നു. അതിനാൽ അവൾ കിട്ടുവിൻെറ അടുത്തു ഓടിയെത്തി ആ ദുഃഖവാർത്ത അറിയിച്ചു.

കിട്ടു വിളിച്ചുകരഞ്ഞു. "അയ്യോ! 5000 രൂപയുടെ ആഭരണങ്ങൾ അവളുടെ ദേഹത്തുണ്ടായിരുന്നല്ലോ. അവളെ നമുക്കു് എങ്ങിനെയെങ്കിലും രക്ഷിക്കണം. ഇല്ലെങ്കിൽ ശവം എങ്കിലും വീണ്ടെടുക്കണം."

അന്നു സന്ധ്യയ്ക്കു്, ഒരു മൈൽ താഴെയായി രണ്ടു ശവങ്ങളും കരയ്ക്കടിഞ്ഞതായി കാണപ്പെട്ടു. ഒരു വലിയ ജനക്കൂട്ടം അവിടെ കൂടിയിരുന്നു. അനേകം സ്ത്രീകൾ ലളിതയെ ഓർത്തു നിലവിളിച്ചു. അവൾ ദരിദ്രരുടെ ചങ്ങാതിയായിരുന്നു. രേഖപ്പെടാത്ത പല ചില്ലറ ദാനങ്ങളും അവൾ നടത്തിയിരുന്നു. മീനാളിനെ സമാശ്വസിപ്പിക്കുവാൻ കഴിഞ്ഞില്ല. കിട്ടു ലളിതയുടെ ദേഹത്തുണ്ടായിരുന്ന ആഭരണങ്ങൾ തിട്ടപ്പെടുത്തി, എല്ലാം ശരിക്കുണ്ടെന്നു ബോദ്ധ്യപ്പെട്ടു.

"അവരുടെ സാരികൾ തമ്മിൽ കൂട്ടിക്കെട്ടിയിരിക്കുന്നതെന്താണു്?" എന്നു അയാൾ ചോദിച്ചു.

"സർ, രണ്ടു സ്ത്രീകളും അന്യോന്യം വല്യസ്നേഹമായിരുന്നു എന്നു സ്പഷ്ടമാണ്." അന്വേഷണത്തിനു വന്നിരുന്ന പോലീസ് ഉദ്യോഗസ്ഥൻ പറഞ്ഞു.

"യാദൃശ്ചികമായ മുങ്ങിമരണം" എന്നു ഇൻക്വസ്റ്റിനു ശേഷം വിധിയുണ്ടായ ഉടനെതന്നെ കിട്ടു മടങ്ങിപ്പോന്നു. ശേഷശായിക്കു കമ്പി അടിച്ചിരുന്നു. അയാൾ വന്നുചേരുന്നതുവരെ ശവം സംസ്കരിക്കാതെ വച്ചിരുന്നു. അമ്മയുടെ മരണം അറിഞ്ഞു ആ കുട്ടിക്കുണ്ടായ ദുഃഖം അത്യധികമായിരുന്നു.

ദഹനം കഴിഞ്ഞപ്പോൾ, കിട്ടു ശേഷശായിയെ അരികിൽ വിളിച്ചുപറഞ്ഞു. "അപ്പൂപ്പനും മററുള്ളവരും ചേന്ന് മീനാളിനെ നിൻെറ മേൽ കെട്ടിവയ്ക്കാൻ ശ്രമിക്കും. അവളെ കല്യാണംകഴിക്കുന്നകാര്യം സ്വപ്നത്തിൽപോലും ഓക്കരുത്."

"അവളെ കല്യാണംകഴിക്കുന്നകാര്യം ഞാൻ സ്വപ്നം കാണുകപോലുമില്ല." എന്നു ആ ചെറുപ്പക്കാരൻ മറുപടിപറഞ്ഞു.

ശേഷശായി കാളേജിലേയ്ക്കു മടങ്ങുന്നതിനുമുമ്പായി, ശേഷു മീനാളിനെക്കൊണ്ടു ശേഷശായിയെ പാടിച്ചുകേൾപ്പിച്ചു. എന്നിട്ടു യാദൃശ്ചികമായിട്ടെന്നപോലെ അയാൾ അഭിപ്രായപ്പെട്ടു. "അവൾ ഒന്നാംതരമായി പാടുന്നു. ഇതേക്കാൾ നല്ല പാട്ടു് നീ കേട്ടിട്ടുണ്ടോ?"

"തീച്ചയായും ഉണ്ടു്" ശേഷശായി പറഞ്ഞു "മദ്രാസ്സിൽ, ഞങ്ങൾക്കു എത്രയോ താരങ്ങളുണ്ടെന്നു അങ്ങേയ്ക്കു അറിഞ്ഞുകൂടെ?"

"എൻെറ കുഞ്ഞേ" ശേഷു പറഞ്ഞു. "താരങ്ങൾ എവിടെയുണ്ടോ അവിടെ രാത്രിയുമുണ്ടു്." പിന്നെ അയാൾ തുടന്നു പറഞ്ഞു. "താരങ്ങളിൽ ഭ്രമിച്ചുപോകുന്നവരെപ്പററിയാണു ഞാൻ പറഞ്ഞതു്. അവർ പാടുന്നതു കേൾക്കുക

മാത്രം ചെയ്യുന്നവരെപ്പററിയല്ല. നീ മീനാളിനെ കല്യാണംകഴിച്ചു കാണണമെന്നതു് എൻെറ ജീവിതത്തിലെ സ്വപ്നമാണു്. മീനാൾ, നീ എന്തു പറയുന്നു?"

ആ പെൺകുട്ടി പകച്ചുപോയി. അവളുടെ മുഖത്തു് ആനന്ദം പരന്നു.

ശേഷശായി മറുപടിപറഞ്ഞു "അപ്പൂപ്പാ, ഞാൻ ഇപ്പോൾ കല്യാണംകഴിക്കണമെന്നു ഉദ്ദേശിച്ചിട്ടില്ല." പിറേറദിവസംതന്നെ അയാൾ കാളേജിലേയ്ക്കു മടങ്ങി.

മീനാളിനെ കൂടെക്കൊണ്ടുപോകണമെന്നു ശേഷു തീരുമാനിച്ചു. അവൾക്കുവേണ്ടി പ്രതിമാസം 20 രൂപയും സംഗീതം അഭ്യസിപ്പിക്കാൻ 15 രൂപാ വേറെയും കൊടുക്കണമെന്നു അയാൾ കിട്ടുവിനോടു ആവശ്യപ്പെട്ടു. അയാൾ ഇങ്ങിനെ തുടന്നു. "എന്നെങ്കിലും ഒരുദിവസം അവളെ നമുക്കു ശേഷശായിക്കു കല്യാണംകഴിച്ചുകൊടുക്കേണ്ടിവരും. അവൾ അവനു ചേരുന്നവളായിരിക്കണമല്ലോ."

"അസംബന്ധം!" കിട്ടു പറഞ്ഞു. "ഈ ദാരിദ്ര്യം പിടിച്ച പെണ്ണിനെ അവൻ ഒരിക്കലും കല്യാണംകഴിക്കുകയില്ല. ഏതെങ്കിലും ഉയന്ന കുടുംബത്തിൽനിന്നു അവൻ കല്യാണംകഴിച്ചുകൊള്ളും."

"നമ്മുടെ കുടുംബത്തെക്കാൾ ഉയന്ന കുടുംബം ഏതാണുള്ളതു്?" കുപിതനായി ശേഷു ചോദിച്ചു.

"ഈ വീട്ടിൽനിന്നു ഇറങ്ങിപ്പോകൂ." കിട്ടു പറഞ്ഞു "എൻെറ മകൻെറ കല്യാണക്കാര്യത്തിൽ നിങ്ങളുടെ അഭിപ്രായം എനിക്കറിയേണ്ട."

"ഞാൻ പോകുകയില്ല" കിട്ടു പറഞ്ഞു "ഞാൻ നിൻെറ അച്ഛനാണു്. എനിക്കു ഇവിടെ നില്ക്കാനുള്ള അവകാശമുണ്ടു്."

കിട്ടുവിന്നു ദേഷ്യം വന്നു. അയാൾ ശേഷുവിനെ പിടിച്ചു പുറത്തുതള്ളി. ദേഷ്യംവന്ന ശേഷു കിട്ടുവിന്ന് ഒരടി വച്ചുകൊടുത്തു. വലതുകൈകൊണ്ട് കിട്ടു ശേഷുവിനെ തിരിച്ചടിച്ചു.

അവിടെ കൂടിയിരുന്ന ഗ്രാമീണർ ഭയഭീതരായി ഉറക്കെ വിളിച്ചു. "ഇയാൾ ഇയാളുടെ അച്ഛനെ തല്ലി." ഗ്രാമത്തിലെ കിഴവൻ രാമു പറഞ്ഞു. "ഇതിൻെറ പ്രതികാരം അയാൾ നേരിടേണ്ടിവരും."

ശേഷുവും ദേഷ്യംകൊണ്ടു വിളിച്ചുപറഞ്ഞു. "നിൻെറ അച്ഛനെ തല്ലിയ കൈ നശിച്ചുപോകട്ടെ."

ഈ ശാപം ഗ്രാമവാസികൾ നിശ്ശബ്ദം കേട്ടുനിന്നു.

കിട്ടുവും ശേഷുവും അറിയാതെ, മദ്രാസ്സിലെ ഒരു മൂന്നാംകിട സിനിമാതാരമായ കമലകുമാരിയിൽ ശേഷശായി മോഹിതനായിത്തീൎന്നിരുന്നു. അവൾ സുമുഖിയായിരുന്നു. സ്വരവും നന്നായിരുന്നു. നൎത്തകികളുടെ കുലത്തിലായിരുന്നു അവളുടെ ജനനം. എങ്കിലും അവൾ സ്കൂളിലും കാളേജിലും പഠിച്ചിരുന്നു "നാളത്തെ ലോകസംഘ" ത്തിൽ അവൾ അംഗമായിരുന്നു. ശേഷശായിയും ഈ സംഘത്തിൽ ചേൎന്നിരുന്നു. ഇരുവരും പെട്ടെന്നുതന്നെ അന്യോന്യം ആകൎഷിക്കപ്പെട്ടു. ശേഷശായിയുടെ വാഗ്മിത്വവും തുറന്ന പെരുമാററവും കമലകുമാരിക്കു ഇഷ്ടമായി. അവളുടെ സൗന്ദൎയ്യവും സംഗീതവും അയാളുടെ മനസ്സിനേയും ആകൎഷിച്ചു. വിവാഹത്തിന്നു പ്രാരംഭമായുള്ള ആത്മാൎത്ഥസൗഹാൎദ്ദത്തിൽ അവർ ഇരുവരും ഒന്നിച്ചു ചേരുകയും ചെയ്തു.

മദ്രാസ്സിൽ മടങ്ങിയെത്തിയ ഉടനെ ശേഷശായി കമലകുമാരിയെ പോയിക്കണ്ടു.

"നിങ്ങളുടെ വിവാഹത്തിന് നിങ്ങളുടെ അച്ഛൻ തടസ്സം പറയുമോ?" അവൾ ചോദിച്ചു.

"എൻെറ സഹധമ്മിണിയെ തെരഞ്ഞെടുക്കുന്നതിൽ തടസ്സം പറയാൻ അദ്ദേഹത്തിനു എന്താണവകാശം?" അയാഠം ചോദിച്ചു.

"നിങ്ങളുടെ അമ്മയെ അദ്ദേഹം സ്നേഹിച്ചിരുന്നോ?" അവഠം ചോദിച്ചു.

"വളരെയൊന്നുമില്ല. കണ്ടിടത്തോളംകൊണ്ടു എനിക്കു അങ്ങിനെയാണു തോന്നിയിട്ടുള്ളതു്" അയാഠം പറഞ്ഞു. "എങ്കിലും അദ്ദേഹം അവരോടു വിശ്വാസപൂർവ്വം പെരുമാറിയിരുന്നു. എൻെറ തുറന്ന അഭിപ്രായം ചോദിക്കുകയാണെങ്കിൽ, നാം നമ്മുടെ ക്ലാസുമുറിയെ എന്നപോലെ അവരെ അദ്ദേഹം തൻെറ നിത്യജീവിതത്തിലെ സങ്കേതമായിമാത്രമേ കരുതിയിരുന്നുള്ളു."

"ഹ്ം!" കമലകുമാരി പറഞ്ഞു. "അങ്ങിനെയാഠം നമ്മുടെ സംരംഭത്തെ സഹാനുഭൂതിയോടെ വീക്ഷിക്കാൻ ഇടയില്ല. നിങ്ങളുടെ അമ്മ എങ്ങിനെയുള്ളവരായിരുന്നു?"

"പഴയ സമ്പ്രദായക്കാരി എങ്കിലും തനിസ്വണ്ണം." ശേഷശായി പറഞ്ഞു. "അവരുടെ ഹൃദയം എളുപ്പം അലിഞ്ഞുപോകുമായിരുന്നു."

"നിങ്ങളുടെ അച്ഛൻേറയോ?"

"അതൊരിക്കലും അലിഞ്ഞു കണ്ടിട്ടില്ല. ഒരു കട്ടിക്കാരൻ."

"ഹ്ം. എനിക്കു ഗഭമുണ്ടെന്നു നിങ്ങഠംക്കറിയാമോ?"

"ഹാ ദൈവമേ! ഇത്ര വേഗമോ" ശേഷശായി അത്ഭുതപ്പെട്ടു.

"അതേ. അതിനും ഇതിനും ഒക്കെയായി നമുക്കു 2000 രൂപാ വേണ്ടിവരും. ഒന്നാംതരം നഴ്സിങ്ഹോ

മിൽ എല്ലാം ഏൎപ്പാടുചെയ്തുതരാമെന്നു എൻെറ അമ്മാവൻ ഏററിട്ടുണ്ടു്."

"നമുക്കു് പണം എവിടുന്നു കിട്ടും?" ശേഷശായി ചോദിച്ചു.

"നമുക്കു് അമ്മാവനായ താത്തയോടു ചോദിക്കാം. അദ്ദേഹം നല്ല കൗശലമുള്ളയാളാണു്." എന്നവൾ പറഞ്ഞു.

താത്ത യഥാൎത്ഥത്തിൽ ബുദ്ധിമാൻതന്നെ എന്നു തെളിഞ്ഞു. ശേഷശായിക്കു 19 വയസ്സായി എന്നും അയാൾ മേജരാണെന്നും ഉറപ്പു വരുത്തിയതിൽപിന്നെ, ഒരു പ്രാമിസറിനോട്ടിൻപടി അയാൾക്കു 2000 രൂപാ എളുപ്പത്തിൽ കിട്ടാനുള്ള ഏൎപ്പാടുകൾ താത്ത ചെയ്തു. കമലകുമാരി പറഞ്ഞതുപോലെ നഴ്സിംഗ്ഹോം മേലേക്കിടയിലുള്ളതായിരുന്നു. അവൾക്കു അവിടെ എത്രയും സുഖമായിരുന്നു. മൂന്നു മാസം കഴിഞ്ഞപ്പോൾ അവൾക്കു് ഒരു മിടുക്കൻ മകൻ ജനിച്ചു. അവൻ നഴ്സിംഗ്ഹോമിലെ എല്ലാവരുടേയും ഹൃദയം കവൎന്നു.

തൻെറ മകനെ ഓൎത്തു് ശേഷശായി അഭിമാനം പൂണ്ടു. എങ്കിലും ഈ വൎത്തമാനം എങ്ങിനെ അച്ഛനെ അറിയിക്കും എന്നോൎത്തു് അയാൾ കുഴങ്ങി. ഈ വൎത്തമാനം കേട്ടാലുടൻ അച്ഛൻ കോപിഷ്ഠനാകുമെന്നു അയാൾക്കു തോന്നി. അയാൾ താത്തയോടു് ആലോചിച്ചു.

"അച്ഛൻ സൎക്കീട്ടിലായിരിക്കുമ്പോൾ അവളേയും കുഞ്ഞിനേയും കൂട്ടിക്കൊണ്ടു നിങ്ങളുടെ വീട്ടിലേയ്ക്കു നമുക്കു പോകാം. അദ്ദേഹം വരുമ്പോൾ നാം അവിടെ താമസം ഉറച്ചിരിക്കുന്നതായി കാണണം. പിന്നെയുള്ള കാൎയ്യം എളുപ്പമാണു്. കൈവശക്കാരനാണു വസ്തുവിൻെറ ഉടമസ്ഥത എന്നാണു് നിയമംതന്നെ." എന്നു താത്ത പറഞ്ഞു. "നിങ്ങൾ ഒരാളേ അദ്ദേഹത്തിനു മകനായുള്ളു എന്നതിലും

മററവകാശികരം ആരുമില്ല എന്നതിലും ദൈവത്തെ സ്തുതിക്കുക. അല്ലെങ്കിൽ അദ്ദേഹം നമ്മോടു കടുത്ത വിരോധം പ്രകടിപ്പിച്ചുകളയുമായിരുന്നു."

അങ്ങിനെ കാളേജടച്ചപ്പോരം, കിട്ടു സക്കീട്ടുപോയിരുന്ന അവസരം നോക്കി, ശേഷശായിയും, കമലകുമാരിയും, കുഞ്ഞും താത്തയും ഒരുമിച്ച് കിട്ടുവിൻെറ വീട്ടിലേയ്ക്കു പോയി. അഭിമാനിയായ തൻെറ അച്ഛനെ അനുസ്മരിച്ച ശേഷശായി മകനു കൊച്ചുകിട്ടു എന്നാണു പേരിട്ടിരുന്നതു്. വീട്ടിൽ ഒരു ഭൃത്യൻ മാത്രമേ ഉണ്ടായിരുന്നുള്ളു. പെണ്ണിനേയും കുഞ്ഞിനേയും താത്തയേയും ഒക്കെക്കൂടികണ്ടപ്പോരം അയാരക്കു് അത്ഭുതംതോന്നി. അയാരം ശേഷശായിയെ വളരെയേറെ സ്നേഹിച്ചിരുന്നതിനാൽ, അവക്കു വീട്ടിൽ പ്രവേശനം നിഷേധിക്കുവാൻ അയാരക്കു മനസ്സുവന്നില്ല. അങ്ങിനെ അവർ അവിടെ താമസമാക്കി. കമലകുമാരിയും താത്തയും ചേന്നു് വലിയ ശബ്ദമുണ്ടാക്കുകയും ആഹ്ലാദം പ്രകടിപ്പിക്കുകയും ചെയ്തു. ശേഷശായിയുടെ ആഹ്ലാദം ഉൽക്കണ്ഠ ഇടകലന്നതായിരുന്നു. കൊച്ചുകിട്ടുവിനു അതു സ്വന്തം വീടെന്നപോലെ സുഖകരമായിത്തോന്നി. കണ്ണിൽ പെട്ടതെല്ലാം തൻെറ വകയാണെന്ന ഭാവത്തിൽ അവൻ നിലവിളിക്കുകയും ചിരിക്കുകയും ഒക്കെ ചെയ്തു.

കിട്ടു സക്കീട്ടു കഴിഞ്ഞു മടങ്ങിവരുമ്പോഴേയ്ക്കും ആനന്ദപ്രകടനം ഉച്ചകോടിയിൽ എത്തിയിരുന്നു. ശേഷശായിയും ഒരുമിച്ച കമലകുമാരിയേയും കുഞ്ഞിനേയും താത്തയേയും കണ്ടപ്പോരം അയാരക്കുണ്ടായ അത്ഭുതത്തിനു അതിരുണ്ടായിരുന്നില്ല.

അല്പനേരം ആലോചിച്ചുനിന്നതിനുശേഷം അയാരം സ്വയം പറഞ്ഞു. "ഞാൻ എന്തൊരു മറയനാണു്! തീച്ചയായും ഇവർ ഏതോ സഹപാഠിയുടെ ഭാര്യയും മകനും ആണു്. ഭത്താവു വെളിയിൽ പോയിരിക്കും"

അയാളുടെ ആലോചനയെ ഭേദിച്ചുകൊണ്ടു ശേഷു ശായി പറഞ്ഞു. "അച്ഛാ, എന്റെ ഭാര്യയേയും കുഞ്ഞിനേയും കാണുന്നു. ഇതങ്ങയോടു നേരത്തെ പറയാതിരുന്നതിന്നു മാപ്പുതരൂ."

"എന്തു്!" ദേഷ്യംകൊണ്ടു മുഖം ചുവന്നുപോയ കിട്ടു പറഞ്ഞു. "നീ എന്താണു് പറഞ്ഞതു്?"

"സർ, അദ്ദേഹം എന്താണു പറഞ്ഞതെന്നു മനസ്സിലായില്ലേ?" കമലകുമാരി ചോദിച്ചു. "അദ്ദേഹത്തിന്റെ ഭാര്യയായ എന്നേയും അങ്ങയുടെ പൗത്രനായ കൊച്ചുകിട്ടുവിനേയും അങ്ങേയ്ക്കു പരിചയപ്പെടുത്തിത്തരികയായിരുന്നു അദ്ദേഹം."

"എന്റെ പൗത്രനോ!" കിട്ടു പറഞ്ഞു. "തെരുവിൽനിന്നു പെറുക്കിയെടുത്ത ഈ ചെറുക്കൻ എന്റെ പൗത്രനോ!"

"നിങ്ങൾ പറയുന്നതു എന്താണെന്നു് ദയവായി ആലോചിക്കണം" താത്ത പറഞ്ഞു. "അപകീർത്തിക്കേസ്സു് അത്ര എളുപ്പം വിസ്തരിച്ചു തീർക്കാവുന്ന ഒന്നല്ല."

"മാനനഷ്ടക്കേസ്സോടാ തെണ്ടി!" കിട്ടു പറഞ്ഞു. "നീ ഏതു നരകത്തിൽ കിടന്നവനാണെടാ? എന്റെ വീട്ടിൽനിന്നു ഈ നിമിഷം പുറത്തുകടക്കണം. അല്ലെങ്കിൽ നിന്നെ ഇവിടെനിന്നു തോണ്ടി എറിയിക്കും."

"സർ, അദ്ദേഹം എന്റെ അമ്മാവനാണു്" കമലകുമാരി പറഞ്ഞു.

"നിന്റെ അമ്മാവനല്ല, അമ്മാവന്റേയും അമ്മാവനായാൽ ഞാനെന്തുവേണം? നിന്റെ കൊച്ചിനേയുംകൊണ്ടു് നീയും ഇവിടുന്നു പോ" കിട്ടു പറഞ്ഞു.

"സർ, ഞാൻ അങ്ങയുടെ മകൻെറ ഭാൎയ്യയാണെന്നും, ഇവൻ അങ്ങയുടെ പൗത്രനാണെന്നും ഓർക്കുക." കമലകുമാരി പറഞ്ഞു.

"പോ പുറത്തു്!" കിട്ടു അലറി.

"നിങ്ങൾ എന്താണു മിണ്ടാത്തതു്?" കമലകുമാരി ശേഷശായിയോടു ചോദിച്ചു.

"എന്താണു ചെയ്യേണ്ടതെന്നു എനിക്കറിഞ്ഞുകൂടാ. "വിഷണ്ണഭാവത്തിൽ ശേഷശായി പറഞ്ഞു." കുറച്ചുസമയം അനുവദിക്കുക. ഞാൻ അച്ഛനെ പറഞ്ഞു സമ്മതിപ്പിക്കാൻ ശ്രമിക്കാം."

"നീ എന്നെ പറഞ്ഞു സമ്മതിപ്പിക്കാൻ നോക്കുകയോ!" കിട്ടു പറഞ്ഞു. "ഒരിക്കലുമില്ല! നീയും പുറത്തു പോകണം. അത്രമാത്രം. മേലാൽ എൻെറടുത്തുനിന്നു് ഒരു പൈപോലും കിട്ടുകയുമില്ല!"

"ഞങ്ങൾ കേസുകൊടുക്കും" താത്ത പറഞ്ഞു.

"എൻെറ സ്വത്തുമുഴുവൻ ഞാൻതന്നെ സമ്പാദിച്ചതാണു്" കിട്ടു പറഞ്ഞു.

"അതു നമുക്കു കാണാം." താത്ത പറഞ്ഞു. കമലകുമാരി വെറുപ്പോടെ ശേഷശായിയെ ഒന്നു നോക്കിയിട്ടു്, കുട്ടിയേയും എടുത്തു വീട്ടിനു വെളിയിലേക്കു പോയി.

"അച്ഛാ കൊച്ചുകിട്ടുവിനോടു കരുണ കാണിക്കണേ." ശേഷശായി പറഞ്ഞു.

"ആ കൊച്ചിനെ കൊച്ചുകിട്ടു എന്നു വിളിക്കരുതു്." കിട്ടു പറഞ്ഞു: "ആ കെട്ട പെണ്ണിൻെറ മകനും ഞാനുമായി ഒരു ബന്ധവുമില്ല."

"അതു നമുക്കു ഉടനെ കാണാം." താത്ത പറഞ്ഞു "സബ്കോടതിയിൽവച്ചു നമുക്കു വീണ്ടും കാണാം."

കമലകുമാരിയും കൊച്ചുകിട്ടുവും ഒരുമിച്ചു താത്ത അവിടെനിന്നു പോയി. കിട്ടു ശേഷശായിയുടെ അടുത്തുചെന്നു് കൈയ്യു കുറെയേറെ അടിവച്ചുകൊടുത്തു. അതിനിടയിൽ അയാഠം ഈവിധം വിളിച്ചുപറഞ്ഞു. "തെണ്ടീ, ഞാൻ കഷ്ടപ്പെട്ടുണ്ടാക്കിയ പണംകൊണ്ടു മദ്രാസിൽ ഇതാണോടാ നീ ചെയ്തിരുന്നതു്?"

ഇതെല്ലാം കണ്ടുകൊണ്ടുനിന്ന ഗ്രാമവാസികഠം അന്യോന്യം പറഞ്ഞു "അച്ഛനെ തല്ലിയ കൈ മകനേയും തല്ലി"

എന്തെങ്കിലും പറയുവാൻ പാടില്ലാത്തവിധം ശേഷശായി വിഷണ്ണനായി സ്തംഭിച്ചുനിന്നുപോയി. അയാഠം, സാവധാനത്തിൽ ഒരു മൂലയിൽ പോയിരുന്നു വെറിപിടിച്ചു ഇന്നത്തെ ലോകത്തേയും നാളത്തെ ആദശ്ലോകത്തേയും താരതമ്യപ്പെടുത്തി ചിന്തിച്ചു. കാർമേഘംകൊണ്ടു മൂടിയ ആകാശത്തിലേയ്ക്കു നോക്കി അന്നുരാത്രി കിട്ടു മിഴിച്ചുനിന്നു. ഒററ നക്ഷത്രംപോലും കാണ്മാനുണ്ടായിരുന്നില്ല. അയാളുടെ മനസ്സു് ഇടിഞ്ഞുതാണു.

ഒരാഴ്ച കഴിഞ്ഞപ്പോഠം ശേഷശായിക്കും കിട്ടുവിനും വക്കീലിൻെറ നോട്ടീസ് കിട്ടി. ഞെട്ടലുണ്ടാക്കുന്ന ഒരു തുക കമലകുമാരിക്കു സംരക്ഷണച്ചെലവായി നൽകണമെന്നും ആകെയുള്ള സ്വത്തിൻെറ നാലിലൊന്നു കൊച്ചുകിട്ടുവിൻെറ വീതമായി നൽകണമെന്നും അതിൽ ആവശ്യപ്പെട്ടിരുന്നു. കോടതിയേയോ, കേസിനേയോപററി യാതൊന്നും അറിഞ്ഞുകൂടാതിരുന്ന കിട്ടു ശേഷുവിൻെറ അടുത്തു ഓടിയെത്തി അയാളുടെ കാൽക്കൽ വീഴുകയും മാപ്പപേക്ഷിക്കുകയും ഉണ്ടായ വസ്തുതകളൊക്കെ ധരിപ്പിക്കുകയും ഈ അടിയന്തിരഘട്ടത്തിൽ സഹായിക്കണമെന്നു പ്രാത്ഥിക്കുകയും ചെയ്തു.

ശേഷു പറഞ്ഞു. "ഈ ആപൽഘട്ടത്തിൽ നിന്നെ സഹായിക്കാതിരിക്കാൻ എനിക്കു നിവൃത്തിയില്ല. എന്തെന്നാൽ ശേഷശായി എൻെറ പൗത്രനാണു്. ഈ കുരുക്കിൽ നിന്നു് അവനെ രക്ഷിക്കേണ്ടതു ആവശ്യമാണു്. പക്ഷേ നമുക്കു വലിയ തുക ചെലവുചെയ്യേണ്ടിവരും."

"പക്ഷേ സ്വത്തെല്ലാം ഞാൻ സമ്പാദിച്ചതാണല്ലോ" കിട്ടു പറഞ്ഞു.

"അതെനിക്കറിയാം." ഭാവഭേദമൊന്നും കൂടാതെ ശേഷു പറഞ്ഞു. "ഒരു വൃത്തികെട്ട കേസ് പറഞ്ഞു കുട്ടിയുടെ പേരുകളയണമെന്നു എനിക്കാഗ്രഹമില്ല. പതിനായിരം രൂപാ കൊടുത്തു അവരെ സമാധാനപ്പെടുത്തുന്നതിനെപ്പററി നീ എന്തുപറയുന്നു?"

"ഞാൻ കഷ്ടപ്പെട്ടുണ്ടാക്കിയ പണത്തിൽനിന്നു പതിനായിരം രൂപയോ?"

"പണത്തെപ്പററി ഓർത്തു് പരിഭ്രമിക്കരുതു്" ശേഷു പറഞ്ഞു. "എന്തു ചെലവാക്കിയാലും നമ്മുടെ കുട്ടിയെ രക്ഷിക്കേണ്ടതു് ആവശ്യമാണു്. അടുത്ത മുഹൂർത്തത്തിൽ അവനെക്കൊണ്ടു് മീനാളിനെ കല്യാണം കഴിപ്പിക്കയും വേണം."

"ആദ്യം ഈ ഉപദ്രവത്തിൽനിന്നു രക്ഷപ്രാപിക്കുകയല്ലേ നല്ലതു്?"

"അല്ല. രണ്ടുമുഖങ്ങളിലും ഒരേസമയത്തു സമരം ചെയ്യേണ്ടതാണു് ആവശ്യം. കമലകുമാരിയുമായുള്ള ഇടപാടുകൾ എളുപ്പം അവസാനിപ്പിക്കുവാൻ ഈ കല്യാണം സഹായകമായിത്തീരും. നിന്നോടു എതിർക്കുന്നില്ലാത്തതുകൊണ്ടു്, ശേഷശായിയെ വെറുക്കുന്ന അവൾ, അവനു് നിയമപ്രകാരമുള്ള ഒരു ഭാൎയ്യയുണ്ടെന്നു കണ്ടുകഴിഞ്ഞാൽ

പിന്നെ, ശേഷശായിയെ കല്യാണംകഴിക്കണമെന്നു നിർബ്ബന്ധം പിടിക്കുകയില്ല."

മീനാംബാളിനെ തന്നെക്കൊണ്ടു കല്യാണം കഴിപ്പിക്കുന്ന കാര്യത്തിൽ അച്ഛനും അപ്പൂപ്പനും ഒത്തുചേൎന്നിരിക്കുന്നുവെന്നു കണ്ടപ്പോൾ, ശേഷശായി അത്ഭുതാധീനനായി പകച്ചു നിന്നുപോയി. ഈ വാൎത്തകേട്ടു നിരാശയായിത്തീൎന്ന കമലകുമാരി പതിനായിരം വാങ്ങി കേസ് ഒത്തുതീൎത്തു.

അവൾ പറഞ്ഞു "കൊച്ചുകിട്ടുവിനുവേണ്ടിയാണു് ഞാനിതു സ്വീകരിക്കുന്നതു്. ആ ഭീരുവിനേയോ അയാളുടെ പണമോ എനിക്കാവശ്യമില്ല. കുഞ്ഞിനെ ഓൎത്താണു ഞാൻ കേസ് ഒത്തുതീൎക്കുന്നതു്."

ശേഷു അഭിനന്ദനത്തോടും ബഹുമാനത്തോടും ഇതു കേട്ടുനിന്നു. തിരിച്ചുപോരുന്നതിനുമുമ്പായി കൊച്ചുകിട്ടുവിനെ അയാൾ ചുംബിക്കുകയും ചെയ്തു.

10000 രൂപാ നഷ്ടപ്പെട്ടതുകൊണ്ടു കിട്ടുവിൻെറ ഹൃദയം തകൎന്നുപോയി. താമസിയാതെ വാതരോഗവും അയാളെ പിടികൂടി. മീനാളും ശേഷുവും അയാളെ നല്ലവണ്ണം ശുശ്രൂഷിച്ചു. സ്നേഹവും സഹാനുഭൂതിയുംകൊണ്ടു മീനാൾ കിട്ടുവിൻെറ ഹൃദയം വശീകരിച്ചു. ശേഷശായി ഉയൎന്നനിലയിൽ പാസ്സായി. നല്ല ഒരു ജോലിയും അയാൾക്കു കിട്ടി.

ഇതുകഴിഞ്ഞു അധികം ദിവസം കഴിയുന്നതിനുമുമ്പു് ഒരുദിവസം, കിട്ടു പതിവുപോലെ ചൂടുവെള്ളത്തിൽ കുളിക്കാനായി കുളിമുറിയിലേയ്ക്കുപോയി. വളരെ സമയം കഴിഞ്ഞിട്ടും അയാൾ മടങ്ങിവന്നില്ല. കുളിമുറിയുടെ കതകിനു മുട്ടിനോക്കിയതിൽ ഒരുത്തരവും കിട്ടിയില്ല. ശേഷശായിയും കിട്ടുവും കതകുഭേദിച്ചു അകത്തുകടന്നു. വാതം കോപിച്ചു കിട്ടു മരിച്ചുകിടക്കുന്നതും, അടുപ്പിൽ വീണുപോയ

അയാളുടെ വലതുകൈ എരിയുന്ന വിറകുകൊള്ളിയേററു കരിഞ്ഞിരിക്കുന്നതും അവർ കണ്ടു. അവൎക്കുണ്ടായ ദുഃഖം എത്രയും വലുതായിരുന്നു.

വയസ്സുചെന്ന തൻെറ കൂട്ടുകാരോടു് അന്നു രാമു പറഞ്ഞു "ആ കൈകൊണ്ടാണു് അയാൾ അയാളുടെ അപ്പനെ അടിച്ചതെന്നകാൎയ്യം നിങ്ങൾ ശ്രദ്ധിച്ചുവോ?"

---

# ഞാണിന്മേൽ ദണ്ഡിപ്പുകാരി

ശ്രീദേവിക്കു 18 വയസ്സുപ്രായമായിരുന്നു. ഇൻഡ്യ, ബമ്മ, മലയാ എന്നീ രാജ്യങ്ങളിലാകെ സഞ്ചരിച്ചു അത്യന്ത കീത്തിനേടിയ കണ്ണൻെറ സക്സസ് കമ്പനിയിലെ പ്രധാന ഞാണിന്മേൽദണ്ഡിപ്പുകാരിയായ അവൾ സുമുഖിയും ദൃഢഗാത്രയും ആയിരുന്നു തൻെറ അച്ഛനാരെന്നു അവൾക്കു അറിഞ്ഞുകൂടാ. കമ്പനിയുടെ ഉടമസ്ഥനായ കണ്ണൻെറ മരണശേഷം ഇപ്പോൾ കമ്പനി നടത്തിക്കൊണ്ടിരിക്കുന്ന അയാളുടെ മകനായ കോമനല്ലാതെ, സക്സസ് കമ്പനിയിലെ മററാക്കുംതന്നെ അച്ഛനെ സംബന്ധിച്ച വിവരങ്ങൾ അറിഞ്ഞുകൂടെന്നും അവൾക്കറിയാമായിരുന്നു. മുമ്പു ഞാണിന്മേൽദണ്ഡിപ്പുകാരിയായിരുന്ന ഒരുത്തിയിൽ കണ്ണനുണ്ടായ മകളാണു് അവളെന്നു് ഒരു സംസാരമുണ്ടു്. ഇതേപ്പററി ഒരുത്തക്കും നിശ്ചയമില്ല. ഇതു സത്യമാണെന്നിരുന്നാൽത്തന്നെ, സ്വത്തിനു് അവൾ അവകാശിയായിത്തീന്നെങ്കിലോ എന്ന ഭയന്നു് കോമൻ ഈ വിവരം വെളിപ്പെടുത്താൻ ഇടയുമില്ലായിരുന്നു.

കോമൻ അവൾക്കു് ശരിയായി ആഹാരം നൽകുകയും അവളുടെ കാര്യങ്ങൾ താല്പര്യപൂവ്വം അന്വേഷിക്കുകയും ചെയ്തിരുന്നു. പന്ത്രണ്ടടിഉയരത്തിൽ സ്ഥിതിചെയ്യുന്ന നാല്പതടിനീളമുള്ള കമ്പിയിൽക്കൂടെ ഒരു ജപ്പാൻ കുടയുംപിടിച്ചുകൊണ്ടു കണ്ണുകെട്ടിയ അവൾ നടന്നുപോകുന്നതു കാണുമ്പോൾ ജനക്കൂട്ടം അത്ഭുതപ്പെട്ടുപോകും. ഒരിക്കൽപോലും അവൾക്കു് കാൽ വഴുതിയതായി കേട്ടിട്ടില്ല.

സർക്കസ്സിൽ സിംഹത്തെ കളിപ്പിക്കുന്ന ബാലു അവളുടെ കാമുകനായിരുന്നു. അവർ തമ്മിലുള്ള പ്രേമം ഏററവും വർദ്ധിച്ചുവന്നു. ആ കമ്പനിയിലെ മൃഗങ്ങളെപ്പോലെ തന്നെ, ഒരു വിവാഹച്ചടങ്ങിൻെറ ആവശ്യം അവൎക്ക ബോദ്ധ്യമായില്ല. മുപ്പതുവയസ്സുള്ള ദൃഢഗാത്രനായിരുന്നു ബാലു. ആട്ടിൻകുട്ടിയും സിംഹവും ഒരു പാത്രത്തിൽനിന്നു ആഹാരംകഴിക്കുന്നതു കാണിക്കുന്നതിൽ അയാൾ പേരുകേട്ടിരുന്നു. സിംഹത്തിനു് കോപംവന്നാൽ ഉടൻ വെടിവയ്ക്കുന്നതിനായി നിറച്ച ഒരു കൈത്തോക്കു് എപ്പോഴും അയാളുടെ കൈയിൽ കാണും. ബഹുജനങ്ങൾ ഇതു മനസ്സിലാക്കിയിരുന്നില്ല. ഇൻഡ്യാക്കാൎക്കു് സഹജമായരീതിയിൽ, ഇച്ഛാശക്തികൊണ്ടും ഒരു പക്ഷെ മാസ്മരശക്തികൊണ്ടും അയാളിതു ചെയ്യുന്നു എന്നേ അവർ കരുതിയിരുന്നുള്ളു.

തൻെറ സാമൎത്ഥ്യത്തിൽ ബാലുവിനു് അന്യൂനമായ ആത്മവിശ്വാസം ഉണ്ടായിരുന്നു. ക്രമേണ ശ്രീദേവിയുടെ തല സിംഹത്തിൻെറ വായിൽവച്ചുകൊടുപ്പിക്കാനും അയാൾക്ക കഴിഞ്ഞു. ബഹുജനങ്ങൾക്കു് ഇതു കണ്ടു് അത്ഭുതം തോന്നുകയും കമ്പനിക്കു് വലിയ ലാഭം കിട്ടുകയും ചെയ്തു. സമുദായാചാരങ്ങളെപ്പററി അയാൾക്കു് ബഹുമാനം ഒട്ടും ഉണ്ടായിരുന്നില്ല. അയാൾ ശ്രീദേവിയോടു പറഞ്ഞു. "പ്രേമം മാത്രമെ കാര്യമാക്കേണ്ടു. ആളുകളെ തമ്മിൽ ബന്ധിപ്പിച്ചുനിൎത്താൻ നിയമസാധുത്വം നൽകുന്ന ഒരു ചടങ്ങുമാത്രമാണു് വിവാഹം. ചൂടുപോയാലും വണ്ടിച്ചക്രത്തോടു ചേൎന്നിരിക്കുന്ന ഇരുമ്പുപട്ടപോലെ പ്രേമം അവസാനിച്ചാലും ഒന്നുചേൎന്നുനില്ക്കാനുള്ള ഒരു ഉപായമാണു വിവാഹം." അവളും അതു വിശ്വസിച്ചു. ക്രമംകെട്ട ജീവിതം നയിക്കുന്ന ആ കമ്പനിയിലെ ആരുംതന്നെ ബാലുവും ശ്രീദേവിയും തമ്മിലുള്ള ആചാരവിരുദ്ധമായ ബന്ധത്തെപ്പററി കാര്യമാക്കിയില്ല. വാസ്തവത്തിൽ, ആ കമ്പനിയിലെ പ്രായമായ

ഓരോരുത്തനും ഈവിധമുള്ള ബന്ധങ്ങളിൽ പെട്ടിരുന്നു. പട്ടാളക്കാർ, നാവികർ, സൎക്കസ്സുകാർ, തെണ്ടികൾ എന്നിവരെ സാമൂഹ്യാചാരങ്ങൾ ലഘുവായേ ബാധിക്കുകയുള്ളല്ലോ.

ഒരുവൎഷത്തേയ്ക്കു ശ്രീദേവി സന്തുഷ്ടയായിരുന്നു. അതിനുശേഷം ഒരുദിവസം, കമ്പനി വെല്ലൂരിലായിരിക്കുമ്പോൾ ആട്ടിൻകുട്ടിയുമായി തീററിതിന്നേണ്ട സമയത്ത്, സിംഹത്തിനു ശൂണ്ഠികയറുകയും ആജ്ഞഅനുസരിക്കുവാൻ വൈകുകയും ചെയ്തു. ആട്ടിൻകുട്ടിയൊത്ത് ആഹാരം കഴിക്കുന്നതിനുപകരം അതിനെ ആഹരിക്കുകയായിരുന്നു സിംഹത്തിനുവേണ്ടിയിരുന്നതു്. ബാലു പിന്നെയും പിന്നെയും ആജ്ഞകൊടുത്തപ്പോൾ, അവൻ പെട്ടെന്നു ബാലുവിൻെറ നേൎക്കു ചാടി. അയാൾ കൈത്തോക്കെടുത്തു ചാകത്തക്കവിധം അതിനെ വെടിവച്ചു. എങ്കിലും അതിനുമുമ്പു ബാലു മരിച്ചുപോകത്തക്കവിധം ബാലുവിൻെറ തൊണ്ടയിൽ മുറിവുണ്ടാക്കാൻ അതിനു കഴിഞ്ഞിരുന്നു. വൈദ്യസഹായം നൽകിയതുകൊണ്ടു ഫലമൊന്നും ഉണ്ടായില്ല. ഏതാനും മണിക്കൂറുകൾക്കകം ബാലു മരിച്ചുപോയി.

ശ്രീദേവിക്കു ദുഃഖം സഹിക്കാൻ കഴിഞ്ഞില്ല. അയാളുടെ ചിതയിൽ ചാടിച്ചാകുവാൻ അവൾ ഭ്രാന്തിയെപ്പോലെ ഉഴറി. പക്ഷേ ആളുകൾ അവളെ അതിൽനിന്നു തടഞ്ഞു "അദ്ദേഹം മരിച്ചിട്ടു ഞാൻ എന്തിനു ജീവിച്ചിരിക്കണം?" എന്നവൾ ചോദിച്ചു. പക്ഷേ അവർ അവളെ അകത്തുപിടിച്ചുകൊണ്ടുപോയി. മൂന്നുദിവസത്തേയ്ക്ക് അവൾ ആത്മഹത്യചെയ്യാതെ സൂക്ഷിക്കുകയും ചെയ്തു.

ക്രമേണ ജീവിക്കുന്നതിനുള്ള ആഗ്രഹം ഒരിക്കൽക്കൂടി അവളിൽ വളൎന്നുവന്നു. അവൾ ബാലുവിനെ പ്രേമപൂൎവം സ്മരിച്ചു. പക്ഷേ അയാൾക്കുവേണ്ടി മരിക്കണമെന്ന് അവൾ ആഗ്രഹിച്ചില്ല. അവളുടെ ദുഃഖകാലത്ത് കമ്പനി

യിലെ ശക്തനായ കപ്പൻ അവരാക്ക് എത്രയും ആശ്വാസം നൽകി. മോട്ടാർകാർ തട്ടത്തുനിത്താനും, നെഞ്ചിൽ ആനയെ കയററിനിത്താനും, ഒരിഞ്ചു കനമുള്ള കണ്ണികൊണ്ടുണ്ടാക്കിയ ഇരുമ്പുചങ്ങല പൊട്ടിക്കാനും അയാൾക്കു കഴിഞ്ഞിരുന്നു. അയാൾ ബാലുവിൻെറ സ്നേഹിതനായിരുന്നു. ശ്രീദേവിയും അയാളെ സ്നേഹിച്ചു. ബാലു മരിച്ചതോടെ സക്സസിൻെറ പുരോഗതി മുട്ടിപ്പോയിരുന്നു. അതിനാൽ കോമൻ ജോലിക്കാക്ക് ഒരുമാസത്തെ അവധി നൽകി. അവധികഴിഞ്ഞു് ബാംഗ്ളൂരിൽ വീണ്ടും കൂടണമെന്നു അയാൾ ആവശ്യപ്പെട്ടു. ഇക്കാലത്തിനകം ബാലുവിനുപകരം ഒരാളെ കണ്ടുപിടിക്കാമെന്നു് അയാൾ ഉറപ്പു പറഞ്ഞു.

തങ്ങൾക്കു് ഒരുമിച്ചു ബാംഗ്ളൂരിലേയ്ക്കു പോകാമെന്നും അവിടെ ഒരു ഹോട്ടലിൽതാമസിക്കാമെന്നും കപ്പൻ ശ്രീദേവിയോടു് അഭിപ്രായപ്പെട്ടു. "സെപ്റ്റംബറിൽ ബാംഗ്ളൂരിൽ അനുഭവപ്പെടുന്നമാതിരി സുഖകരമായ ശീതോഷ്ണസ്ഥിതി ലോകത്തു് ഒരിടത്തുംതന്നെ കാണുകയില്ല. നമുക്കു് അവിടുത്തെ താമസം ആനന്ദമായി കഴിച്ചുകൂട്ടാം", എന്നയാൾ പറഞ്ഞു.

ശ്രീദേവി സമ്മതിച്ചു. ഒരു നല്ല ബാംഗ്ളൂർ ഹോട്ടലിൽ രണ്ടു പ്രത്യേകമുറികൾ എടുത്തു് അവർ താമസമാക്കി. എല്ലാ ദിവസവും സായാഹ്നത്തിൽ അവർ ലാൽബാഗിൽപ്പോയി ഒരുമിച്ചിരുന്നു വത്തമാനം പറയുക പതിവായിരുന്നു. വൃക്ഷങ്ങളുടേയും പൂച്ചെടികളുടേയും മദ്ധ്യേ ഇരുന്നുകൊണ്ടു കപ്പൻ ശ്രീദേവിയെ പ്രണയിക്കാൻതുടങ്ങി. ബാലുവിൻെറ സ്മരണയോടുള്ള വഞ്ചനയായിരിക്കും അതെന്നു പറഞ്ഞു അവൾ ആദ്യമൊക്കെ അയാളുടെ അഭ്യത്ഥനകളെ നിരസിച്ചു. എങ്കിലും അവൾ ക്രമേണ അയാളോടു അടുത്തുവരികയായിരുന്നു എന്നതിൽ സംശയമുണ്ടായിരു

ന്നില്ല. കുപ്പൻ കാത്തിരിക്കാൻ തയ്യാറായിരുന്നു. അയാളുടെ അടുത്ത സ്നേഹിതന്മാരിൽ ഒരാളോടു അയാൾ പറഞ്ഞു. "എന്റെ മാംസപേശികളുടെ കരുത്തുകൊണ്ടു കട്ടിയുള്ള ചങ്ങല ഞാൻ പൊട്ടിച്ചിട്ടുണ്ട്. അങ്ങിനെ തുടച്ച്യായുള്ള നിർബ്ബന്ധംകൊണ്ടു അവളുടെ ഹൃദയത്തെയും ഞാൻ ജയിക്കും. കാലം എനിക്ക് അനുകൂലമാണു്."

ആയിടയ്ക്കു് ബാംഗ്ളൂരിലെങ്ങും ഒരു നടപ്പുപനി പടന്നുപിടിച്ചു. ശ്രീദേവിക്കും അതു പിടിപെട്ടു. കുപ്പൻ അവളെ ചികിത്സിക്കാനായി വിജയലക്ഷ്മി എന്നു പേരുള്ള ഒരു ലേഡിഡാക്ടരെ, ഏർപ്പാടുചെയ്തു. ഭർത്താവു മരിച്ചു 5 കൊല്ലം ദുഃഖിച്ചിരുന്നിട്ടു് വീണ്ടും വിവാഹം കഴിച്ച ഒരു ബ്രാഹ്മണവിധവയായിരുന്നു അവർ. കുപ്പൻ ശ്രീദേവിയോടു പറഞ്ഞു. "ഇവരെ നോക്കൂ. ഇവർ നല്ല കുടുംബത്തിൽ ജനിച്ച സൽസ്വഭാവിനിയായ ബ്രാഹ്മണസ്ത്രീ ആയിട്ടും വീണ്ടും വിവാഹം കഴിച്ചു. പിന്നെ നീ എന്തിനു് മടിക്കുന്നു?" ശ്രീദേവിക്കു് ഇതു് ഉള്ളിൽ തട്ടി. എങ്കിലും തങ്ങിനിന്നസംശയം ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി അവർ വിജയലക്ഷ്മിയോടു ചോദിച്ചു "ഞാൻ വീണ്ടും വിവാഹം കഴിക്കുന്നുവെന്നിരിക്കട്ടെ. ഞാൻ ചെയ്യുന്നതു് ശരിയായ പ്രവൎത്തിയായിരിക്കുമോ? ഭർത്താവു് എന്നെ ജീവിതാവസാനംവരെ ഉള്ളഴിഞ്ഞു സ്നേഹിക്കുകയും ഞാൻ അദ്ദേഹത്തേയും അതുപോലെ സ്നേഹിക്കുകയും ചെയ്ത സ്ഥിതിക്കു് എന്റെ പ്രവൃത്തി ഉചിതമായിരിക്കുമോ?"

വിജയലക്ഷ്മി മറുപടിപറഞ്ഞു: "അതു് എത്രയും ശരിയായിരിക്കും. എനിക്കും ഇതേ സംശയങ്ങൾ ഉണ്ടായിരുന്നതാണു്. എങ്കിലും ഒടുവിൽ ഞാൻ അവയെ ജയിച്ചു. ബന്ധം നിലനില്ക്കുന്നിടത്തോളം കൂറുകാണിക്കണമെന്നു മാത്രമേ ദൈവം മനുഷ്യരിൽനിന്നു പ്രതീക്ഷിക്കുന്നുള്ളു. സമുദായത്തിൽനിന്നു ലേശവും പ്രതിഷേധം അനുഭവപ്പെ

ടാതെയും മനസ്സാക്ഷി വേദനിക്കാതേയും മാന്യന്മാരായ എത്രയോ വിഭാര്യന്മാർ വീണ്ടും വിവാഹം കഴിക്കുന്നു! വിധവകൾക്കുമാത്രം വല്ലായ്മയും മനസ്സാക്ഷിനൊമ്പരവും ഉണ്ടാകേണ്ട കാര്യമെന്തു്? ഭർത്താവിൻെറ മൃതദേഹം ദഹിക്കുന്നതു നോക്കിനില്ക്കുന്ന ഭാര്യയോടു് വേദങ്ങൾപോലും പറയുന്നതു് ഈവിധമാണു്. "അല്ലയോ സ്ത്രീ, ചിതയിൽ സ്ഥിതിചെയ്യുന്ന നിൻെറ മരിച്ച ഭർത്താവിനെ വിട്ടിട്ടു് മുമ്പിൽ സ്ഥിതിചെയ്യുന്ന ഗൃഹത്തിലേയ്ക്കു മടങ്ങിപ്പോക്കൂ."

ശ്രീദേവിക്കു് കാര്യം ബോദ്ധ്യമായി. അവൾ കുപ്പനും ഒരുമിച്ചു താമസമാക്കി. അടിയന്തിരങ്ങളിൽ വിശ്വാസമില്ലാതിരുന്നതിനാൽ; അവനേയും അവൾ കല്യാണം കഴിച്ചില്ല. സർക്കസ് പിന്നെയും ആരംഭിച്ചു. ബാലുവിൻെറ സ്ഥാനത്തു് ഒരു സോമൻ നിയമിതനായി. മുമ്പിലത്തെപ്പോലെ കാഴ്ചക്കാരായി വളരെയാളുകൾക്കൂടി. കോമൻ എന്നത്തേയുംപോലെ സന്തുഷ്ടനായിത്തീർന്നു.

പിറേറക്കൊല്ലം, ശ്രീദേവിക്കു് കുപ്പനിൽ ഒരു പെൺകുഞ്ഞുജനിച്ചു. അവൾക്കു് അവർ ലളിത എന്നു പേരിട്ടു. ശ്രീദേവി അവളെ താലോലിച്ചുവളർത്തി. ആ കൊച്ചുപെൺകുട്ടിക്കു് അഞ്ചുവയസ്സായപ്പോൾ ശ്രീദേവി അവളെയും കമ്പിയിൽ നടക്കാൻ പഠിപ്പിച്ചു. ഇതും വളരെയേറെ കാണികളെ ആകർഷിച്ചു. കുപ്പനും ആദ്യമൊക്കെ ലളിതയോടു് വലിയ സ്നേഹമായിരുന്നു. എന്നാൽ അവൾക്കു് എട്ടുവയസ്സായപ്പോഴേയ്ക്കും അയാൾ ചീത്തക്കൂട്ടുകെട്ടിൽപ്പെട്ടു. അയാൾ കുടിയും മററു ദൂഷിച്ച നടപടികളും ആരംഭിച്ചു.

സോമനു ശ്രീദേവിയിൽ വലിയ ഭ്രമം കയറിയിരുന്നു. കുപ്പനെ കല്യാണം കഴിക്കുന്നതിനുപകരം, ബാലുവിൻെറ പിൻഗാമി എന്നനിലയിൽ അവൾ തന്നെ കല്യാണം

കഴിക്കേണ്ടതായിരുന്നു എന്നു കരുതി. അയാളുടെ അഭ്യൎത്ഥനകളെ ശ്രീദേവി തട്ടികളഞ്ഞിരുന്നതുകൊണ്ടും കുപ്പനെപ്പററിയുള്ള അയാളുടെ വിമൎശനത്തെ അവൾ എതിൎത്തിരുന്നതുകൊണ്ടും എട്ടുവൎഷത്തേക്കു് സോമൻ തൻെറ വികാരങ്ങളെ അടക്കിവച്ചു. എന്നാൽ അൎദ്ധരാത്രിക്കു കുടിച്ചുകൊണ്ടുവരുന്ന കോമൻ ശ്രീദേവിയേയും ലളിതയേയും യാതൊരു ദയയും വിചാരിക്കാതെ മൎദ്ദിക്കാൻ തുടങ്ങിയപ്പോൾ തൻെറ അവസരം കൈവന്നതായി അയാൾക്കു ബോദ്ധ്യമായി. അയാൾ ഇടപെട്ടു് മൎദ്ദനം അവസാനിപ്പിക്കുകയും മധുരപലഹാരങ്ങളും നാരങ്ങാമിഠായിയും നൽകി കുഞ്ഞിനെ ആശ്വസിപ്പിക്കുകയും ചെയ്തിരുന്നു. ഈ കാരുണ്യപ്രവൎത്തികൾകൊണ്ടും കൗശലംകൊണ്ടും അയാൾ ക്രമേണയെങ്കിലും സുനിശ്ചിതമായി ശ്രീദേവിയുടെ ഹൃദയത്തിൽ നുഴഞ്ഞുകയറി. എങ്കിലും അയാളുടെ അഭ്യൎത്ഥനകൾ അനുസരിക്കുന്നതിനു് അവൾക്കു് ചില തടസ്സങ്ങൾ ഉണ്ടായിരുന്നു.

അവളുടെ മനസ്സുമാററി എടുക്കുവാൻ സോമൻ ഒടുവിൽ ഒരു പണിചെയ്തു. സൎക്കസ്സ് തൃശ്ശിനാപ്പള്ളിക്കു മാററിയിരുന്നു. അതു തുടങ്ങുന്നതിനു് മൂന്നുദിവസംകൂടി ഉണ്ടായിരുന്നു. അതിനാൽ, അവിടെവച്ചു വീരസേന നടത്തിയ പാട്ടുകച്ചേരികേൾക്കാനായി അയാൾ ശ്രീദേവിയേയും ലളിതയേയും കൂട്ടിക്കൊണ്ടുപോയി. വീരസേനയെ വളരെ ചെറുപ്പത്തിൽതന്നെ സംഗീതവാസന ലേശവും ഇല്ലാത്ത ഒരു ഗ്രാമീണൻ കല്യാണംകഴിച്ചു. അവൾ അയാളുടെകൂടെ താമസിക്കാൻ ചെന്നപ്പോൾ, അവൾ പാടിക്കൂടെന്നു് അയാൾ വിലക്കി. "കല്യാണംകഴിച്ചപെണ്ണുങ്ങൾ പാടിക്കൂടാ!" എന്നു് അയാൾ അവളോടു പറഞ്ഞു. "ദേവദാസികൾ മാത്രമേ പാടൂ. കല്യാണംകഴിച്ചപെണ്ണുങ്ങൾ വീട്ടും കുഞ്ഞുങ്ങളേയുംനോക്കിക്കഴിയണം." അവൾ അയാളെ

ധിക്കരിച്ചുപാടാൻ തുടങ്ങിയപ്പോൾ, അയാൾ യാതൊരു ദയയുംകൂടാതെ അവളെ തല്ലി. അടുത്തതവണ പാടിയപ്പോൾ അയാൾ അവളുടെ രണ്ടുതുടകൾക്കും പഴുപ്പുവച്ചു. ഇനിയും പാടുന്നപക്ഷം നാക്കിൽ ചൂടുവയ്ക്കുമെന്നു പറയുകയുംചെയ്തു. അവൾ അയാളുടെ അടുത്തുനിന്നു ഓടി രക്ഷപ്പെട്ടു് നേരത്തെ പരിചയമുള്ള സംഗീതജ്ഞനായ ഒരു വക്കീലിൻെറ അടുത്തെത്തി. അയാൾ അവളെ വെപ്പാട്ടിയായി സ്വീകരിക്കുകയും, സംരക്ഷിക്കുകയും, സംഗീതത്തിൽ ഉപരിപഠനത്തിനു് സൗകര്യപ്പെടുത്തുകയും, റേഡിയോവിലും സിനിമയിലും പ്രവേശിക്കുവാൻ സൗകര്യമുണ്ടാക്കിക്കൊടുക്കുകയുംചെയ്തു. അങ്ങിനെ അവൾ ഒന്നാംകിട ഒരു താരമായി ഉയരുകയും ദശലക്ഷക്കണക്കിനു ജനങ്ങളുടെ വാത്സല്യപാത്രമായി ഭവിക്കുകയുംചെയ്തു. ഇൻറർവെൽ സമയത്തു് സോമൻ അവളുടെ കഥ ശ്രീദേവിയെ പറഞ്ഞു കേൾപ്പിച്ചു. എന്നിട്ടു് അവളോടുപറഞ്ഞു "ഭർത്താവിനെ ഉപേക്ഷിച്ചു ഓടിപ്പോയി ഇപ്പോഴത്തെബന്ധം പുലർത്തുന്നതിൽ ചിലയാളുകൾ അവളെ കുററപ്പെടുത്തുന്നുണ്ടെന്നതിൽ സംശയമില്ല. എങ്കിലും അവൾ, അവളുടെ മൂഢനായ ഭർത്താവൊന്നിച്ചു പാർത്തിരുന്നെങ്കിൽ, അവളെ ആരും അറിയുകയില്ലായിരുന്നു. അയാളുടെ അടികൊണ്ടു് ചെറുപ്പത്തിൽതന്നെ അവൾ മരിച്ചുപോകുമായിരുന്നു. എന്നാൽ, അവളിന്നു് ഇൻഡ്യയൊട്ടുക്കു പ്രശസ്തിസമ്പാദിച്ചവളും ദശലക്ഷക്കണക്കിനു ജനങ്ങളുടെ വാത്സല്യപാത്രവുമായിത്തീർന്നിരിക്കുന്നു."

ശ്രീദേവിക്കു് ഇളക്കംതട്ടി. അന്നുരാത്രി കുട്ടപ്പൻ കുടിച്ചുകൊണ്ടുവന്നു് അവളേയും ലളിതയേയും തല്ലുകയും, ഒരു ദേവദാസിയായ ബാലാമണിയുടെകൂടെ താമസിക്കുമെന്നു പറയുകയുംചെയ്തപ്പോൾ, അവൾ അയാളോടു പറഞ്ഞു. "പൊയ്ക്കോ, നിങ്ങൾ അവളുടെകൂടെപോയി താമസിച്ചുകൊള്ളൂ. പിന്നൊരിക്കലും മടങ്ങിവരരുതു്."

“എന്തു്!” കുടിയൻപറഞ്ഞു. “നിനക്കങ്ങിനെ പറയാനുള്ള തന്റേടം ഉണ്ടായോ!” എന്നുപറഞ്ഞു് അയാഠം ശ്രീദേവിയെ പിശ്ശാത്തികൊണ്ടുകുത്തി. കുത്തു അവളുടെ വലതു കൈയിൽകൊണ്ടു. ദശമാത്രം കുറച്ചുമുറിഞ്ഞു.

സോമനും മററും ഓടിയെത്തി ശ്രീദേവിയേയും ലളിതയേയും രക്ഷപ്പെടുത്തി. അവർ കുപ്പനെ പിടികൂടി, കുത്തിയ പിശ്ശാത്തിസഹിതം പോലീസ്സിനെ ഏല്പിച്ചു. കോടതി കുപ്പനെ വിസ്തരിച്ചു ഒരു വഷത്തേയ്ക്കു ജയിലിലയച്ചു. ശ്രീദേവിക്കു പത്തുദിവസമേ ആശുപത്രിയിൽ കിടക്കേണ്ടിവന്നുള്ളു. മുറിവു് ഉണങ്ങുകയാൽ അവളെ അതിനുശേഷം ആശുപത്രിയിൽനിന്നു വിടുതൽ ചെയ്തു.

പകുതി ഉപകാരസ്മരണകൊണ്ടും പകുതി ദയവിചാരിച്ചും അവഠം ലളിതയോടുകൂടി സോമൻ ഒരുമിച്ചു താമസമാക്കി. എങ്കിലും കുപ്പൻ മടങ്ങിവന്നു് പ്രതിക്രിയ ചെയ്യുമെന്നോത്തു് അവഠം എപ്പോഴും ഭയപ്പെട്ടാണു് കഴിഞ്ഞിരുന്നതു്.

മാസങ്ങഠം കഴിഞ്ഞു. ഊഞ്ഞാലിൽ അഭ്യാസങ്ങഠം കാണിക്കുവാനും ശ്രീദേവി പഠിച്ചു. “ഒരു സ്ത്രീയുടെ മരണച്ചാട്ടം കാണുക” എന്ന പരസ്യം സാധാരണജനങ്ങളെ ഇളക്കി. കളിക്കുള്ള പിരിവു കുതിച്ചുകയറി. നാല്പതടി ഉയരത്തിലുള്ള ഊഞ്ഞാലിൽനിന്നു് ഇരുപതടി അകലെയുള്ള മറെറാരു ഊഞ്ഞാലിലേയ്ക്കു് ശ്രീദേവി ചാടുമ്പോഠം കാണികഠം അത്ഭുതപ്പെടുകയും ആഹ്ലാദിക്കുകയും ചെയ്തിരുന്നു. അവഠം വീഴുന്നപക്ഷം, നിലത്തുവീഴാതെ പിടിക്കുന്നതിനുവേണ്ടി, ഒരു പരവതാനിയുമായി സോമനും കൂട്ടരും ചുവട്ടിൽ നില്ക്കുക പതിവായിരുന്നു.

സോമൻ ശ്രീദേവിയോടു കാര്യമായി പെരുമാറി. പക്ഷേ ലളിതയെ അയാഠം ഇഷ്ടപ്പെട്ടില്ല. ആ കൊച്ചുക

ട്ടിക്ക അച്ഛനായ കുപ്പനോടു ഗ്രഢമായ സ്നേഹമുണ്ടായിരുന്നു. കുപ്പനെ വഞ്ചിച്ചു അമ്മ സോമനൊന്നിച്ചു താമസിക്കുന്നതിനെ അവൾ എതിത്തു. അങ്ങിനെ അവൾ സോമനോടു വെറുപ്പുകാണിക്കുവാൻ തുടങ്ങി. സോമൻ ഇതു എളുപ്പം കണ്ടുപിടിക്കുകയും കൂട്ടപലിശയോടെ മടക്കിക്കൊടുക്കുകയും ചെയ്തു. അവൾ അമ്മയേയും വെറുക്കാൻ തുടങ്ങി. കൂടെക്കൂടെ അവൾ അമ്മയോടു് അച്ഛനെപ്പററി ചോദിച്ചു. അവളുടെ ഈ വാസനയെ യാതൊന്നുകൊണ്ടും അമത്തുവാൻ ശ്രീദേവിക്കു കഴിഞ്ഞില്ല. സോമൻ ലളിതയെ അങ്ങേയററം വെറുത്തിരുന്നെങ്കിലും ശ്രീദേവിക്കു് അവളോടുണ്ടായിരുന്ന സ്നേഹത്തിനു കുറവൊട്ടും സംഭവിച്ചില്ല. ലളിതയെ ആക്കെങ്കിലും ദത്തുകൊടുക്കണമെന്ന സോമൻെറ നിദ്ദേശം വളരെ ഭയപ്പാടോടെയാണു് ശ്രീദേവി ശ്രദ്ധിച്ചതു്. "എന്തു്! എൻെറ ഏകശിശുവിനെ ദത്തുകൊടുക്കണമെന്നോ! ഒരിക്കലുമില്ല!" എന്നവൾ വിളിച്ചുപറഞ്ഞു. അവളെ ഒരു കാൺവെൻറ് ബോർഡിംഗ് സ്കൂളിൽ അയയ്ക്കണമെന്ന നിദ്ദേശത്തിനു മറുപടിയായി ശ്രീദേവി പറഞ്ഞു. "ഞാൻ കുഞ്ഞിനെ പെററതു് ദൂരെ അയച്ചുകളയാൻവേണ്ടിയല്ല." സോമൻ ലളിതയെപ്പററി ദിവസവും അവളോടു ചർച്ചനടത്തി. തൻെറ പ്രതികൂലാഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്തു. ഈ അഭിപ്രായഭിന്നതകളിൽനിന്നു മററു ഭിന്നതകളും ജന്മമെടുത്തു. ഒരു ദിവസം സോമൻ ശ്രീദേവിയോടു വെട്ടിത്തുറന്നു ചോദിച്ചു. "നീ എന്നെയാണോ ലളിതയെയാണോ കൂടുതൽ സ്നേഹിക്കുന്നതു്?" ശ്രീദേവി പറഞ്ഞു. "ഞാൻ രണ്ടുപേരെയും സ്നേഹിക്കുന്നു. എങ്കിലും ഒരു ശകലം കൂടുതൽ സ്നേഹം ലളിതയോടാണു്. അവളെൻെറ സ്വന്തം കുഞ്ഞാണു്. നിങ്ങളെ അറിയാൻ തുടങ്ങുന്നതിനു വളരെ മുമ്പുതന്നെ അവളെ എനിക്കു അറിയുകയും ചെയ്യാം." സോമൻ ചുണ്ടു കടിച്ചു മിണ്ടാതിരുന്നു. അയാൾക്കു ശ്രീദേവിയോടുള്ള താല്പ

യ്യം കുറഞ്ഞുകുറഞ്ഞുവന്നു. ഇതെല്ലാം ഓൎത്തു് ശ്രീദേവിക്കു മനഃക്ലേശം ഉണ്ടായി. ഇതവളുടെ ജോലിയുടെ കാൎയ്യക്ഷമതയേയും ബാധിച്ചു.

സോമനെ മോചിപ്പിക്കുന്നതിനു ഒരാഴ്ചമുമ്പു് ശ്രീദേവി ഊഞ്ഞാലിൽനിന്നുള്ള മരണച്ചാട്ടത്തിൽ നിലത്തു വീണുപോയി. ശ്രദ്ധയില്ലാത്ത സോമനും മററുള്ളവരുംചേൎന്നു് പിടിച്ചിരുന്ന പരവതാനിക്കു് അവളെ താങ്ങിപ്പിടിക്കുവാനോ, അവളുടെ വീഴ്ച തടുക്കുവാനോ കഴിഞ്ഞില്ല. അവളുടെ രണ്ടു തുടയെല്ലുകളും ഒടിഞ്ഞു. അതിനാൽ അവളെ പെട്ടെന്നു ആശുപത്രിയിലേയ്ക്കു് കൊണ്ടുപോയി ഡാക്ടറന്മാർ അവളെ പരിശോധിച്ചു നോക്കിയിട്ടു മുറിവു ഭേദമാകുന്നതിനു ആറുമാസം പിടിക്കുമെന്നും, കമ്പിയിൽ നടക്കുവാനോ, ഊഞ്ഞാലിൽനിന്നു ചാടുവാനോ ഈജന്മം ഇനി സാദ്ധ്യമാകയില്ലെന്നും അഭിപ്രായപ്പെട്ടു.

ലളിത സോമന്റെറക്കൂടെയായിരുന്നു. അവളോടു് അവൻ താല്പൎയ്യം ഒട്ടും കാണിച്ചില്ല. ശ്രീദേവിയോടും അയാൾക്കു താല്പൎയ്യമില്ലായിരുന്നു. "അവൾ ജീവിതാവസാനംവരെ മുടന്തിയായിരിക്കും. അതിനാൽ അവൾ എനിക്കുചേരുകയില്ല." ശ്രീദേവികേൾക്കെത്തന്നെ അയാൾ കോമനോടു പറഞ്ഞു. ശ്രീദേവി തന്നെ ഏല്പിച്ചിരുന്ന സമ്പാദ്യംമുഴുവൻ കോമൻ അവൾക്കു കൊടുത്തു. സോമൻ ഈ തുക അവകാശപ്പെട്ടെങ്കിലും സോമൻ അതു നല്കുകയുണ്ടായില്ല. അങ്ങിനെ ശ്രീദേവിയെ സാമ്പത്തികമായ ബുദ്ധിമുട്ടുകളിൽനിന്നു കോമൻ മോചിപ്പിച്ചു.

അടുത്തയാഴ്ച, ത്രിച്ചിനാപ്പള്ളി സെൻട്രൽജയിലിൽനിന്നു കുപ്പൻ വിമുക്തനായി. അവൻ നേരേ സോമന്റെറ വീട്ടിലേയ്ക്കാണു ചെന്നതു്. ശ്രീദേവിയോടു പകരം ചോദിക്കണമെന്നായിരുന്നു അയാളുടെ ഉദ്ദേശം. എന്നാൽ അയാൾ കതകുതുറന്ന മാത്രയിൽ ലളിത കരഞ്ഞുകൊണ്ടു്

അയാളുടെ കരവലയത്തിലായി. അവൾ ശ്രീദേവിക്ക് എന്തു സംഭവിച്ചു എന്നു അയാളെ പറഞ്ഞുകേൾപ്പിച്ചു. കുട്ടിയുടെ യഥാത്ഥസ്നേഹത്തിൽ അയാളുടെ ഹൃദയം അലിഞ്ഞുപോയി. അയാൾ അവളെ ഓമനിക്കുകയും സമാശ്വസിപ്പിക്കുകയും ചെയ്തു. ശ്രീദേവിയോടു പകരം ചോദിക്കണമെന്ന അയാളുടെ നിശ്ചയത്തിനു ഇളക്കംതട്ടി. അയാൾ സ്വയം പറഞ്ഞു. "അവളെ ദൈവം ശിക്ഷിച്ചുകഴിഞ്ഞു. എന്തിനു ഞാനും ശിക്ഷിക്കുന്നു?"

ഈ സമയം സോമൻ അവിടെ എത്തി അയാളോടു ചോദിച്ചു. "നിങ്ങൾ ഇവിടെ എന്താണു ചെയ്യുന്നതു്?"

"എന്റെ മകളെ എടുക്കാനാണു ഞാൻ വന്നതു്" എന്നു കുപ്പൻ പറഞ്ഞു.

"അവളെ കൊണ്ടുപോകൂ ഇനിയും ഇങ്ങോട്ടു കൊണ്ടുവരരുതു്" സോമൻ പറഞ്ഞു. "അവളുടെ തള്ളയേയും എടുത്തുകൊള്ളു. ഇനിയും എനിക്കവളെ വേണ്ട."

"നിങ്ങൾ ഹൃദയമില്ലാത്ത ദുഷ്ടനാണു്." കുപ്പൻ പറഞ്ഞു.

"ജയിലിലിലയക്കുവാൻ പററിയ ഹൃദയം ഉണ്ടായതുകൊണ്ടു് എന്താണു വിശേഷം?" സോമൻ പരിഹാസപൂർവ്വം ചോദിച്ചു.

കുപ്പനു ദേഷ്യം വരികയാൽ, അയാൾ സോമനെ അടിക്കാൻ തയ്യാറായി. പക്ഷേ ലളിത അയാളെ പിടിച്ചു മാററിക്കളഞ്ഞു. അവൾ പറഞ്ഞു "അച്ഛാ നമുക്കു അമ്മയെ പോയിക്കാണാം. അയാൾ അയാളുടെ പാട്ടിനു പോകട്ടെ"

കുപ്പൻ ലളിതയുമൊന്നിച്ചു ശ്രീദേവിയെ കാണാനായി ആശുപത്രിയിലേയ്ക്കു പോയി. ദയനീയമായ ഒരു കാഴ്ച

യായിരുന്നു അവൾ. വ്യസനിച്ച്, ക്ഷീണിച്ച്, നൈരാശ്യം പൂണ്ട് രണ്ടു തുടയിലും പ്ലാസ്റ്റർവച്ചുകെട്ടി അവൾ അവിടെ കിടന്നിരുന്നു. ലളിതയെ കണ്ടപ്പോൾ അവളുടെ മുഖം പ്രസന്നമായി. എന്നാൽ കുപ്പനെ കണ്ടപ്പോൾ ആ പുഞ്ചിരി മാഞ്ഞുപോകുകയും ഭീതി പ്രകടമാകുകയും ചെയ്തു.

"എന്നെ എന്തുചെയ്താലും കുഞ്ഞിനെ ഉപദ്രവിക്കല്ലേ," എന്നവൾ പറഞ്ഞു.

"അതേപ്പററി പേടിക്കണ്ട അമ്മേ" ലളിത പറഞ്ഞു. "അച്ഛനു എന്നെ സ്നേഹമാണ്."

കുപ്പൻ ശ്രീദേവിയോടു പറഞ്ഞു. "ഞാൻ ലളിതയെ കൊണ്ടുപോകുകയാണ്. പന്ത്രണ്ടുമാസം ജയിലിൽവച്ച് മധുവജ്ജനം ശീലിച്ചതുകൊണ്ടു ഞാൻ കുടി ഉപേക്ഷിച്ചിരിക്കുകയാണ്. അതിനാൽ അവളെയോർത്തു നീ ഭയപ്പെടേണ്ട പക്ഷെ നിന്നെ എനിക്കുവേണ്ട. ദീനം സുഖപ്പെട്ടുകഴിഞ്ഞു് നീ ഇഷ്ടംപോലെ ജീവിച്ചുകൊള്ളു. നിന്നെ കൊന്നു പ്രതികാരം ചെയ്യണമെന്നാണു ഞാൻ വിചാരിച്ചിരുന്നതു്. ഇപ്പോൾ ദൈവംതന്നെ നിന്നെ ശിക്ഷിച്ച സ്ഥിതിക്കു് ഞാൻ ആ വിചാരം ഉപേക്ഷിച്ചു."

അവൾ മറുപടി പറഞ്ഞു. "ആ നിശ്ചയംപോലെ ചെയ്യൂ. ലളിതയെക്കൂടാതെ ജീവിക്കുവാൻ എനിക്കു നിവൃത്തിയില്ല. എനിക്കു് അവളെ നിത്യവും കാണണം. എനിക്കുള്ള ഏക ആശ്വാസം അവളാണ്. അവളില്ലെങ്കിൽ ചാകുകയാണു എനിക്കു നല്ലതു്."

എന്നും തനിക്കു അമ്മയെ കാണുവാൻ അനുവാദം തരണമെന്നു് ലളിതയും അച്ഛനോടു താണപേക്ഷിച്ചു. കുപ്പനു ദേഷ്യം വന്നു. അയാൾ അവളോടു പറഞ്ഞു "അങ്ങിനെയാണെങ്കിൽ നീ അമ്മയോടൊന്നിച്ചു താമസിച്ചോ."

"അങ്ങിനെയാകട്ടച്ഛാ" ലളിത പറഞ്ഞു.

കുപ്പൻ ദേഷ്യപ്പെട്ടു അവിടെനിന്നു പോയി.

ആശ്രുപത്രികാമ്പൗണ്ടിൽതന്നെ താമസമുള്ള ഒരു നഴ്സിൻെറകൂടെ ലളിതയെ താമസിപ്പിക്കുവാൻ ശ്രീദേവി ഏർപ്പാടുചെയ്തു. അവൾ ഊൺ സമയം ഒഴിച്ച് രാവും പകലും ശ്രീദേവിയൊന്നിച്ചു കഴിച്ചുകൂട്ടി. സോമൻ ഒരിക്കൽപോലും ശ്രീദേവിയെ കാണാൻ വരികയുണ്ടായില്ല. അവൾക്കും അയാളോടുള്ള ആസ്ഥ നഷ്ടപ്പെട്ടിരുന്നു. ഒരു മൂടന്തിയെക്കൊണ്ട് തനിക്കു ഒരു പ്രയോജനവുമില്ലെന്ന് അയാൾ പറഞ്ഞതോടെ അവളുടെ മായാമോഹമൊക്കെ അസ്തമിച്ചിരുന്നു. സക്സേസും സോമനും വേറൊരു പട്ടണത്തിലേയ്ക്കു മാറിയ വാർത്ത യാതൊരു വികാരവും കൂടാതെ അവൾ ശ്രവിച്ചു.

ഒരുമാസം കഴിഞ്ഞു്, കപ്പൻ ആശ്രുപത്രിയിലെത്തി ശ്രീദേവിയോടു പറഞ്ഞു. "എനിക്കും ലളിതയെക്കൂടാതെ ജീവിക്കുവാൻ നിവൃത്തിയില്ല. ആരെങ്കിലും സ്നേഹിക്കാനില്ലെങ്കിൽ, ജീവിതം എനിക്കു് ശൂന്യമാണു്. അതിനാൽ, ഇതിനടുത്തൊരു വീടു് ഞാൻ എടുത്തിരിക്കുന്നു. ഒരു കെട്ടിടംപണി കൺട്രാക്ടരുടെ ഫോർമാൻ ഉദ്യോഗവും എനിക്കുകിട്ടി. ലളിത എൻെറകൂടെ താമസിക്കട്ടെ. അവൾ നിത്യവും വന്നു നിന്നെ കണ്ടുകൊള്ളും."

"അങ്ങിനെയാകട്ടെ." ശ്രീദേവിപറഞ്ഞു. "എന്നെപ്പോലെ തന്നെ ശ്രീദേവിയെ നിങ്ങൾക്കും ആവശ്യമാണെന്നു തോന്നുന്നു."

ആ ദിവസംതന്നെ കപ്പൻ ലളിതയെ കൂടെക്കൊണ്ടുപോയി. വാക്കുപറഞ്ഞിരുന്നതുപോലെ അയാൾ നിത്യവും അവളെ ആശ്രുപത്രിയിൽ കിടക്കുന്ന ശ്രീദേവിയുടെ അടുത്തു കൊണ്ടുപോയി. ക്രമേണ, അയാൾക്കു് ശ്രീദേവിയോടു മുമ്പുണ്ടായിരുന്ന സ്നേഹം മടങ്ങിവരാൻ തുടങ്ങി. അവളും ലളിതയും തമ്മിലുള്ള ഗാഢമായ സ്നേഹബന്ധം ബോദ്ധ്യമായപ്പോഴേയ്ക്കും ശ്രീദേവിയോടുള്ള അയാളുടെ സ്നേഹത്തിൻെറ ശക്തി വർദ്ധിച്ചു.

മാസങ്ങൾ പെട്ടെന്നു കടന്നുപോയി. ധനുമാസത്തിലെ ഒരു പ്രഭാതത്തിൽ, ലോകം പച്ചയിൽ പൊതിഞ്ഞുനില്ക്കവേ, ചെടികൾ പൂവാട്ടനില്ക്കവേ, കിളികൾ അന്യോന്യം പ്രേമഗാനം ആലപിക്കവേ, ശ്രീദേവി ആശുപത്രിയിൽനിന്നു പുറത്തുവന്നു. കുപ്പനും ലളിതയുംചേൎന്ന് അവളെ അവരുടെ വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. കമ്പിയിൽ നടക്കാനോ, മരണച്ചാട്ടം ചാടാനോ കഴിയുമായിരുന്നില്ലെങ്കിലും അവളുടെ തുടകൾക്കു പൂൎണ്ണസുഖം കിട്ടിയിരുന്നു.

ഒരാഴ്ചകഴിഞ്ഞപ്പോൾ, കുപ്പൻ അവളോടു പറഞ്ഞു. "ലളിതയെഒത്തു് നാം കല്യാണം കഴിക്കണമെന്നാണു് എന്റെ അഭിപ്രായം." ശ്രീദേവിക്കു് വികാരം സംയമനം ചെയ്യാൻ കഴിഞ്ഞില്ല. അവൾ അയാളുടെ പാദങ്ങളിൽ വീണുപറഞ്ഞു "എനിക്കും അതുതന്നെയാണു് ആഗ്രഹം. നിങ്ങളോടു് അതു പറയാൻ ധൈൎയ്യമുണ്ടായില്ല എന്നേയുള്ളു"

അടുത്ത ഞായറാഴ്ച, ഹോമം, വേദമന്ത്രങ്ങൾ എന്നീ ചടങ്ങുകളോടെ ഒരു ആൎയ്യസമാജപുരോഹിതൻ അവരുടെ വിവാഹം നടത്തി. കുപ്പൻ ശ്രീദേവിയെക്കൊണ്ടു സപ്തപദി അനുഷ്ഠിപ്പിക്കുകയും കഴുത്തിൽ താലികെട്ടുകയും ചെയ്തു. ഈ ചടങ്ങുകളെല്ലാം താല്പൎയ്യപൂൎവം നോക്കിനിന്ന ലളിതയ്ക്കു് അത്യധികമായ ആനന്ദം തോന്നി.

അന്നുരാത്രി, ദാമ്പത്യമണിയറയുടെ മറവിൽവച്ചു്, കുപ്പനെ ആശ്ലേഷിച്ചുകൊണ്ടു ശ്രീദേവിപറഞ്ഞു:—"കമ്പിയിൽ നടന്നുനടന്നു് ഇന്നു ഞാനിതാ തീയിൽ നടക്കുന്നവളായിത്തീൎന്നിരിക്കുന്നു. ഇനിയും എനിക്കു് കാൽവഴുതുകയില്ല. തണുത്തുകഴിഞ്ഞാലും വണ്ടിച്ചക്രത്തോടു് ഒട്ടിച്ചേൎന്നിരിക്കുന്ന പഴുപ്പിച്ച ഇരുമ്പുപട്ടപോലെ നാം ഇപ്പോൾ മുതല്ക്കു് ഒന്നുചേൎന്നുപോയി."

# ആമയങ്ങൾ ഒന്നുചേരുന്നു

അഭേദ്യമായ ശുഭവിശ്വാസമുള്ള ചിലയാളുകളുണ്ടു. അത്യന്തം ഇരുണ്ട കാർമേഘത്തിലും സൂര്യപ്രകാശവും, കരിക്കട്ടപോലെ കറുത്ത അർദ്ധരാത്രികളും പകൽവെളിച്ചവും, അങ്ങേയററത്തെ ദുഃഖത്തിലും സന്തോഷത്തിന്റെ മുകുളങ്ങളും അവർ ദർശിക്കുന്നു. എന്റെ സുഹൃത്തായ മധുസൂദനൻ അക്കൂട്ടത്തിൽപെട്ട ഒരാളായിരുന്നു. പല വിഷയങ്ങളെപ്പററിയും സംസാരിച്ചുകൊണ്ടു്, ഒരു സായാഹ്നത്തിൽ പ്രസിഡൻസികാളേജുമുതൽ സാൻതോംവരെയുള്ള മനോഹരമായ മദ്രാസ്കടൽ പുറത്തു ഞങ്ങൾ നടക്കുകയായിരുന്നു. ക്വീൻമേരീസ്കാളേജിലെ മനോഹരമായ മന്ദിരങ്ങളുടെ സമീപത്തുകൂടി കടന്നുപോകുമ്പോൾ, ഒരു വാദപ്രതിവാദമദ്ധ്യേ എന്റെ സ്നേഹിതൻ പറഞ്ഞു. "ദുഃഖം ദുഃഖത്തോടുചേരുമ്പോൾ, രണ്ടും അലിഞ്ഞുപോകുന്നു."

"എന്തസംബന്ധം!" ഞാൻ പറഞ്ഞു. "ആ ചരക്കു് എന്റെയടുത്തു ചെലവാക്കാൻ നോക്കാതെ."

"എന്റെ പ്രസ്താവന ശരിയെന്നു ബോദ്ധ്യപ്പെടുത്തുവാൻ ശരിയായ തെളിവു ഹാജരാക്കാൻ എനിക്കു കഴിയും." അയാൾ പറഞ്ഞു. "നിങ്ങൾ തികച്ചും വിശ്വസിക്കുന്ന തെളിവുകൾ."

"നമുക്കതു് ഒന്നു പരിശോധിച്ചുകളയാം" അല്പംരസം തോന്നിയ ഞാൻ പറഞ്ഞു.

"അടുക്കടുക്കായി നില്ക്കുന്ന ആ കെട്ടിടങ്ങൾ നിങ്ങൾ കാണുന്നില്ലേ?" കാളേജിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് അയാൾ പറഞ്ഞു.

"തീച്ചയായും ഞാൻ കാണുന്നുണ്ട്" ഞാൻ പറഞ്ഞു. "പക്ഷെ നിങ്ങളുടെ തെളിവും അവയും തമ്മിലുള്ള ബന്ധം ഏന്താണു്?"

"ശ്രദ്ധിച്ചു കേൾക്കുക. എന്നിട്ട ബോദ്ധ്യപ്പെടുക. കഴിഞ്ഞ വ്യാഴാഴ്ച അവിടെ നടന്ന ഒരു യഥാത്ഥ സംഭവം തന്നെയാണു് എൻെറ തെളിവു്. അവ എൻെറ വാദം തെളിയിക്കുകയും ചെയ്യും."

"എന്നാൽ അങ്ങു പുറത്തുവിടു." ഞാൻ പറഞ്ഞു.

അയാൾ പറഞ്ഞു "കഴിഞ്ഞ വ്യാഴാഴ്ച വൈകുന്നേരം, ആ കാളേജിലെ സന്ദശകക്കുള്ള വരാന്തയിൽ, കമലയും അവളുടെ അച്ഛൻ സുബ്ബറാവുവും, കാന്തിയും അവളുടെ അമ്മ ചെല്ലമ്മാളും പ്രത്യേകം ഇരിക്കുകയായിരുന്നു. ഈ നാലുപേരല്ലാതെ വരാന്തയിൽ മററാരും ഉണ്ടായിരുന്നില്ല. ആ മാതാപിതാക്കൾ തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസം, കാളേജുജീവിതം, തുടങ്ങിയ കായ്യങ്ങളെപ്പററി കുട്ടികളുമായി സ്വതന്ത്രമായി ചച്ചചെയ്യുകയായിരുന്നു. അവർ ഇടയ്ക്കിടയ്ക്കു് മിന്നൽവേഗത്തിൽ അന്യോന്യം നോക്കിയിരുന്നു. ഇതുപോലെ ഇതിനുമുമ്പു് സന്ദശനത്തിനു വന്ന നാലു പ്രാവശ്യവും അവർ ഈ വിധം നോക്കിയിരുന്നു. ചെല്ലമ്മാളിനു ഉദ്ദേശം മുപ്പത്തിരണ്ടു വയസ്സു് പ്രായം ഉണ്ടായിരുന്നു. അവരുടെ മുഖം അഴകില്ലാത്തതായിരുന്നില്ല. ദുഃഖമാകുന്ന കാർപടലം അതിനെ മറച്ചുകളഞ്ഞിരുന്നു. സുബ്ബറാവുവിനു് അവളെക്കാൾ പത്തുവയസ്സു് പ്രായക്കൂടുതലുണ്ടായിരുന്നു. ദുഃഖവും ഉൽക്കണ്ഠയും ഉപേക്ഷയും പ്രദ്യോതിപ്പിക്കുമാറു് അയാളുടെ നെററിയിൽ ചുളികൾ

വീണിരുന്നു. കമലയ്ക്കു പതിനെട്ടും കാന്തിക്ക് പതിനാറും വയസ്സ് പ്രായമായിരുന്നു രണ്ടുപേരും നല്ല സ്നേഹിതക ളായിരുന്നു. ഒരു ഫർലാംഗ് അകലെ സ്ഥിതിചെയ്യുന്ന ഇന്ദ്രനീലനിറമാന്ന ബംഗാൾ ഉൾക്കടൽ, മുന്നിൽസ്ഥിതി ചെയ്യുന്ന തുറന്ന അങ്കണത്തിൽക്കൂടി അവൾക്ക് കാണാൻകഴി ഞ്ഞിരുന്നു.

തങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളെല്ലാം പറഞ്ഞുക ഴിഞ്ഞപ്പോൾ ചെല്ലമ്മാൾ മകളോടു ചോദിച്ചു "കുഞ്ഞേ, അവിടെ ഇരിക്കുന്ന ആ രണ്ടുപേരും ആരാണ്? ഇവിടെ വരുന്ന എല്ലാപ്രാവശ്യവും അവരെ ഞാൻ കാണു ന്നുണ്ടല്ലോ"

"ഓ, അതെൻെറ ഇഷ്ടതോഴി കമലയും അവളുടെ അച്ഛൻ സുബ്ബറാവുവുമാണ്." കാന്തി പറഞ്ഞു:

"കമലയ്ക്കു് അമ്മയുണ്ടോ?" ചെല്ലമ്മാൾ ചോദിച്ചു.

"ഇല്ല. അവർ പന്ത്രണ്ടുവർഷം മുമ്പു മരിച്ചുപോയി. അതിൽപിന്നെ സുബ്ബറാവു കല്യാണം കഴിച്ചില്ല. അദ്ദേ ഹത്തിന് ഒററയ്ക്കു താമസിക്കുന്നതിനു വലിയ മുഷിവുതോ ന്നുന്നു എന്നു പറയുന്നു. അതാണ് അദ്ദേഹം ഇവിടെ കൂടെക്കൂടെ വരുന്നതു്."

"എന്താണ് അദ്ദേഹം കല്യാണം കഴിക്കാത്തതു്?"

"അദ്ദേഹം തത്വമുള്ള ഒരു മനുഷ്യനാണ്. മരിച്ചു പോയ ഭാര്യയെപ്പോലെയുള്ള ഒരുത്തിയെയല്ലാതെ കല്യാ ണം കഴിക്കുകയില്ല എന്നാണു പറയുന്നതു്."

"അവരുടെ വിവാഹജീവിതം എങ്ങിനെയുള്ളതായി രുന്നു? കമല എപ്പോഴെങ്കിലും നിന്നോട്ട് അതേപ്പററി പ റഞ്ഞിട്ടുണ്ടോ?"

"എത്രയോപ്രാവശ്യം. ഇനിയും പറയരുതെന്ന് അവളോടു ഞാൻ പറഞ്ഞിട്ടുള്ള ഒരു കാൎയ്യമാണതു്. അക്കഥകളുടെ ഓരോ ഇഴയും അവൾ പറഞ്ഞിട്ടുണ്ടു്. അതിനിയും വിസ്തരിച്ചു പറയേണ്ട കാൎയ്യമേയില്ല."

"എന്താ, അതു് അത്രയ്ക്കു രസമില്ലാത്തതാണോ?"

"അല്ലല്ല. നേരേമറിച്ചു് അതു് എത്രയും അത്ഭുതകരവും രസപ്രദവുമാണു്. അറബിക്കഥകളാണെങ്കിലും പത്താംപ്രാവശ്യം വായിക്കുമ്പോൾ മുഷിയുമല്ലോ."

"അവരുടെ വിവാഹത്തെപ്പററിയും അതിൻെറ പൎയ്യവസാനത്തെപ്പററിയും കേൾക്കട്ടെ." ചെല്ലമ്മാൾ പറഞ്ഞു.

കാന്തി ഇങ്ങിനെ തുടങ്ങി. "സാമൂഹ്യകാൎയ്യങ്ങളിൽ സുബ്ബറാവു ഒരു വിപ്ലവകാരിയായിരുന്നു. അദ്ദേഹം നമ്മുടെ വിവാഹസമ്പ്രദായങ്ങളെ വെറുത്തു. സ്വയം പങ്കാളികളെ കണ്ടുപിടിക്കുവാൻ കഴിയാത്തവൎക്കുവേണ്ടി പങ്കാളികളെ കണ്ടുപിടിച്ചു കൊടുക്കവേതന്നെ, അനുരൂപരായ പങ്കാളികളെ കണ്ടുപിടിക്കുവാൻ കഴിയുന്നവരുടെമേൽ, ശാരിരികമായും മാനസികമായും, ധാൎമ്മികമായും അനുയോജ്യരല്ലാത്ത പങ്കാളികളെ സമുദായം കെട്ടിവയ്ക്കുന്നു എന്നാണു് അദ്ദേഹത്തിൻെറ ആക്ഷേപം."

"ശാരീരികമായും, മാനസികമായും, ധാൎമ്മികമായും എന്നോ? അതൊന്നു വിശദീകരിക്കൂ." ചെല്ലമ്മാൾ പറഞ്ഞു.

"ശാരീരികമായി അനുയോജ്യരല്ലെന്നു പറഞ്ഞതു് ഊമകളും, കുരുടന്മാരും, ബധിരന്മാരും ആയ കുട്ടികളെപ്പററിയാണു്. ആവശ്യമില്ലാത്തവരുടെമേൽ അവരെ കെട്ടി ഏല്പിക്കുകയാണു ചെയ്യുന്നതു്. കല്യാണംകഴിക്കുന്നവരുടെ ശരീരപ്രകൃതിക്കു് യോജിക്കാത്തവരേയും ഈ കൂട്ടത്തിൽ ഉൾപ്പെടുത്താം. എന്താണു് ഞാൻ പറയുന്നതെ

ന്ന് അമ്മയ്ക്കു മനസ്സിലായല്ലോ. നമ്മുടെ വീട്ടിലുള്ള കാമശാസ്ത്രഗ്രന്ഥം........."

"ഉവ്വ്, ഉവ്വ്. എനിക്കു മനസ്സിലായി." ചെല്ലമ്മാൾ വേഗം പറഞ്ഞു. "ഇനിയും തുടൎന്നു പറയൂ."

"മനസ്സുകൾ തമ്മിൽ ഒരിക്കലും യോജിക്കാത്തവരെ സംബന്ധിച്ചാണു് മാനസികമായി ചേരുകയില്ലാത്തവരെന്നു പറഞ്ഞതു്. ഏററവും ഉയൎന്ന വിദ്യാഭ്യാസമുള്ളയാൾ തീരെ വിദ്യാഭ്യാസമില്ലാത്തയാളെ വിവാഹം കഴിക്കുന്നു; ഏററവും ബുദ്ധിശാലി തീരെ മൂഢയായവളെ കല്യാണംകഴിക്കുവാൻ നിൎബ്ബന്ധിതയായി തീരുന്നു; അന്യരെ ആത്മാൎത്ഥമായും ശക്തിയായും സ്നേഹിച്ചുവന്ന ആത്മാക്കൾ തമ്മിൽ വിവാഹം കഴിക്കുവാൻ നിൎബ്ബന്ധിക്കപ്പെടുന്നു. ഇതും ഇതുപോലുള്ള മററു ബന്ധങ്ങളും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. സുഖം ഇഷ്ടപ്പെടുന്നവരും ശ്രമം ഇഷ്ടപ്പെടുന്നവരും തമ്മിലും, ലളിതസ്വഭാവികളും ഗംഭീരശീലരും തമ്മിലും ലൗകികജീവികളും ലോകാതീതജീവികളും തമ്മിലും, ക്രൂരുള്ളവരും അതില്ലാത്തവരും തമ്മിലും നിൎബന്ധിച്ചുനടത്തുന്ന വിവാഹത്തെയാണു് ധാൎമ്മികമായി പൊരുത്തമില്ലാത്തതെന്നു് പറഞ്ഞതു്.

"അതു് ചിത്തഅഭിപ്ര യമല്ല" ചെല്ലമ്മാൾ പറഞ്ഞു. "ഈ തത്വം സ്വീകരിക്കപ്പെട്ടിരുന്നെങ്കിൽ, വളരെയേറെ കഷ്ടതകളിൽനിന്നു് എനിക്കു മോചനംകിട്ടിയേനെ. നമ്മുടെ ഈ പ്രത്യേകജാതി സമുദായത്തിൽ, ആരോഗ്യപരമായും, മാനസികമായും, ധാൎമ്മികമായും അനുഗുണയായ ഒരുത്തിയെ കിട്ടാൻ അദ്ദേഹത്തിനുകഴിഞ്ഞില്ല എന്നു് എനിക്കു തോന്നുന്നു."

"നേരെമറിച്ചാണു്. അദ്ദേഹത്തിനു് ഒരു വിഷമതയും നേരിട്ടില്ല." കാന്തിപറഞ്ഞു "അദ്ദേഹം കമലയുടെ അമ്മ

യുമായി പ്രേമബന്ധത്തിൽപെട്ടു. അവർ അദ്ദേഹത്തിൻെറ അച്ഛൻെറ സ്നേഹിതൻെറ മകളായിരുന്നു. തേഡ്ഫാറംവരെ പഠിച്ചതേ ഉണ്ടായിരുന്നുള്ളൂ. അവരും അദ്ദേഹത്തെ പ്രേമിച്ചു. അവരുടെ പിതാക്കൾ പെട്ടെന്നുതന്നെ വിവാഹത്തിനു സമ്മതിക്കുകയുംചെയ്തു. വിവാഹം കഴിഞ്ഞുടനെ അദ്ദേഹം അവരോടുപറഞ്ഞു "ഓമനേ എനിക്കുള്ള എല്ലാ സ്വാതന്ത്ര്യവും അവകാശങ്ങളും നിനക്കും ഉണ്ടായിരിക്കും. നിന്നെ എന്നോടു തുല്യതയുള്ള സഹധർമ്മിണിയാക്കണമെന്നാണ് എൻെറ ആഗ്രഹം. എല്ലാം ഒത്തുമൂളുന്ന അടിമയാക്കാൻ എനിക്കാഗ്രഹമില്ല." "പ്രാണനാഥാ," അവർ പറഞ്ഞു "എനിക്ക് അങ്ങയെ അനുസരിക്കണമെന്നും, അങ്ങുപറയുന്നതെല്ലാം ചെയ്യണമെന്നും മാത്രമെ ആശയുള്ളു. അങ്ങ് എൻെറ നാഥനാണ്, ദൈവമാണ്." "ഓ അതെല്ലാം പഴകിയതും ചീഞ്ഞതുംആണ്." അദ്ദേഹം മറുപടിപറഞ്ഞു. നമുക്ക് "പുതിയയുഗത്തിനും ഇപ്പോഴത്തെ അന്തരീക്ഷത്തിൽ തങ്ങിനില്ക്കുന്ന സ്വാതന്ത്ര്യചിന്തയ്ക്കും അനുഗുണമായി മുന്നോട്ടു പോകാം." അവർ പറഞ്ഞു. തൻെറ അവകാശങ്ങൾ ഉപേക്ഷിച്ചു തൻെറ ആദർശത്തിന് ഒത്തുജീവിക്കുന്നതിനു സ്വാതന്ത്ര്യമെന്ന് അർത്ഥമുണ്ടെന്നു ഞാൻ കരുതുന്നു" "ഓമനേ, എൻെറവലയിൽ നീ എന്നെത്തന്നെ പിടിച്ചുകളയുന്നു എന്നതു് എത്ര അത്ഭുതകരമായിരിക്കുന്നു." അവരെ ആശ്ലേഷിച്ചു ചുംബിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു "നിൻെറ മാർഗ്ഗം അനുസരിച്ചു നീ മുന്നോട്ടുപോകുക. ആ രീതി ഭാരതീയവനിതകളുടെ രക്തത്തിൽതന്നെയുള്ളതാണ്. എന്തെങ്കിലും തീരുമാനം കൈക്കൊള്ളുമ്പോൾ, നിൻെറ താല്പര്യങ്ങൾ പരിരക്ഷിക്കുവാൻ ഞാൻ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു." "നാഥാ അങ്ങു് ആ വെള്ളക്കാരെ അനുകരിച്ചു്, എൻെറ താല്പര്യങ്ങളും അങ്ങയുടെ താല്പര്യങ്ങളും വേർതിരിച്ചു കരുതാതിരിക്കുക. എൻെറ താല്പര്യങ്ങൾ അങ്ങയുടെ താല്പര്യ

ങ്ങളാണ്; അങ്ങയുടേതു് എൻേറയും." അദ്ദേഹത്തെദേഹത്തോടണച്ചുകൊണ്ടു് അവർപറഞ്ഞു. അങ്ങിനെ അവരുടെ വൈവാഹികജീവിതം ആരംഭിച്ചു.

•

"സ്വർഗ്ഗം ഭൂമിയിലേയ്ക്കു് ഇറങ്ങിവന്നാൽ എങ്ങിനെയോ അപ്രകാരമായിരുന്ന ഏഴുവഷത്തേയ്ക്കു് ആ ദമ്പതികളുടെ വൈവാഹികജീവിതം. വിവാഹംകഴിഞ്ഞു മൂന്നാം വഷത്തിൽ കമല ജനിച്ചു. ഉൽക്കണ്ഠയോടെ കാത്തുനിന്ന പിതാവു് അവളെ സമ്മാനമായി ലഭിച്ചപ്പോഠം സന്തോഷംകൊണ്ടു് പറഞ്ഞുപോയി "എൻെറ ശരീരത്തിൻെറ അംശമേ, എൻെറ മനസ്സിൻെറ അഭിലാഷമെ, പുത്രൻ അച്ഛൻെറ അവതാരമാകുന്നു. കുഞ്ഞു നൂറുവഷം ജീവിച്ചിരിക്കട്ടെ." തൻെറ ആദ്യസന്താനം ഒരു പുത്രനല്ലല്ലോ എന്നോത്തു് അമ്മയ്ക്കു് അല്പം കുണ്ഠിതമുണ്ടായിരുന്നു. അദ്ദേഹം മകനെപ്പററിസൂചിപ്പിച്ചപ്പോഠം അവർപറഞ്ഞു. "പ്രാണനാഥ, ഇതൊരുമകനായിരിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു." സുബ്ബറാവുപറഞ്ഞു ഇതു പെണ്ണോ ആണോ ആയതുകൊണ്ടു് നമുക്കു് എന്താണു്? ഏതുകുഞ്ഞു ജനിച്ചാലും അതു നമ്മേ തമ്മിൽ ബന്ധിക്കുന്ന സുവണ്ണശൃംഖലയും നമ്മുടെ രണ്ടുപേരുടേയും അനാദികാലംമുതല്ക്കുള്ള നമ്മുടെ പൂർവ്വികരുടേയും ഒന്നുചേൎന്നുള്ള പ്രതിരൂപവും ആയിരിക്കും. സ്വഗ്ഗത്തിൽ വേരുറച്ചിട്ടുള്ള ജീവിതവല്ലി, ഇവിടെ ചുവട്ടിൽ പുതിയ പുതിയ പ്രതാനങ്ങഠം നീട്ടിക്കൊണ്ടേയിരിക്കും. ത്വക്കും മാംസവും രക്തവും അമ്മയിൽനിന്നും, അസ്ഥിയും പേശിയും മജ്ജയും അച്ഛനിൽനിന്നും ശിശുക്കഠംക്കു ലഭിക്കുന്നു എന്നു് നമ്മുടെ സ്മൃതികാരൻ പറഞ്ഞിട്ടുള്ളതു ശരിയാണു്. ആൺശിശുക്കഠംക്കു വേണ്ടിയുള്ള ആത്തി വളരെ പുരാതനകാലംമുതല്ക്കേ ഇൻഡ്യയെ ബാധിച്ചിട്ടുള്ള ഒരു ശാപമാണു്. നമ്മുടെ സ്ത്രീകഠംമൂലമാണു് നമ്മുടെ വഗ്ഗവും സംസ്കാരവും നിലനിന്നു

പോന്നതെന്നു് മൂഢരായ നാം ഗ്രഹിക്കുന്നില്ല. ഭാരതമാതാവിന്റെ പുത്രിയിലാണു് നമ്മുടെ എല്ലാ ആശയും അധിഷ്ഠിതമായിട്ടുള്ളതു്. അവസരസേവകനും സാധാരണമട്ടിൽ ചിന്തിക്കുന്നവനും ആയ പുരുഷൻ ഉദ്യോഗത്തിനു വേണ്ടി അലഞ്ഞുനടക്കുകയും, വയറിനോ അതേക്കാൾ നികൃഷ്ടമായ വസ്തുക്കൾക്കോ വേണ്ടി ജാതിക്കലഹം ഉണ്ടാക്കുകയും, എല്ലാവിധ ഉദാരമനോഭാവങ്ങളെയും അടിച്ചമൎത്തുകയും ചെയ്യുമ്പോൾ, ആദൎശവതിയായ സ്ത്രീ ഒരു കുതിക്കു് എല്ലാതടസ്സങ്ങളേയും ഭേദിക്കുകയും അത്യുന്നതമായതിനുവേണ്ടി നിലകൊള്ളുകയുംചെയ്യും. രാജ്യത്തെ വഞ്ചിച്ച ജയചന്ദ്രൻ വിദേശികളെ ക്ഷണിച്ചുവരുത്തിയപ്പോൾ, അയാളുടെ പുത്രിയായ സംയുക്ത ഭൎത്താവൊന്നിച്ചുനിലകൊള്ളുകയും, മാതൃഭൂമിയെ രക്ഷിക്കാനുള്ള സകല ആശകളും നഷ്ടപ്പെട്ടുന്നു എന്നുകണ്ടു് വീരോചിതമാംവിധം യാഗാഗ്നിയിൽ ചാടുകയുംചെയ്തു. ചഞ്ചലചിത്തനായ രത്തൻസിംഗ്, തന്റെ പത്നിയും അനശ്വരയുംആയ പത്മിനിയെ അലാവുദീനു് വിട്ടുകൊടുക്കാമെന്ന നീചമായ തീരുമാനം കൈക്കൊള്ളാൻ തുടങ്ങിയപ്പോൾ, പത്മിനിയാണു് പ്രഭുക്കന്മാരേ ഉൽബോധിപ്പിക്കുകയും പ്രതിരോധം സംഘടിപ്പിക്കുകയുംചെയ്തു രാജസ്ഥാന്റെ അഭിമാനം കാത്തുരക്ഷിച്ചതു്. യുദ്ധരംഗത്തുനിന്നു് ഒളിച്ചോടിയ ജസ്വന്തസിംഗ് തന്റെ കോട്ടയുടെ വാതിൽ തുറന്നുകൊടുക്കുവാൻ ആവശ്യപ്പെട്ടപ്പോൾ, അതു തന്റെ ഭൎത്താവായിരിക്കാൻ ഇടയില്ലെന്നും അദ്ദേഹം അത്തരം ഭീരുവല്ലെന്നും പറഞ്ഞതു് അദ്ദേഹത്തിന്റെ പത്നിയാണു്. ഡെൽഹിയേയും ബീജാപൂരിനേയും ധിക്കരിക്കുക എന്ന സംഭാവ്യതയോൎത്തു് ശിവജിയുടെ ഉപദേഷ്ടാവായ ബ്രാഹ്മണൻ കിടുകിടാവിറച്ചുകൊണ്ടു നിന്നപ്പോൾ, ആ വീരനെ കൎമ്മനിരതനാക്കിത്തീൎത്തതു് ജീജിഭായിയാണു്. ഇൻഡോറിനുവേണ്ടി പല തലമുറയിൽപെട്ട ആൺനാട്ടുവാഴികൾക്കു ചെയ്യാൻ കഴി

യാഞ്ഞകാര്യങ്ങരം സ്ത്രീയായ അഹല്യാഭായി നിർവ്വഹിച്ചു. ഉദയപൂരിലെ മഹാറാണയും അദ്ദേഹത്തിൻെറ സാമന്തന്മാരും ജീവൻ ഉപേക്ഷിക്കവാൻ സന്നദ്ധമല്ലായിരുന്നപ്പോരം, സുന്ദരിയായ കൃഷ്ണകുമാരി ഭാഗ്യഹീനയായ മാതൃരാജ്യത്തെ നാശത്തിൽനിന്നു രക്ഷിക്കുവാൻവേണ്ടി സന്തോഷപൂർവ്വം വിഷപാനംചെയ്തു. ഇത്രയൊക്കെയായിട്ടും കൂടുതൽകൂടുതൽ ആൺകുഞ്ഞുങ്ങരംക്കുവേണ്ടിയുള്ള പരിദേവനം തുടരുകതന്നെചെയ്യുന്നു.

അവരം പറഞ്ഞു: "പ്രാണനാഥ, നമുക്കു് ഇപ്പോരം ഒരു പെൺകുട്ടിയെ ലഭിച്ച സ്ഥിതിക്കു് ഒരു ആൺകുഞ്ഞിനുവേണ്ടി മോഹിക്കുന്നതു പാപമാകുമോ?"

"ആകും." അയാരം പറഞ്ഞു. "അതു നമ്മുടെ നിയന്ത്രണത്തിലുള്ള കാര്യമല്ല. അതിനാൽ സംഭവിച്ചതോർത്തു് വ്യസനിക്കുകയോ, സാദ്ധ്യമാവാൻ ഇടയില്ലാത്ത കാര്യം ആശിക്കുകയോ അരുതു്. ഓമനേ, ജനിക്കുന്നതു് ആണോ, പെണ്ണോ ആയതുകൊണ്ടു് നമുക്കു് എന്തു സംഭവിക്കാനാണു്? എങ്കിലും പഴയ അന്ധവിശ്വാസം എളുപ്പത്തിൽ പറിച്ചെറിയാൻ പാടില്ലാത്തവിധം നിന്നിൽ വേരുപിടിച്ചിരിക്കുന്നു എന്നു് എനിക്കു തോന്നുന്നു."

"അതു ശരിയാണു്." അവരം പറഞ്ഞു. "അതു പറിച്ചുകളയുവാൻ ഞാൻ കഴിവതു യത്നിക്കാം. നമ്മുടെ കമലയ്ക്കു് ആകാവുന്നത്ര ഉന്നതവിദ്യാഭ്യാസം നമുക്കു നൽകുകയും ചെയ്യാം."

"ഏഴുവഷം കഴിഞ്ഞപ്പോരം ദശലക്ഷക്കണക്കിനു് ജനങ്ങളെ ബാധിച്ച ജ്വരം ആ ദിക്കിൽ പടൎന്നുപിടിച്ചു. കമലയുടെ അമ്മയ്ക്കും ജ്വരബാധയുണ്ടായി. സുബ്ബറാവു അവരെ നിരന്തരം ശുശ്രൂഷിച്ചു. എങ്കിലും ഫലമൊന്നും ഉണ്ടായില്ല. ദീനംവന്നു മൂന്നുദിവസത്തിനുശേഷം അവ

രുടെ നില വഷളായിത്തുടങ്ങി. സുബ്ബറാവു അത്യധികം വ്യസനിച്ചു. അദ്ദേഹം അവരുടെ കിടക്കയ്ക്കരികിൽനിന്നു ഒരിക്കലും മാറിയില്ല ഒരു കുട്ടിയെപ്പോലെ അദ്ദേഹം കരഞ്ഞു.

അവർ പറഞ്ഞു: "കരയാതെ. അങ്ങു വ്യസനിക്കുന്നതുകണ്ടു് എൻെറ ഹൃദയം വേദനിക്കുന്നു. പഠിപ്പും അറിവും ഇല്ലാത്തതുകൊണ്ടു് അങ്ങേയ്ക്കു് ഒരു സഹായമായിത്തീരുന്നതിനുപകരം ഞാൻ അങ്ങേയ്ക്കു് ഒരു ഭാരമായാണു് തീന്നതെന്നു് എനിക്കറിയാം."

"അങ്ങിനെപറയാതെ." അദ്ദേഹം പറഞ്ഞു. "ഞാൻ കാണാൻ കൊള്ളാവുന്ന താമരമാത്രമാണു്. ഞാൻ ഭംഗിയും ജീവശക്തിയും വലിച്ചെടുത്തിരുന്ന ചെളിയാകുന്നു. നീ ഓമനേ, പിരിയുവാൻ തുടങ്ങുന്ന ഈ ഘട്ടത്തിൽ, എനിക്കു തരാൻ എന്തു സന്ദേശമാണു നിനക്കുള്ളതു്?"

"കമലയെ നല്ലപോലെനോക്കിവളർത്തു." എന്നവർ പറഞ്ഞു.

"അതായിരിക്കും എൻെറ ആദ്യചിന്ത" അദ്ദേഹം പറഞ്ഞു. "എനിക്കായി എന്തെങ്കിലും തരാനുണ്ടോ?"

"അങ്ങയേയും കമലയേയും നോക്കി രക്ഷിക്കുവാൻ കഴിയുന്ന ഏതെങ്കിലും സ്ത്രീ എൻെറ സ്ഥാനം സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു."

"അതൊരിക്കലും ഉണ്ടാകയില്ല." അദ്ദേഹം പറഞ്ഞു. "മററൊരാൾക്കു് നിൻെറ സ്ഥാനം സ്വീകരിക്കുവാൻ സാദ്ധ്യമല്ല."

അവർ പറഞ്ഞു. "അങ്ങിനെയാണു് ഇപ്പോൾ തോന്നുന്നതു്. എങ്കിലും യഥാർത്ഥം പറഞ്ഞാൽ, അസാദ്ധ്യമായോ, പകരം സ്ഥാനം സ്വീകരിക്കാൻ സാദ്ധ്യമല്ലാത്ത

തായോ ലോകത്തിൽ ഒന്നുംതന്നെയില്ല. പ്രകൃതിയിൽ ശൂന്യാവസ്ഥ വർജ്ജ്യമാണു്. ഏതു വിലപ്പെട്ട സാധന ത്തിനും പകരം വസ്തുക്കൾ കണ്ടെത്താവുന്നതാണു്. ഒരു കൊച്ചുകുഞ്ഞുപോലും ഉപേക്ഷിച്ചുപോകുന്ന അമ്മയെ മറ ന്നുപോകുന്നു. നഴ്സ് ആ സ്ഥാനം സ്വീകരിക്കുകയും ചെയ്യുന്നു."

"അതു സാധാരണയാളുകളെ ബാധിക്കുന്ന കാര്യമാ ണു്. എനിക്കതു ബാധകമല്ല," അദ്ദേഹം പറഞ്ഞു.

"നാഥാ, അങ്ങു വിശേഷപ്പെട്ട എന്തോ ആണെന്നു് അങ്ങ് യഥാർത്ഥമായും വിശ്വസിക്കുന്നുണ്ടോ? അങ്ങേയ്ക്കു് ഇത്രയേറെ വിദ്യാഭ്യാസം ഉണ്ടായിരുന്നിട്ടും, ജനകീയമായ വീക്ഷണഗതി ഉണ്ടായിരുന്നിട്ടും, വൈകാരികമായ പ്രത്യാ ഘാതത്തെ സംബന്ധിച്ചു് അങ്ങയ്ക്കു് സാധാരണന്മാരുടെ ഗുണങ്ങളിൽനിന്നു വ്യത്യസ്തമായ ഗുണങ്ങളാണുള്ളതെന്നു് കരുതുന്നതു് അതിശയമായിരിക്കുന്നു. വീണ്ടും കല്യാണം കഴിക്കുന്നതിൽ തെററു് അല്പവുമില്ല; എന്താ ഉണ്ടോ?"

"ഇല്ല." അദ്ദേഹം പറഞ്ഞു. "എങ്കിലും നിന്നോ ടുള്ള ക്രൂറു് എന്നെ നിന്നോടു് ബന്ധിച്ചു നിർത്തുന്നതായി രിക്കും."

"അതു് അപകടം പിടിച്ച ഒരു വാദഗതിയാണു്. അങ്ങു വളരെ വാശിയോടെ വാദിക്കുന്ന വിവാഹ സമ്പ്രദായത്തിനു് എതിരുമാണതു്. പുരുഷൻ ക്രൂരുള്ളവ നായിരിക്കണമെങ്കിൽ, വർഗ്ഗത്തിൻെറ മാതാവായ സ്ത്രീ എത്രത്തോളം ക്രൂരുള്ളവളായിരിക്കണം?"

"ശരിതന്നെ." അദ്ദേഹം പറഞ്ഞു "എങ്കിലും നി ന്നെപ്പോലുള്ള ഒരുത്തിയെ ഞാൻ ഒരിക്കലും കണ്ടുമുട്ടുകയി ല്ല. മററുതരത്തിൽപെട്ടവരെ വിവാഹംകഴിക്കണമെന്നു് എനിക്കു ആഗ്രഹവുമില്ല."

"അതിനോടു ഞാൻ യോജിക്കുന്നില്ല. ഒരുജാതി പഴം മാത്രം ഭക്ഷിക്കുന്ന ഒരുത്തൻ, മററൊന്നു ഭക്ഷിക്കാൻ ഇടയാകുന്നതുവരെ ആദ്യത്തേതാണ്" ഏററവും നല്ലതെന്നു കരുതുന്നു. അതിൻെറ കാലം കഴിയുന്നതുവരെ, ലോകത്തിലേയ്ക്കുവച്ചു ഏററവും മധുരമുള്ള പഴം മാങ്ങയാകുന്നു. അതു കഴിഞ്ഞാൽ, പിന്നത്തിച്ചക്ക അതിൻെറ മാധുര്യം ആസ്വാദിപ്പിക്കാൻ തൽസ്ഥാനത്തുവരുന്നു. എന്നെപ്പോലെയല്ലാത്ത ഒരു സ്ത്രീയെ—ജീവിതം മുഴുവൻ നീണ്ടുനിന്നയാതനകൾ ഞെക്കിഞെരിച്ച ഒരുവളെ—അങ്ങു ഒരവസരത്തിൽ കണ്ടുമുട്ടിയെന്നും സ്വരമാധുരി വീണയോടെന്നപോലെ അവൾ അങ്ങയുടെ ഹൃദയതന്ത്രികളിൽ മനോഹരധ്വനി ഉളവാക്കികൊണ്ടു അങ്ങയോടു യോജിച്ചുവെന്നുംവരാം. അപ്പോൾ അങ്ങേ ലോകത്തിലിരിക്കുന്ന ഞാൻ അങ്ങേയ്ക്കു ഒരു പുതിയ കൂട്ടുകാരിയേയും കമലയ്ക്കു ഒരമ്മയേയും ലഭിച്ചല്ലോ എന്നോർത്ത് ആഹ്ലാദിക്കും."

സുബ്ബറാവു കരഞ്ഞതല്ലാതെ ഒന്നും പറഞ്ഞില്ല.

"എന്താണ്" അദ്ദേഹം കരഞ്ഞതു്?" ചെല്ലമ്മാൾ ചോദിച്ചു.

"അവർ പ്രവചിച്ചതിൻെറ സാദ്ധ്യതയെപ്പററി അദ്ദേഹം ആലോചിച്ചിരിക്കും." കാന്തി പറഞ്ഞു.

"എത്ര ശക്തിയായ ഭാഷാപ്രയോഗമായിരുന്നു കമലയുടെ അമ്മയുടേതു്!" ചെല്ലമ്മാൾ പറഞ്ഞു. "യാതനനിറഞ്ഞ ജീവിതം ഞെരിച്ചുകളഞ്ഞ ഏതോ ദുഃഖിതയായസ്ത്രീ! എന്തിന്, അതു് എനിക്കും എത്രയും ശരിയായി യോജിക്കുമല്ലോ." അവളുടെ കണ്ണുകൾക്കു് തിളക്കം വർദ്ധിച്ചു.

"എന്താ അമ്മേ, നിങ്ങൾ വികാരാധീനയായല്ലോ." കാന്തി പറഞ്ഞു.

"കുഞ്ഞേ, ഇളകിപ്പോകാതിരിക്കാൻ ആൎക്കും സാദ്ധ്യമല്ല. തുടരൂ." ചെല്ലമ്മാൾ പറഞ്ഞു.

"കാന്തി തുടൎന്നു. ഒരുമിനിട്ടുകഴിഞ്ഞു സുബ്ബറാവു പറഞ്ഞു നിന്നെയല്ലാതെ ഒരു സ്ത്രീയേയും ഞാൻ പ്രേമപൂൎവ്വം കടാക്ഷിച്ചിട്ടുപോലുമില്ല."

"എങ്കിൽ അങ്ങു് ഒന്നു മനസ്സിലാക്കണം. അങ്ങു് അപ്രകാരം ചെയ്വാൻ തുടങ്ങുന്നമാത്രയിൽ കമലയ്ക്കു് ഒരമ്മയെ കണ്ടെത്താനുള്ള അവസരമായി എന്നു ധരിക്കണം." എന്നവർ പറഞ്ഞു.

"മൂന്നുമണിക്കൂർ കഴിഞ്ഞപ്പോൾ അവൾക്കു ബോധമില്ലാതായി. പിന്നെയും ഒരുമണിക്കൂർ കഴിഞ്ഞപ്പോൾ ഒരക്ഷരംപറയാതെ, എന്നാൽ ഭൎത്താവിനോടും മകളോടും കണ്ണുകൊണ്ടു യാത്രചോദിച്ചുകൊണ്ടു അവർ ഇഹലോകം വെടിഞ്ഞു. അതിൽപിന്നെ സുബ്ബറാവു കമലയുടെ അച്ഛനും അമ്മയും ആണു്. അദ്ദേഹം ഇന്നുവരെ മറെറാരു സ്ത്രീയെ പ്രേമപൂൎവ്വം കടാക്ഷിച്ചിട്ടില്ലെന്നാണു് അവൾ പറയുന്നതു്."

"അതവൾക്കെങ്ങിനെ അറിയാം. അതവൾക്കെങ്ങിനെഅറിയാം?" ചെല്ലമ്മാൾ ചോദിച്ചു.

"ഓ, അദ്ദേഹത്തിനു് അവളിൽനിന്നു ഒളിച്ചുവയ്ക്കാൻ രഹസ്യമൊന്നുമില്ല. താൻ ഏതെങ്കിലും ഒരു സ്ത്രീയെ സ്നേഹിക്കുവാൻ തുടങ്ങിയാലുടൻ അവളെ വിവരം അറിയിച്ചുകൊണ്ടു് ആ സ്ത്രീയെ കല്യാണംകഴിക്കുന്നതാണെന്നു അദ്ദേഹം അവളോടു പറഞ്ഞിട്ടുമുണ്ടു്."

"ഇതേപ്പററി കമലയുടെ അഭിപ്രായം എന്താണു്?" ചെല്ലമ്മാൾ ചോദിച്ചു

"അദ്ദേഹം വീണ്ടും കല്യാണംകഴിക്കുന്നതിൽ അവൾക്കു വളരെ തൃപ്തിയാണുള്ളതു്. ആ വിവാഹം ശരിക്കു ചേ

രുന്ന ഒരുത്തിയോടായിരിക്കണമെന്നോ അവൾക്ക ആഗ്രഹമുള്ളു. കഴിഞ്ഞ ഒരുദിവസം അവൾ നേരംപോക്കായി പറയുകയാണ്, അദ്ദേഹം നിങ്ങളെ കല്യാണംകഴിച്ചിരുന്നുവെങ്കിൽ ഞങ്ങൾക്ക രണ്ടുപേക്കും ഒരുമിച്ചു താമസിക്കാമായിരുന്നുവെന്നു്."

ചെല്ലമ്മാളിന്റെ മുഖം കടുതായി ചുമന്നു തുടുത്തതു കണ്ടപ്പോൾ കാന്തി അത്ഭുതപ്പെട്ടുപോയി.

"അമ്മേ, ഞാൻ കമലയുടെ ബാലിശമായ ഈ അഭിപ്രായം പറയാൻ പാടില്ലാത്തതായിരുന്നു."

പക്ഷേ ചെല്ലമ്മാൾ പറഞ്ഞു "അതോത്തു വിഷമിക്കാതെ" പിന്നെ അവൾ സുബ്ബറാവുവിന്റേയും കമലയുടേയുംനേരെ നോക്കി. അവളുടെ ദൃഷ്ടികൾ സുബ്ബറാവുവിന്റെ ദൃഷ്ടികളിൽത്തന്നെ പതിച്ചപ്പോൾ അവൾ വീണ്ടും തുടുത്തുപോയി. അവൾ പറഞ്ഞു "നോക്ക കാന്തി, കമലയും സുബ്ബറാവുവും നമ്മെത്തന്നെ നോക്കുന്നു. അവർ എന്താണു പറയുന്നതെന്നു നിനക്ക വിചാരിക്കാൻ കഴിയുമോ?"

"അതു നിങ്ങളേയും നിങ്ങളുടെ ദാമ്പത്യജീവിതത്തേയുംപററിയാണെങ്കിൽത്തന്നെ എനിക്ക അത്ഭുതം തോന്നുകയില്ല." കാന്തി പറഞ്ഞു.

ഇപ്പറഞ്ഞതു് എത്രയും ശരിയായിരുന്നു.

സുബ്ബറാവുവിന്റെ കഥകൾ, ചെല്ലമ്മാൾ കാന്തിയിൽനിന്നു കേട്ടുകൊണ്ടിരുന്നപ്പോൾ, സ്വന്തകാര്യങ്ങൾ പറഞ്ഞവസാനിപ്പിച്ച കമലയോടു ചോദിച്ചു "അവിടെ ഇരിക്കുന്നവർ ആരാണു്? ഞാൻ നിന്നെ കാണാൻവന്ന കഴിഞ്ഞ മൂന്നുനാലുപ്രാവശ്യമായി അവരെ ഞാൻ കാണുന്നു. എങ്കിലും മുറിയിൽ ധാരാളം ആളുകളുണ്ടായിരുന്നതുകൊണ്ടു നിന്നോടു അതു ചോദിക്കുവാൻ എനിക്ക കഴിഞ്ഞി

ല്ല. ഇപ്പോൾ നാം നാലുപേരുമാത്രം ഉള്ളതുകൊണ്ടും, അവർ രണ്ടുപേരും നമ്മുടെ വർത്തമാനം കേൾക്കാൻ പാടി ല്ലാത്തവിധം അകലെയായതുകൊണ്ടും ഞാനിതു ചോദിക്കു ന്നതാണ്."

"ഓ, അതെൻെറ കൂട്ടുകാരിയായ കാന്തിയാണ്. മററ വർ അവളുടെ അമ്മയായ ചെല്ലമ്മാളും." കമല പറഞ്ഞു.

"കാന്തിയുടെ അച്ഛൻ ആരാണ്?" സുബ്ബറാവു ചോ ദിച്ചു.

"അയാളൊരു ജന്തുവായിരുന്നു. ഒരു ജന്തുവിനെക്കാൾ ഒട്ടും ഭേദമല്ലായിരുന്നു അയാൾ", കമല പറഞ്ഞു.

"അപ്പോൾ, അയാൾ ഇപ്പോഴില്ല?"

"ഇല്ല. ലോകത്തിൻെറ ഭാഗ്യംകൊണ്ടും പുറമെ കാ ണുന്ന സംഭവങ്ങൾക്കു പിന്നിലിരുന്നുകൊണ്ടു ലോകത്തെ ഭരിക്കുന്ന ശക്തിയുടെ നന്മ തെളിയിക്കുവാൻ വേണ്ടിയും ആറുവർഷത്തിനുമുമ്പു അയാൾ മരിച്ചുപോയി."

"അപ്പോൾ അവൾ വളരെയേറെ കഷ്ടതകൾ അനു ഭവിച്ചിരിക്കണമല്ലോ.' സുബ്ബറാവു പറഞ്ഞു.

"ആ ജന്തു ജീവിച്ചിരുന്നപ്പോൾ, ജീവിതം അവക്കു നരകമായിരുന്നു. നിരന്തരവും ഒട്ടും ആശ്വാസം ലഭിക്കാ ത്തതുമായ യാതനകളാണ് അവർ അനുഭവിച്ചതു്. അങ്ങു ശ്രദ്ധിച്ചിരിക്കാവുന്നതുപോലെ അവരുടെ മുഖത്തു് ദുഃഖ ത്തിൻെറ ചിഹ്നം ഇപ്പോഴും കാണാവുന്നതാണ്."

"ഉണ്ടു്, ഞാൻ ശ്രദ്ധിച്ചിട്ടുണ്ടു്" സുബ്ബറാവു പറഞ്ഞു "ജീവിതം മുഴുവൻ നീണ്ടുനിന്ന യാതനകൾ ഞെക്കിഞെരി ച്ച ഒരു ജീവിതമാണ് അവർ നയിച്ചതു്."

കമല പറഞ്ഞു "എൻ്റമ്മയുടെ വാക്കുകൾ. അവർ എൻ്റെ അമ്മയുടെ സ്ഥാനം സ്വീകരിക്കുമെന്നു ഞാൻ പ്രതീക്ഷിക്കട്ടെ?"

സുബ്ബറാവുവിൻ്റെ മുഖം തുടുത്തുപോയി. പരിഭ്രമവും ഉണ്ടായി. "കുഞ്ഞേ" അയാൾ പറഞ്ഞു "ഞാൻ അതു പറഞ്ഞപ്പോൾ, അതു നിൻ്റെ അമ്മയുടെ വാക്കുകളാണെന്നു ഞാൻ ഓർത്തതേ ഇല്ല."

"അതുകൊണ്ടു സാരമില്ല" കമല പറഞ്ഞു "നാം സംസാരിച്ചുകൊണ്ടുനിന്നപ്പോൾ അങ്ങു പല പ്രാവശ്യം ഏറുകണ്ണുകൊണ്ടു നോക്കുന്നതുകണ്ടു ഞാൻ നേരംപോക്കു പറഞ്ഞതാണു്. അവരും ഇങ്ങോട്ടു നോക്കുന്നുണ്ടായിരുന്നു."

സുബ്ബറാവുവിൻ്റെ മുഖം പിന്നെയും തുടുത്തു. അയാൾ പറഞ്ഞു "ഇപ്പോഴത്തെ കാളേജുപെൺകിടാങ്ങളുടെ രീതികൾ അങ്ങേയററമായി പോകുന്നു."

"ഞങ്ങൾക്കെന്തുകൊണ്ടു അങ്ങേയററമായി പൊയ്ക്കൂടാ. ഞങ്ങൾക്കെന്തുകൊണ്ടു അതിർത്തികളേയും ഭേദിച്ചു പൊയ്ക്കൂടാ? അച്ഛാ, അങ്ങു എന്നും സ്ത്രീസ്വാതന്ത്ര്യത്തിനുവേണ്ടിയും വികസിക്കാനുള്ള അവരുടെ അവകാശത്തിനുവേണ്ടിയും വാദിച്ചിരുന്നതാണല്ലോ. ഇപ്പോൾ അങ്ങയുടെ അഭിപ്രായങ്ങൾ മാറിപ്പോയോ?"

"ഇല്ല, ഓമനേ. ഞാൻ ആ പഴയ സുബ്ബറാവുതന്നെയാണു്. നിനക്കറിയാമെങ്കിൽ, കാന്തിയുടെ അമ്മയുടെ വിവാഹജീവിതത്തെപ്പററി കേട്ടാൽ കൊള്ളാമായിരുന്നു."

"അതേപ്പററി അറിയാമെന്നോ! എനിക്കു തോന്നുന്നതു് ചെല്ലമ്മാളിനെക്കാൾ കൂടുതലായി അതെല്ലാം എനിക്കറിയാമെന്നാണു്. എന്തെന്നാൽ ചെല്ലമ്മാൾക്കു അറി

യാമായിരുന്നതെന്നു തോന്നിയതെല്ലാം അവർ കാന്തിയോടു പറഞ്ഞിരുന്നു. കാന്തി എന്നോടും പറഞ്ഞു. കാന്തിയോടു ഇതേപ്പററി വേറെയും പലരും സംസാരിച്ചിട്ടുണ്ടു്. ഈ കൂട്ടൽ അറിവു എനിക്കുള്ളതുകൊണ്ടാണു കാന്തിയേക്കാൾ കൂടുതൽ എനിക്കറിയാമെന്നു ഞാൻ അവകാശപ്പെട്ടതു്."

"എന്നാൽ അതങ്ങു പറയൂ." സുബ്ബറാവു പറഞ്ഞു

കമല ഈവിധം ആരംഭിച്ചു: ചെല്ലമ്മാൾ ഒരു ഗ്രാമാദ്ധ്യാപകന്റെ മകളായിരുന്നു. അച്ഛനിൽനിന്നു അവർ അല്പം വിദ്യ അഭ്യസിച്ചിരുന്നു. അദ്ദേഹത്തിന്റെ സ്കൂളിൽ പോയും അവർ പഠിച്ചിരുന്നു. പന്ത്രണ്ടു വയസ്സായപ്പോഴേയ്ക്കും അവർ കുറെ ഇംഗ്ലീഷും മാതൃഭാഷയും വശമാക്കി. അതു കഴിഞ്ഞു് സമ്പന്നമെന്നു പേരുകേട്ട ഒരു വീട്ടിലെ ഒരു ചെറുപ്പക്കാരനു അവരെ കല്യാണംചെയ്തുകൊടുത്തു. അവർ വീട്ടിൽ കാലെടുത്തുവച്ച ദിവസംമുതൽ ഭർത്താവു് അവരെ ഹിംസിക്കുവാൻ തുടങ്ങി. അവരുടെ പുസ്തകങ്ങളും നോട്ടുപുസ്തകങ്ങളും അയാൾ വെറുത്തു. ഒരുവർഷം തികയുന്നതിനുമുമ്പുതന്നെ അവയെല്ലാം കൂട്ടിയിട്ടു അയാൾ തീയിട്ടു. എന്തെങ്കിലും കാരണമുണ്ടാക്കി അയാൾ എപ്പോഴും അവരെ മർദ്ദിച്ചിരുന്നു വിഷയാസക്തനായ ഒരു മൃഗമായിരുന്നു അയാൾ. ഭർത്താവിനു തോന്നുമ്പോഴൊക്കെ ഉപയോഗിക്കാനുള്ള വസ്തുവാണു ഭാര്യയെന്നായിരുന്നു അയാളുടെ ധാരണ. അഞ്ചുപ്രാവശ്യം മട്രിക്കുലേഷൻ പരീക്ഷയിൽ തോററ അയാൾ, ആശ്രമം ഉപേക്ഷിച്ചിരിക്കുകയായിരുന്നു. തീററിക്കൊതിയനായ അയാൾ, അവർ പാകപ്പെടുത്തിയ എന്തിനേയുംപററി കുററം പറഞ്ഞിരുന്നു. അവരോടു് അയാൾക്കു ലേശവും കൂറുണ്ടായിരുന്നില്ല. അവർ ലേശം പ്രതിഷേധിച്ചാൽമതി അയാൾ യാതൊരു ദയയും വിചാരിക്കാതെ അവരെ അടിക്കും. "ഞാൻ നിന്റെ നാഥ

നം, യജമാനനും, ഭൂമിയിലെ ദൈവവും അല്ലേ?"ഒരവസരത്തിൽ അയാറം അവരോടു ചോദിച്ചു. "അങ്ങു് ഭൂമിയിലെ എൻെറ ദൈവമാണു്" എന്നവർ ഇതിനു മറുപടി പറഞ്ഞു. "അതുകൊണ്ടാണു നീ ഈ ചീത്തസമ്പ്രദായങ്ങറം ഉപേക്ഷിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നതു്!"എന്നുപറഞ്ഞു അവരെ അയാറം വീണ്ടും വളരെ മക്ഷിച്ചു. ഓരോ ദിവസം ചെല്ലുംതോറും അയാളുടെ ദുർഗ്ഗുണങ്ങളും ക്രൂരതയും വദ്ധിച്ചുവന്നു. കുടിപോലെതന്നെ ഭാൎയ്യയെ തല്ലും അയാളുടെ നിത്യസ്വഭാവമായിത്തീൎന്നു കുട്ടി ജനിച്ചിട്ടും ഇതിനു മാററം സംഭവിച്ചില്ല. ഭാൎയ്യയെ ഇഷ്ടപ്പെട്ടിരുന്നതിൽ കൂടുതലായൊന്നും ആ ജന്തു കുഞ്ഞിനെ സ്നേഹിച്ചിരുന്നില്ല. തൻെറ വിഷയാസക്തിയിൽനിന്നു്, താൻആഗ്രഹിക്കാതെയും തനിക്കു് ആവശ്യമില്ലാതെയും ഉണ്ടായ ഒന്നാണെന്നേ അയാറം ആ കുഞ്ഞിനെ കണക്കാക്കിയിരുന്നുള്ളൂ. അടി പതിവുപോലെ തുടൎന്നുപോയി. പ്രതിവിധിയായി ചെല്ലമ്മാറം ഉപവാസവും പ്രാൎത്ഥനയും പരീക്ഷിച്ചുനോക്കി. എന്നാൽ അതുമൂലം അവർ കൂടുതൽ ക്ഷീണിക്കുകയും പതിവുള്ള അടി പിടിക്കുവാൻ കൂടുതൽ അശക്തയായി ഭവിക്കുകയും ചെയ്തു. അതിനാൽ ആ പരീക്ഷണങ്ങറം അവർ ഉപേക്ഷിച്ചു. അവർ അയൽക്കാരോടു പരാതിപ്പെടുകയും അവരുടെ അനുഭാവം അൎത്ഥിക്കുകയും ചെയ്തു. അവർ പറഞ്ഞു "പെണ്ണുങ്ങളായ നാം ഇങ്ങിനെ കഷ്ടത അനുഭവിക്കണം. അതാണു നമ്മുടെ തലേലെഴുത്തു്. ഭൎത്താക്കന്മാക്കു ബോധിച്ചതു ചെയ്വാൻ നമുക്കു അനുവദിക്കാതെ തരമില്ല" "എങ്കിലും ഈ പോക്കു് സമ്മതിച്ചുകൊടുക്കുവാൻ പാടില്ലാത്തതായി തീരുന്നുവല്ലോ" എന്നു ചെല്ലമ്മാറം പറഞ്ഞു. "അസഹ്യമായി യാതൊന്നുമില്ല. കാലം ചെല്ലുമ്പോറം നിങ്ങറംക്കു അതു ശീലമായിത്തീരും" എന്നു് അവർ പറഞ്ഞു. "ഈവിധം ക്രൂരമായി പെരുമാറുന്ന ഭൎത്താക്കന്മാർ ദൈവം ആകുന്നതെങ്ങിനെ?" ചെല്ലമ്മാറം

ചോദിച്ചു. "എന്തുകൊണ്ടു പാടില്ല? നമ്മുടെ പുരാണങ്ങളിലെ ചില ദേവന്മാർ ഇതിലും ക്രൂരമായി പ്രവർത്തിച്ചിട്ടില്ലേ?" അവർ ചോദിച്ചു. "ശക്തികുറഞ്ഞവർ നിശ്ശങ്കമായി എപ്പോഴും അനുസരിക്കണമെന്നു് ശക്തന്മാർ ആവശ്യപ്പെടുന്നു." ഇതുകേട്ട ചെല്ലമ്മാൾ പറഞ്ഞു: "ഈ പരിതഃസ്ഥിതികളിൽ ശക്തിഹീനത ഒരു കുററമായിത്തീർന്നിരിക്കുന്നതുകൊണ്ടു് നാം സംഘടിച്ചു എതിർക്കണം." അവർ പറഞ്ഞു. "എത്ര നിഷ്പ്രയോജനമായ സ്വപ്നം! അത്തരം സംഘടനയിൽ ആരു ചേരും?" അതിൽ ചേരേണ്ട ആവശ്യമില്ലാത്തവിധം വളരെപ്പേർക്കും സുഖമാണു്. അതിൽ ചേരുന്നപക്ഷം വീട്ടിലെ സ്ഥിതി പിന്നെയും വഷളായിത്തീരുമെന്നു വളരെയേറെപ്പേർ കരുതുന്നു. "അതു ശരിയാണു്. പിന്നെ ഞാനെന്താണു ചെയ്യേണ്ടതു്?" ചെല്ലമ്മാൾ ചോദിച്ചു. "ക്ഷമയോടെ എല്ലാം സഹിക്കുക. അയാളെ നിസ്സന്ദേഹമായി അനുസരിക്കുക" എന്നു് അവർ പറഞ്ഞു. ഈ ചർച്ചകളെപ്പററി കേട്ടറിഞ്ഞ ഭർത്താവു അന്നു രാത്രി അവളെ പതിവിലേറെ കഠിനമായി മർദ്ദിച്ചു. അതു കൊണ്ടു മതിവരാതെ, അന്നു് ആദ്യമായി അയാൾ കുഞ്ഞിനേയും ഉപദ്രവിക്കാൻ തുടങ്ങി. ചെല്ലമ്മാളുടെ ഹൃദയം വിജൃംഭിച്ചു. കുഞ്ഞിനെ രക്ഷിക്കാൻ പാഞ്ഞടുക്കുന്ന പെൺകടുവായെപ്പോലെ ചെല്ലമ്മാൾ കാന്തിയെ രക്ഷിക്കാനായി പാഞ്ഞടുത്തു. അവരുടെ ക്ഷമയുടെ അണക്കെട്ടു് പെട്ടെന്നു പൊട്ടിപ്പോയി ഒതുക്കിനിർത്തിയിരുന്ന മുഴുവൻ ദേഷ്യവും പകരം വീട്ടാനുള്ള ആഗ്രഹവും അവരെ കീഴ്പ്പെടുത്തി. ആ പിശാചിന്റെ കൈയിലിരുന്ന കമ്പു പിടിച്ചെടുത്തു്, അയാളുടെ വിശാലമായ മുതുകിൽ അവർ മൂന്നുനാലു അടി വച്ചുകൊടുത്തു. ആ തെണ്ടി വേദനകൊണ്ടുപുളഞ്ഞുകരഞ്ഞു. എന്നിട്ടു അടുപ്പിൽനിന്നു വിറകുകൊള്ളി എടുക്കാനായി അയാൾ പാഞ്ഞു. ചെല്ലമ്മാൾ കാന്തിയേയും എടുത്തുകൊണ്ടു് വീട്ടിനു വെളിക്കു കടന്നു. അന്നു

രാത്രി കരുണയുള്ള ഒരു അയൽവീട്ടിൽ അവരം കഴിച്ചുകൂട്ടി. പിറേറദിവസം അവർ അച്ഛൻെറ വീട്ടിലേയ്ക്കു പോയി. അച്ഛൻ അവരെ ട്രെയിനിംഗിന് അയയ്ക്കുകയും ഒരു പെൺപള്ളിക്കൂടത്തിൽ അവൾക്കു ജോലി സമ്പാദിച്ചുകൊടുക്കുകയും ചെയ്തു. ഭർത്താവെന്നു പറയുന്ന ആ ജന്തു പിന്നെയും കല്യാണം കഴിച്ചു. ചെല്ലമ്മാളിനെ ഉപേക്ഷിച്ചു ഒരു കൊല്ലം കഴിയുന്നതിനകം, രോഗാണുക്കരം നിറഞ്ഞ ഭക്ഷണം ആർത്തിയോടെ തിന്നുകയാൽ കാളറാപിടിച്ചു ചാകുകയും ചെയ്തു. രണ്ടാമത്തെ ഭാര്യയോടും വ്യത്യസ്തമായ രീതിയിലല്ല അയാരം പെരുമാറിയിരുന്നത്. അവളുടെ മാതാപിതാക്കന്മാർ ദരിദ്രരായിരുന്നതിനാൽ, അവരംക്കു പോകാൻ ഇടം എങ്ങുമുണ്ടായിരുന്നില്ല. അതിനാൽ ആ ജന്തു ചാകുന്നതുവരെ ആ വീട്ടിൽത്തന്നെ കഴിച്ചുകൂട്ടേണ്ടിവന്നു. ചെല്ലമ്മാരം ഇപ്പോരം നഗരത്തിലെ ഒരു സ്കൂളിൽ അധ്യാപികയാണ്. അവൾക്കു സാമാന്യം സുഖവുമാണ്. എങ്കിലും അവരുടെ വിവാഹജീവിതം ഇന്നും അവൾക്ക് ഒരു ദുസ്വപ്നമായിട്ടാണ് അനുഭവപ്പെടുന്നത്."

"സാധുസ്ത്രീ തനിച്ചേ ഉള്ളു എന്ന തോന്നൽകൊണ്ടു അവർ എപ്പോഴും ആലോചനാമഗ്നയായി കഴിയുകയായിരിക്കണം" എന്നു സുബ്ബറാവു പറഞ്ഞു.

"അച്ഛാ, അങ്ങും അങ്ങിനെയാണല്ലോ." കമല പറഞ്ഞു.

സുബ്ബറാവു പിന്നെയും ലജ്ജിതനായി. "നമ്മുടെ നിയമങ്ങളും ആചാരങ്ങളും എത്ര അസംബന്ധമായി ഭവിച്ചിരിക്കുന്നു!" അയാരം പറഞ്ഞു. "നമുക്കെല്ലാം ആകാവുന്നത്ര അസന്തുഷ്ടി ഉളവാക്കണം എന്ന നിർബ്ബന്ധത്തോടെ കണ്ടുപിടിക്കപ്പെട്ടതാണോ അവ എന്നു തോന്നിപ്പോകുന്നു. എങ്കിലും നശ്വരന്മാരും പാവങ്ങളുമായ നമുക്കു് എന്തു ചെയ്യാൻ കഴിയും?"

"നാം ശ്രമിക്കുന്നുണ്ടോ?" കമല ചോദിച്ചു.

"എങ്ങിനെ! അവരുടേതുപോലുള്ള കഷ്ടതകൾ ഇല്ലായ്മചെയ്യുവാൻ നമുക്കു എന്തു ചെയ്വാൻ കഴിയും?" സുബ്ബറാവു ചോദിച്ചു.

"അവർ ഇപ്പോൾ സ്വതന്ത്രമായിരിക്കുന്നസ്ഥിതിക്കു്, അവരെ ഏതെങ്കിലും വിഭാര്യൻ വിവാഹം കഴിക്കുമെങ്കിൽ അതുകൊണ്ടു രണ്ടുപേക്ഷും പ്രയോജനം ഉണ്ടാകും." എന്നവൾ പറഞ്ഞു.

"അവൾ കല്യാണംകഴിക്കുമോ?" അയാൾ ചോദിച്ചു.

"ഏതു സ്ത്രീയാണു് അങ്ങിനെ ചെയ്യാത്തതു്?" കമല ചോദിച്ചു. "തക്കതായ ആളിനെ കിട്ടുന്നതിനെ ആശ്രയിച്ചാണു് അക്കാര്യം സ്ഥിതിചെയ്യുന്നതു്."

"ആരാണു് തക്കതായ ആൾ?" സുബ്ബറാവു ചോദിച്ചു.

"ഉദാഹരണത്തിനു അങ്ങയെപ്പോലുള്ള ഒരാൾ എന്നു പറയാം." അവൾ പറഞ്ഞു.

സുബ്ബറാവു അഗാധമായ ലജ്ജനിമിത്തം വീണ്ടും തുടുത്തു. കമല സന്തോഷപൂർവ്വം ഈ വസ്തുത ശ്രദ്ധിച്ചു. അവൾ പറഞ്ഞു "അച്ഛാ, അമ്മ മരിച്ചതിൽപിന്നെ അങ്ങു തനിച്ചേ ഉള്ളു. വളരെ മനോവേദനയും അനുഭവിക്കുന്നുണ്ടു്. അങ്ങു വീണ്ടും എന്തുകൊണ്ടു കല്യാണംകഴിച്ചു സുഖമായി ജീവിക്കുന്നില്ല?"

"എന്റെ കുഞ്ഞേ, നിനക്കു് വല്ലായ്മ ഒന്നും തോന്നുകയില്ലേ?" സുബ്ബറാവു ചോദിച്ചു.

"വല്ലായ്മയോ! ഞാൻ അതിൽ സന്തോഷിക്കും." കമല പറഞ്ഞു.

"ഓമനമകളേ, നീ തങ്കമല്ലയോ? നിൻെറ അമ്മയെ പ്പോലെതന്നെ സ്വാൎത്ഥചിന്തയില്ലാത്തവളാണുനീ." സുബ്ബ റാവു പറഞ്ഞു.

"കാന്തിയും ചെല്ലമ്മാളും വൎത്തമാനം പറഞ്ഞുതീൎന്നു. അവർ നമ്മെ നോക്കിക്കൊണ്ടിരിക്കുന്നു. നമുക്കു അവരു ടെ അടുത്തേയ്ക്കു ചെല്ലാം." കമല പറഞ്ഞു.

ചെല്ലമ്മാളും കാന്തിയും ഇരുന്നിടത്തേയ്ക്കു് സുബ്ബറാവു വും കമലയും ചെന്നു. കമല പറഞ്ഞു "ഇദ്ദേഹം എൻെറ അച്ഛനാണു്. സുബ്ബറാവു എന്നു പേർ. അച്ഛാ, ഇതെ ൻെറ കൂട്ടുകാരി കാന്തിയാണു്." കാന്തി കമലയോടു പറ ഞ്ഞു. "ഇതെൻെറ അമ്മയാണു്. ചെല്ലമ്മാളെന്നാണു പേരു്."

സുബ്ബറാവുവും ചെല്ലമ്മാളും പരസ്പരം വന്ദനം പറഞ്ഞു.

"എത്ര നല്ല സായാഹ്നം! നമുക്കു് കടൽക്കരയിൽ ഒന്നു ഉലാത്തിക്കൂടെ?" ചെല്ലമ്മാളെ അൎത്ഥസൂചകമായി നോക്കിക്കൊണ്ടു സുബ്ബറാവു മകളോടു ചോദിച്ചു.

"നല്ല കാൎയ്യംതന്നെ." കമല പറഞ്ഞു. പിന്നെ കൂട്ടു കാരിയുടെനേരെ തിരിഞ്ഞിട്ടു അവൾ ചോദിച്ചു. കാന്തീ, നീ വരുന്നോ?"

"അമ്മേ, നിങ്ങളെന്തുപറയുന്നു?" കാന്തി ചോദിച്ചു.

"ഓ, എനിക്കു സന്തോഷംതന്നെ." ശൃംഗാരസൂച കമായി സുബ്ബറാവുവിനെ കടാക്ഷിച്ചുകൊണ്ടു ചെല്ലമ്മാൾ മറുപടിപറഞ്ഞു "ഉൾനാടുകളിൽനിന്നു വരുന്ന ഞങ്ങൾക്കു കടലിൻെറ മാടിവിളിയെ നിരസിക്കുവാൻ സാദ്ധ്യമല്ല.

വേഗംതന്നെ നാലുപേരും വെള്ളത്തൊട്ടിയുടെ സമീ പംഎത്തി. കമല കാന്തിയെ കൈയ്യുംവലിച്ചു അടുപ്പിച്ചു

കൊണ്ടു പറഞ്ഞു. "കാന്തി, നമുക്കീ മണലിൽ ഓടിനോക്കാം" രണ്ടുകുട്ടികളും മണലിൽക്കൂടിഓടി. അവരുടെ മാതാപിതാക്കൾ സ്വാഭാവികമായിത്തന്നെ പിന്നിലായിപ്പോയി. അവർ നടക്കുകയായിരുന്നു.

"ഓടാൻപാടില്ലാത്തവിധം നാം വയസ്സായിപ്പോയി." സുബ്ബറാവു പറഞ്ഞു.

"അതേ." ചെല്ലമ്മാൾ പറഞ്ഞു "സഹോദരിമാരെപ്പോലെ ആ കുട്ടികൾ അന്യോന്യം സ്നേഹിക്കുന്നു."

"എന്തുകൊണ്ടു അവൎക്കങ്ങിനെ ചെയ്തുകൂടാ?" സുബ്ബറാവു ചോദിച്ചു.

"മുജ്ജന്മത്തിൽ അവർ ഒരുപക്ഷെ യഥാൎത്ഥമായും സഹോദരികളായിരുന്നിരിക്കണം" ദൈവദൂതിയെപ്പോലെ മന്ദഹസിച്ചുകൊണ്ടു ചെല്ലമ്മാൾ അഭിപ്രായപ്പെട്ടു.

"നാം എന്തായിരുന്നു?" സുബ്ബറാവു ചോദിച്ചു അല്പം ലജ്ജയോടെ ചെല്ലമ്മാൾ തലതിരിച്ചുകളഞ്ഞു. മറുപടിയൊന്നും പറഞ്ഞുമില്ല. പെൺകുട്ടികൾ ദൂരവാരഅകലെ വെച്ചു ഓട്ടംനിൎത്തി കിതച്ചുകൊണ്ടുനിന്നു. അവരെ കണ്ടിട്ടു സന്തുഷ്ടരായ ദമ്പതിമാരെപ്പോലെ തോന്നുന്നു." കമല കാന്തിയോടു പറഞ്ഞു "അവർ വരിയായി ചേൎന്നുവരുന്നു. കൂട്ടായി വരുന്നതിൽ അന്യോന്യം സന്തോഷിക്കുന്നതുപോലെയും തോന്നുന്നു. അവൎക്ക് എന്തുകൊണ്ടു യഥാൎത്ഥദമ്പതികളായിരുന്നുകൂടാ?" കാന്തി അത്ഭുതപ്പെട്ടുപോയി. കൂട്ടുകാരുമായുള്ള സഹവാസംകൊണ്ടു് വിധവാവിവാഹത്തെ സംബന്ധിച്ചു് അവൾക്കു് കേട്ടുപരിചയം സിദ്ധിച്ചിരുന്നു. പക്ഷേ, അവളുടെ അമ്മയെ സംബന്ധിച്ചു് അതു യഥാൎത്ഥമായി ഭവിക്കുന്ന കാൎയ്യം ചിന്തിച്ചപ്പോൾ അവൾ ഞെട്ടിപ്പോയി.

"എൻറമ്മയ്ക്കു് അതു ഇഷ്ടപ്പെടുകയില്ല" അവൾ പറഞ്ഞു.

"അവർ സമ്മതിക്കുകയില്ലേ? നമുക്കതു കാണാം" കമല പറഞ്ഞു. "പക്ഷേ അവരുടെ മാർഗ്ഗത്തിൽ തടസ്സം ഉണ്ടാക്കത്തക്കവിധം നീ ധൃഷ്ടത കാട്ടരുതു്." പിന്നെ അവൾ കാന്തിയെ ആലിംഗനം ചെയ്തുകൊണ്ടു പറഞ്ഞു. "കാന്തി, എൻെറ പൊന്നു കാന്തി, നീചമായ ഒന്നുംതന്നെ നീ ചെയ്യുകയില്ലെന്നു് എനിക്കു തീർച്ചയുണ്ടു്. നീ എനിക്കു സഹോദരിയെപ്പോലെയാണു്. അവർ കല്യാണം കഴിക്കുമെങ്കിൽ അവർക്കു രണ്ടുപേർക്കും സൗഖ്യമായിരിക്കും ഒരിക്കലും പിരിയേണ്ടിവരികയില്ലെന്നുള്ളതുകൊണ്ടു നമുക്കും സുഖമായിരിക്കും."

"നാം കല്യാണംകഴിക്കുന്നതുവരെ." ആ മാർഗ്ഗത്തിൽ ചിന്തിച്ചുകൊണ്ടിരുന്ന കാന്തി പറഞ്ഞു.

"അതേ. അതു തീർച്ചതന്നെ. ഇനി നമുക്കു മടങ്ങിപ്പോകാം' കമല പറഞ്ഞു. "നമ്മുടെ അച്ഛനമ്മമാർ തമ്മിൽ ഈ വിവാഹത്തിനു ഏർപ്പാടുചെയ്യുന്നതു വമ്പിച്ച ഒരു നേരംപോക്കായിരിക്കും. മക്കൾക്കുവേണ്ടി മാതാപിതാക്കൾ ഏർപ്പാടുചെയ്യുന്ന കോടിക്കണക്കിനു വിവാഹങ്ങളോടുള്ള ഒരു പ്രതികാരമായിരിക്കും അതു്."

ആ പെൺകുട്ടികൾ അവരുടെ മാതാപിതാക്കളോടുചേർന്നു. "നീയും കാന്തിയും കഴിഞ്ഞ ജന്മത്തിൽ സഹോദരികളായിരുന്നിരിക്കാമെന്നു കാന്തിയുടെ അമ്മ അഭിപ്രായപ്പെടുകയായിരുന്നു." സുബ്ബറാവു കമലയോടു പറഞ്ഞു.

"അതങ്ങിനെ വരാൻ ഇടയുണ്ടു്" കമല പറഞ്ഞു. "നിങ്ങൾ രണ്ടുപേരും സമ്മതിക്കുമെങ്കിൽ ഈ ജന്മത്തിലും ഞങ്ങൾ സഹോദരികളായിത്തീരും."

ഞെട്ടിപ്പോയ സുബ്ബറാവു ചെല്ലമ്മാളെ നോക്കി. ചെല്ലമ്മാളും ലജ്ജിച്ചു കാന്തിയെ നോക്കി.

"ഈ ലോകം ദുഃഖമയമാണു്. എന്തിനു് അതിനെ കൂടുതൽ ദുഃഖമയമാക്കുന്നു്" കമല പറഞ്ഞു. "ശാന്ത

മായി കീഴടങ്ങിക്കൊടുക്കുന്നപക്ഷം മനുഷ്യന്റെ അന്യായവും ഈശ്വരന്റെ അന്യായവും കൂടുതൽ ദുസ്സഹമായി തീരുകയേ ചെയ്യൂ അവയോടു എതിരിടാനുള്ള തന്റേടമാണാവശ്യം. ചത്തവരെ തനിച്ചു വിട്ടേയ്ക്കൂ. ജീവിതത്തെ ആകാവുന്നത്ര ഭംഗിയാക്കുക."

ലജ്ജിച്ചു വിറയ്ക്കുന്ന കാന്തിയുടെ അമ്മയോട് സുബ്ബറാവു പറഞ്ഞു "ചെല്ലമ്മാൾ!, കുട്ടി പറയുന്നതു എത്രയും സത്യമാണ്."

ഒരു വലിയ അല അപ്പോൾ കരയിൽ വന്നടിച്ചു. അതിൽനിന്നു തെറിച്ച ഉപ്പുവെള്ളം അടുത്തടുത്തുനിന്ന ചെല്ലമ്മാളിന്റെയും സുബ്ബറാവുവിന്റെയും ശിരസ്സിൽ വീണു.

"പാവനമായ സംപ്രോക്ഷണമാണത്. നിങ്ങളുടെ വിവാഹത്തെ ഈശ്വരൻ അനുഗ്രഹിക്കുകയായിരുന്നു" അവർ രണ്ടുപേരോടുമായി കമല പറഞ്ഞു. "കാന്തി, നമുക്ക് ജീവിതനൃത്തം ആടാം. മരണനൃത്തം എന്നേ അവസാനിച്ചു."

പിന്നെ ആ രണ്ടു പെൺകുട്ടികളും മുതിർന്നവരുടെ മുമ്പിൽ അല്പനേരം നൃത്തമാടി. അവർ പാടി:

ഇടരൊന്നിച്ചാലവ രണ്ടുമേയലിയുന്നു;
ദൃഢനിശ്ചയത്തിനാലാനന്ദവിശ്വാസത്താൽ.

പിന്നെ കമല ചെല്ലമ്മാളിന്റേയും സുബ്ബറാവുവിന്റേയും കൈകൾ ഗ്രഹിപ്പിച്ചുകൊണ്ടു കാന്തിയോടു പറഞ്ഞു. "ഇനി ഒന്നാംതരം വിവാഹസമ്മാനങ്ങൾക്കുവേണ്ടി നമുക്കു കാത്തിരിക്കാം."

എന്റെ സ്നേഹിതൻ കഥ അവസാനിപ്പിച്ചിട്ടു ചോദിച്ചു. "നിങ്ങൾക്കു ബോദ്ധ്യം വന്നോ?"

"നിങ്ങൾക്കു വാദിക്കാൻ നല്ലൊരു കേസ്സാണു കിട്ടിയതു്." ഞാൻ പറഞ്ഞു.

# ഒററമരം

പരുത്തിവളരുന്ന കറുത്ത മണ്ണുള്ള സീഡഡ് ഡിസ്ത്രിക്ട് പ്രദേശത്തിന്റെ ഒത്ത നടുവിൽത്തന്നെ സ്ഥിതിചെയ്യുന്ന ഒരു ഗ്രാമമാണു് മിട്ടാമിഡപ്പള്ളി. അവിടെ ഇരുനൂറു വീടുകളുണ്ടു്. അധികവും റെഡ്ഡികളുടെ വകയാണു്. ജനങ്ങൾ ഭൂരിഭാഗവും കൃഷിക്കാരാണു്. ചോളവും പരുത്തിയും ആണു് കൃഷിചെയ്യുന്നതു്. ഗ്രാമത്തിലെ ജീവിതം എത്രയും മുഷിവുതോന്നിക്കുന്നതായിരുന്നു. കൊലപാതകമായിരുന്നു അവിടെ നടക്കുന്ന പ്രധാന സംഭവം. അതു വർഷത്തിൽ ഒന്നെങ്കിലും ഉണ്ടാകുകയും ചെയ്യും.

പരുത്തിവിളയുന്ന സ്ഥലത്തെല്ലാം കൊലപാതകം നടക്കുക സാധാരണമാണു്. ഇതിനു ബോദ്ധ്യംവരുന്ന ഒരു സമാധാനം കണ്ടുപിടിക്കുവാൻ ആർക്കും കഴിഞ്ഞിട്ടില്ല. കല്ക്കരിപോലെ കറുത്തമണ്ണു് മഞ്ഞുകട്ടിപോലെ വെളുത്ത വിള ഉല്പാദിപ്പിക്കുന്നതുപോലെ, വെളുത്ത പഞ്ഞി ഉണ്ടാകണമെങ്കിൽ രക്തത്തിന്റെ ചുവപ്പുനിറം ആവശ്യമാണെന്നു കവികൾ പറഞ്ഞേയ്ക്കാം. കൃഷിയുടെ സ്വഭാവമാണു് ഇതിനു കാരണമെന്നു സാമ്പത്തികശാസ്ത്രജ്ഞന്മാർ പറഞ്ഞേയ്ക്കും. ഒരുവർഷം വമ്പിച്ച വിളവും അതിൽനിന്നു കണക്കില്ലാത്ത ആദായവും ലഭിക്കുമെങ്കിൽ പിന്നത്തെ വർഷം വരൾച്ചയും ക്ഷാമവും ആയിരിക്കും. നെൽക്കൃഷിയിൽനിന്നു ലഭിക്കുന്നതുമാതിരി മുടങ്ങാത്തതും ഒരേകണക്കിനു നില്ക്കുന്നതും ആയ ആദായം ലഭിക്കേണ്ടതു് സംസ്കാരം പുലരാൻ ആവശ്യമാണു്. അഭൂതപൂർവ്വമായ വിളവുണ്ടാകുന്ന വർഷങ്ങളിൽ, മദ്യത്തിനും കക്ഷിവഴക്കിനും, കൊലയ്ക്കുംവേണ്ടി അധികപ്പററു പണം ചെലവുചെയ്യാൻ ഇട

വരുന്നു. ചൂടിന്റെ ശക്തി രക്തത്തെ തിളപ്പിക്കുന്നു വെന്നും, ഊളിയിടുന്ന കാററ് കൊലപാതകം ചെയ്യുവാൻ മനുഷ്യാത്മാവിനെ അനുയോജ്യമാക്കിത്തീക്കുന്നുവെന്നും അന്തരീക്ഷവിജ്ഞാനികൾ വാദിച്ചേയ്ക്കാം. അല്പമാത്രമായ വിദ്യാഭ്യാസമുള്ളതും അധികം ആവശ്യങ്ങളില്ലാത്തതും ആയ പ്രാകൃത സമുദായം നിയമക്കോടതികൾ, സാമൂഹ്യാദ്യവകഷണം തുടങ്ങിയ ലളിതസമ്പ്രദായങ്ങളെപ്പററി അറിവില്ലാതെ, പ്രാകൃതികമായ കൊലപാതകം തുടങ്ങിയ മാഗ്ഗങ്ങൾ തഥട്ടതിയിൽ അവലംബമാക്കിയേക്കാം എന്ന് സാമൂഹ്യശാസ്ത്രജ്ഞന്മാർ പറഞ്ഞേയ്ക്കാം. ഈ തത്വങ്ങളുടെ വാസ്തവം എങ്ങിനെയുമിരുന്നോട്ടെ; കറുത്ത പരുത്തി മണലുള്ള മററു പ്രദേശങ്ങളിലെന്നപോലെ ഈ ഗ്രാമത്തിലും കൊലപാതകം വഷംതോറും ഉണ്ടാകുന്ന ഒരു സംഭവമായിരുന്നു. ലളിതശീലവും, മയ്യാദയും, ഔദായ്യവും, ക്രൂരം ഉച്ചുവരായിരുന്ന ഇവിടുത്തെ ജനങ്ങൾ അതേ അവസരത്തിൽ മററു പ്രദേശങ്ങളിലെ ജനങ്ങളുടെ ഹൃദയാന്തഭാഗത്തും മസ്തിഷ്കത്തിലും ഉപബോധമനസ്സിന്റെ അത്യഗാധതയിലും സ്ഥിതിചെയ്തിരുന്ന കൊലപാതകവാസന ഇവരെ സംബന്ധിച്ചിടത്തോളം മിക്കവാറും ഇവരുടെ മുകൾപ്പരപ്പിൽതന്നെ സ്ഥിതിചെയ്തിരുന്നു. എപ്പോഴാണു അതു പൊട്ടിത്തെറിക്കുന്നതെന്നു ആക്കും ഗ്രഹിക്കാൻ കഴിഞ്ഞിരുന്നില്ല.

മിട്ടാമിഡപ്പള്ളിയിൽനിന്നും ഒരുമൈൽ അകലെ, കാലന്റേറടിക്കായ തെക്കുഭാഗത്തായി, കണ്ണെത്താത്തവിധം നീണ്ടുകിടക്കുന്ന കറുകറുത്ത വയലിന്റെ മദ്ധ്യത്തിലായി ഭീമാകൃതിയായ ഒരു വേപ്പുമരം ഗംഭീരഭാവത്തിൽ നിലകൊണ്ടിരുന്നു. ഇതിന്നു് അരമൈൽ ചുററിലുമായി മററു മരങ്ങളൊന്നും ഉണ്ടായിരുന്നില്ല. വളരെ പുരാതനമായ ഒരു വൃക്ഷമായിരുന്നു ഇതു്. തണലിനെ ആശ്രയിക്കുന്നവക്കു്

കൊലചെയ്യുന്നതിനുള്ള പ്രേരണനൽകുന്ന കാര്യത്തിൽ ഈ വൃക്ഷത്തിനു പ്രത്യേകമായ കൗശലം ഉണ്ടെന്നും കരുതപ്പെട്ടിരുന്നു. ആ ഗ്രാമത്തിൽ പ്രചാരത്തിലിരിക്കുന്ന കേട്ടുകേൾവി അനുസരിച്ച് ആ വൃക്ഷത്തിൻെറ ചുവട്ടിൽവെച്ചു ആറുകൊലപാതകങ്ങൾ നേരത്തേതന്നെ നടന്നിട്ടുണ്ട്. വൃക്ഷത്തിൻെറ തടിക്ക് നാലടി വ്യാസംവരും. ധാരാളം തടിച്ച ശാഖകളും അതിനുണ്ടായിരുന്നു. അതെപ്പോഴും പച്ചനിറമായിരിക്കും. പക്ഷെ ആ പച്ചനിറത്തിനു ഒരു പ്രത്യേകതയുണ്ടായിരുന്നു. സാധാരണ വേപ്പിലയുടെ നിറമല്ല അതിനുണ്ടായിരുന്നതു്. ചുവട്ടിൽവച്ചു വധിക്കപ്പെട്ട ആളുകളുടെ രക്തം നിഗ്രൂഢമായ ഏതോ മാൎഗ്ഗത്തിലൂടെ ആ മരം വലിച്ചെടുത്തിരുന്നുവെന്നാണ് ആളുകൾ പറഞ്ഞിരുന്നതു്. സൂൎയ്യൻ കത്തിജ്വലിച്ചുകൊണ്ടിരിക്കുമെങ്കിലും, അനേകം ഫർലാങ്ങുകളോളം മററു വൃക്ഷങ്ങളില്ല എന്നിരിക്കിലും റോഡിൻെറ അരികിൽത്തന്നെ നില്ക്കുന്ന ആ മരത്തിൻെറ ചുവട്ടിൽ വിശ്രമിച്ചുകൂടാ എന്നു അവർ തീരുമാനിച്ചിരുന്നു. അവർ ഇതിനെ 'ഒററമരം' എന്നു വിളിച്ചുവന്നു. അതിനുസമീപം ചുററിനടക്കുവാൻ അവർ ഭയപ്പെട്ടിരുന്നു. ദുർദ്ദേവത കൂടുതൽ ജാഗ്രതയായിരിക്കുമെന്നു കരുതപ്പെടുന്ന മദ്ധ്യാഹ്നസമയത്തും പാതിരാത്രിക്കും അങ്ങിനെ ചെയ്യാതിരിക്കുവാൻ അവർ പ്രത്യേകം ശ്രദ്ധിച്ചുപോന്നു. അസാധാരണമായ ഈ സന്ദൎഭങ്ങളിൽ ഏകാന്തതയിൽ മരത്തിൻെറ ഇടതിങ്ങിയ ഇലക്കൂട്ടത്തിൽ കാററടിക്കുമ്പോഴുള്ള അനുഭവം യഥാൎത്ഥത്തിൽ ഭയം ജനിപ്പിച്ചിരുന്നു. സമീപത്തു താമസിക്കുന്ന ഏതു കഠിനഹൃദയൻെറയും മനസ്സ് ആ സമയം ഇളകിപ്പോകും. കൊലചെയ്യുവാൻ പിശാചു് അത്യുച്ചത്തിൽ ആഹ്വാനം ചെയ്യുകയാണോ എന്ന് അതുകേട്ടാൽ തോന്നിപ്പോകുമായിരുന്നു. ചിലസമയം, ആ പിശാചു് കൊന്ന ആറുപേരുംചേൎന്ന് ദയനീയമായി നിലവിളിക്കുന്നതുപോലെയും തോന്നും.

അതിനാൽ, നരകത്തിനെയെന്നപോലെ ആളുകൾ ഈ മരത്തെ ഭയപ്പെട്ടതിൽ അതിശയിക്കാനില്ല. മരത്തിൻെറ രണ്ടുവശവും കിടന്നിരുന്ന വയലുകൾ കൃഷിചെയ്യപ്പെടാതെ കിടന്നതിലും അത്ഭുതപ്പെടാനില്ല. വൃക്ഷത്തിൻെറ ഏററവും അടുത്തുകഴിച്ചുകൂട്ടുവാൻ ആരുംതന്നെ ആഗ്രഹിച്ചില്ല.

ചൊംഗറെഡ്ഡി മിട്ടാമിഡപ്പള്ളിയിലെ ഒരു ചെറുപ്പക്കാരനായിരുന്നു. ഇരുപത്തിനാലുവയസ്സുള്ള അയാൾ സുന്ദരനും കരുത്തുള്ളവനും ആയിരുന്നു. കുടുംബത്തിലെ ഭരണക്കാരനും ഏകഅംഗവും ആയിരുന്നു അയാൾ. അയാളുടെ കുടുംബം ഒരുകാലത്തു വളരെ സ്വത്തുള്ളതായിരുന്നു. എന്നാൽ ഇപ്പോൾ ആ കുടുംബത്തിന് കഷ്ടകാലം ബാധിച്ചിരുന്നു. തുടർച്ചയായുള്ള കൃഷിപ്പിഴയും, മുപ്പതുവയസ്സുള്ള പ്രാപ്തനും സൂത്രശാലിയും ആയ ഓബിറെഡ്ഡിയുമായി നടത്തിയ സിവിലും ക്രിമിനലും വ്യവഹാരങ്ങളും അയാളുടെ സാമ്പത്തികശേഷിയെ കാര്യം നശിപ്പിച്ചുകളഞ്ഞിരുന്നു. അങ്ങിനെ, പതിനെട്ടും ഇരുപത്തിനാലും ശതമാനം പലിശയ്ക്കു് സ്ഥലത്തെ ഉണ്ടികക്കച്ചവടക്കാരനായ മുത്യാലുറെഡ്ഡിയിൽനിന്നു് പണം കടംവാങ്ങാൻ അയാൾ നിർബന്ധിതനായും തീർന്നു. മുത്യാലുറെഡ്ഡിയാകട്ടെ, അയാളുടെ വസ്തുക്കൾ വിഴുങ്ങാൻ അവസരം കിട്ടിയല്ലോ എന്നോർത്തു പണം കൊടുക്കാൻ എപ്പോഴും സന്നദ്ധനും ആയിരുന്നു. എളുപ്പത്തിൽ ലഭിച്ച ഈ കടവും അക്രമപ്പലിശയും കുറച്ചൊന്നുമല്ല അയാളെ ദാരിദ്ര്യത്തിലാഴ്ത്താൻ സഹായിച്ചതു്. ഒടുവിൽ മുത്യാലുറെഡ്ഡിയുടെ കടത്തിനു് അയാളുടെ എല്ലാവസ്തുക്കളും മട്ടുപ്പാവോടുകൂടിയ അയാളുടെവീടും കോടതിയിൽനിന്നു ലേലത്തിൽ വിററു. എങ്കിലും അഞ്ഞൂറുരൂപായുടെ ഡിക്രിക്കടം പിന്നെയും വീടാതെ ശേഷിച്ചു. കോടതിവില്പനമൂലം ഇത്ര വിലകുറഞ്ഞു് വസ്തുക്കൾ കരസ്ഥമാക്കാൻ കഴിഞ്ഞല്ലോഎന്ന സംതൃപ്തികൊണ്ടും, ശേഷിച്ച

അഞ്ഞൂറുരൂപയും ഉടനെ ഈടാക്കാൻ മററു മാർഗ്ഗങ്ങളില്ലെന്നു കണ്ടതുകൊണ്ടും പ്രസ്തുത കടം വീട്ടുന്നതിന് കുറെ കാലംകൂടി ക്ഷമിച്ചിരിക്കാമെന്ന മഹാമനസ്കത അയാൾ പ്രകടിപ്പിച്ചു. അങ്ങിനെ ചെംഗറെഡ്ഡി ഒരു വൃത്തികെട്ട മൺകുടിലിൽ താമസിച്ചുകൊള്ളാൻ അയാൾ അനുവദിച്ചു. ആ കുടിലിന് അൻപതുരൂപയിൽ അധികം വിലവരുമായിരുന്നില്ല. ഒരുജോടി ഉഴവുകാളയും, അച്ഛൻ സവാരിക്കു വേണ്ടി കരുതിയിരുന്ന മനോഹരമായവണ്ടിയും അതിൻെറ ഭംഗിയുള്ള കാളകളേയും കൈവശംവച്ചുകൊള്ളുവാൻ അയാൾ അനുവദിക്കപ്പെട്ടു. മുമ്പ് അയാളുടെ വകയായിരുന്ന ഭൂമിതന്നെ, മററു പല സാധുക്കളേയുംപോലെ അയാൾക്ക് വാരത്തിനെടുത്തു കൃഷി നടത്തേണ്ടിവന്നു. മുത്യാലു എത്രയും അത്യാഗ്രഹിയായിരുന്നു. അതിനാൽ അയാൾ ഒരു സൗജന്യവും അനുവദിച്ചിരുന്നില്ല. അങ്ങിനെ "കൈയിലെ കാശ്ശ് വായിലെ ദോശ" എന്ന രീതിയിൽ ചെംഗറെഡ്ഡിക്കു കഴിച്ചുകൂട്ടേണ്ടിവന്നു.

വസ്തുക്കൾ മുഴവൻ നഷ്ടപ്പെട്ടെങ്കിലും, ഓബിറെഡ്ഡിയോട്ട് അയാൾക്കുണ്ടായിരുന്ന വിരോധം പഴയതുപോലെ തന്നെ ശക്തിയായി തുടൎന്നുപോന്നു. ഓബിറെഡ്ഡിയാകട്ടെ അത്ഭുതകരമാംവിധം അഭിവൃദ്ധിപ്രാപിച്ചുപോന്നു. എല്ലാ സിവിൽകേസ്സുകളിലും അയാൾ ജയംനേടി. എപ്പോഴും ധാരാളം പണം കെട്ടിയിരുപ്പുള്ള ഒരു ധനികനായിരുന്നു അയാൾ. വിധിയും അയാളെ അനുകൂലിച്ചു. അവകാശികൾ ആരുമില്ലാതെ മരിച്ച അയാളുടെ മാതാമഹനിൽ നിന്ന് അനേകം ഏക്കർ ഫലഭൂയിഷ്ഠമായ ഭൂമിയും ഇരുപതിനായിരംരൂപയും അയാൾക്കു ലഭിച്ചു.

തൻെറ നല്ലകാലത്ത്, ചെംഗറെഡ്ഡി ഗ്രാമത്തിലെ സൗന്ദൎയ്യധാമമായ പിച്ചമ്മയെ കല്യാണംകഴിച്ചുകിട്ടുവാൻ ആവശ്യപ്പെട്ടിരുന്നു. പതിന്നാലുവയസ്സുള്ള അത്യന്തം

സുന്ദരിയായ പെൺകുട്ടിയായിരുന്നു പിച്ചമ്മ. അവളെ കല്യാണംകഴിക്കാൻ ആഗ്രഹിച്ചവരിൽ ഒരാളായിരുന്നു ഓബിറെഡ്ഡിയും. പിച്ചമ്മയുടെ അച്ഛനായ ഗംഗിറെഡ്ഡി സാമാന്യം സ്വത്തുള്ള ഒരു കൃഷിക്കാരനായിരുന്നു. ഈ രണ്ടു യുവാക്കളും യഥാൎത്ഥത്തിൽ പെൺകുട്ടിയെ സമീപിച്ചു പ്രേമാൎത്ഥന നടത്തിയിരുന്നില്ല. ഗ്രാമത്തിലെ സമ്പ്രദായം അനുസരിച്ചു് അവർ പെൺകുട്ടിക്കു് പുഷ്പങ്ങളൊ ഫല ങ്ങളൊ സമ്മാനങ്ങളായി അയച്ചിരുന്നു. അല്ലെങ്കിൽ അവ ളുടെ വീട്ടുകാരുടെ ആവശ്യത്തിനു് കാളവണ്ടിയോ മററു വാഹനങ്ങളൊ അയച്ചുകൊടുക്കും. അവർ അവളുടെ വീട്ടിൽ ദിവസവും പോകുകയും അവളുടെ അച്ഛനോടൊ സഹോദരങ്ങളോടൊ പലവിഷയങ്ങളെയുംപററി വൎത്തമാ നംപറഞ്ഞുകൊണ്ടിരിക്കുകയും പതിവായിരുന്നു. വരാന്ത കടന്നുപോകുമ്പോഴോ, അവരെ ഉളിഞ്ഞുനോക്കാനും വൎത്ത മാനം കേൾക്കാനുംആയി അമ്മയുംമൊത്തു വാതുക്കൽവന്നു നില്ക്കുമ്പോഴോ അവൎക്കു തങ്ങളുടെ പ്രേമഭാജനത്തെ കാണു വാൻ അവസരം ലഭിച്ചിരുന്നു. അവളുമായി അവർ ഒരു വാക്കുപോലും ഒരിക്കലും പറഞ്ഞിരുന്നില്ല. അങ്ങിനെ ചെയ്യുന്നതു മൎയ്യാദയ്ക്കു ചേൎന്നതല്ലായിരുന്നു വല്ലപ്പോഴും ഒരുനോക്കു പിച്ചമ്മാളിനെ കാണുന്നതുകൊണ്ടും, ഏതെ ങ്കിലും സമ്മാനം ലഭിക്കുമ്പോൾ അവൾ പൊഴിക്കുന്ന അതിലേറെ സുദുൎല്ലഭമായ പുഞ്ചിരികൊണ്ടും അവർ തൃപ്തി പ്പെടേണ്ടിയിരുന്നു. എങ്കിലും ഈമാതിരി പ്രേമപ്രകടന ങ്ങൾകൊണ്ടു് അവർ എത്രയും സംതൃപ്തരായിരുന്നു. പിച്ച മ്മയെ കിട്ടാൻവേണ്ടിയാണു് അവർ രണ്ടുപേരും അവളുടെ വീട്ടിൽ പൊയ്ക്കൊണ്ടിരിക്കുന്നതെന്നു് ആ ഗ്രാമത്തിലുള്ള വൎക്കുമുഴുവൻ അറിയാമായിരുന്നു. അവർ രണ്ടുപേരുടേയും അച്ഛന്മാർ മരിച്ചുപോയിരുന്നു അവരെക്കാൾ പ്രായമുള്ള വരായി ആരും സ്വന്തത്തിൽപെട്ടതായി ഉണ്ടായിരുന്നില്ല. അതിനാലാണു് അവർ സ്വയം പോകാൻ ഇടയായതു്.

അങ്ങിനെയല്ലായിരുന്നെങ്കിൽ, അവരുടെ ഗുരുജനങ്ങൾ എല്ലാം തീരുമാനിക്കുമായിരുന്നു. തന്മൂലമുള്ള ആനന്ദം നഷ്ടപ്പെട്ടമായിരുന്നെങ്കിൽതന്നെയും പ്രേമാത്ഥന എന്ന ദുർഘടത്തിൽനിന്നു് അവക്ക് ഒഴിഞ്ഞുനില്ക്കുവാൻ കഴിയുമായിരുന്നു.

സംശയാസ്പദമായ വ്യവഹാരങ്ങളിൽ വിധിപറച്ചിൽ കഴിയുന്നത്ര നീട്ടിക്കിട്ടണമെന്ന ആശയോടെ കക്ഷികൾ സമയം നീണ്ടുപോകുവാൻ ആഗ്രഹിക്കാറുണ്ടു്. കാലം നീണ്ടുപോയാൽ ജയം തങ്ങൾക്കായിരിക്കുമെന്നു അവർ ആശിക്കുന്നു വിധി തങ്ങൾക്കു ദോഷകരമായി തീരുമെന്ന ഭയംകൊണ്ടും ഇതുപോലെ കാലാവധി നീണ്ടുകിട്ടുവാൻ കക്ഷികൾ ആഗ്രഹിക്കാറുണ്ടു്. ആ ഒരു മനോഭാവത്തോടെയാണു് പ്രണയത്തിൽ എതിരാളികളായ ചെംഗറെസ്റ്റിയും ഓബിറെസ്റ്റിയും സമയം നീണ്ടുപൊയ്ക്കൊള്ളട്ടെ എന്നു കരുതിയതു്. തങ്ങളിൽ ആരെ ഗംഗിറെസ്റ്റി തെരഞ്ഞെടുക്കുമെന്നുള്ളതിനെ സംബന്ധിച്ച ഉൽക്കണ്ഠയില്ലായിരുന്നു. ഗംഗിറെസ്റ്റിയും പുത്രന്മാരും ആദ്യമൊക്കെ ഈ രണ്ടുപേരിൽനിന്നു് ആരെ തിരഞ്ഞെടുക്കണമെന്ന കാര്യത്തിൽ സംശയിച്ചു. അവർ ചെംഗറെസ്റ്റിയുടെ കാര്യത്തിൽ കൂടുതൽ താല്പര്യം കാണിക്കാനും തുടങ്ങിയിരുന്നു. പിച്ചമ്മയും അവളുടെഅമ്മയായ കൊണ്ടമ്മയും ആരെയാണുവേണ്ടതെന്നോർത്തു സംശയിച്ചു. സുന്ദരമായമുഖം, തുറന്നതും കാപട്യമില്ലാത്തതും ആയ പെരുമാററം, ചെറുപ്പക്കൂടുതൽ, അയാളുടെ മനോഹരമായ വണ്ടിയും കാളകളും എന്നിവ ഓർത്തു് അവക്കു ചെംഗറെസ്റ്റിയോടു ആകർഷണം തോന്നിയിരുന്നു. ആ വണ്ടിയിൽ അവർ പല പ്രാവശ്യം ഉല്ലാസയാത്ര നടത്തിയിരുന്നു. ചെംഗറെസ്റ്റിയെപ്പോലെതന്നെ ആ വണ്ടിയേയും കാളകളേയും അവർ അതിയായി സ്നേഹിക്കാനും തുടങ്ങിയിരുന്നു. എന്നാൽ ഓബിറെസ്റ്റിക്കു കൂടുതൽ സമ്പ

ത്തും, ലോകപരിചയവും, ബുദ്ധിസാമത്ഥ്യവും ഉണ്ടായിരുന്നതിനാൽ അയാളോട്ടം അവൾക്ക ആകർഷണം തോന്നിയിരുന്നു. വ്യവഹാരകാര്യങ്ങളിൽ സാമത്ഥ്യവും കാര്യജ്ഞാനവും അയാൾക്കുണ്ടായിരുന്നു. ചെംഗറെഡ്ഡിക്കുള്ളതുപോലെ അഴകുള്ള കാളകളില്ലായിരുന്നെങ്കിലും അയാൾക്ക് വളരെയേറെ പശുക്കളും, എരുമകളും കാളകളും ഉണ്ടായിരുന്നു. ആപ്പിൾ, പെയഴ്സ്, വാഴപ്പഴം, സപ്പോട്ട, മുന്തിരിങ്ങ, നല്ലതരം മാമ്പഴം എന്നിങ്ങനെ എല്ലാത്തരത്തിലും പെട്ട ഫലവർഗ്ഗങ്ങൾ അയാൾ മദ്രാസിൽനിന്നു ധാരാളമായി വരുത്തി അവൾക്ക കൊട്ടത്തിരുന്നു. നല്ല ആരോഗ്യമുള്ള പെൺകുട്ടിയായിരുന്നതിനാൽ, ചെംഗറെഡ്ഡിയുടെ വണ്ടിയിൽ സഞ്ചരിക്കാൻ കൊതിച്ചതുപോലെതന്നെ ഈ പഴങ്ങൾ തിന്നാനും അവൾക്ക് വലിയ താല്പര്യമായിരുന്നു. അങ്ങിനെ, ചെംഗറെഡ്ഡിയുടെ സമ്പത്തുക്കൾ വിററുപോകുന്നതിനുമുമ്പ് അവൾക്ക രണ്ടുപേരോട്ടം തുല്യമായ സ്നേഹമാണു ഉണ്ടായിരുന്നത്. അക്കാലത്ത്, ആരെയാണു അവൾ കൂടുതൽ ഇഷ്ടപ്പെട്ടുന്നതെന്നു അച്ഛൻ ചോദിച്ചപ്പോൾ അവൾ മറുപടിപറഞ്ഞു. "അങ്ങ് ആരെ വേണമെന്നു പറയുന്നുവോ ആ ആളിനെ ഞാൻ കല്യാണം കഴിക്കും"

"എങ്കിലും ആരെയാണു നീ കൂടുതൽ ഇഷ്ടപ്പെട്ടുന്നത്?" ഗംഗിറെഡ്ഡി ചോദിച്ചു.

അവൾ പറഞ്ഞു "അച്ഛാ, ആരെയാണെന്നു എനിക്ക പറഞ്ഞുകൂടാ. രണ്ടുപേരോട്ടം ഒരുപോലെ സ്നേഹം തോന്നുന്നതിനു കാരണങ്ങളുണ്ട്." ഗംഗിറെഡ്ഡി പിന്നെ കൊണ്ടമ്മയുടെ നേരെ തിരിഞ്ഞു അതേ ചോദ്യംതന്നെ ചോദിച്ചു അവൾ അതിനു ഇപ്രകാരം മറുപടിപറഞ്ഞു. "എനിക്കതു പറയാൻ സാധിക്കുകയില്ലെന്നുള്ളതു തീർച്ചയാണ്. ആ കൗതുകമുള്ള വണ്ടിയിൽ സഞ്ചരിക്കുമ്പോൾ

ചെംഗറെഡ്ഡിയെയാണു ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നതു്. എന്നാൽ സ്വാദുള്ള ആ പഴങ്ങൾ തിന്നുമ്പോൾ എനിക്കു സംശയം തുടങ്ങും. ഓബിറെഡ്ഡിയെയാണോ ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നതെന്നു് അപ്പോൾ തോന്നും. ചെംഗറെഡ്ഡിയുടെ കാപട്യമില്ലാത്ത ഹൃദയം തുറന്ന സംഭാഷണം കേൾക്കുമ്പോൾ എനിക്കയാളോടു് ഇഷ്ടംതോന്നും. എന്നാൽ ബുദ്ധിയും സാമർത്ഥ്യവും തികഞ്ഞ ഓബിറെഡ്ഡിയുടെ വർത്തമാനം കേൾക്കുമ്പോൾ അയാളെയാണോ ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നതെന്നു തോന്നും. ഒരുപക്ഷേ, സ്ത്രീകൾക്കു പൊതുവിലുള്ള ഒരു സ്വഭാവമായിരിക്കാം ഇതു്. എങ്കിലും അങ്ങു എന്താണു വിചാരിക്കുന്നതു്? അങ്ങു ആരേയാണു കൂടുതൽ ഇഷ്ടപ്പെടുന്നതു്?"

"നിന്നെയും പിച്ചമ്മയേയുംപോലെ ഞാനും ധർമ്മസങ്കടത്തിൽ പെട്ടിരിക്കുകയാണു്." ഗംഗിറെഡ്ഡി പറഞ്ഞു. "അതുകൊണ്ടു്, നമ്മൾ എന്താണു വേണ്ടതു്"

"തല്ക്കാലംഒന്നുംവേണ്ട." കൊണ്ടമ്മ പറഞ്ഞു. "നമുക്കു കാത്തിരിക്കാം. ഭാവിപരിചയംവച്ചുകൊണ്ടു് എന്തെങ്കിലും തീരുമാനിക്കാം. ഇത്ര ധൃതികൂട്ടിയിട്ടു എന്തുവേണം? പെണ്ണിനു പതിന്നാലു വയസ്സല്ലേ ആയുള്ളു. കെട്ടാൻ ആലോചിക്കുന്നവർക്കും അത്രയേറെ വയസ്സായില്ല. ഇക്കാലമത്രയും വണ്ടിയും പഴങ്ങളും നമുക്കു കിട്ടിക്കൊണ്ടിരിക്കുകയും ചെയ്യും."

"ഒന്നാംതരം അഭിപ്രായം". ഗംഗിറെഡ്ഡി പറഞ്ഞു. അയാൾ ഈ നിർദ്ദേശം സ്വീകരിക്കുകയും ചെയ്തു."

അങ്ങിനെ പെണ്ണിനുവേണ്ടിയുള്ള മത്സരം തുടന്നുപോയി. രണ്ടു എതിരാളികളുംതമ്മിൽ നടന്നുവന്ന വ്യവഹാരത്തിൻെറ കാഠിന്യം, ഈ പ്രണയമത്സരംമൂലം പിന്നെയും വർദ്ധിക്കുകയുംചെയ്തു.

എന്നാൽ ചെംഗറെഡ്ഡിയുടെ സ്വത്തുക്കളെല്ലാം വിററുപോയപ്പോൾ അയാളുടെ നേക്കു് ഗംഗിറെഡ്ഡിക്കും കൊണ്ടമ്മയ്ക്കും അവരുടെ പുത്രന്മാക്കും ഉണ്ടായിരുന്ന മനോഭാവത്തിനു് പ്രകടമായ മാററം സംഭവിച്ചു. അയാളോടുള്ള അവരുടെ പെരുമാററത്തിൽ, ക്രമേണ ഒരു താല്പര്യമില്ലായ്മ കടന്നുകൂടി. പിച്ചമ്മയിൽപോലും മാററം സംഭവിച്ചിരിക്കുന്നതായി അയാൾ കണ്ടു. മുമ്പിലത്തേപ്പോലെ അവർ വണ്ടിക്കു് ആവശ്യപ്പെട്ടു് ആളയച്ചില്ല. അതുപോലെ വണ്ടിയിൽ കയറുമ്പോഴാണെങ്കിൽതന്നെ, മുമ്പിലത്തെ മാതിരി സന്തോഷവും സുഖവും പ്രകടമാക്കുന്ന ദിവ്യകടാക്ഷങ്ങൾ അയാളുടെനേക്കയച്ചില്ല. പകരം പകുതി ലജ്ജയും പകുതി ദുഃഖവും കലന്ന നോട്ടങ്ങളാണു് അയാൾ ദശിച്ചതു് ഇറങ്ങിപ്പോകാൻ പറയുന്നതിന്നുമുമ്പു് മാനമായി പ്രണയപ്രകടനങ്ങളിൽനിന്നു് വിരമിക്കുകയാണു് ഉത്തമമെന്നു് ചെംഗറെഡ്ഡിക്കു തോന്നി. പക്ഷെ മൂന്നു കാര്യങ്ങളോത്തു് അയാൾ അങ്ങിനെ ചെയ്തില്ല. ഒന്നാമതു് പിച്ചമ്മയോടു് അയാൾക്കുണ്ടായിരുന്ന അത്യുജ്വലപ്രേമം. അനുവദിക്കപ്പെട്ടന്നിടത്തോളംകാലം അവളുടെ എത്രയും അടുത്തുകഴിയുവാൻ അയാൾ ആഗ്രഹിച്ചു. തന്റെ ജന്മശത്രുവിനു് രംഗം ഒഴിഞ്ഞുകൊടുത്തുകൊണ്ടു് വിട്ടുപോകുവാൻ അയാളുടെ കടുത്ത അഭിമാനബോധം സമ്മതിച്ചില്ല. മൂന്നാമതായി ഭാവിയെപ്പററിയുള്ള പ്രത്യാശയും. ഭാഗ്യചക്രത്തിന്റെ തിരിച്ചിലിൽ ഒരിക്കൽക്കൂടി താൻ സമ്പന്നനായിത്തീന്നാലോ എന്നു് അയാൾ പ്രത്യാശിച്ചു. എന്നാൽ ഗംഗിറെഡ്ഡിയുടെ വീട്ടിൽവച്ചു് ഓബിറെഡ്ഡി പ്രകടമാക്കിയ സന്തുഷ്ടിയും അയാളോടുള്ള പുച്ഛഭാവവും ദിവസംചെല്ലുന്തോറും അസഹ്യമായിത്തീരുന്നുവെന്നു് അയാൾക്കു അനുഭവമായി. അയാൾ സ്വയം നിയന്ത്രിക്കുവാൻ ശ്രമിച്ചു. തന്റെ പ്രേമഭാജനത്തെ ഒരുനോക്കു കാണ്മാൻ കഴിഞ്ഞെങ്കിലോ എന്ന പ്രത്യാശയിൽ ഗംഗി

റെഡ്ഡിയുടെ വീട്ടിൽ പാറിനില്ക്കുവാനും അയാൾ ശ്രമിച്ചു. ഈ ദർശനങ്ങളും ദിവസംചെല്ലുന്തോറും കുറഞ്ഞുകുറഞ്ഞു വന്നു. അയാളുടെ ജീവിതവൈഷമ്യങ്ങൾ ഏറിയുംവന്നു. അയാളുടെ സന്ദർശനം കുറയാൻ തുടങ്ങി. മുമ്പ് ദിവസവും പൊയ്ക്കൊണ്ടിരുന്ന അയാൾ, രണ്ടാഴ്ചയിൽ ഒരിക്കൽ എന്ന കണക്കിനുമാത്രം അവിടെ പോയിരുന്നു.

ചെംഗറെഡ്ഡിയുടെ വിഷമതനിറഞ്ഞ ദിവസങ്ങൾ, ഓബിറെഡ്ഡിയുടെ ശോഭയേറിയ ദിനങ്ങളായിരുന്നു. പിച്ചമ്മയും അവളുടെ വീട്ടുകാരും പ്രണയാർത്ഥികളായ രണ്ടുപേരോടും തുല്യതാല്പര്യം കാണിച്ചിരുന്നിടത്തോളംകാലം, തന്റെ എതിരാളിയുടെ സന്ദർശനത്തേയോ ആഗ്രഹങ്ങളേയോപററി വിമർശിക്കാതിരിക്കുന്നതിനു് ബുദ്ധിമാനായ ഓബിറെഡ്ഡി പ്രത്യേകം ശ്രദ്ധിച്ചു. എന്നാൽ ഇപ്പോൾ അയാൾ തന്റെ കേസ് ജയിച്ചുവരുന്നതിനെപ്പററിയും, സത്തു് അഭിവൃദ്ധിപ്പെട്ടുവരുന്നതിനേപ്പററിയും, ചെംഗറെഡ്ഡിയുടെ കടം വർദ്ധിച്ചുവരുന്നതിനേപ്പററിയും ഗംഗിറെഡ്ഡിയോടു പറയാൻ തുടങ്ങി. ചെംഗിറെഡ്ഡിയുടെ വസ്തുക്കളൊക്കെ വിററുപോയെന്നും, പിച്ചമ്മയുടെ വീട്ടുകാർ അയാളോട് അനാസ്ഥ കാണിക്കാൻ തുടങ്ങിയിരിക്കുന്നുവെന്നും ബോദ്ധ്യമായപ്പോൾ, ഗംഗറെഡ്ഡിയുമായുള്ള സംഭാഷണവേളയിൽ അയാൾ ചെംഗറെഡ്ഡിയേപ്പററി ധൈര്യമായിത്തന്നെ എതിർത്തു സംസാരിച്ചുപോന്നു. ഇങ്ങിനെയുള്ള ഒരു സംഭാഷണാവസരത്തിൽ, ചെംഗറെഡ്ഡിയുടെ കഠിന ദാരിദ്ര്യത്തേയും വീടാനുള്ള അയാളുടെ കടത്തേയും പററി ഓബിറെഡ്ഡി ദീർഘമായി പ്രസ്താവിച്ചപ്പോൾ ഗംഗിറെഡ്ഡി നിർമ്മര്യാദമായി അഭിപ്രായപ്പെട്ടു. "നമ്മുടെ പിച്ചമ്മയെ കല്യാണംകഴിക്കാമെന്നു് ആ സാധു ഇപ്പോഴും ആഗ്രഹിക്കുന്നതെന്തുകൊണ്ടാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. താനൊരു പാപ്പരാണെന്നും, അവളുടെ തലയ്ക്കു

മീതെ ഒരു മേൽക്കൂര ഉണ്ടാക്കിക്കൊടുക്കാനോ മൃഷ്ടാന്നമായി നിത്യം മൂന്നുനേരം ഉണ്ണാൻ കൊടുക്കുന്നതിനും തനിക്കു് കഴിയുകയില്ലെന്നും ബോദ്ധ്യമുണ്ടായിട്ടും അയാൾ ഈവിധം ആശിക്കുന്നതു് അത്ഭുതംതന്നെ."

ഈ അഭിപ്രായത്തിൽ അടങ്ങിയിട്ടുള്ള സാദ്ധ്യതകളെന്തെന്നു് ഓബിറെഡ്ഡിക്കു് ഉടനെ മനസ്സിലായി. അടുത്ത പ്രാവശ്യം ചെംഗറെഡ്ഡി ഗംഗിറെഡ്ഡിയുടെ വീട്ടിലെ വരാന്തയിൽ എത്തി, പതിവുപോലെ ഇരുന്നപ്പോൾ ഓബിറെഡ്ഡി ഗംഗിറെഡ്ഡിയോടു ചോദിച്ചു: "ഗംഗിറെഡ്ഡി, മനുഷ്യൻ ചന്ദ്രനുവേണ്ടി കരഞ്ഞതുകൊണ്ടെന്താണു വിശേഷം? നശിച്ച പാപ്പരുപുള്ളികൾ സ്വത്തും മാന്യതയുമുള്ള കുടുംബങ്ങളിലെ സൗന്ദര്യമുള്ള പെൺകുട്ടികളെ കല്യാണം കഴിച്ചുകിട്ടാൻവേണ്ടി മോഹിച്ചതുകൊണ്ടു് എന്താണു വിശേഷം? ഭാര്യമാരെ സുഖമായി രക്ഷിക്കാൻ അവൎക്കുള്ള കഴിവിന്റെ കാര്യം പോകട്ടെ; സ്വന്തം വയറുതന്നെ വേണ്ടപോലെ നിറയ്ക്കുവാൻ അവരെക്കൊണ്ടു് ആകുകയില്ല. എന്തിനു്, അവൎക്കു ഭാര്യമാരുടെ തലയ്ക്കുമീതെ ഒരു മേൽക്കൂര പണിതു കൊടുക്കാനോ, മൂന്നു നേരം മൃഷ്ടാന്ന ഭക്ഷണം കൊടുക്കാനോ സാദ്ധ്യമല്ല. അവരെ ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ എന്തിനാണവർ പോകുന്നതു്? ഇങ്ങിനെ പാഴാക്കിക്കളയുന്ന സമയംകൂടി പാട്ടത്തിനു വാങ്ങിയ സ്ഥലത്തു് കൃഷിചെയ്തു് അല്പം ധാന്യംകൂടി കൂടുതൽ വിളയിച്ചാലെന്താണു്?"

ഈ വാക്കുകൾ കേട്ടപ്പോൾ ചെംഗറെഡ്ഡിക്കു് കഠിനമായ ദേഷ്യവും കുറച്ചിലും തോന്നി. ഗംഗിറെഡ്ഡി ഒരക്ഷരം മറുപടി പറഞ്ഞില്ലല്ലോ എന്നോൎത്താണു് അയാൾക്കു ഏററവും വിഷമം തോന്നിയതു്. ദേഷ്യവും അവമാനബോധവും അടക്കാനുള്ള ശ്രമത്തിൽ വിറയൽബാധിച്ച അയാൾ ഗംഗിറെഡ്ഡിയോടു ചോദിച്ചു: "ഇയ്യാൾ എന്താണു പറ

ഞ്ഞതെന്നു നിങ്ങൾ കേട്ടല്ലോ. അയാളുടെ അഭിപ്രായ ങ്ങളോട്ട് നിങ്ങൾ യോജിക്കുന്നുണ്ടോ?"

ഗംഗിറെഡ്ഡി മൗനം ഭഞ്ജിച്ചില്ല.

"എന്തെങ്കിലും ഒരു മറുപടി പറയാനുള്ള സന്മനസ്സ ണ്ടാകണം." ചെംഗറെഡ്ഡി പറഞ്ഞു.

ഗംഗിറെഡ്ഡി പറഞ്ഞു "ശരി. ചെംഗറെഡ്ഡി, നിങ്ങ ളെ ഞാൻ വ്യക്തിപരമായി ഇഷ്ടപ്പെടുന്നു. നിങ്ങൾ എൻെറ വീട്ടിൽ വരുന്നതിനെ ഞാൻ എപ്പോഴും സ്വാഗതംചെയ്യും. എങ്കിലും നിങ്ങളുടെ ഇന്നത്തെ സാമ്പത്തികസ്ഥിതി ആലോ ചിച്ചു നോക്കുമ്പോൾ, പിച്ചമ്മയെ നിങ്ങൾക്കു കല്യാണം കഴിച്ചുതരുന്ന പ്രശ്നം ഉദിക്കുന്നേയില്ല. അവൾ ഇവിടെ വളരെ സമൃദ്ധിയിൽ വളൎന്നു ശീലിച്ചവളാണു്. ദരിദ്രനു് വിവാഹംകഴിച്ചു കൊടുക്കുവാൻ എനിക്കു സാദ്ധ്യമല്ല. നിങ്ങളും എന്നോടു യോജിക്കുമെന്നു എനിക്കു തീൎച്ചയുണ്ടു്. നിങ്ങൾ ഇപ്പോൾ താമസിക്കുന്ന മൺകുടിലിൽ അവളെ ങ്ങനെ താമസിക്കും? അവൾക്കു് ഇവിടെ കിട്ടിക്കൊണ്ടിരി ക്കുന്ന തോതിൽ ഭക്ഷണം കൊടുക്കുവാൻ നിങ്ങൾക്കു് എങ്ങിനെ കഴിയും?"

ചെംഗറെഡ്ഡി ചുണ്ടുകടിച്ചുകൊണ്ടു വ്യസനപൂൎവം പറഞ്ഞു. "ഞാൻ വിചാരിച്ചതുപോലെതന്നെയാണു് കാൎയ്യം. ഈ മനുഷ്യൻ ധിക്കാരംപറഞ്ഞതു നിങ്ങളുടെ മനോഭാവം അറിഞ്ഞുകൊണ്ടാണു്. അയാളതു അറിഞ്ഞി രിക്കണം; അല്ലെങ്കിൽ ഊഹിച്ചെടുത്തിരിക്കണം. എല്ലാ വരും ഇപ്പോൾ സ്വത്തിനുവേണ്ടിയാണു വെമ്പുന്നതു്. സാധുക്കൾക്കു് മുമ്പുണ്ടായിരുന്ന രക്ഷപോലും ഇപ്പോൾ ഇല്ല. ദ്വിവിധിയും ഓബിറെഡ്ഡിയുടെ വൃത്തികെട്ട കൗശല ങ്ങളും ആണു എന്നെ ദരിദ്രനാക്കിയതു്. ഇതെന്തൊരു ലോകം! സ്വത്തിനുവേണ്ടി എന്തൊരു വെമ്പൽകൊള്ളൽ!"

"അതിൽ എന്താണു് അതിശയിക്കാനുള്ളതു്?" ഗംഗിറെഡ്ഡി ചോദിച്ചു. "ധനം സൗന്ദര്യത്തേയും, സൗന്ദര്യം ധനത്തേയും, വിദ്യാഭ്യാസം രണ്ടിനേയും ഇഷ്ടപ്പെടുന്നു. വിവാഹം കഴിച്ച ഒരു പെണ്ണിന്നു സ്വന്തമായി നല്ലൊരു വീടും, ധാരാളം ആഭരണങ്ങളും, വേണ്ടത്ര തിന്നാനുള്ള വകയും വേണം. ധനമില്ലെങ്കിൽ ഇവയൊക്കെ എങ്ങനെ കിട്ടും?"

"അപ്പോഠം ഞാൻ ഇവിടെ വരരുതെന്നു നിങ്ങളും ആവശ്യപ്പെടുകയാണോ?" ചെംഗറെഡ്ഡി ചോദിച്ചു.

"എനിക്കങ്ങിനെ ആഗ്രഹമില്ല" ഗംഗിറെഡ്ഡി പറഞ്ഞു. "എന്റെ മകളെ കല്യാണം കഴിക്കാമെന്നു ആഗ്രഹിക്കരുതെന്നേ എനിക്കു അറിയിക്കാനുള്ളു."

ചെംഗറെഡ്ഡി പറഞ്ഞു. "അതിന്റെ അർത്ഥം എന്റെ വരവു് മതിയാക്കണമെന്നാണു്. ഞാൻ വന്നിരുന്നതു് പിച്ചമ്മയെ കിട്ടാൻവേണ്ടി മാത്രമായിരുന്നു." ഇതു പറഞ്ഞു് അയാഠം അവിടെനിന്നു ഇറങ്ങിപ്പോയി. അയാളുടെ എതിരാളിയുടെ പരിഹാസംനിറഞ്ഞ ചിരി അയാളുടെ കാതുകഠം തുളച്ചുകയറി.

അയാഠം പോയപ്പോഠം അവിടെ നടന്ന സംഭാഷണം മുഴുവൻ അകത്തുനിന്നു കേട്ടുകൊണ്ടിരുന്ന കൊണ്ടമ്മയും പിച്ചമ്മയും, അയാഠം പോകുന്നതു കാണാനായി വാതുക്കലേയ്ക്കു വന്നു.

"അങ്ങിനെ അയാളിൽനിന്നു മോചനം കിട്ടി." ഓബിറെഡ്ഡി ഗംഗിറെഡ്ഡിയോടു പറഞ്ഞു. "അയാഠം ഒരു കഴുതയെപ്പോലെയാണു പ്രവൎത്തിച്ചുവന്നതു്. എന്നും ഇവിടെ വന്നു സമയം കൊല്ലുകയും ദാരിദ്ര്യം വൎദ്ധിപ്പിക്കുകയും ആയിരുന്നു അയാളുടെ ജോലി."

ഗംഗിറെഡ്ഡി പറഞ്ഞു. "ഇതു അയാളുടെ ഗുണത്തിനു ആണെന്നാണു എൻെറ വിശ്വാസം. എങ്കിലും ആ നിർഭാഗ്യനെ ഓൎത്തു് എനിക്കു യഥാൎത്ഥമായ സഹതാപം ഉണ്ടു്. നീ എന്തു വിചാരിക്കുന്നു?" ഭാൎയ്യയോടു തിരിഞ്ഞു അയാറം ചോദിച്ചു.

"അയാറം എപ്പോഴും ഞങ്ങളോടു സ്നേഹമായിട്ടാണു് പെരുമാറിയിരുന്നതു്. അയാളെപ്പററി പരാതിപറയാൻ ഒന്നുംതന്നെ ഞങ്ങറംക്കില്ല. നല്ല ഒരു ഹൃദയം അയാറം ക്കുണ്ടു്. പക്ഷേ ഭാഗ്യം അയാറംക്കു എതിരാണു്. അയാളുടെ ഇപ്പോഴത്തെ ധനസ്ഥിതിയിൽ പിച്ചമ്മയെ അയാറം ക്കു കല്യാണം കഴിച്ചുകൊടുക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ല. എന്നെങ്കിലും ഈ നിലയ്ക്കു മാററം വരുന്ന ലക്ഷണം കാണുന്നുമില്ല. അതിനാൽ സംഭവിച്ചതെല്ലാം നല്ലതിനാണെന്നാണു് എൻെറ വിശ്വാസം. എങ്കിലും അയാളുടെ സ്നേഹം നിറഞ്ഞ സന്ദൎശനങ്ങളും ആ മനോഹരമായ വണ്ടിയും നമുക്കു നഷ്ടപ്പെടുമല്ലോ. അയാറം ഇനി ഇവിടെ വരുകയില്ലെന്നുള്ളതുകൊണ്ടു നാം അയാളോടു വണ്ടി ആവശ്യപ്പെടുകയില്ല. അങ്ങിനെ പിച്ചമ്മയ്ക്കു് ഉല്ലാസപ്രദമായ ആ സവാരി നടത്താൻ സാധ്യമല്ലാതെവരും."

ഓബിറെഡ്ഡി പറഞ്ഞു "ഗംഗിറെഡ്ഡി, നിങ്ങറം വിഷമിക്കേണ്ട. ഞാൻ ആ വണ്ടി വിലയ്ക്കുവാങ്ങി പിച്ചമ്മയ്ക്കു സമ്മാനമായി നല്കുന്നുണ്ടു്."

"പക്ഷേ ചെംഗറെഡ്ഡി വലിയ അഭിമാനിയാണു്. എന്തു കഷ്ടതയനുഭവിച്ചാലും അയാളാ വണ്ടിയും കാളകളും വില്ക്കുകയില്ല." ഗംഗിറെഡ്ഡി പറഞ്ഞു.

"ശരി. ആ വണ്ടിയും കാളയും പിച്ചമ്മയ്ക്കുവേണ്ടി വാങ്ങുമെന്നു ഞാനിതാ ഇവിടെവെച്ചു സത്യംചെയ്യുന്നു. അതിനുശേഷമേ ഞാൻ അവളെ കല്യാണം

കഴിച്ചുതരണമെന്നു ആവശ്യപ്പെടുകയുള്ളൂ. ഈ സംഗതിയിൽനിന്നും നിങ്ങളുടെ മരുമകനാകാൻ പോകുന്നയാളിൻെറ ലോകപരിചയവും പ്രവൎത്തിസാമൎത്ഥ്യവും നിങ്ങൾക്കു ബോദ്ധ്യമാകുകയും ചെയ്യും." ഓബിറെഡ്ഡി പറഞ്ഞു.

ഗംഗിറെഡ്ഡി പ്രസ്താവിച്ചു. "ഓബിറെഡ്ഡി, നിങ്ങളെ നിരുത്സാഹപ്പെടുത്തണമെന്ന് എനിക്കു ഉദ്ദേശമില്ല. എങ്കിലും നിങ്ങളുടെ പ്രതിജ്ഞയല്പം ധൃതികൂടിപ്പോയി എന്നു ഞാൻ കരുതുന്നു. ചെംഗറെഡ്ഡി എത്ര അഭിമാനിയാണെന്നു നിങ്ങൾക്കറിഞ്ഞുകൂടാ. അയാളുടെ സഹനശക്തി നിങ്ങൾ ശരിക്കു മനസ്സിലാക്കിയിട്ടില്ല. നിങ്ങൾ ഇതുവരെ കാണിച്ചിട്ടുള്ളതിൽ വളരെയേറെ കൂടുതൽ സാമൎത്ഥ്യം ഉണ്ടെങ്കിലേ നിങ്ങൾക്കു അയാളുടെ പ്രിയപ്പെട്ട വണ്ടിയും കാളകളും തട്ടിയെടുക്കാൻ കഴിയൂ. എങ്കിലും ഞാൻ ഒരു കാൎയ്യം പ്രതിജ്ഞചെയ്യാം. ആ വണ്ടിയും കാളകളും വാങ്ങുന്ന സംഗതിയിൽ ജയിക്കുന്ന ദിവസം നിങ്ങൾ ഇവിടെ വരിക. അന്നു നിങ്ങളും പിച്ചമ്മയും തമ്മിലുള്ള വിവാഹനിശ്ചയം ഞാൻ ആലോചിക്കും."

"സമ്മതിച്ചു" ഉത്സാഹത്തള്ളലോടെ ഓബിറെഡ്ഡി വിളിച്ചുപറഞ്ഞു. "ഒരു മാസത്തിനകം അടിയന്തിരം നടത്തുവാൻ തയ്യാറായിരുന്നുകൊള്ളൂ. ഇനി എൻെറ പ്ലാൻ അനുസരിച്ചു ഞാൻ പോയി പ്രവൎത്തിക്കട്ടെ" എന്നു പറഞ്ഞു അയാൾ അവിടെനിന്നു പോയി. ഈ സംഭവത്തിൽ സന്തുഷ്ടയായി പുഞ്ചിരിയിട്ടുകൊണ്ടു വാതുക്കൽ നിന്നിരുന്ന പിച്ചമ്മയെ ഒരു നോക്കു കാണുവാൻ, പോകുന്ന കൂട്ടത്തിൽ അയാൾക്കു കഴിഞ്ഞു.

"അയാളുടെ പ്ലാൻ എന്തായിരിക്കുമെന്നാണു അങ്ങു വിചാരിക്കുന്നതു്?" കൊണ്ടമ്മ ഭൎത്താവിനോടു ചോദിച്ചു.

"എനിക്കു പറയാൻ സാദ്ധ്യമല്ല" ഗംഗിറെഡ്ഡി മറുപടി പറഞ്ഞു. "ചെംഗിറെഡ്ഡിയേക്കൊണ്ടു തൻെറ കാള

കളെ ഉപേക്ഷിപ്പിക്കാൻ പ്രേരിപ്പിക്കുന്ന ഏതെങ്കിലും പദ്ധതിയെപ്പററി ഓർക്കുകതന്നെ വിഷമമായിരിക്കുന്നു. എങ്കിലും, പെട്ടെന്നു പ്രവൎത്തിപ്പിക്കാവുന്ന ഏതോ പദ്ധതി തൻെറ കൈവശം ഉണ്ടെന്നു് ഓബിറെസ്ഥി കരുതുന്നുണ്ടെന്നുള്ളതു തീൎച്ചയാണു്. തനിക്കു ഒരു പ്ലാൻ ഉണ്ടെന്നു് ഓബിറെസ്ഥി പറയുമ്പോൾ, അതേപ്പററി തൎക്കിക്കുന്നയാൾ ഒരു ധീരനായിരിക്കണം. നമുക്കു കാത്തിരുന്നു എന്താണതെന്നു കാണാം. തൻെറ പദ്ധതിയെന്തെന്നു അയാൾ നമ്മളോടു പറയാത്ത സ്ഥിതിക്കു നമുക്കു ചെയ്യാവുന്ന ഒററ സംഗതി അതാണു്."

ഇതിന്നിടയിൽ സങ്കടപ്പെട്ടും ഇച്ഛാഭംഗപ്പെട്ടും ചെംഗറെസ്ഥി വീട്ടിൽ മടങ്ങിയെത്തി. അയാൾ കയററുകട്ടിലിൽ വീണു കൊച്ചുകുട്ടിയെപ്പോലെ ഏങ്ങിക്കരയാൻതുടങ്ങി. അയാൾ സ്വയം പറഞ്ഞു. "ഞാൻ എത്ര മഠയനായിരുന്നു ഇത്രനാളും. ഞാൻ എന്തിനു് ഈ നാശം പിടിച്ച വ്യവഹാരത്തിൽ ഏൎപ്പെട്ടു? അതിൽ നിൎബ്ബന്ധം പിടിച്ചുനിന്നു് എൻെറ ജീവിതമാസകലം മുഴുവൻ എന്തിനു തുലച്ചു? ഈ നശിച്ച വ്യവഹാരം തുടങ്ങുന്നതിനുമുമ്പിലത്തെ രീതിയിൽ, ഞാൻ ഇപ്പോൾ സാമാന്യം സ്വത്തുകാരനായിരുന്നുവെങ്കിൽ, പിച്ചമ്മയെ കിട്ടുന്നകാൎയ്യത്തിൽ ഓബിറെസ്ഥിയെപ്പോലെതന്നെയുള്ള അവകാശം എനിക്കുമുണ്ടാകുമായിരുന്നു. പക്ഷെ, എനിക്കു് ഇപ്പോൾ അതിനു ഒരു സൗകൎയ്യവും ഇല്ല. കഷ്ടം, ഈ ചെറുപ്രായത്തിൽത്തന്നെ വിധി എന്നോടു് ഇത്രത്തോളം ദയവില്ലാത്തവളായിപ്പോയല്ലോ! എൻെറ വിധിക്കെതിരായി വിലപിച്ചതുകൊണ്ടും ചെയ്തുപോയ മഠത്തരങ്ങൾ ഓൎത്തു പശ്ചാത്തപിച്ചതുകൊണ്ടും എന്താണുവിശേഷം? എങ്കിലും ഓബിറെസ്ഥിയുടെ കുടിലതന്ത്രങ്ങളെപ്പററി ഓൎക്കുമ്പോൾ, കള്ളസ്സാക്ഷിപറയിച്ചു കേസ് ജയിച്ചതും, വസ്തുതകൾപൊലിപ്പിച്ചുപറഞ്ഞും വളഞ്ഞുപിരിഞ്ഞും എനിക്കു് എതിരായി പിച്ചമ്മയുടെ ആളുകളുടെ മനസ്സ് ദുഷി

പ്പിച്ചതും മററും ഓക്കുമ്പോൾ ആ മൂർഖനെ അങ്ങു കൊന്നു കളഞ്ഞാലെന്താ എന്നു തോന്നാറുണ്ടു്. അയാളുടെ ദുഷ്ടത്ത രങ്ങളുടെ ഫലമായി അയാൾ എന്തിനു പിച്ചമ്മയെ കല്യാ ണം കഴിക്കണം? ഒരു ദൈവദൂതിയായ പിച്ചമ്മയ്ക്കു ചേന്ന തല്ല ആ ജന്തു എന്നു് എനിക്കു് നിശ്ചയമുണ്ടു്. അവളു ടെ മാംസമാണു് അയാൾ കൊതിക്കുന്നതു്. അവളുടെ ആയിരം ആയിരം സൽഗ്ഗുണങ്ങളുടെ വില അയാൾക്കു് അറിഞ്ഞുകൂടാ. കല്യാണംകഴിച്ചു ഒരു വഷത്തിനകം അയാ ളുടെ വളഞ്ഞ വഴികണ്ടു അവൾ അയാളെ വെറുക്കുമെന്നു ള്ളതു തീച്ചയാണു്. ഒരു കൊച്ചുകുട്ടിയാണവൾ. അയാ ളുടെ നല്ല വശംമാത്രമേ അവൾ കണ്ടിട്ടുള്ളു. അതിനാൽ അയാൾ കാമ്യനായ ഒരാളാണെന്നു തെററിദ്ധരിച്ചിരിക്കുക യാണു്. സക്കസ് കമ്പനിയിൽവച്ചു്, കടുവായെ കാണുന്ന ഒരുത്തൻ അതിൻെറ ഭംഗിയുള്ള തോലുകണ്ടു അതിനെ ഇഷ്ടപ്പെടാൻ ഇടയുണ്ടു്. എന്നാൽ നിയന്ത്രണം ഒന്നും ഇല്ലാതെ അതിനെ കാട്ടിൽവച്ചുകാണട്ടെ, അപ്പോൾ അയാ ളുടെ അഭിപ്രായം മറിച്ചായിരിക്കും. അതുപോലെ, പിച്ച മ്മയുടെ പ്രേമം സമ്പാദിക്കുവാൻ വേണ്ടി ഗംഗിറെഡ്ഡിയുടെ വരാന്തയിൽ ഇരിക്കുന്ന ഓബിറെഡ്ഡിയെക്കണ്ടാൽ, ലോകപ രിചയം കുറഞ്ഞവക്കു് സ്നേഹിക്കുവാൻ കൊള്ളാവുന്ന ഒരു ത്തനായി തോന്നിയേക്കാം. എന്നാൽ ഓബിറെഡ്ഡി സ്വ തന്ത്രനാകുന്നനിമിഷത്തിൽ, അയാളുടെ ദിവസവുംഉള്ള പ്രവൃത്തി പിശാചിൻെറ മാതിരിയായിരിക്കുമെന്നു എനിക്കു നിശ്ചയമുണ്ടു്. ഇല്ല. ഞാൻ സ്വയംനിയന്ത്രിക്കണം. എന്തു ഭ്രാന്തവിചാരമാണു ഞാൻ പുലത്തുന്നതു്! അയാളുടെ സ്വ ഭാവമെന്തെന്നു ശരിക്കു മനസ്സിലാക്കാൻ ധാരാളം സന്ദഭം ലഭിച്ചിരുന്നിട്ടും ഗംഗിറെഡ്ഡി പിച്ചമ്മയെ ഓബിറെഡ്ഡിക്കു കൊടുക്കുന്നുവെങ്കിൽ എനിക്കു പിന്നെയെന്താണതിൽ കാ ര്യം? ഓബിറെഡ്ഡിയെപ്പോലെ നികൃഷ്ടജന്തുവിൻെറ രക്തം പുരട്ടി എൻെറ കൈകൾ എന്തിനു് അഴുക്കാക്കണം? ഉജ്ജ

യിരിക്കുക ചെംഗിറെഡ്ഡി; നീ നിൻെറ സ്ഥാനത്തുനിന്നു ചലിച്ചുപോകുന്നു.

അയാൾ പിന്നെ അവിടെനിന്നു എഴുന്നേററു, വണ്ടിയും കാളകളേയും നോക്കാനായിപ്പോയി. പ്രിയപ്പെട്ട തൻെറ കാളകളെ കൈയ്യുകൊണ്ടു തട്ടിക്കൊണ്ടു അയാൾ പറഞ്ഞു "സാധുജീവികൾ. നിങ്ങളുടെ ജീവിതോദ്ദേശം വ്യർത്ഥമായി. നിങ്ങൾ ഇനി ആ ദൈവദൂതിയെ വഹിച്ചുകൊണ്ടുപോകുകയില്ല. അവളെ കൊണ്ടുപോകുന്നതു് നിങ്ങളുടെ എത്രയും അഭിമാനകരമായ പ്രവൃത്തിയായിരുന്നു. നിങ്ങളെ സൃഷ്ടിച്ചതിൻെറ ഉദ്ദേശവും മറെറാന്നായിരുന്നില്ല." ഈ സമയത്തു് വരദറെഡ്ഡി റോഡിൽക്കൂടി അയാളുടെ വീട്ടിൻെറനേക്കു വരുന്നതു് അയാൾ കണ്ടു. വരദറെഡ്ഡി ആ ഗ്രാമത്തിലെ കാലിക്കച്ചവടക്കാരനാണു്. അയാൾ അവിടം സന്ദർശിച്ചിട്ടു കാലം വളരെയായിരുന്നു. ഇപ്പോൾ എന്തിനാണു് വരുന്നതെന്നോർത്തു ചെംഗിറെഡ്ഡി വിസ്മയിച്ചു. അയാൾ കാളകളെ അവിടെ വിട്ടിട്ടു വാതുക്കലേയ്ക്കു ചെന്നു വരദറെഡ്ഡിയെ സ്വീകരിച്ചു.

"വരദറെഡ്ഡി, നിങ്ങൾ എന്താണു വന്നതു്?" അയാളെ ഉപചരിച്ചു ഇരുത്തിയിട്ടു് ചെംഗിറെഡ്ഡി ചോദിച്ചു.

"ഓ, പ്രത്യേകിച്ചൊന്നുമില്ല." അയാൾ പറഞ്ഞു "നിങ്ങളുടെ അഴകേറിയ കാളകളുണ്ടല്ലോ. കാണാൻ മാത്രം കൊള്ളാവുന്ന അവയെക്കാൾ എത്രാനും ഏറു് ഉഴവുകാളകൾ നിങ്ങൾക്കുണ്ടായിരിക്കുന്നതാണു് ഉപകാരപ്രദമെന്നു് എനിക്കു തോന്നുന്നു. അവയെ ഉഴാൻ കൊള്ളുകയില്ല. അവയെ അതിനായി ഉപയോഗിക്കുന്നതു കുറച്ചിലുമാണു്. ഇപ്പോൾ നിങ്ങൾക്കു രണ്ടു ഉഴവുകാളകളല്ലേ ഉള്ളൂ. അതുകൊണ്ടു നിങ്ങൾക്കു ഉഴേണ്ട സന്ദർഭങ്ങളിലെല്ലാം മററുള്ളവരുടെ അടുത്തുപോയി കടമായി വാങ്ങേണ്ടിവരികയും

നിങ്ങളുടേതിനെ അങ്ങോട്ടു കൊടുക്കേണ്ടിവരികയും ചെയ്യു ന്നു ഇതുമൂലം വളരെ വിഷമതകളുണ്ടു്. അഭിമാനത്തി ന്നു കുറവുമാണതു്. ഒഴിച്ചുകൂടാൻ പാടില്ലാത്ത താമസവും നേരിടുന്നു. നിങ്ങളുടെ വണ്ടിയും കാളയുംകൂടെ വിലയ്ക്കെടു ത്തുകൊള്ളാമെന്നു ഒരു നല്ല കച്ചവടം വന്നിട്ടുണ്ടു്. 300 രൂപാ അല്ലെങ്കിൽ ആറുജോഡി ഉഴവുകാള. നിങ്ങൾ എന്തു പറയുന്നു. ഇത്ര നല്ല ഒരു കോളുവന്നതിൽ നിങ്ങൾ വാ സ്തവമായും അത്ഭുതപ്പെടുന്നുണ്ടെന്നാണു് എന്റെ ഊഹം.'

"എനിക്കു് അത്ഭുതം അശേഷമില്ല." ചെംഗറെഡ്ഡി പറഞ്ഞു. "എന്തിനു്, എന്റെ ചില അറിവുകൾ പറ ഞ്ഞു നിങ്ങളെ ഞാൻ അത്ഭുതപ്പെടുത്താൻ പോകുകയാ ണു്. ഈ സന്ദേശവുംതന്നു നിങ്ങളെ അയച്ചതു് ഓബി റെഡ്ഡിയാണു്. അയാളാണു് ഈ വിശിഷ്ടമായ കച്ചവടം ചൊല്ലി അയച്ചതു്. ഞാൻ കുറഞ്ഞ തുക കൊണ്ടു തൃപ്തി പ്പെടുന്നില്ലെങ്കിൽ 1000 രൂപ തരാനും അയാൾ നിങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ടു്. ആ തുക തന്നു് എന്റെ വണ്ടി യും കാളകളെയും എന്നോടു വാങ്ങുകയും ചെയ്യും."

വരദറെഡ്ഡി അത്ഭുതപ്പെട്ടുപോയി. ചെംഗറെഡ്ഡി ഇത്ര ബുദ്ധിപൂർവ്വം കാര്യങ്ങൾ ഊഹിക്കുമെന്നു അയാൾ വിചാരിച്ചിരുന്നില്ല. ഗ്രാമത്തിൽ ജനിച്ച അയാൾക്കു് വേ ണ്ടത്ര സാമാന്യബുദ്ധിയില്ലെന്നാണു് കരുതപ്പെട്ടിരുന്നതു്. എങ്കിലും അയാൾ വിഷമതകളിൽനിന്നു ഒഴിഞ്ഞു. അയാൾ ചോദിച്ചു. "ഓബിറെഡ്ഡിയാണു് എന്നെ അയച്ചതെന്നു നിങ്ങൾക്കെങ്ങിനെ മനസ്സിലായി?"

"ഓബിറെഡ്ഡിയല്ലാതെ വേറെ ആരും 300 രൂപാ ത രാമെന്നും 1000 രൂപാവരെ വേണമെങ്കിലും തരാമെന്നും പറയുകയില്ല. അയാൾ എന്റെ ഈ വണ്ടിയും കാളയും കിട്ടിയാൽ കൊള്ളാമെന്നു കൊതിക്കാൻ തുടങ്ങീട്ടു വളരെ നാളായി."

"എന്തിനാണു് അയാൾ ഇതു കിട്ടാൻവേണ്ടി കൊതിക്കുന്നതു്? അയാൾക്കു് വളരെയധികം കാളകളുണ്ടല്ലോ?" വരദറെഡ്ഡി ചോദിച്ചു.

"ശരിയാണു്. പക്ഷെ ഇത്രത്തോളം നല്ല ഒരു ജോഡിയില്ല. അവയ്ക്കൊപ്പം വരുന്നതിനെ കിട്ടുക വിഷമമാണു്; ദൂരെയുള്ള ഒരു ഗ്രാമത്തിൽവച്ചുനടന്ന ഒരു കാളവണ്ടിയോട്ടമത്സരത്തിൽ ജയിച്ചതുകണ്ടു മൂന്നുകൊല്ലംമുമ്പു് എൻ്റച്ഛൻ വാങ്ങിയതാണവ. അദ്ദേഹം അവയ്ക്കു 200 രൂപാ കൊടുത്തു. ഗംഗിറെഡ്ഡിയുടെ ആളുകൾക്കു ഞാൻ അവയെ ചിലപ്പോഴൊക്കെ അയച്ചുകൊടുത്തിരുന്നു. ആ പെണ്ണുങ്ങൾക്കു് ആ വണ്ടിയിൽ പോകാൻ വലിയ സന്തോഷമായിരുന്നു. ഈ വണ്ടിയോട്ടം കാളകളോടും തുല്യം പറയത്തക്കവിധം ഓബിറെഡ്ഡിക്കു് ഒരെണ്ണംപോലുമില്ല. അതുകൊണ്ടു് പിച്ചമ്മ ഈ വണ്ടിയിലിരുന്നു സുഖമായി പോകുന്നതു കാണുമ്പോഴൊക്കെ അയാളുടെ മുഖത്തു വല്ലായ്മ നിഴലിച്ചിരുന്നു. അയാൾ ഈ വണ്ടി കരസ്ഥമാക്കണമെന്നും, അതു പിച്ചമ്മയ്ക്കു നൽകി, അവളുടെ പുഞ്ചിരി ആസ്വദിക്കണമെന്നും കൊതിച്ചിരുന്നു. ഇപ്പോൾ അയാൾ എനിക്കെതിരായി ഗംഗിറെഡ്ഡിയുടെ മനസ്സു് മലിനപ്പെടുത്തുകയും, പിച്ചമ്മയെ തന്നുകൊള്ളാമെന്ന വാഗ്ദാനം സമ്പാദിക്കുകയും ചെയ്തിരിക്കുകയാണു്. ഈ വണ്ടിയും കാളയും വാങ്ങിക്കാൻ അയാളല്ലേ നിങ്ങളെ പറഞ്ഞയച്ചിട്ടുള്ളതു്?" ഇതു പറഞ്ഞു ചെംഗറെഡ്ഡി പരിഹാസപൂർവം ഉച്ചത്തിൽ ചിരിച്ചു

"അങ്ങിനെ വിലയ്ക്കു ചോദിച്ചതിൽ എന്താണുതെറ്റു്?" വരദറെഡ്ഡി ചോദിച്ചു. "എങ്ങിനെയായാലും പിച്ചമ്മയെ കിട്ടുമെന്നു നിങ്ങൾക്കു് ആശിക്കാൻ നിവൃത്തിയില്ല. അയാൾ അവളെ കല്യാണം കഴിക്കുമെന്നുള്ളതു തീർച്ചയുമാണു്. അങ്ങിനെയിരിക്കേ നല്ല ലാഭത്തിനു് വണ്ടിയും

കാളയും എന്തുകൊണ്ടു" അയാൾക്കു വിററുകൂടാ? 1000 രൂപയ്ക്കുതന്നെ അവയെക്കൊടുത്തു നിങ്ങൾക്കു പുതുതായി ജീവിതം ആരംഭിക്കാമല്ലോ?"

"ഓബിറെഡ്ഡിയുടെ പണംകൊണ്ടു എനിക്കു പുതിയതായി ജീവിതം ആരംഭിക്കേണ്ട ആവശ്യമില്ല."

"നിങ്ങളുടെ വണ്ടിയും കാളയും കൊടുത്തിട്ടു കിട്ടുന്ന പണം ഓബിറെഡ്ഡിയുടെ പണമാകുന്നതെങ്ങിനെ?" വരദറെഡ്ഡി ചോദിച്ചു.

"ഇവയ്ക്കു 200 രൂപയിലധികം തരുവാൻ മററാരും സ്വപ്നത്തിൽപോലും വിചാരിക്കുകയില്ല. അയാൾ മാത്രമെ 1000 രൂപാ തരാമെന്നു പറയുന്നുള്ളു. അതിൻെറ അർത്ഥം 800 രൂപാ അയാൾ വെറുതെ തരുന്നുവെന്നാണു്. എനിക്കു് അയാളുടെ ധർമ്മം എന്തിനുവേണം?"

"എന്തെന്നാൽ നിങ്ങളുടെ സാധനം അയാൾക്കുവേണ്ടിയിട്ടു്." വരദറെഡ്ഡി പറഞ്ഞു. "വിലയ്ക്കു വാങ്ങുന്നതിലും കൊടുക്കുന്നതിലും ആവശ്യവും കൊടുക്കാനുള്ള കഴിവും ആണു് എല്ലാത്തേയും നിയന്ത്രിക്കുന്നതു്. ഒരു വിലപേശലിൽ ദാനത്തിൻെറയോ കടപ്പാടിൻെറയോ പ്രശ്നം ഉദിക്കുന്നില്ല നിങ്ങൾ എന്തു പറയുന്നു? രൊക്കം പണം തരും. 1000 രൂപയ്ക്കു് അവയെ വിട്ടുകൊടുക്കാൻ തയ്യാറുണ്ടോ?"

"തീച്ചയായും ഇല്ല." ചെംഗറെഡ്ഡി പറഞ്ഞു. "ഞാൻ പട്ടിണികിടക്കാനിടയായാൽപ്പോലും പ്രിയപ്പെട്ട കാളകളേയും വണ്ടിയും ഞാൻ വില്ക്കുകയില്ല. പിന്നെ, ഓബിറെഡ്ഡിക്കും അയാളുടെ ഏജൻറന്മാക്കും അവയെ വില്ക്കുന്ന കാര്യം ഞാൻ സ്വപ്നം കാണുകപോലുമില്ല."

"എന്തിനാണീനിർബ്ബന്ധബുദ്ധിയും കടുത്ത ശത്രുതവും?" വരദറെഡ്ഡി ചോദിച്ചു. "നിങ്ങളുടെ സ്വകാര്യവി

രോധങ്ങൾ കച്ചവടത്തെ ബാധിച്ചിട്ടു കാര്യമെന്താണു്? ഓബിറെഡ്ഡിയുമായി കൂട്ടിമുട്ടാൻ അവസരം ഉണ്ടാകാതിരിക്കെ, അയാളുമായി ഒരക്ഷരംപോലും പറയേണ്ട ആവശ്യം ഇല്ലാതിരിക്കെ, നിങ്ങൾക്കു ഒരൊക്കം പണം കിട്ടുമെന്നുണ്ടെങ്കിൽ, യഥാർത്ഥത്തിൽ വാങ്ങുന്നയാൾ ആരുതന്നെയായാലും എന്താണു ദോഷം?"

"വരദറെഡ്ഡി, ഇക്കാര്യത്തെപ്പററി പറയരുതെന്നു ഞാൻ കേണപേക്ഷിക്കുന്നു. ഒരുലക്ഷംരൂപാ തന്നാലും ഞാൻ കാളയും വണ്ടിയും വില്ക്കുകയില്ല. ഓബിറെഡ്ഡിക്കു ഒട്ടുമില്ല. നിങ്ങളുടെ കച്ചവടരീതികളും മര്യാദകളും എനിക്കു കേൾക്കേണ്ട. എൻെറ പൂർവികന്മാരാരും കച്ചവടക്കാരായിരുന്നില്ല ദൈവതോരക്ഷ. പണത്തെ കാര്യമാക്കാത്ത അഭിമാനികളായിരുന്നു അവർ. അവർ കുടുംബാഭിമാനത്തെപ്പററി മാത്രമേ കണക്കാക്കിയിരുന്നുള്ളു." ചെംഗറെഡ്ഡി പറഞ്ഞു.

"ഞാൻ പഴവനാണു്. നിങ്ങൾ പറയുന്നതുപോലെ അവർക്കു പണത്തിനോടു താല്പര്യമില്ലാതിരുന്നതായി ഞാൻ ഒരിക്കലും കണ്ടിട്ടില്ല. എന്തിനു്? നിങ്ങളുടെ അച്ഛൻതന്നെ പണത്തിൻെറ വിലയെപ്പററി നല്ല ബോധമുണ്ടായിരുന്നു. കഴിഞ്ഞ തലമുറയിൽപെട്ടവർക്കു് അത്യധികമായ, പലപ്പോഴും വിഡ്ഢിത്വംനിറഞ്ഞ കുടുംബാഭിമാനം ഉണ്ടായിരുന്നു എന്നതു തീർച്ചതന്നെ. അതധികവും പഴയ കുടുംബകലഹങ്ങൾവച്ചുപുലർത്തുക എന്ന ദൂഷിച്ച സമ്പ്രദായം മാത്രമായിരുന്നു. അക്കാലമൊക്കെപ്പോയി. ചത്തു മണ്ണടിഞ്ഞകാലത്തെ നശിച്ച സമ്പ്രദായങ്ങൾ പുലർത്തുന്നതുകൊണ്ടു എന്താണു വിശേഷം? ഒരു പെണ്ണിനെത്തന്നെ രണ്ടുപേർ മോഹിക്കുകയാണെങ്കിൽ ദ്വന്ദ്വയുദ്ധം ചെയ്തു അതിൽ ജയിക്കുന്നയാൾ അവളെ കല്യാണംകഴിക്കുക എന്നതായിരുന്നു പഴയ കാലത്തു് റെഡ്ഡിമാരുടെ ഇടയിലുണ്ടായിരുന്ന സമ്പ്രദായം. ഇപ്പോൾ ആരു് അങ്ങിനെ ചെയ്യുന്നുണ്ടു്?

നിങ്ങൾപോലും അങ്ങിനെ ചെയ്യുന്നില്ലല്ലോ. അതുകൊണ്ടു മുൻകാലങ്ങളിലെ ആചാരങ്ങളെപ്പററി എന്തിനു പറയുന്നു? പിന്നെ, പിച്ചമ്മയ്ക്കു കയറി സഞ്ചരിക്കാനാണ് വണ്ടിയും കാളയും നിങ്ങൾ ഗംഗിറെഡ്ഡിയുടെ വീട്ടിൽ അയച്ചുകൊടുത്തുകൊണ്ടിരുന്നതു്. വണ്ടിയിൽ കയറി സഞ്ചരിക്കുവാൻ നിങ്ങൾക്കു താല്പര്യമില്ലായിരുന്നു. പിച്ചമ്മയ്ക്കുകൊടുക്കാനാണ് ഓബിറെഡ്ഡി അവ വിലയ്ക്കുവാങ്ങാൻ ഉദ്ദേശിക്കുന്നതു്. അങ്ങിനെ ഒരു സന്തോഷം അവൾക്കു സിദ്ധിക്കുന്നതിനെ നിങ്ങൾ എന്തിനു തടയണം. പ്രത്യേകിച്ചും ആ കച്ചവടംകൊണ്ടു നിങ്ങൾക്കു് നല്ലലാഭം കിട്ടുമ്പോൾ?"

"എന്റെ നിർബ്ബന്ധത്തിനു് ഉറപ്പുപോരെന്നുണ്ടെങ്കിൽ, നിങ്ങളുടെ വാദം പിന്നെയും ഉറപ്പുകൂട്ടുന്നതേയുള്ളു." ചെംഗറെഡ്ഡി പറഞ്ഞു "അങ്ങേയററം അധഃപതിച്ച പൂർവ്വികരുടേയും സന്താനങ്ങളുടേയും ശാപത്തിനു പാത്രമാകാതെ, ആ വൃത്തികെട്ട പണംവാങ്ങിക്കൊണ്ടു എന്റെ ശത്രുവിനു വണ്ടിയും കാളയും വില്ക്കുമെന്നും അവ എന്റെ പ്രേയസിക്കു കൊടുക്കാൻ അനുവദിക്കുമെന്നും എനിക്കു സങ്കല്പിക്കുവാൻകൂടി സാദ്ധ്യമല്ല. അങ്ങിനെ ചെയ്യുന്ന കാലത്തു് ഇതുവരെ ജനിച്ച അതിനികൃഷ്ടനായ കോമാട്ടി * യെക്കാൾ നികൃഷ്ടനായിരിക്കും ഞാൻ. നേരെമറിച്ചു്, തനിക്കു് കാളയും വണ്ടിയും വേണമെന്നു പിച്ചമ്മ എന്നോടു് ആവശ്യപ്പെടുന്നപക്ഷം ഉടനെ അതവൾക്കു വെറുതേ കൊടുക്കാൻ എനിക്കു സന്തോഷമേയുള്ളു. അതു ഞാൻ ഓബിറെഡ്ഡിക്കോ, നിങ്ങൾക്കോ, മററാർക്കെങ്കിലുമോ വിലയ്ക്കു കൊടുക്കുകയില്ല. എന്റെ സ്വത്തൊക്കെ എന്നെ പിരിഞ്ഞുപോയിരിക്കാം. പക്ഷെ അന്തസ്സും വകതിരിവും എന്നെ വിട്ടുപോയിട്ടില്ല"

---

* ദക്ഷിണേന്ത്യയിൽ കാണുന്ന വൈശ്യവർഗ്ഗത്തിൽപെട്ട വ്യാപാരിയാണ് കോമാട്ടി. പണത്തിന് അവർക്കുള്ള കൊതി കുപ്രസിദ്ധമാണ്.

“അത്തരം തത്വങ്ങളിൽ ഉറച്ചുനിന്ന ആരുംതന്നെ അഭിവൃദ്ധിപ്പെട്ടിട്ടില്ല.” വരദറെഡ്ഡി പറഞ്ഞു.

“അഭിവൃദ്ധിയെപ്പററി ഞാൻ കണക്കാക്കുന്നില്ല. പിച്ചമ്മ നഷ്ടപ്പെട്ടതിനുശേഷം എനിക്കു് അഭിവൃദ്ധി ഉണ്ടായതുകൊണ്ടു എന്താണു ഗുണം? മേലാൽ കുടുംബാഭിമാനത്തെ മാത്രമെ ഞാൻ കണക്കാക്കുന്നുള്ളു”

“ജീവിതത്തെപ്പററി എന്തു തെററായബോധം!”

“നിങ്ങൾ അതു കാര്യമാക്കേണ്ട. എന്റെ ബോധം അതാണു്. അതു നിങ്ങളെ തൃപ്തിപ്പെടുത്താനല്ല ഇനി സലാം. ഇങ്ങിനത്തെ കെട്ട ഇടപാടുകളുമായി മേലാൽ എൻറടുത്തു വരരുതു്.” ചെംഗറെഡ്ഡി പറഞ്ഞു.

“ഞാൻ പറയുന്നതു കേൾക്കു. ഞാൻ ഒരു വയസ്സനാണു്. നിങ്ങളെക്കാൾ ലോകത്തെപ്പററി എനിക്കു കൂടുതലായി അറിയാം. എന്റെ ലോകപരിചയംകൊണ്ടു പ്രയോജനപ്പെടാൻ ശ്രമിക്കു.” വരദറെഡ്ഡി പറഞ്ഞു.

“നിങ്ങളുടെ ലോകപരിചയം നിങ്ങളെപ്പോലെ വയസ്സന്മാരായവക്കുവേണ്ടി കരുതിവച്ചുകൊള്ളു” ചെംഗറെഡ്ഡി അലറി. “അധികം പറയാതെ ദയവുചെയ്തു ഇവിടെനിന്നുപോകു.” വരദറെഡ്ഡിക്കു് വാതിൽ കാണിച്ചുകൊടുത്തുകൊണ്ടു അയാൾ പറഞ്ഞു.

“അസംബന്ധംനിറഞ്ഞ ശാഠ്യബുദ്ധി എന്തുചെയ്യാം! ഈ തലമുറ അങ്ങിനെയാണു്.” പോകുന്നതിനിടയിൽ വരദറെഡ്ഡി പറഞ്ഞു.

ഊണുകഴിഞ്ഞു ചെംഗറെഡ്ഡി കയററുകട്ടലിൽ കിടന്നു അല്പം വിശ്രമിച്ചു. അന്നു നടന്ന സംഭവങ്ങളെപ്പററി അയാൾ ഓത്തു. പെട്ടെന്നു അയാളുടെ ജന്മിയും ഉണ്ടിയൽ വ്യാപാരിയുംആയ മുത്യാലുറെഡ്ഡി വരുന്നതു് അയാൾ കണ്ടു.

"സന്ദർശനങ്ങളുടേയും അഭ്യാഗമനങ്ങളുടേയും ദിവസമാണ് ഇന്ന്." അയാൾ സ്വയം പറഞ്ഞു. അയാൾ എണീററു ചെന്നു മുത്യാലുവിനെ സ്വാഗതംചെയ്തു.

പതിവനുസരിച്ചുള്ള ക്ഷേമാന്വേഷണങ്ങൾക്കുശേഷം മുത്യാലുപറഞ്ഞു "നിങ്ങൾ എനിക്കു തരാനുള്ള 500 രൂപയുടെ ഡിക്രിത്തുക വാങ്ങാനാണു ഞാൻ വന്നതു്. എനിക്കാപണം ഉടനെ വേണ്ടിയിരിക്കുന്നു"

"അതു സൗകര്യംപോലെ തന്നാൽ മതിയെന്നു് നിങ്ങൾ പറഞ്ഞിരുന്നല്ലോ." ചെംഗറെഡ്ഡി പറഞ്ഞു.

"ഞാൻ അങ്ങിനെ പറഞ്ഞിരുന്നു. അന്നു പെട്ടെന്നുള്ള ഈ ആവശ്യം ഉണ്ടാകുമെന്നു ഞാൽ ഓർത്തിരുന്നില്ല. എനിക്കു് പണം ഇപ്പോൾ വേണം. ഇനിയും നിങ്ങൾക്കു അവധി അനുവദിക്കാൻ നിവൃത്തിയില്ലെന്നോർത്തു എനിക്കു ഖേദമുണ്ടു്."

"പക്ഷെ, നിങ്ങൾക്കു മടക്കിത്തരാൻ എൻറടുത്തു ഇപ്പോൾ പണം എവിടെയിരിക്കുന്നു. എൻെറ കാര്യമൊക്കെ നിങ്ങൾക്കു അറിയാമല്ലോ. എൻെറ നിത്യവൃത്തികഴിക്കുവാൻതന്നെ ഞാൻ വളരെ ഞെരുങ്ങുകയാണു്. ക്രൂരമായവിധി എന്നെ ഈ സ്ഥിതിയിലാക്കിക്കളഞ്ഞു"

"ഞാൻ ഒരു എളുപ്പവഴി പറയാം. നിങ്ങൾ ആ വണ്ടിയും കാളയും ഇങ്ങു തരു. ഞാൻ അതുകൊണ്ടു പൂർണ്ണമായും തൃപ്തിപ്പെട്ടുകൊള്ളാം" മുത്യാലുപറഞ്ഞു.

കുത്തേററ ഒരുത്തനെപ്പോലെ ചെംഗറെഡ്ഡി പിന്നോക്കം മാറി. "അപ്പോൾ, ഈ ഗൂഢാലോചനയിൽ നിങ്ങളും ഉൾപ്പെട്ടിട്ടുണ്ടു്, അല്ലേ?" അയാൾ പറഞ്ഞു.

"ഏതു ഗൂഢാലോചന?" മുത്യാലു ചോദിച്ചു.

"പിച്ചമ്മയ്ക്കു കൊടുക്കുന്നതിനു് ഓബിറെഡ്ഡിക്കുവേണ്ടി ഏതു വിധമെങ്കിലും എന്റെ വണ്ടിയും കാളയും തട്ടിഎടുക്കുന്നതിനായി ഓബിറെഡ്ഡിയും വരദറെഡ്ഡിയുംചേൎന്നു നടത്തിയ ഗൂഢാലോചന" ചെംഗറെഡ്ഡി പറഞ്ഞു

"എനിക്കു ന്യായപ്രകാരം കിട്ടേണ്ട പണം കിട്ടുന്നതിനുവേണ്ടി നടത്തുന്ന ഗൂഢാലോചനയല്ലാതെ എനിക്കു മററു ഗൂഢാലോചനയൊന്നുമില്ല." മുത്യാലു പറഞ്ഞു. "ഓബിറെഡ്ഡിക്കുവേണ്ടി നിങ്ങളോടു് 1000 ഉറുപ്പികതന്നുപോലും വണ്ടിയും കാളയും വാങ്ങുവാൻ താൻ തയ്യാറായി എന്നും എന്നാൽ നിങ്ങൾ ആ നിൎദ്ദേശം തള്ളിക്കളഞ്ഞു എന്നും ഞാൻ വരദറെഡ്ഡിയിൽനിന്നു മനസ്സിലാക്കി എന്നതു ശരി തന്നെ. എനിക്കു് അപ്പോൾ ദേഷ്യമാണുണ്ടായതു്. എനിക്കു് 500 ഉറുപ്പികയും പലിശയും തരാനുള്ള നിങ്ങൾക്കു് ഇത്ര നല്ല ഒരു ഇടപാടു് നിരസിക്കുവാൻ എന്തവകാശമാണുള്ളതു്? ആരെങ്കിലും 200 ഉറുപ്പികയിൽ അധികം അതിനു തരുമെന്നു ഞാൻ ഒരിക്കലും ഓൎത്തില്ല. ഇതാ 1000 ഉറുപ്പിക തരാമെന്നു ഒരാൾ പറയുന്നു. ജീവിതം മുഴുവൻ കാത്തിരുന്നാൽ ഇത്ര നല്ല ഒരവസരം കിട്ടുകയില്ല. എന്നിട്ടു നിങ്ങളതു് ഉപേക്ഷിച്ചുകളഞ്ഞു. ഇതിന്റെയൊക്കെ അൎത്ഥമെന്താണു്? പണം കിട്ടാറായാൽ എന്റെ കടം മടക്കിത്തരാമെന്നു നിങ്ങൾ വാക്കുപറഞ്ഞിരുന്നതല്ലേ? എന്നിട്ടു് പണം സ്വീകരിച്ചുകൊള്ളണേ എന്നു യാചിച്ചുകൊണ്ടു നിങ്ങളുടെ അടുത്തുവന്നപ്പോൾ നിങ്ങൾ അതു് ദൂരെ എറിഞ്ഞുകളയുന്നു!"

"പക്ഷെ നിങ്ങൾക്കതു മനസ്സിലാകുകയില്ല." ചെംഗറെഡ്ഡി പറഞ്ഞു. "ആ കാളകളേയും വണ്ടിയും ഞാൻ വളരെ സ്നേഹിക്കുന്നു. അവയെ ഉപേക്ഷിക്കുന്നകാൎയ്യം എനിക്കു് ഓൎക്കാൻകൂടിവയ്യ"

"സത്യവാനായ ഏതൊരുത്തനും ആദ്യം കടംവീട്ടുന്ന കാര്യമേ ആലോചിക്കൂ. പിന്നീടുമാത്രമേ അയാൾ സ്വന്തം ഇഷ്ടാനിഷ്ടങ്ങളെപ്പററി ചിന്തിക്കുകയുള്ളൂ. നിങ്ങൾ നിങ്ങളുടെ കുടുംബസ്ഥിതിയേയും അഭിമാനത്തേയുംപററി എപ്പോഴും പറയാറുണ്ടായിരുന്നല്ലോ. അവയ്ക്കു ഇപ്പോൾ എന്തു സംഭവിച്ചു? നിങ്ങൾ ഹരിശ്ചന്ദ്രൻെറ കഥ കേട്ടിട്ടില്ലേ? നിങ്ങൾ എനിക്കു തരാനുള്ളതു് രൊക്കം പണമാണു്. എന്നാൽ ഹരിശ്ചന്ദ്രൻ വിശ്വാമിത്രനു കൊടുക്കാനുണ്ടായിരുന്നതു് വാഗ്ദാനപ്രകാരമുള്ള സംഖ്യമാത്രമായിരുന്നു. എന്നിട്ടും ആ കടം വീട്ടുന്നതിനായി അദ്ദേഹം തൻെറ കുഞ്ഞിനേയും ഭാര്യയേയും ഒടുവിൽ തന്നെത്തന്നെയും വില്ക്കുകയാണു ചെയ്തതു്. നിങ്ങളാകട്ടെ ഈ നശിച്ച വണ്ടിയും കാളയേയും വില്ക്കുന്നതു് വേദനാജനകമാണെന്നു പറയുന്നു. നിങ്ങളുടെ പ്ലാൻ എന്താണെന്നു എനിക്കിപ്പോൾ മനസ്സിലായി. ഞാൻ വളരെ കഷ്ടപ്പെട്ടുനേടിയ പണം നിങ്ങൾക്കു വഞ്ചിച്ചെടുക്കണം."

"ഞാനങ്ങിനെ ചെയ്യുകയില്ല. ഞാനങ്ങിനെ ചെയ്യുകയില്ലെന്നു ദൈവത്തിനുതന്നെ അറിയാം." ചെംഗറെസ്റ്റി പറഞ്ഞു. "നിങ്ങൾക്കു് ആ തുക മുഴുവൻ തരണമെന്നാണു് എൻെറ ആഗ്രഹം. അതു് താമസിയാതെ ചെയ്യാമെന്നാണു് എൻെറ പ്രത്യാശ. ഏതായാലും എൻെറ കാളയും വണ്ടിയും എൻെറ ശത്രുവായ ഓബിറെസ്റ്റിക്കു വില്ക്കാനും അയാളതു് പിച്ചമ്മയ്ക്കു കൊടുക്കുന്നതിനു് അനുവദിക്കാനും എനിക്കു നിവൃത്തിയില്ല."

"എന്തുകൊണ്ടു ഇല്ല? നിങ്ങൾക്കു് പിച്ചമ്മയെ ഈ ജീവിതത്തിൽ കല്യാണം കഴിക്കുവാൻ എന്തു സൗകര്യമാണുള്ളതു്? നിങ്ങൾക്കു വസ്തുക്കളൊന്നുമില്ല. 500 രൂപയുടെ കടംവീട്ടാനും നിങ്ങൾ അപ്രാപ്തനാണു്. അങ്ങിനെയിരിക്കെ ഓബിറെസ്റ്റി അവയെ വാങ്ങി പിച്ചമ്മയ്ക്കു കൊടുത്താൽത്തന്നെ നിങ്ങൾക്കു എന്തു സംഭവിക്കാനാണു്?"

"മുത്യാലു, നിങ്ങളുടെ സമയം മിനക്കെടുത്തണമെന്ന എനിക്കു് ആഗ്രഹമില്ല." ചെംഗറെഡ്ഡി പറഞ്ഞു. "പക്ഷെ ഈ വണ്ടിയും കാളകളും വില്ക്കുകയില്ലെന്ന ഞാൻ ദൃഢമായി പറയുന്നതു നിങ്ങൾ സംശയം അശേഷം തോന്നാതെ മനസ്സിലാക്കു."

"എടോ നരകവഞ്ചകാ, നിങ്ങൾ എന്നോടു ആജ്ഞാപിക്കുകയാണു് അല്ലേ?" മുത്യാലു ദേഷ്യഭാവത്തിൽ പറഞ്ഞു.

"എന്നെ വഞ്ചകനെന്നുവിളിക്കരുതു്." ചെംഗറെഡ്ഡി പറഞ്ഞു. "ഞാൻ വഞ്ചകനല്ല. എൻെറ കുടുംബത്തിലുള്ളവരും ആരും ചതിയന്മാരായിരുന്നില്ല. നിങ്ങൾ അങ്ങിനെ പറയുന്നതു് എന്നെ വേദനിപ്പിക്കുമെന്ന ധരിക്കണം. എൻെറ ദേഷ്യത്തിന്ന നിങ്ങളെ വല്ലതും ഞാൻ ചെയ്യേന്നുവരും. പിന്നീടു് അതോത്തു വ്യസനിക്കുകയുംചെയ്യും. അതുകൊണ്ടു ദയവുചെയ്തു ഇപ്പോൾതന്നെ ഇവിടെനിന്ന പോകു."

"നീ എന്നെ മട്ടിക്കുമെന്നാണോടാ പറയുന്നതു്? എന്തെടാ കൊലപാതകി?" മുത്യാലു വിളിച്ചുകൂകി. "നിന്നെക്കാൾ വലിയ പോക്കിരികളെ ഞാൻ കണ്ടിട്ടുണ്ടെടാ. നിന്നെ എനിക്കു പേടിയില്ലെടാ."

"എൻെറ വീട്ടിൽനിന്ന ഇറങ്ങിപ്പോ" ദേഷ്യപ്പെട്ടുകൊണ്ടു് ചെംഗറെഡ്ഡി പറഞ്ഞു.

"എന്തു്! നീ എൻെറ കടക്കാരനും കുടിയാനവനും ആയിട്ടും എന്നോടു് ഇറങ്ങിപ്പോകാൻ പറയാനുള്ള ധൈര്യം ഉണ്ടായോ? നീ എൻെറ പറമ്പിൽനിന്നു് ഇപ്പോൾ ഇറങ്ങണം" മുത്യാലു പറഞ്ഞു.

"ശരി. നിങ്ങളുടെ പറമ്പു് തിരിച്ചെടുത്തു ആക്കുവേണമെങ്കിലും കൊടുത്തുകൊള്ളു." ചെംഗറെഡ്ഡി പറഞ്ഞു.

"എന്റെ 500 രൂപാ തരൂ." മുത്യാലു പറഞ്ഞു.

"എന്റെ കൈയിൽ ഇപ്പോൾ പണമില്ല. കിട്ടിയാൽ • ഉടനെ അതങ്ങുതന്നേയ്ക്കാം." ചെംഗറെഡ്ഡി പറഞ്ഞു.

"വണ്ടിയും കാളയും എനിക്കു തരൂ." മുത്യാലു ചോദിച്ചു.

"ഇല്ല; ഒരിക്കലുമില്ല." ചെംഗറെഡ്ഡി പറഞ്ഞു. പിന്നെ അയാൾ മുത്യാലുവിനെ മെല്ലെയെങ്കിലും ദൃഢമായി പിടിച്ചു വാതുക്കൽ കൊണ്ടുപോയി പടിക്കു വെളിക്കാക്കി വാതിലടച്ചു.

വൃദ്ധനായ ഈ ഉണ്ടിക വ്യാപാരിയോട്ട് ഇതിനു മുമ്പാരും ഇത്ര കശ്നമായി പെരുമാറിയിട്ടുണ്ടായിരുന്നില്ല. അയാൾ ഭയങ്കരങ്ങളായ ശാപങ്ങളും പ്രതിജ്ഞകളും വിളിച്ചുപറഞ്ഞു. 1000 രൂപാ ചെലവാക്കേണ്ടിവന്നാൽത്തന്നെ, ചെംഗറെഡ്ഡിയോടു പ്രതികാരം ചെയ്യുന്നതാണെന്ന് അയാൾ പ്രസ്താവിച്ചു.

അയാൾ പോയതിൽപിന്നെ, തീരെ അവശനായി ചെംഗറെഡ്ഡി കയററുകട്ടിലിൽ കയറിക്കിടന്നു കരഞ്ഞു. "ഒരു പാപ്പരിനും കടംവാങ്ങിയവനും ഈ ലോകത്തിൽ മനസ്സമാധാനം ഒട്ടും ഉണ്ടായിരിക്കുകയില്ല." അയാൾ സ്വയം പറഞ്ഞു. "അന്തമില്ലാത്ത കുററപ്പെടുത്തലുകൾക്കും, അപമാനപ്പെടുത്തലിനും, നാണക്കേടുകൾക്കും, യാതനകൾക്കും അവൻ വിധേയനായി കഴിയണം. ഈ മുത്യാലു എന്റെ സത്യസന്ധതയേയും അഭിമാനത്തേയും ചോദ്യംചെയ്തു. എന്നെ ചതിയനെന്നും പോക്കിരിയെന്നും വിളിച്ചു. എന്നിട്ടും അയാളോടു എനിക്കൊന്നും ചെയ്യാൻ കഴിയുന്നില്ല. ഞാൻ അയാളുടെ കുടിയാനവനും കടക്കാരനും ആണ്. അടുത്ത കാലംവരെ എന്റെ വകയായി

രുന്ന വസ്തുവിൽനിന്ന് ഒഴിഞ്ഞുപോകണമെന്നും അയാറം ആവശ്യപ്പെട്ടിരിക്കുന്നു എന്താണ് ഞാനിപ്പോറം ചെയ്യേണ്ടതു്? വണ്ടിയും കാളകളേയും വില്ക്കുക എന്നതു നടപ്പുള്ള പ്രശ്നമല്ല. പട്ടിണികിടന്നു ചത്താലും അവയെ ഞാൻ വില്ക്കുകയില്ല. എൻെറ ദേഹവും ദേഹിയും ഒന്നിച്ചു നില നിർത്തുന്നതിനും കാലികറംക്കു തീററിസമ്പാദിക്കുന്നതിനും മറേറതെങ്കിലും വസ്തു എനിക്കു കിട്ടിയേ ഒക്കൂ. ഇപ്പോറം എളുപ്പം കിട്ടാവുന്ന ഭൂമി എവിടെയിരിക്കുന്നു?" പെട്ടെന്ന് ഒററമരത്തിൻെറ രണ്ടുവശവും ആയി സ്ഥിതിചെയ്യുന്ന നിലങ്ങളുടെ കാര്യം അയാറം ഓർത്തു. "അനേകവർഷങ്ങളായി ആരും അവ പാട്ടത്തിനു എടുത്തിട്ടില്ല. എനിക്ക് അതു എളുപ്പത്തിൽ കിട്ടും." അയാറം സ്വയം പറഞ്ഞു. "അതിൻെറ നടുവിലായി ആ മരം നില്ക്കുന്നുണ്ടെന്നുള്ളതു ശരിതന്നെ. പക്ഷെ ആ അന്ധവിശ്വാസത്തിൽ എന്തെങ്കിലും വാസ്തവമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എങ്ങിനെയായാലും ആ മരത്തിനു എന്നോടു എന്തെങ്കിലും ദോഷം ചെയ്യുവാൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഏതു ദിവസമെങ്കിലും, ആ മരത്തേക്കാറം എളുപ്പത്തിൽ എനിക്കു കൊലപാതകത്തിനുള്ള ആഗ്രഹം ജനിപ്പിക്കുവാൻ ഓബിറെസ്സിക്കും മുത്യാലുവിനും കഴിഞ്ഞുവെന്നു വരും."

പിന്നെ അയാറം ആ നിലത്തിൻെറ ഉടമസ്ഥനെ ചെന്നുകണ്ടു് സാധാരണയുള്ള പകുതിവാരത്തിനു പകരം നാലിലൊന്നുവാരത്തിനു അതു തരണമെന്നു ആവശ്യപ്പെട്ടു. വളരെക്കാലമായി നിലം വെറുതെ കിടക്കുകയായതുകൊണ്ടും വേറെയാരും അതെടുക്കുവാൻ തയ്യാറില്ലാത്തതുകൊണ്ടും ആണു് അയാളങ്ങിനെ ആവശ്യപ്പെട്ടതു്. എന്നാൽ, ചെംഗറെസ്സിയെ മുത്യാലുവിൻെറ പറമ്പിൽനിന്നു ഇറക്കിവിട്ട വർത്തമാനം നിലത്തിൻെറ ഉടമസ്ഥനായ ആദിറെസ്സിനോടത്തെന്നെ കേട്ടിരുന്നു. അതിനാൽ പകുതിവാരം

തന്നെ കിട്ടണമെന്ന അയാറം നിർബന്ധംപിടിച്ചു. ചെംഗറെഡ്ഡിക്കു് വേറെ ഭൂമി കിട്ടാൻ സൗകര്യമില്ലെന്നും അതിനാൽ തന്റെ വ്യവസ്ഥയോടു പൂൎണ്ണമായും യോജിക്കുമെന്നും അയാറംക്കു നല്ലപോലെ അറിയാമായിരുന്നു.

"അവ വളരെയധികംകാലം തരിശായി കിടന്നിരുന്നല്ലോ" ചെംഗറെഡ്ഡി വാദിച്ചു.

"അതുകൊണ്ടു് ഇപ്പോഴേയ്ക്കും അതു അത്രയ്ക്കുകൂടി ഫലഭൂയിഷ്ഠമായിട്ടുണ്ടു്." ആദിറെഡ്ഡി പറഞ്ഞു.

"ഞാൻ ഇപ്പോറം അതിനായി വന്നിരുന്നില്ലെങ്കിൽ, നിങ്ങറംക്കു് ഒന്നുംതന്നെ കിട്ടുമായിരുന്നില്ലല്ലോ." ചെംഗറെഡ്ഡി പറഞ്ഞു.

"ശരിയാണു്." ആദിറെഡ്ഡി പറഞ്ഞു. "അവ വളരെയധികംനാറം കൃഷിചെയ്യാതെ കിടന്നിരുന്നു. എന്നുവച്ചു ഞാൻ പട്ടിണികിടന്നു ചത്തില്ലെന്നു നിങ്ങറംക്കു കണ്ടുകൂടെ? ഈ വൎഷവും അതിൽ കൃഷിചെയ്യാതെ ഇട്ടേയ്ക്കാൻ എനിക്കു കഴിയും. എങ്ങിനെയായാലും, പതിവുള്ള പകുതിവാരത്തിനു പകരം നാലിലൊന്നു സ്വീകരിക്കുക എന്ന ചീത്ത കീഴ്‌വഴക്കം സൃഷ്ടിക്കുവാൻ എനിക്കു സാദ്ധ്യമല്ല."

"അവിടെ നില്ക്കുന്ന മരം വളരെ അപകടം പിടിച്ചതാണെന്നു പറയുന്നല്ലോ." ചെംഗറെഡ്ഡി പറഞ്ഞു.

"പാട്ടത്തിന്റെ നിരക്കും ആ മരവുമായി എന്താണു് ബന്ധം?" ആദിറെഡ്ഡി ചോദിച്ചു. "ആ മരത്തെ ഭയപ്പെട്ടുന്നവർ മുന്നോട്ടുവന്നു് ആ നിലം കൃഷിചെയ്യുകില്ല. അതിനെ ഭയമില്ലാത്തവർ മുന്നോട്ടുവന്നു് കൃഷിചെയ്യുകയും മുഴുവൻ ആദായവും എടുക്കുകയും ചെയ്യും. ആ മരം കൃഷിയെ

തടസ്സപ്പെടുത്തുന്നതായി കേട്ടിട്ടില്ല. പിന്നെന്തിനു് ന്യായമായ പാട്ടം തരാതിരിക്കാൻ ആ മരം കാരണമാകുന്നു."

കൂടുതൽ വാദിച്ചതുകൊണ്ടു ഫലമൊന്നുമില്ലെന്നു ചെംഗറെഡ്ഡിക്കു ബോദ്ധ്യമായി. അതിനാൽ പകുതിവാരം കൊടുക്കാമെന്ന വ്യവസ്ഥയിൽ നിലം ഏറ്റുവാങ്ങി.

ആദിറെഡ്ഡിയുടെ വീട്ടിൽനിന്നു അയാൾ നിലത്തിലേയ്ക്കു പോയി. സമയം മദ്ധ്യാഹ്നമായിരുന്നു. ഒരു ജീവിയേയും അവിടെങ്ങും കാണാനുണ്ടായിരുന്നില്ല. അയാൾ നിലമൊക്കെ നടന്നുനോക്കി. വളരെക്കാലം കൃഷിചെയ്യാതെയിട്ടിരുന്നതുകൊണ്ടു അവിടമൊക്കെ മുൾച്ചെടി പിടിച്ചു കാടുകയറി കിടന്നിരുന്നു. "ഈ ചെടികളെല്ലാം വെട്ടിത്തെളിച്ചു തീയിടുന്നതിനുതന്നെ എനിക്കു അഞ്ചുദിവസം വേണ്ടിവരും." അയാൾ തന്നെത്താൻ പറഞ്ഞു. "മണ്ണും നന്നല്ല. ഈ പണികൊണ്ടു് കഷ്ടിച്ചു ജീവിക്കാനുള്ള വകതന്നെ ഉണ്ടാക്കാൻ കഴിയുമോ എന്നു സംശയമാണു്. പിന്നെ, എനിക്കെന്തുചെയ്യാൻകഴിയും? ഈ ഓബിറെഡ്ഡിയുടെ ദുഷ്ടതയാണു് എന്നെ ഈവിധം കഷ്ടത്തിലാക്കിയതു്. അയാൾ സമ്പത്തിൽ മുഴുകിക്കിടക്കവേ, ഞാൻ പ്രേമിച്ചപെണ്ണിനെ കല്യാണം കഴിക്കുമെന്നിരിക്കെ, ഭൂമിയില്ലാതെ, ഒററക്കാശില്ലാതെ, കടക്കാരാൽ ഞെരുക്കപ്പെട്ടു്, പിശാചു് ബാധിച്ച ഈ നിലം പാട്ടത്തിനു വാങ്ങിക്കൊണ്ടു് സംതൃപ്തനായി കഴിയേണ്ടിവരുന്നു. അയ്യോ ഈ ഓബിറെഡ്ഡി, അവനെ എനിക്കു കൊല്ലാൻ തോന്നുന്നു!" ഈ സമയത്തു പരിഹാസച്ചിരി ചിരിക്കുന്ന ശബ്ദത്തോടെ വേപ്പിൻെറ ഇലക്കൂട്ടം ശബ്ദം പുറപ്പെടുവിക്കുന്നതു അയാൾ കേട്ടു. അയാൾ വിറച്ചുപോയി. "എന്തു്! ഞാൻ ഈ വൃക്ഷത്തിൻെറ അടുത്തു വന്ന മാത്രയിൽ കൊല്ലണമെന്ന വിചാരം എൻെറ ഉള്ളിൽ കടന്നുവന്നു. അപ്പോൾ ഈ മരത്തെ സംബന്ധിച്ചു പ്രചരിച്ചിരിക്കുന്ന വിശ്വാസം ശരിയാണോ?" പിന്നെ അയാൾ

ആ മരത്തെ വളരെ ശ്രദ്ധിച്ചുനോക്കി. ചുററിനും അനക്കമില്ലായിരുന്നു. അശുഭകരമായ ആ കാററു നിലച്ചുപോയിരുന്നു. ആ വൃക്ഷം തന്നെ സൂക്ഷിച്ചുനോക്കുന്നതുപോലെ അയാൾക്കുതോന്നി. അവിടെ തുടൎന്നുനില്ക്കുന്നതിനു ധൈൎയ്യം ഇല്ലാതെ വരുന്നതുപോലെ അയാൾക്കു തോന്നി. എങ്കിലും അയാൾ ഉടൻതന്നെ തന്നത്താൻ പറഞ്ഞു. "എന്താണിതു്? ഒരു മരത്തെ ഞാൻ ഭയപ്പെടുകയോ?" അയാൾ സ്വസ്ഥാനത്തുതന്നെനിന്നു. അഞ്ചുമിനിട്ടു കഴിഞ്ഞപ്പോൾ ഇലകൾ വീണ്ടും മൎമ്മരശബ്ദം പുറപ്പെടുവിച്ചു. മുമ്പു കേട്ടതുപോലെയുള്ള കാററിൻെറ ശബ്ദം പിന്നെയും അയാൾ കേട്ടു. "കൊലപാതകംപോലുള്ള ഏതോ കാൎയ്യത്തെ സംബന്ധിച്ചു് മരം എന്നോടു സംസാരിക്കാൻ ശ്രമിക്കുന്നതുപോലെ തോന്നുന്നല്ലോ" ചെംഗറെഡ്ഡി സ്വയം പറഞ്ഞു. "മുഴുവനും ഭൂതബാധിതമായപോലെ തോന്നുന്നുവെന്നു ഞാൻ സമ്മതിക്കുന്നു. ഉറപ്പില്ലാത്ത ഹൃദയങ്ങളെ അവ ബാധിക്കാനും ഇടയുണ്ടു്. ഞാനിപ്പോൾ പോകണം. ചെടികൾ വെട്ടിക്കളയുന്നതിനു മററന്നാൾ എൻെറ കൊടുവാളും മടക്കപിച്ചാത്തിയും ആയി വരണം. തീററാനും കൂട്ടിനും ആയി കാളകളേയും കൊണ്ടുപോരണം."

അങ്ങിനെ മുൻകൂട്ടി നിശ്ചയിച്ചിരുന്നപ്രകാരം, മൂന്നാം ദിവസം നാലു കാളകളോടുംകൂടി ചെംഗറെഡ്ഡി പാടത്തിലേയ്ക്കു പോയി. കാളകളെ മേയാൻ വിട്ടിട്ടു കൊടുവാളുകൊണ്ടു് അയാൾ ചെടികൾ വെട്ടിമാററാൻ തുടങ്ങി. മടക്കപിച്ചാത്തി എളിയിൽ തിരുകിയിരുന്നു. ജോലിയുടെ കാഠിന്യവും വളമില്ലാത്ത മണ്ണിൻെറ കൂടെക്കൂടെയുള്ള ദൎശനവും ചെംഗറെഡ്ഡിയുടെ നേക്കു് അരിശം തോന്നാൻ കാരണമായി. അയാളുടെ തിരുക്കുപണികൾ മൂലമാണല്ലോ തനിക്കു ഈവിധമൊരു കഷ്ടത വന്നുചേൎന്നതെന്നു അയാൾ ഓൎത്തു. കൃത്രിമവഴികളിൽക്കൂടി സമ്പാദിച്ച ഈ സ്വത്തും

പിച്ചമ്മയുടെ പ്രണയവും അനുഭവിക്കാൻ ഓബിറെസ്കിയെ എന്തിനു ജീവനോടെ വിട്ടേയ്ക്കണമെന്നു അയാൾ കൂടെ കൂടെ ഓത്തു. അയാളെ കൊന്നിട്ടു് തൻെറ കഷ്ടതകൾ അവസാനിപ്പിക്കാൻ ആത്മഹത്യചെയ്യണമെന്നും അങ്ങിനെ ഓബിറെസ്കിയെ പ്രത്യേകമായും കൃത്രിമബുദ്ധികളായ ദുഷ്ടന്മാരെ പൊതുവിലും, അവരുടെ ചതിപ്പണികൾ എത്തുകയില്ലാത്ത ഒരു രാജ്യമുണ്ടെന്നും, നിരാശനും വ്രണിതനും ആയ ഒരാൾക്കു അയാളെ മട്ടിക്കുന്നവരെ അമച്ചുവരുത്തുവാൻ മാർഗ്ഗമുണ്ടെന്നും കാണിച്ചുകൊടുക്കണമെന്നും അയാൾ വിചാരിച്ചു. വളൻവന്ന ഈ ഹിംസാചിന്തയെ മരത്തിൽ നിന്നു് ആവത്തിച്ചാവത്തിച്ചുണ്ടായ പരിഹാസദ്യോതകമായ കാററിൻെറ ശബ്ദം അംഗീകരിക്കുന്നതുപോലെ തോന്നി. ഈ വിചാരം തുടച്ച്യയായി ഉണ്ടാകുന്നതോത്തു് ഒടുവിൽ ചെംഗറെസ്കിക്കുതന്നെ അത്ഭുതംതോന്നി. അതിനുള്ള ഉത്തരവാദിത്വം അയാൾ മരത്തിൻെറമേൽചാരി. "വീട്ടിൽ വച്ചു് ഇങ്ങിനെയുള്ള വിചാരം ഇത്ര വ്യക്തമായും കൂടെക്കൂടെയും എനിക്കുണ്ടാകാറില്ല." അയാൾ സ്വയം പറഞ്ഞു. "ഇവിടെ ഈ നശിച്ച മരത്തിൻെറ ചുവട്ടിൽവച്ചാണു് അതു കൂടെക്കൂടെ ആവത്തിക്കുന്നതു്. അതു് ഇല്ലായ്മ ചെയ്യുവാൻ എനിക്കു സാധിക്കുന്നുമില്ല. എങ്കിലും ഇതു വളരെ അത്ഭുതമായിരിക്കുന്നു. ഈ വിചാരത്തെ എൻെറ മനസ്സ് അധിക്ഷേപിക്കേണ്ടതാണു്. പക്ഷേ അങ്ങിനെയുണ്ടാകുന്നില്ല. എങ്കിലും ചെംഗറെസ്കി, എന്തിനു് അങ്ങിനെ ചെയ്യണം? സന്മാർഗ്ഗബോധം ഇവിടെ എവിടെനിന്നു വരാനാണു്? എന്നെ നശിപ്പിച്ചതുപോലെ ഒരു മനുഷ്യനെ നശിപ്പിക്കുന്നതിൽ തെററൊന്നുമില്ലെങ്കിൽ, ഈ മനുഷ്യകീടം ഒന്നു പുളഞ്ഞുവെന്നുവച്ചു് എന്താണതിൽ അസാന്മാർഗ്ഗികത?"

ഉച്ചയായപ്പോൾ ഒരു വിജയാട്ടഹാസംകേട്ടു് അയാൾ ആ ദിക്കിലേയ്ക്കു നോക്കി. അവിടെ അയാളുടെ പ്രിയപ്പെ

ട്ട രണ്ടു കാളകളേയും ആമ്യൻ പിടിച്ചുകൊണ്ടുനില്ക്കുന്നു. അയാളെ സഹായിക്കാൻ മുത്ത്യാലുവും, ഓബിറെസ്റ്റിയും, വില്ലേജുമജിസ്ത്രേട്ടുമുണ്ടു്. കടന്നുവന്ന ശല്യമുണ്ടാക്കുന്ന തങ്ങളെ രക്ഷിക്കണമേ എന്നു ചെംഗറെസ്റ്റിയോട്ടു് അപേക്ഷിക്കുകയാണോ എന്നു തോന്നുമാറു് ആ സാധുമൃഗങ്ങൾ കരഞ്ഞുകൊണ്ടിരുന്നു. കൊട്ടുവാളും കൈയിൽ എടുത്തുകൊണ്ടു ചെംഗറെസ്റ്റി ആ ദിക്കിലേയ്ക്കു് ഓടി.

"എൻെറ കാളകളെ വിടു നീചന്മാരെ", അയാൾ അലറി.

"ഞങ്ങൾ നീചന്മാരല്ല. കാളകളെ വിടണമെന്നു് ഞങ്ങൾ വിചാരിക്കുന്നുമില്ല." ഓബിറെസ്റ്റി പറഞ്ഞു. "ഇദ്ദേഹം കോടതിയിലെ ആമ്യനാണു്. മുത്ത്യാലുവിൻെറ കടത്തിനുവേണ്ടി ഈ കാളകളേയും വണ്ടിയും ജപ്തിചെയ്യുതായി മുറപ്രകാരമുള്ള ഉത്തരവു് അദ്ദേഹത്തിൻെറ കൈവശം ഉണ്ടു്. ഇന്നലെ ഞങ്ങൾ വിധിനടത്തിനുള്ള അപേക്ഷ കൊടുക്കുകയും ഉടൻജപ്തി ഉത്തരവു വാങ്ങുകയും ചെയ്തു. അങ്ങനെ ഇതാ ഞങ്ങളിവിടെ വന്നിരിക്കുന്നു. എടാ മറയാ, നിൻെറ കാളയും വണ്ടിയും എനിക്കു കിട്ടുകയില്ലെന്നും അവയെ എനിക്കു പിച്ചമ്മയ്ക്കു കൊടുക്കുവാൻ കഴിയുകയില്ലെന്നും ആണല്ലോ നീ വിചാരിച്ചതു്. എങ്കിലും നീ ഓബിറെസ്റ്റിയുടെ മിടുക്കു് ശരിക്കു മനസ്സിലാക്കിയില്ല. വണ്ടി നേരത്തെ ജപ്തിചെയ്തുകഴിഞ്ഞു. ഇപ്പോഴിതാ കാളകളേയും ജപ്തിചെയ്തിരിക്കുന്നു. ഞാൻ തീർച്ചയായും ഇവയെ ലേലത്തിൽകൊണ്ടു കൈവശപ്പെടുത്തും. അങ്ങിനെ ഓബിറെസ്റ്റി അയാളുടെ ഉദ്ദേശം സാധിച്ചിരിക്കുന്നു. അയാൾ അയാളുടെ ഉദ്ദേശങ്ങൾ സാധിക്കുന്നതിൽ ഒരിക്കലും പരാജയപ്പെട്ടിട്ടില്ല."

മാരകമായ കൊട്ടുവാളു് തൻെറ മുഴുവൻ ശക്തിയും ഉപയോഗിച്ചു വീശി ഓബിറെസ്റ്റിയുടെ തലയോടിൽ ആഴ

മേറിയ മുറിവുണ്ടാക്കിക്കൊണ്ടു് ചെംഗറെഡ്ഡി പറഞ്ഞു "അതേ, ഇതുക്രൂടെ. എടാ മൂർഖാ, വേട്ടനായേ, നിൻെറ ജീവിതം അവസാനിച്ചെടാ. നിയമക്കോടതികളിലെ നിൻെറ കപടപ്രവൃത്തികൾ ഇനി നടക്കുകയില്ലെടാ. എൻെറ ഈ പ്രവൃത്തികൊണ്ടു വണ്ടിയും കാളയും മാത്രമല്ല പിച്ചമ്മയും നിനക്കു നഷ്ടപ്പെട്ടെടാ."

ഓബിറെഡ്ഡിയുടെ തലയോടു തകൎന്നു തലച്ചോറു വെളിയിൽ ചാടി. ഒരക്ഷരം പറയാതെ അയാൾ നിലത്തുവീണു മരിച്ചു. വിസ്മയവും ഭീതിയും നിമിത്തം മററുള്ളവർ അല്പം പിന്നോക്കം നീങ്ങിപ്പോയി.

"എൻെറടുത്തു ഒരുത്തനും വരരുതു്. വരുന്നവൻ ഈ മരത്തിനുള്ള മറെറാരു ബലിദാനമായിത്തീരും." പിച്ചാത്തി വലിച്ചൂരി മടക്കു നിവൎത്തി പിശാചിനെപ്പോലെ ദ്വേഷ്യപ്പെട്ടുകൊണ്ടു ചെംഗറെഡ്ഡി അലറി. എല്ലാവരും ഭീതരായി ദൂരേയ്ക്കു് ഓടി. പിന്നെ അയാൾ, നിശ്ചയദാർഢ്യത്തോടെയുള്ള ഒററക്കുത്തുകൊണ്ടു് പേനാക്കത്തി കഴുത്തിൽ ആഴത്തിൽ കുത്തിയിറക്കി അവിടെ മരിച്ചുവീണു. നീണ്ടു നിന്നതും പൈശാചികാനന്ദം കലൎന്നതുമായ ഒരു കാററുവന്നു് ആ ഒററമരത്തിൻെറ ശിഖരങ്ങളേയും ഇലകളേയും പിടിച്ചു കുലുക്കി.

വില്ലേജുമജിസ്റ്റ്രേട്ടും മററുള്ളവരും വേഗം അടുത്തുകൂടി. രണ്ടു മൃതദേഹങ്ങളും നിലത്തുകിടക്കുന്നതായി അവർ കണ്ടു. ആ രണ്ടു പ്രിയപ്പെട്ട കാളകളും ചെംഗറെഡ്ഡിയുടെ ദേഹത്തെ ഘ്രാണിക്കുകയും അടക്കാനാകാത്ത സങ്കടംകൊണ്ടെന്നപോലെ ഭ്രാന്തെടുത്തു അവിടെയൊക്കെ ഓടി നടക്കുകയും ചെയ്തു.

"ഈ നീചവൃക്ഷമാണു് ഈ ദുഷ്ടപ്രവൃത്തി ചെയ്തതു്. ഈ പാപിയുടെ തലയിൽ കൊലപാതകബുദ്ധി ചെലുത്തിയതും അയാളെക്കൊണ്ടു് രണ്ടു നരഹത്യകൾ ചെയ്യിച്ചതും ഈ മരമാണു്." മുത്യാലു പറഞ്ഞു.

"അതെ, അതേ." വില്ലേജുമജിസ്ട്രേട്ടു പറഞ്ഞു "എങ്കിലും എന്നെ കൂടുതൽ ആകർഷിച്ചതു് ഈ രണ്ടു കാളകൾക്കും അവയുടെ യജമാനന്മാരോടുള്ള സ്നേഹമാണു്. ഈ കാളകൾക്കുള്ളതിൻെറ പ്രകൃതിസ്നേഹം പിച്ചമ്മയ്ക്കു് ചെംഗറെഡ്ഡിയോടു് ഉണ്ടായിരുന്നെങ്കിൽ ഈ അത്യാഹിതം ഒരിക്കലും സംഭവിക്കുമായിരുന്നില്ല. ചിലപ്രകാരത്തിൽ, മിണ്ടാപ്രാണികൾ മനുഷ്യരേക്കാൾ സ്നേഹമുള്ളവയാണെന്നുള്ളതു് വാസ്തവമാണു്."

"നമുക്കു് ജപ്തിറിപ്പോർട്ടു തയ്യാർചെയ്യാം." ആമ്യൻ പറഞ്ഞു.

"ആദ്യം കൊലപാതകറിപ്പോർട്ടു്." വില്ലേജുമജിസ്ട്രേട്ടു പറഞ്ഞു. "അതും ഈ മരച്ചുവട്ടിൽവച്ചു വേണ്ട. കൊലചെയ്യാനുള്ള ആഗ്രഹം മററാരുടെയെങ്കിലും തലയിൽ ഈ മരം ഇനിയും കയററിവച്ചെങ്കിലോ."

നമുക്കു് ഈ നശിച്ചവൃക്ഷം മുറിച്ചുകളഞ്ഞാലെന്താ?" ആമ്യൻ ചോദിച്ചു. "അതു ചീത്ത അഭിപ്രായമല്ല." വില്ലേജ്മജിസ്ട്രേട്ടു പറഞ്ഞു. "ഇൻക്വസ്റ്റ് തയ്യാർചെയ്തുകഴിഞ്ഞാൽ നാം ആദ്യം ചെയ്യേണ്ടതു് അതാണു്."

അയാൾ പറഞ്ഞതുപോലെ പ്രവർത്തിച്ചു. ഉടമസ്ഥൻ ഉടൻതന്നെ സമ്മതംനൽകി. ഗ്രാമവാസികൾ മുഴുവൻ നോക്കിനില്ക്കെ ആ മരം മുറിച്ചിട്ടു. അതു വീണപ്പോൾ എല്ലാവർക്കും ആഹ്ളാദം ഉണ്ടായി. ആളുകൾ ഉച്ചത്തിൽവിളിച്ചുപറഞ്ഞു. "മേലാൽ നാം പരിഹാസംനിറഞ്ഞ ആ അട്ടഹാസവും കൊലവിളിയും കേൾക്കുകയില്ല. മേലാൽ ഇവിടെ കൊലപാതകങ്ങൾ ഉണ്ടാകുകയില്ല." എന്നാൽ ഒടുവിൽ പറഞ്ഞ അവരുടെ അഭിപ്രായം ശരിയായിരുന്നില്ല. ആ ഒററമരംപോയി. പക്ഷേ മിട്ടാമിഡേപ്പള്ളിയിൽ വർഷംതോറും കൊലപാതകങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു.

# വെറും ദാസിപ്പെണ്ണ്

കനകവല്ലിയുടെ മകളായ ചെമ്പകവതി നിസ്സംശയമായും അതിസുന്ദരിയായ ബാലികയായിരുന്നു. ഇടത്തരം പൊക്കവും തടിയും, താമരയിതളുകൾമാതിരിയുള്ള കണ്ണുകൾ, മുത്തുപോലുള്ള പല്ലുകൾ, പവിഴംമാതിരിയുള്ള അധരങ്ങൾ, കാമദേവന്റെ വില്ലിനുതുല്യം പുരികക്കൊടികൾ, തനിത്തങ്കത്തിന്റെ നിറം, പട്ടുപോലെ മിനുസവും തിളക്കവുമുള്ള കറുത്ത കേശഭാരം എന്നിവയുംചേർന്ന ആ പെൺകുട്ടി സംസ്കൃതകവികൾക്ക് പ്രിയപ്പെട്ട യഥാർത്ഥ സ്ത്രീസൗന്ദര്യത്തിന്റെ തനി സ്വരൂപമായിരുന്നു. ഏററവും വിലകൂടിയതും നേർമ്മയുള്ളതുംആയ ബനാറിസ് പട്ടുസാരിയും ഇളംനീലനിറത്തിലുള്ള ബ്ലൗസുംധരിച്ച്, ഏററവും മനോഹരമായ മുത്തുകൾകൊണ്ടുള്ള മാല കഴുത്തിലും വജ്രംകൊണ്ടുള്ള കമ്മൽ കാതിലും ഇന്ദ്രനീലക്കല്ലുകൊണ്ടുള്ള മൂക്കുത്തി ഇടത്തുമൂക്കിലും, മരതകമോതിരം ഇടത്തു അണിവിരലിലുംഅണിഞ്ഞു, നെററിയിൽ സിന്ദൂരപ്പൊട്ടുതൊട്ട്, കണ്ണിൽ മഷിയെഴുതി, അല്പം മുമ്പുമാത്രം താംബൂലചർവ്വണംചെയ്തതിന്റെ ലക്ഷണങ്ങൾ ചുണ്ടിൽ അവശേഷിപ്പിച്ചു നിലകൊണ്ടിരുന്ന അവൾ ആദർശഹൈന്ദവസൗന്ദര്യത്തിന്റെ പരിപൂർണ്ണതയായിരുന്നു.

ചിത്രം പൂർണ്ണമാകാൻ ഒരു കാര്യംകൂടിയേ വേണ്ടിയിരുന്നുള്ളു. ആ ആരോഗ്യത്തിനും, ധനത്തിനും, സൗന്ദര്യത്തിനും അനുയോജ്യമല്ലാത്തവിധം എന്തോ തീവ്രദുഃഖം ആ മുഖം പ്രകടമാക്കിയിരുന്നു. ആ ദുഃഖം അടുത്തകാലത്തു സംഭവിച്ചതോ, വ്യക്തിപരമോ ആയിരുന്നില്ല. ഓരോ ഹൈന്ദവശിശുവിന്റെയും മുഖത്തു പതിഞ്ഞിട്ടുള്ള വിഷാ

ദം ഭയങ്കരമാംവിധം ഉഗ്രമായിത്തീൎന്നപോലെ തോന്നിയിരു ന്നു അതു്. ശതാബ്ദങ്ങളായി അപമാനിക്കപ്പെട്ടും, മർദ്ദിക്ക പ്പെട്ടും കിടക്കുന്ന, കോടിക്കണക്കിനു മൃജ്ജന്മങ്ങളേയും കോ ടിക്കണക്കിനു വരുംജന്മങ്ങളേയുംപററി ബോധമുള്ള ഒരു വർഗ്ഗത്തിൻെറ വിഷാദമായിരുന്നു അതു്. ദക്ഷിണതിരു വിതാംകൂറിലോ, സീഡഡ്ഡിസ്ട്രിക്ടിലോ, മദ്ധ്യേന്ത്യയിലോ ഉള്ള വനകച്ഛങ്ങളിൽക്കൂടി ഓലിയിടുന്ന കാററുപോലെയുള്ള വിഷാദമായിരുന്നു അതു്.

താൻ ആ ജാതിയിൽ ജനിച്ചുപോയല്ലോ എന്നോൎത്തും ചമ്പകവതിക്കു വിഷാദമുണ്ടായിരുന്നു. തത്വപരമായി ക്ഷേത്രങ്ങളിൽ നൃത്തം നടത്താനും യഥാൎത്ഥത്തിൽ പരസ്യ മായ വ്യഭിചാരത്തിനും ആയി ഉഴിഞ്ഞുവയ്ക്കപ്പെട്ട ദേവ ദാസിജാതിയിൽപെട്ടവളായിരുന്നു അവറം. കനകവല്ലി ഒരു മ്പലത്തിലും ആടാൻപോയിരുന്നില്ല.അവളുടെ ആറാമത്തെ വയസ്സിൽ അവളുടെഅമ്മ മരിച്ചുപോയി. അവളെ മദ്രാ സ്സിൽകൊണ്ടുപോയി ഉയൎന്നനിലയിലുള്ള ഒരു വേശ്യയ്ക്കു വേണ്ട എല്ലാ കലകളിലും ഉണ്ടായിരിക്കേണ്ട കഴിവിലും പരിശീലനംനൽകുകയും സ്ഥിരമായ ധാരാളം ഇടപാടു കാരെ ഏൎപ്പാടുചെയ്കയുംചെയ്തിട്ടു് അവളുടെ അമ്മൂമ്മയും മരിച്ചു. കനകവല്ലിക്കു നല്ല അഭിവൃദ്ധിയുണ്ടായി. ഒട്ടേറെ ധനം അവറം സമ്പാദിച്ചു. മദ്രാസ്സിലെ വലിയ ആളുകറം പലരും അവളോടു് സമ്പൎക്കംപുലൎത്തിയിരുന്നു. വലിപ്പം എന്നുവച്ചാൽ നന്മ എന്നൎത്ഥമില്ലല്ലോ. ഏററവും മോടി യിൽ അവറം തൻെറ ഏകപുത്രിയായ ചമ്പകവതിയെ വളൎത്തി. മകറംക്കു് പൊതുവായ അറിവുസമ്പാദിക്കുന്ന തിനും സംഗീതം അഭ്യസിക്കുന്നതിനും അങ്ങേയററത്തെ ഏൎപ്പാടുകറം അവറം ചെയ്തു. കൊച്ചുചെമ്പകവതി വീണ വായിക്കുന്നതും, കൃഷ്ണൻെറ ഗോപികമാർ പാടുന്ന കീൎത്തന ങ്ങറം പാടുന്നതും കാണേണ്ടകാഴ്ചതന്നെയായിരുന്നു. മനു

ഷ്യവിദ്വേഷികളും മുരടിച്ച വിടന്മാരും ആയ അവളുടെ അമ്മയുടെ പതിവുകാർപോലും കുഞ്ഞിൻെറ നിരുപമമായ ഗാനഭംഗിയിൽ ഇളകിപ്പോയിരുന്നു. അതുകേട്ടുകൊണ്ടിരുന്ന അവക്ക് കനകവല്ലിയെ കാത്തിരിക്കമ്പോഠം സമയംപോകുന്നത് അറിയാനേ കഴിഞ്ഞില്ല.

ചെമ്പകവതിക്ക് ഇപ്പോഠം പതിനാറുവയസ്സായി. ആറുവയസ്സുള്ളപ്പോഠം, ഒരു സഹപാഠിനിയുമായി നടന്ന ശണ്ഠയിൽ, വേശ്യയുടെ മകളെന്നുവിളിച്ച് അവഠം അപമാനിക്കപ്പെട്ടിരുന്നു, അന്ന് അവഠം അമ്മയുടെ അടുത്തു ചെന്നു പരാതിപ്പെടുകയും ആരാണ് തൻെറ അച്ഛൻ എന്നു ചോദിക്കുകയും ചെയ്തിരുന്നു അതിന്നു് അമ്മയുടെ മറുപടി ഇങ്ങിനെയായിരുന്നു. "കുഞ്ഞേ അദ്ദേഹം ഒരു വലിയ ആളാണ്. അദ്ദേഹം ആരാണെന്ന് ഞാൻ ഒരുദിവസം നിന്നോടു പറഞ്ഞുതരാം. തക്കതായ സമയം വരുന്നതുവരെ അതുപറയുവാൻ നിവൃത്തിയില്ല." കൂടെക്കൂടെ ചമ്പകവതി അച്ഛനെപ്പററി ചോദിക്കും. അപ്പൊഴൊക്കെയും സമയംആയില്ലെന്നുപറഞ്ഞ് അമ്മ ഒഴിഞ്ഞുമാറും. പന്ത്രണ്ടുവയസ്സായപ്പോഴേയ്ക്കും തൻെറ അമ്മയുടെ യഥാത്ഥ തൊഴിൽ എന്തെന്ന് അവഠംക്ക മനസ്സിലാകാൻതുടങ്ങി. തൻെറവീട്ടിൽ കൂടെക്കൂടെവരുന്ന, ധാരാളംചിരിക്കുന്ന, ഭംഗിയുള്ള വസ്ത്രങ്ങഠംധരിച്ച മാന്യന്മാരുടെ യഥാത്ഥ സ്വഭാവമെന്തെന്നും അവഠംക്ക മനസ്സിലായി. സ്കൂളിൽവച്ച് മാന്യകുടുംബങ്ങളിലെ പെൺകുട്ടികളുമായി അവഠം സമ്പക്ക്ത്തിലേപ്പെട്ടിരുന്നു. തൻെറ സഹപാഠികളിൽ അധികംപേരും വിവാഹിതകളാണെന്ന് അവഠംക്ക് അറിയാമായിരുന്നു.

പതിനാറുവയസ്സുള്ളപ്പോഠം, സ്കൂഠംവിട്ടതിനുശേഷം ഒരു ദിവസംരാവിലെ അവഠം അമ്മയോടുചോദിച്ചു. "എനിക്ക് എന്നു കല്യാണംനടക്കും? എനിക്കിപ്പോഠം

പതിനാറുവയസ്സായി. സ്കൂൾപഠിത്തവുംകഴിഞ്ഞു. എന്റെ സഹപാഠികളായിരുന്നവരുടെയെല്ലാം വിവാഹംകഴിഞ്ഞു." നിർദ്ദോഷമായ ഈ ചോദ്യം അവളുടെനേരെ അമ്മയെ കൊണ്ടു അത്ഭുതപൂർവ്വം തുറിച്ചുനോക്കുവാൻ കാരണമാക്കി. ഒടുവിലത്തെ ഉത്തരം ഇങ്ങിനെയായിരുന്നു "കുഞ്ഞേ, അതോർത്തു ദുഃഖിക്കാതെ. നിനക്കു് എത്രയും കാമ്യനായ ഒരാളെ ഞാൻ കൊണ്ടുതരുന്നുണ്ടു്. പക്ഷെ, ലോകം മനസ്സിലാക്കിയിരിക്കുന്ന അർത്ഥത്തിലുള്ള വിവാഹം ഉണ്ടായിരിക്കുകയില്ല."

ഈ മറുപടികേട്ടു് ചമ്പകവതി വിഷമിച്ചുപോയി. അന്നുച്ചതിരിഞ്ഞു് അവൾ തന്റെ പ്രിയപ്പെട്ട അദ്ധ്യാപികയായ കൃഷ്ണാഭായിയുടെ അടുത്തുചെന്നു് അമ്മ തുറിച്ചുനോക്കിയതിന്റേയും പറഞ്ഞതിന്റേയും അർത്ഥമെന്തെന്നു ചോദിച്ചു. കൃഷ്ണാഭായി അവളെ തന്റെ വീട്ടിലേയ്ക്കു കൂട്ടിച്ചുകൊണ്ടുപോയി കണ്ണിൽ വെള്ളംനിറച്ചുകൊണ്ടു പറഞ്ഞു. "കുഞ്ഞേ നീയും എന്നെപ്പോലെ ഒരു ക്രൂരസമുദായത്തിന്റെ ഇരയാണു്. നിന്റെ കഷ്ടത കൂടുതൽ ഭയങ്കരമാണെന്നേഉള്ളു. ഞാൻ വൈധവ്യത്തിനു നിർബ്ബന്ധിതയായിത്തീർന്നിരിക്കുന്നു; നീയാകട്ടെ അസാന്മാർഗ്ഗികജീവിതത്തിനും. "അപ്പോൾ എനിക്കു ഒരിക്കലും കല്യാണംകഴിച്ചുകൂടെ?" "പാടില്ലകുഞ്ഞേ. നിന്റെ അമ്മയ്ക്കു തടയാൻ സാധിക്കുമെങ്കിൽ അതിനു സാദ്ധ്യമല്ല." "അവരെന്തിനാണു് അങ്ങിനെതടയുന്നതു്?" "എന്തെന്നാൽ നീ അസാന്മാർഗ്ഗികജീവിതം നയിക്കുന്നതു് അവൾക്കു കൂടുതൽ ലാഭകരമായതുകൊണ്ടു്. കല്യാണംകഴിച്ചവരും അല്ലാത്തവരും ആയ സകലരും നിന്നെ അധഃപതിപ്പിക്കാനായി നിന്റെ വീട്ടിൽ തടിച്ചുകൂടുകയും നിന്റെ അമ്മയ്ക്കു അവരുടെ പൊന്നും വെള്ളിയും ചൊരിഞ്ഞുകൊടുക്കുകയുംചെയ്യും. നീ കല്യാണം കഴിച്ചു താമസിക്കുന്നപക്ഷം ഒരുത്തന്റെ സമ്പാദ്യത്തി

നുള്ള അവകാശംമാത്രമെ നിനക്കുണ്ടായിരിക്കൂ. മററുള്ളവരുടെമാതിരിയല്ലാതെ അയാൾക്കു നിൻെറമേൽ അധികാരം ഉണ്ടായിരിക്കുകയുംചെയ്യും.”

“അമ്മ എൻെറ സുഖത്തെക്കാൾ പണത്തെ എന്താണു മോഹിക്കുന്നതു്? അവർ എന്നെ സ്നേഹിക്കുന്നില്ലേ? എൻെറ മുഴുവൻ സുഖവും നശിപ്പിക്കുവാൻ അവർ ആഗ്രഹിക്കുന്നുണ്ടോ?”

“കുഞ്ഞേ, നിൻെറ ചോദ്യത്തിനു് ഉത്തരംപറയുക വിഷമമാണു്.” കൃഷ്ണാഭായി പറഞ്ഞു. “കല്യാണംകഴിക്കാതിരിക്കുന്നതുകൊണ്ടു് നിനക്കു് യാതൊന്നും നഷ്ടപ്പെട്ടുന്നില്ലെന്നു് അവർ കരുതുന്നുണ്ടായിരിക്കാം. വെറും സുഖഭോഗങ്ങൾമാത്രം ശീലിച്ചുപോന്നിട്ടുള്ള അവക്കു്, വിവാഹജീവിതത്തെപ്പററി ഒരു മോഹവുമില്ലാതിരുന്നസ്ഥിതിക്കു് താൻ നയിക്കുന്നതുപോലെ സുഖഭോഗങ്ങൾ ആസ്വദിച്ചുകഴിയുന്ന ഒരു സ്ത്രീയുടെ ജീവിതമാണു് ആനന്ദകരമെന്നു് തോന്നുന്നുണ്ടാകണം.”

“എനിക്കു കല്യാണം കഴിച്ചു താമസിക്കണമെന്നു ഞാൻ അവരോടു പറയും. അവർ തീർച്ചയായും അതു സമ്മതിക്കും! നിങ്ങൾ അങ്ങിനെ വിചാരിക്കുന്നില്ലേ?”

“കുഞ്ഞേ, അവരതു സമ്മതിച്ചില്ലെന്നുവരാം. നിൻെറ അപേക്ഷ ഒരു നേരമ്പോക്കായി മാത്രമേ കരുതുകയുള്ളൂ. ഒരുപക്ഷേ അറിവില്ലാത്ത ഒരു കുട്ടിയുടെ ബാലിശമായ അഭിപ്രായമായും അവരതിനെ കണക്കാക്കിയേക്കാം. അവർ നിശ്ചയിച്ചുവച്ചിരിക്കുന്നതുപോലെയല്ലാതെ ആനന്ദകരമായ ഒരു ജീവിതം ആസ്വദിക്കുവാൻ സാധ്യമാണെന്നു് കാണാൻകഴിയാത്തതുകൊണ്ടു് നിൻെറ അഭിപ്രായം അവർ ശ്രദ്ധിച്ചില്ലെന്നും വരാം.”

"അവർ നയിക്കുന്ന ജീവിതം അധഃപതിച്ചതാണെന്നും പാപഭ്രയിഷ്ഠമാണെന്നും എനിക്കു മാന്യമായി വിവാഹം കഴിക്കണമെന്നും ഞാൻ അസന്ദിഗ്ദ്ധമായിപ്പറഞ്ഞാൽ തന്റെ തൊഴിൽ തുടരണമെന്നു് അവൾക്ക് എന്നെ എങ്ങിനെ നിർബ്ബന്ധിക്കാൻ കഴിയും?"

"പല ദേവദാസീകുട്ടികളുടെ വീട്ടിലും നടക്കുന്നതു് അങ്ങിനെയാണു്." കൃഷ്ണാഭായി പറഞ്ഞു. "സമ്മതിക്കാത്ത മക്കളെ അമ്മമാർ തങ്ങളുടെ കാലടികളെ പിന്തുടരാൻ നിർബ്ബന്ധിക്കുകയാണു മിക്കവാറുമുള്ള പതിവു്."

"കഷ്ടംതന്നെ!" ചെമ്പകവതി പറഞ്ഞു. "സമുദായം എന്തിനാണതു വകവച്ചുകൊടുക്കുന്നതു്?"

"അതും അമ്മയെപ്പോലെതന്നെ തലതിരിഞ്ഞതും, അറിവില്ലാത്തതും, സംതൃപ്തവും ആയതുകൊണ്ടുതന്നെ. ഈ സമ്പ്രദായത്തെ പിന്താങ്ങുന്ന അഭ്യസ്തവിദ്യരായ ആളുകളും നമ്മുടെ സമുദായത്തിലുണ്ടു്. ചാരിത്രക്ഷേത്രത്തിലെ പൂജാരിണികളായിട്ടാണു് ഭോഗലാലസയുടെ ദയനീയ ബലിമൃഗങ്ങളായ ഇവരെ അക്കൂട്ടർ കരുതുന്നതു്. ഇക്കൂട്ടർ ഇല്ലായിരുന്നുവെങ്കിൽ മനുഷ്യരുടെ ഭോഗാർത്തി സ്വകായഗൃഹങ്ങളിലേയ്ക്കു തിരിഞ്ഞുപോകുമായിരുന്നു എന്നാണു് അവരുടെ വാദം. മഠയന്മാരായ പാവങ്ങൾ. ദേവദാസിപ്പെൺകുട്ടികളെ പ്രാപിക്കുന്ന ഭോഗാസക്തരായ പുരുഷന്മാർ തങ്ങളുടെ സ്ത്രീകളെ ദുഷിപ്പിക്കുന്ന പ്രവൃത്തിയാണു് ചെയ്യുന്നതെന്നു ഗ്രഹിക്കുന്നില്ല. ദുഷ്പേരുകേട്ട വീടുകളിൽ അവർ കാണുന്ന ദുഷിച്ച ചുററുപാടുകൾ, ചാരിത്ര്യബോധത്തെ സംബന്ധിച്ച അവരുടെ ബോധത്തെ അധഃപതിപ്പിക്കുകയേ ചെയ്യൂ. അവരുടെ വാദം ശരിയാണെന്നു സമ്മതിച്ചാൽതന്നെ, മററുള്ളവൎക്കുവേണ്ടി ഏതാനും സ്ത്രീകളിൽനിന്നു ഇത്ര വലിയ ത്യാഗം പിടിച്ചുപററുന്നതിനും ഒരു ജ

തി എന്നും ദുർവൃത്തിയിൽ ആണ്ടുതന്നെ കിടക്കണമെന്നു പറയുന്നതിനും സമുദായത്തിനു് ഒരധികാരവുമില്ല."

"കല്യാണംകഴിച്ചു ജീവിക്കുവാൻ ഞാൻ തീരുമാനിച്ചിരിക്കുകയാണു്. അമ്മയെ ധിക്കരിക്കേണ്ടിവരുന്നെങ്കിൽ തന്നെ ഞാൻ അങ്ങിനെയേ ചെയ്യൂ. എൻെറ അമ്മ നയിക്കുന്ന ജീവിതം നയിക്കുവാൻ ഞാൻ ഒരുകാലത്തും സമ്മതിക്കുകയില്ല. അപമാനത്തേക്കാൾ മരണത്തെ ഞാൻ ശ്രേഷ്ഠമായി കരുതുന്നു. എൻെറ പരിശുദ്ധിയെ ഞാൻ അന്ത്യം വരെ പരിരക്ഷിക്കുകയും ചെയ്യും."

ചെമ്പകവതിയെ നെഞ്ചോടുചേർത്തു കെട്ടിപ്പിടിച്ചുകൊണ്ടു കൃഷ്ണാഭായി പറഞ്ഞു. "എത്രയും ശ്രേഷ്ഠമായ ഒരു തീരുമാനമാണിതു്. പക്ഷെ അതു അനുസരിക്കുവാൻ വളരെ വിഷമം നേരിടും. ജോഡിചേരാത്ത ഈ യുദ്ധത്തിൽ നിന്നെ സഹായിക്കുവാൻ വളരെ കുറച്ചുപേർ മാത്രമെ ഉണ്ടായിരിക്കുകയുള്ളൂ അതിനേക്കാൾ വിഷമംപിടിച്ച മറെറാരു കാര്യമുണ്ടു്. അസാന്മാർഗ്ഗികമായ ബന്ധങ്ങൾക്കായി നിന്നെ സമീപിക്കുവാൻ രസ്യമുള്ളവരായി മാന്യകുടുംബത്തിൽപെട്ടവരെന്നു പറയപ്പെടുന്ന ധാരാളംപേർ ഉണ്ടായിരിക്കുമെങ്കിലും, നിന്നെ മുറപ്രകാരം കല്യാണംകഴിക്കുവാൻ സന്നദ്ധതയുള്ളവർ അവരിൽ കുറച്ചാളുകളെ കാണൂ. അമ്മയെ ധിക്കരിക്കുന്നപക്ഷം നല്ല സുഖജീവിതത്തിൽനിന്നു് വെറും ദാരിദ്ര്യത്തിലേയ്ക്കു പതിക്കേണ്ടിവരുമെന്നുള്ളതാണു് പിന്നെയുണ്ടാകാവുന്ന മറെറാരു വിഷമത. ആ സ്ത്രീ ഏററവും നിർബ്ബന്ധബുദ്ധിയും കഠിനഹൃദയവും ഉള്ളവരാണു്. അവരുടെ ഇഷ്ടത്തിനു വിപരീതമായി പ്രവർത്തിച്ചാൽ ഒരുറെറപ്പൈ അവർ തരുകയില്ലെന്നു് എനിക്കു തീർച്ചയായി അറിയാം. സ്വഭാവംകൊണ്ടും അഭ്യാസംകൊണ്ടും മാന്യവും സ്വതന്ത്രവും ആയ ഒരു ജീവിതം നയിക്കുവാൻ നിനക്കു പ്രാപ്തിയുമില്ല. അതുകൊണ്ടു കാത്തിരി

ക്കുക. നിന്നെ കല്യാണംകഴിക്കാൻ സമ്മതിക്കുന്ന ഒരു മാന്യനെ കണ്ടുപിടിക്കുക. പിന്നെ അമ്മയിൽനിന്നു വേർപെടുക. എൻെറ കുഞ്ഞേ, ദൈവം നിന്നെ അനുഗ്രഹിക്കട്ടെ!" പിന്നെ അവരം ചെമ്പകവതിയുടെ ഇരുകവിളുകളിലും ചുംബിച്ചു.

"നിങ്ങളെ എനിക്കു് ഉറപ്പായി വിശ്വസിച്ചുകൂടെ? എന്നെ എപ്പോഴും നിങ്ങരം സഹായിക്കുകയില്ലേ?" അദ്ധ്യാപികയുടെ ദേഹത്തു പററിനിന്നുകൊണ്ടു ചെമ്പകവതി ചോദിച്ചു.

"കുഞ്ഞേ, തീച്ചയായും എൻെറ കഴിവിൻെറ പരമാവധി ഞാൻ സഹായിക്കാം," എന്നായിരുന്നു സത്വരമുണ്ടായ മറുപടി.

ചെമ്പകവതി കൃഷ്ണാഭായിയുമായി ആലോചനനടത്തിക്കൊണ്ടിരിക്കുന്ന സമയത്തുതന്നെ, ചെറുപ്പക്കാരനായ ജന്മിയും ബാങ്കറുമായ പരമശിവംചെട്ട്യാരുമായി കനകവല്ലി സംഭാഷണം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു.

അവരം പറഞ്ഞു. "കൊള്ളാം ചെട്ട്യാരേ, ചെമ്പകവതിയുടെ ആനുകൂല്യം ആദ്യം അനുഭവിക്കേണ്ടയാരം നിങ്ങളായിരിക്കണമെന്നു നിങ്ങരക്കു നിർബ്ബന്ധമുണ്ടെന്ന വസ്തുത ഞാൻ എപ്പോഴും മനസ്സിലാക്കുന്നുണ്ടു്. ചെറുപ്പക്കാരായ നിങ്ങരം എപ്പോഴും ചെറുപ്പക്കാരുടെ പിന്നാലെ മാത്രമേ പററിക്കൂടൂ. വയസ്സായ എന്നെപ്പോലുള്ളവരെ നിങ്ങരം എളുപ്പം വെറുത്തുപോകുന്നു."

"നിനക്കു് ഒരിക്കലും വയസ്സാകയില്ല. ചുക്കിച്ചുളിഞ്ഞ വാദ്ധക്യം ഒരമ്പതുകൊല്ലത്തേയ്ക്കെങ്കിലും നിന്നെ സമീപിക്കാൻ ധൈയ്യപ്പെടുകയില്ല.'' വിടന്മാക്കുചേന്ന ശൃംഗാരഭാവത്തിൽ പരമശിവംചെട്ടിയാർ മറുപടിപറഞ്ഞു.

"നിങ്ങൾ എപ്പോഴും ഒരു തന്നിഷ്ടക്കാരനാണു്. ഞാൻ കണ്ടിട്ടുള്ളതിൽവച്ചു തികഞ്ഞ തെമ്മാടിയാണു്." പുഞ്ചിരിച്ചുകൊണ്ടു കനകവല്ലി പറഞ്ഞു. "ഒരുപാടു് അപേക്ഷകരുണ്ടായിരുന്നിട്ടും നിങ്ങളെ ഞാൻ ചെമ്പകവതിയുടെ ഒന്നാമത്തെ കാമുകനായി തെരഞ്ഞെടുക്കാനും അതാണു കാരണം."

"ആ സന്തോഷസംഭവം എന്നാണു നടക്കുക?" ആനന്ദംകൊണ്ടു മതിമറന്ന പരമശിവം ചോദിച്ചു.

"ഇന്നുരാത്രി" അവൾ പറഞ്ഞു. "അതുകൊണ്ടു് അസ്തമിക്കുന്നതിനുമുമ്പു് ആയിരം രൂപാ കൊണ്ടുവരൂ. നിങ്ങളുടെ ആദ്യസമ്മാനമെന്നനിലയിൽ അവൾക്കു കൊടുക്കാനായി മൂവായിരംരൂപാ വിലയുള്ള ഒരു മുത്തുമാലയും കൊണ്ടുവരൂ".

"സംഖ്യ കൂടിപ്പോയി," പകുതി തന്നത്താനെന്നപോലെ പരമശിവം മുറുമുറുത്തു.

"ഛേ! ഈമാതിരി അല്പത്ത നിങ്ങൾക്കുണ്ടോ? നിങ്ങളെ ഞാൻ തെരഞ്ഞെടുത്തതു വലിയ തെററായിപ്പോയി. ആകട്ടെ. ആ വലിയ ബാങ്കറായ പുണ്ഡരീകാക്ഷച്ചെട്ടിയാരെ ഞാൻ സമീപിച്ചുകൊള്ളാം".

താൻ ഏററവുംകൂടുതൽ വെറുക്കുന്ന എതിരാളിയുടെ പേരുകേട്ട ഉടനെ പരമശിവം പറഞ്ഞു. "ഇല്ല, ഇല്ല. ഞാൻ അതു കാര്യമായി പറഞ്ഞതല്ല. നീ പറയുന്നതു് എന്താണോ അതുപോലെ ഞാൻ ചെയ്യാം."

"നിങ്ങളുടെ ആത്മാർത്ഥത അറിയുവാൻ രണ്ടായിരം രൂപാ കൊണ്ടുവരൂ. അതുപോലെതന്നെ മുത്തുമാല അയ്യായിരം രൂപാ വിലയുള്ളതാ ആകട്ടെ." കനകവല്ലി പറഞ്ഞു.

"അങ്ങിനെയാകട്ടെ" മറെറയാൾ പറഞ്ഞു. തൻെറ എതിരാളിയായ പുണ്ഡരീകാക്ഷം ഇക്കാൎയ്യത്തിൽ തന്നെ ജയിക്കുവാൻപാടില്ലെന്നു് അയാൾക്കു് ഉൽക്കണ്ഠയുണ്ടായിരുന്നു. ചെമ്പകവതി അയാളുടെ കൈയിൽ അകപ്പെടാൻ ഇടയായാൽ അയാൾ തന്നെ തോല്പിക്കുമെന്നു പരമശിവത്തിനു തീൎച്ചയായി അറിയാമായിരുന്നു

വലിയ ഒരു വ്യാപാരംനടത്തുവാൻ കഴിഞ്ഞതിൽ കനകവല്ലിക്കു സന്തോഷംതോന്നി. അവൾ പിന്നെ ആഹ്ലാദവതിയായി പറഞ്ഞു. "ചെമ്പകവതിയെ ഒരുകൊല്ലംകൂടി തനിച്ചു വിട്ടേയ്ക്കണമെന്നായിരുന്നു എൻെറ ആഗ്രഹം. ഏതെങ്കിലും വലിയ മഹാരാജാവു് അവളുടെ കാരുണ്യത്തിനായി കേണപേക്ഷിക്കുന്നതായി ഞാൻ സങ്കല്പിക്കാറുണ്ടു്. അപ്പോഴേയ്ക്കും ഏതു കൊട്ടാരത്തിനും യോഗ്യമായിത്തീരത്തക്കവിധം അവളുടെ കഴിവുകൾ വികസിക്കും. പക്ഷേ, 'അന്യഥാ ചിന്തിതംകാൎയ്യം ദൈവം അന്യത്ര ചിന്തയേൽ' ഞാൻ ഈ മോഹനസ്വപ്നങ്ങൾ കണ്ടുകൊണ്ടിരിക്കെ, മൗഢ്യംകലൎന്ന നശിച്ച ആദൎശങ്ങൾ അവളുടെ കൂട്ടുകാരും അദ്ധ്യാപികമാരും അവളുടെ തലയ്ക്കുള്ളിൽ കയററിക്കൊണ്ടിരുന്നു. കല്യാണംകഴിച്ചു സ്വൈരമായി താമസിക്കണമെന്നാണു് അവളുടെ ആശ. ഞങ്ങളുടെ പരമ്പരാഗതമായ തൊഴിൽ നല്ലതല്ലെന്നാണു് അവളുടെ അഭിപ്രായം."

"അങ്ങിനെയോ? എത്ര അസംബന്ധം!" പരമശിവം ചെട്ടിയാർ പറഞ്ഞു. "ഒരു ദാസിപ്പെണ്ണിനുള്ളതിൻെറ പകുതി ശക്തിയും സ്വാതന്ത്ര്യവും കല്യാണം കഴിച്ച ഏതെങ്കിലും സ്ത്രീക്കുണ്ടോ? വലിയ ദിവാനും പല നിയമസഭകളിലേയും എക്സിക്യൂട്ടീവു് കൗൺസിലുകളിലേയും അംഗവുമായ ബ്രഹ്മാണ്ഡഅയ്യരെ നീ അറിയുമല്ലോ. തൻെറ രാജ്യത്തിനുവേണ്ടി നിത്യവും പത്തുമണിക്കൂർവീതം അദ്ദേഹം അടിമയെപ്പോലെ പണിയെടുക്കുന്നു എന്നു പറയാറുണ്ടു്.

എന്നാൽ ആരും കേൾക്കാത്ത ഒരു കാൎയ്യമുണ്ടു്. അദ്ദേഹം തൻെറ ദാസിപ്പെണ്ണായ വസന്തസേനയുടെ അടിമയായി ദിവസവും പന്ത്രണ്ടുമണിക്കൂർ ചെലവഴിക്കുന്നു. അദ്ദേഹത്തിൻെറ ഭാൎയ്യ ഒരു സാധു സ്ത്രീ. പല ആഴ്ചകളോളം അവർ അദ്ദേഹത്തെ കാണുകതന്നെയില്ല. ഇവരിൽ ആരാണു് ഭാഗ്യവതി എന്നു നീതന്നെ പറയൂ. ഭാൎയ്യയോ, ദാസിപ്പെണ്ണോ?"

"നിങ്ങൾക്കു് ഇതും ഇതിൽ കൂടുതലും ചെമ്പകവതിയോടു പറയേണ്ടിവരുമെന്നാണു എനിക്കു തോന്നുന്നതു്." കനകവല്ലി പറഞ്ഞു. "പഴക്കംവന്ന ദാസിപ്പെണ്ണുങ്ങളും കുടിലകളുമായ ഞങ്ങൾക്കു് വളരെ സ്പഷ്ടമായി തോന്നുന്ന കാൎയ്യങ്ങൾ, പുതിയ തലമുറയിലുള്ളവൎക്കു അങ്ങിനെയല്ലാതായിത്തീരുന്നുവെന്നു നിങ്ങൾക്കു് കണ്ടുകൂടെ? ഇതെല്ലാം ഇംഗ്ലീഷു് വിദ്യാഭ്യാസത്തിൻെറ ഫലമാണെന്നാണു എനിക്കു തോന്നുന്നതു്."

"ഞാൻ അങ്ങിനെ വിചാരിക്കുന്നില്ല." പരമശിവം പറഞ്ഞു "സംസ്കൃതം അഭ്യസിച്ചവരേക്കാൾ ഇംഗ്ലീഷ് പഠിച്ച ഇന്ത്യാക്കാരാണു ദേവദാസികളെ കൂടുതൽ അനുകൂലിക്കുന്നതെന്നാണു് എൻെറ പ്രബലമായ വിശ്വാസം. എന്തിനു്, ബ്രഹ്മാണ്ഡമയ്യർതന്നെ അതിനു ഒരു ഉദാഹരണമാണല്ലോ. ഇംഗ്ലീഷു് ഗ്രന്ഥകാരന്മാർപോലും അദ്ദേഹത്തിൻെറ ഭാഷാരീതിയിൽ അസൂയപ്പെടുന്നു. എന്നിട്ടും പ്രായോഗികമായും തത്വപരമായും ദേവദാസിസമ്പ്രദായത്തെ ശക്തിയായി പിന്താങ്ങുന്ന മററാരെങ്കിലും ഉണ്ടോ? എന്തും ഇംഗ്ലീഷുകാരുടെ പിടലിക്കു കെട്ടിവയ്ക്കുക എന്നതു് ഒരു പരിഷ്കാരമായി ഇന്നു് എല്ലായിടവും കാണുന്നുണ്ടു്. എന്നാൽ അതൊട്ടും ന്യായമല്ല. പല സംഗതികൾക്കും ഇംഗ്ലീഷു് വിദ്യാഭ്യാസം ഉത്തരം പറയേണ്ടതായുണ്ടെന്നു ദൈവത്തിനുപോലും അറിയാം. പക്ഷെ, അതു് ദേവദാ

സികൾക്കു ദോഷം ചെയ്തിട്ടില്ല. ദേവദാസികൾക്കു വാസ്തവത്തിൽ ദോഷം വരുത്തിവച്ചതു് ഈ സ്ത്രീവിദ്യാഭ്യാസമാണു്. അതെ, സ്ത്രീകളെ വിദ്യാഭ്യാസം ചെയ്യിച്ചു അവരെ ചിന്തിക്കാൻ പ്രേരിപ്പിക്കണമെന്ന ഭീകരമായ ആശയം. ദേവദാസികളെ മാത്രമേ വിദ്യ അഭ്യസിപ്പിച്ചിരുന്നുള്ളുവെങ്കിലും ഈ ദോഷം സംഭവിക്കുകയില്ലായിരുന്നു. അതും നൃത്തത്തിലും സംഗീതത്തിലും സാധാരണരീതിയിൽ വായിക്കാനും, എഴുതാനും, കണക്കുകൂട്ടാനും പഠിപ്പിക്കണം. ഇപ്പോഴാകട്ടെ ഭ്രാന്തുപിടിച്ച ഗവണ്മെന്റുകൾ, അതേക്കാൾ ഭ്രാന്തുപിടിച്ച നേതാക്കന്മാരെന്നു പറയുന്നവരുടെ നിർബ്ബന്ധംകൊണ്ടു പെണ്ണുങ്ങൾക്കു സാർവ്വത്രികവും നിർബ്ബന്ധിതവും ആയ വിദ്യാഭ്യാസം നൽകണമെന്ന ലക്ഷ്യത്തെ ലാക്കാക്കി പ്രവൃത്തിക്കുകയാണു്. നീതിശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നിവ ഉൾപ്പെടെയുള്ള ശാസ്ത്രവിഷയങ്ങളും കലകളും സ്ത്രീകളെ പഠിപ്പിക്കണമെന്നാണു് അവരുടെ വാദം. ഭാഗ്യമെന്നു പറയട്ടെ, നമ്മുടെ രാജ്യത്തു വളരെ സാവധാനമായ പുരോഗതിയേ ഉള്ളു. സാവധാനമായ ഈ പുരോഗതികൊണ്ടുതന്നെ വിനാശകരമായ ഫലങ്ങൾ ഉളവായിട്ടുണ്ടു്. ഒരു സ്ത്രീ നിയമസഭയ്ക്കകത്തു കടന്നു്, നമ്മുടെ സംസ്ഥാനത്തെ പ്രധാന നർത്തകിവർഗ്ഗമായ ദേവദാസികൾക്കെതിരായി ഒരു നിയമം കൊണ്ടുവന്നു് പുരുഷന്മാരെപ്പോലും ലജ്ജിപ്പിച്ചിരിക്കുന്നു. ഈ രീതിക്കു് അങ്ങു കാര്യങ്ങൾ പോയാൽ, ഞാൻ നിന്നെ സന്ദർശിക്കുന്നതുപോലും കുറ്റകരമായിത്തീരും ”

“നിങ്ങൾക്കു് എതിരായി ആരു് അധികാരസ്ഥാനങ്ങളിൽ അറിവുകൊടുക്കും? ഞാൻ ഒരക്ഷരം ശബ്ദിക്കുകയില്ല ”

“വിജിലൻസ് സൊസൈറ്റിയിലേയോ, ഇന്ത്യൻ സ്ത്രീസമാജത്തിലേയോ ഏതെങ്കിലും സ്ത്രീയുടെ പ്രേരണയ

നുസരിച്ച് എൻെറ ഭാൎയ്യ അങ്ങിനെചെയ്യും. ആളുകൾ അന്യോന്യം എതിരായി തെളിവുകൊടുക്കാൻ തുടങ്ങിയാൽ ഈ നഗരത്തിൽ ശല്യംഉണ്ടാക്കുന്നതു എത്ര എളുപ്പമാണെന്നു നിനക്കറിയാമോ. നമ്മുടെ സമുദായത്തിൻെറ അടിസ്ഥാനംതന്നെ ഉലഞ്ഞുതുടങ്ങിയിരിക്കുകയാണു്. അതു തന്നെയുമല്ല, യാഥാസ്ഥിതികരായആളുകൾപോലും നമ്മോടു സഹതപിക്കുകയില്ല. ദേവദാസിനിയമം റദ്ദുചെയ്യുന്നതിനുവേണ്ടി ഒരു പ്രക്ഷോഭണം ആരംഭിക്കണമെന്നു ഇക്കഴിഞ്ഞദിവസം ഞാൻ യാഥാസ്ഥിതികഹിന്ദുക്കളുടെ ഒരു നേതാവിനോടു പറഞ്ഞു. ആ മറയൻെറ മറുപടി എന്തായിരുന്നു എന്നു നിനക്കറിയാമോ? "ശാരദാആക്ടിനെതിരായി വേണമെങ്കിൽ ഞാൻ പ്രക്ഷോഭണം ആരംഭിക്കാം. എന്തെന്നാൽ അസാന്മാൎഗ്ഗികജീവിതം വൎദ്ധിക്കാൻ ആയതു കാരണമാകുകയില്ല. അസാന്മാൎഗ്ഗികരീതികൾ ഒരുപക്ഷേ കുറയ്ക്കാനും അതുമൂലം സാധിക്കും. പക്ഷേ ദേവദാസി വ്യാപാരം പ്രത്യുദ്ധരിക്കുന്നതിനുവേണ്ടി ഒരു ചെറുവിരൽപോലും ഞാൻ ഇളക്കുകയില്ല." അക്കാൎയ്യം അങ്ങിനെയാണു്. നമുക്കുണ്ടായിരുന്ന സൗകൎയ്യങ്ങൾ നഷ്ടപ്പെട്ടുവരികയാണെന്നുള്ളതിൽ ഒരു സംശയവുമില്ല. ഉയൎന്നുവരുന്ന ഡെമോക്രസി, അനേകം തലകളുള്ള സ്വരാജെന്ന രാക്ഷസൻ അതെല്ലാം ചെയ്യും. ആദ്യം കുടി അപ്രത്യക്ഷമാകും. പിന്നെ ദേവദാസികളും അധഃകൃതജാതികളും പോകും. പിന്നെ എല്ലാം എല്ലാം അങ്ങുപോകും."

"എല്ലാം പോകട്ടെ. ഇന്നു രാത്രിയിലത്തെ കാൎയ്യം ആലോചിക്കു" കനകവല്ലി പറഞ്ഞു.

"ശരി. അപ്പോൾ ഞാൻ പോകട്ടെ." പരമശിവം പറഞ്ഞു.

"പണവുംമാലയുമായി വേഗംവരണം." അയാൾപടി ഇറങ്ങിപ്പോകുന്നതിനിടയിൽ കനകവല്ലി വിളിച്ചുപറഞ്ഞു.

അന്നു സന്ധ്യയ്ക്കു പരമശിവം ആയിരംരൂപയുടെ രണ്ടു പുതിയ നോട്ടു് കനകവല്ലിക്കു് എടുത്തുകൊടുത്തു. വളരെ വിശേഷപ്പെട്ട ഒരു മുത്തുമാല അവളെ കാണിച്ചു കൊടുത്തുകൊണ്ടു് അയാഠം പറഞ്ഞു. "ഇതിനു് ഏഴായിരത്തിഅഞ്ഞൂറുരൂപാ വിലയായി. എങ്കിലും ഞാൻ അതു കാര്യമാക്കുന്നില്ല. ഞാൻ കുട്ടിയെ അത്രയേറെ സ്നേഹിക്കുന്നു. എത്രയോനാളായി ഞാൻ അവളെ മോഹിച്ചുകഴിയുകയാണു്."

"ഇവിടെ എത്രയോ കാലമായി വരാറുണ്ടായിരുന്നിട്ടും ഇത്ര നല്ല ഒരു സമ്മാനം നിങ്ങഠം എനിക്കു തന്നിട്ടില്ലല്ലോ." പകുതി അധിക്ഷേപസൂചകമായി അവഠം പറഞ്ഞു.

"ഞാൻ അവളുടെ ആദ്യകാമുകനാണു്. അതിൽ ഒരു കാവ്യരസമൊക്കെയുണ്ടു്." പരമശിവം മറുപടി പറഞ്ഞു.

"നിങ്ങഠംക്കു് ഏതാനും ലക്ഷം രൂപയുടെ സ്വത്തില്ലേ?" കനകവല്ലി ചോദിച്ചു.

"ഉണ്ടു്. പത്തോ പന്ത്രണ്ടോ ലക്ഷത്തിൻെറ വക കാണും. അതിൽക്കൂടുതലില്ല."

"ചെമ്പകവതിക്കു് അതു ധാരാളം മതി." അതായിരുന്നു കനകവല്ലിയുടെ അത്ഥഗഭമായ മറുപടി. "ഇങ്ങോട്ടൊന്നു നോക്കൂ." "അവഠം പരമശിവത്തോടു് ഗൗരവപൂവ്വം പറഞ്ഞു. "എൻെറ ജീവിതരീതി ഇതാണെങ്കിലും, ഇതിൻെറ ഭയങ്കരവശം ഞാൻ കുട്ടിയിൽനിന്നു മറച്ചാണു വച്ചിരുന്നതു്. ഏതു മാന്യകുടുംബത്തിലേയും കന്യകയെപ്പോലെ അവഠം പരമപരിശുദ്ധയാണു്. അതിനാൽ അവളെ വശപ്പെടുത്തിക്കൊണ്ടുവരുന്നതിനു് നിങ്ങഠംക്കു വളരെയേറെ പാടുപെടേണ്ടിവരും."

"അതെല്ലാംഇങ്ങുവിട്ടേയ്ക്കൂ." പരമശിവം പറഞ്ഞു. "എന്റെ സൗന്ദര്യവും, വാചാലതയും, കനമുള്ള മടിശ്ശീലയും അഭിമാനികളും ദുശ്ശാഠ്യക്കാരികളുംആയ എത്ര പെണ്ണുങ്ങളെ കീഴടക്കിയിരിക്കുന്നു. ഒരു രാത്രി തനിച്ചുകിട്ടിയാൽ, ഏതു പെൺകുട്ടിയേയും വശപ്പെടുത്താനുള്ള പല വഴികളും എനിക്കറിയാം. എനിക്കു് അവളെ പെട്ടെന്നു് സ്വാധീനത്തിൽകൊണ്ടുവരാൻ കഴിയും."

"എനിക്കതേപ്പററി നല്ല ബോദ്ധ്യമില്ല." കനകവല്ലി പറഞ്ഞു. "പക്ഷേ നിങ്ങളെ നിരുത്സാഹപ്പെടുത്തുന്ന എന്തെങ്കിലും പറയണമെന്നു് എനിക്കു ആഗ്രഹമില്ല. പിശാചിനുപോലും ജയിച്ചു കീഴടക്കാൻകഴിയാത്ത ഒരു നിർബന്ധബുദ്ധിയാണു് അവൾക്കുള്ളതു്."

"ശക്തിക്കും കൃത്രിമത്തിനും ഫലിപ്പിക്കാൻ പാടില്ലാത്തതായി യാതൊന്നുംതന്നെയില്ല." പരമശിവം പറഞ്ഞു. "എന്തെങ്കിലും കാര്യമായ വിഷമത ഞാൻ പ്രതീക്ഷിക്കുന്നില്ല. രാത്രിയാകാനുള്ള ഉൽക്കണ്ഠകൊണ്ടു ഞാൻ ചത്തുപോകുകയാണോ എന്നു തോന്നിപ്പോകുന്നു. രാത്രി എട്ടുമണിയാകുമ്പോഴേയ്ക്കു ഞാൻ ഇനിയും വരാം" എന്നു പറഞ്ഞു് അയാൾ അവിടംവിട്ടു.

ചെമ്പകവതി വീട്ടിൽ മടങ്ങിയെത്തി ഏഴുമണിക്കു് പതിവുപോലെ അമ്മയും ഒരുമിച്ചു് അത്താഴംകഴിച്ചു. അതിനുശേഷം കനകവല്ലി അവളെ അവളുടെ മുറിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അവളെ വാത്സല്യപൂർവ്വം ആലിംഗനംചെയ്തുകൊണ്ടു കനകവല്ലി പറഞ്ഞു. "കുഞ്ഞേ, നിന്നോടുചെയ്തിരുന്ന പ്രതിജ്ഞ ഞാൻ പാലിച്ചു. സമ്പന്നനും, സുമുഖനും, ജന്മിയും, ബാങ്കറും ആയ മി: പരമശിവംചെട്ടിയാരെ ഞാൻ നിനക്കുവേണ്ടി തിരഞ്ഞെടുത്തിരിക്കുന്നു."

"നിങ്ങളെ കാണാനായി കൂടെക്കൂടെ വരുന്നയാളിനെ പ്പററിയാണോ നിങ്ങൾ പറയുന്നതു്. ആ മൂലയ്ക്കു കാണുന്ന വലിയ കെട്ടിടത്തിന്റെ ഉടമസ്ഥൻ?" ചെമ്പകവതി ചോദിച്ചു.

"അയാൾതന്നെ, കുഞ്ഞേ. അദ്ദേഹത്തെ നിനക്കു് ഇഷ്ടമല്ലേ?" അവളുടെ അമ്മ പറഞ്ഞു.

"അമ്മേ, അയാൾ എന്നെ കല്യാണം കഴിച്ചു." ചെമ്പകവതി പറഞ്ഞു. "അദ്ദേഹത്തിന്റെ ഭാര്യയെ ഞാൻ കണ്ടിട്ടുണ്ടു്. സുന്ദരിയായ ഒരു നല്ല സ്ത്രീ. പക്ഷേ എപ്പോഴും എന്തോ വിഷാദം ഉണ്ടു്. എന്നെ കാണുമ്പോഴൊക്കെ അവരുടെ വിഷാദം പിന്നെയും വർദ്ധിക്കും. അവരെ ഈവിധം ഉപേക്ഷിക്കണമെങ്കിൽ, അവരുടെ ഭർത്താവു് തീർച്ചയായും ഒരു ദുഷ്ടനായിരിക്കണം. തീർച്ചയായും ഞാൻ അദ്ദേഹത്തെ കല്യാണംകഴിക്കയില്ല. പിന്നെ ഒരു ഭാര്യ ഇപ്പോൾതന്നെ ഉള്ള സ്ഥിതിക്കു് അദ്ദേഹത്തിനു് എന്നെ എങ്ങിനെ കല്യാണം കഴിക്കാൻ സാധിക്കും?"

"സാധാരണമട്ടിൽ അദ്ദേഹം നിന്നെ കല്യാണംകഴിക്കുമെന്നല്ല ഞാൻ പറഞ്ഞതു്. നിനക്കു് ഇഷ്ടമുള്ളിടത്തോളംകാലംമാത്രം, അദ്ദേഹം നിന്റെ കാമുകനായിരിക്കും."

"അങ്ങിനെയാണെങ്കിൽ അദ്ദേഹം ഇവിടെവന്നിട്ടു കാര്യമില്ല. അദ്ദേഹവുമായി എനിക്കു് ഒരുകാര്യവുമില്ല."

"അങ്ങിനെ ശാഠ്യംപിടിക്കാതെ കുഞ്ഞേ" എന്നു കനകവല്ലി പറഞ്ഞു. അവൾ മകളെ മുമ്പു പലതവണ അനുസരിപ്പിച്ചിട്ടുള്ളതുപോലെ അനുസരിപ്പിക്കാൻവേണ്ടി കൈയിൽ താങ്ങിപ്പിടിച്ചു.

"അതുകൊണ്ടു ഫലമൊന്നുമില്ലമ്മേ." പിടിയിൽ നിന്നുകുതറി സ്വതന്ത്രയായി നിന്നുകൊണ്ടു ചെമ്പകവതി

പറഞ്ഞു. "ഞാൻ ഒന്ന വ്യക്തമായി പറഞ്ഞുകൊള്ളട്ടെ. ഞാൻ നിങ്ങളെപ്പോലെ ഒരു ദേവദാസിപ്പെണ്ണ് ആകുക യില്ല. മാന്യകുടുംബങ്ങളിലെപ്പോലെ വിവാഹംകഴിച്ചു താമസിക്കാനാണു് ഞാൻ നിശ്ചയിച്ചിരിക്കുന്നതു്. നിങ്ങൾ എന്നോട്ടു് ആവശ്യപ്പെടുന്നതുപോലെയുള്ള അസാന്മാൎഗ്ഗിക ജീവിതം നയിക്കുകയേക്കാൾ മരിക്കാനാണു് ഞാൻ ഇഷ്ട പ്പെടുന്നതു്."

"അസംബന്ധം പറയാതെകുഞ്ഞേ!" കനകവല്ലി പറഞ്ഞു. "വിവാഹിതരായ സാധാരണ ഭാരതീയസ്ത്രീ കൾക്കു് എന്തു സുഖമാണുള്ളതു്? കല്പനാരസികതപമോ പ്രേമമോ, സമ്പത്തോ സുഖമോ ഒന്നും അവൎക്കില്ല. വെ റുപ്പും മുഷിവും തോന്നിക്കുന്ന ഗൃഹകാൎയ്യങ്ങളും ഗൎഭധാര ണവും ആണു് അവരുടെ എന്നുമുള്ള പരിപാടി. മിക്ക പ്പോഴും ക്രൂരനും, ഹൃദയശൂന്യനും, അബദ്ധസമ്പൂൎണ്ണനും ആയ ഭൎത്താവിനോടു് കെട്ടിയിടപ്പെട്ടു്, ബന്ധുക്കളാൽ മൎദ്ദി ക്കപ്പെട്ടുകിടക്കുന്ന സാധു ഭാൎയ്യ മരണപൎയ്യന്തം കൂടെക്കൂടെ ഗൎഭംധരിച്ചുകൊണ്ടു് ജീവിതം വലിച്ചിഴയ്ക്കുകയാണു ചെയ്യു ന്നതു്. അവൾക്കു ഭൎത്താവിനേയും അയാളുടെ മാതാപി താക്കന്മാരേയും നിശ്ശബ്ദമായി അനുസരിക്കാതെ തരമില്ല. മറിച്ചു് നമ്മുടെ ജാതിയിൽപെട്ട ഒരു യുവതിയുടെകാൎയ്യം ആലോചിച്ചുനോക്കൂ. അവൾക്കു് അവളുടെ കാമുകന്മാൎക്കു ഉത്തരവുനൽകാൻകഴിയും. അവൾക്കു് ആരെയെങ്കിലും ഭയപ്പെടേണ്ടതായോ അനുസരിക്കേണ്ടതായോ ഇല്ല. വൈ വിധ്യംകലൎന്ന ദീൎഘജീവിതമാണു് അവളുടേതു്. എന്നും അവൾക്കു് സമ്മാനങ്ങൾ ലഭിക്കും. യാതൊന്നിനെപ്പ റ്റിയും ക്ലേശിക്കാതെ അവൾ ജീവിക്കുന്നു. അനന്തമായ സാദ്ധ്യതകളുള്ള, കല്പനാരസികത്വംകലൎന്ന ഇന്നത്തെ ജീവി തം കൈവെടിഞ്ഞിട്ടു് വിവാഹിതയായ സ്ത്രീയുടെ മുഷിവു തോന്നുന്ന ജീവിതം നീ ഇഷ്ടപ്പെടുന്നതെന്തു് അത്ഭുതം

തോന്നുന്നു. എന്തിനു്, ഒരിക്കൽ ഒരു മഹാരാജാവിൻെറ തന്നെ ആനുകൂല്യത്തിനും നീ പാത്രമായിഭവിച്ചേയ്ക്കും."

"ആ വത്തമാനമൊക്കെ നിത്തണെമമ്മേ." ചെമ്പ കവതി പറഞ്ഞു. "അതുകേട്ടിട്ടു് എനിക്കു് ഓക്കാനം വരുന്നു. ദാസിപ്പെണ്ണിൻെറ അന്തമില്ലാത്ത പ്രശസ്തി എനിക്കുവേണ്ട. അവളെ എന്നെന്നും നശിപ്പിക്കുവാൻ അവരം കഴിഞ്ഞുകൂടുന്ന സാന്മാൎഗ്ഗികാധഃപതനമാകുന്ന മലകുഴിമാത്രം മതിയല്ലോ. സത്യത്തിനും യഥാൎത്ഥസൗന്ദൎയ്യത്തിനും അവളുടെ ജീവിതത്തിൽ എന്തു സ്ഥാനമാണു ള്ളതു്? നുണ, കാപട്യം, ദുഷ്ടത എന്നിവയുടെ അന്തമില്ലാത്ത സമാഹാരമല്ലേ അവളുടെ ജീവിതം മുഴുവൻ? എത്രയെത്ര സന്തുഷ്ടകുടുംബങ്ങളെയാണു് അവരം തകൎത്തതു്. എത്രയെത്ര വൃത്തികെട്ട രോഗങ്ങളെ അവരം പരത്തി? അവരം ഉത്തരവാദിത്വംവഹിക്കേണ്ടാത്തതായി എത്ര കുററങ്ങളുണ്ടായിട്ടുണ്ടു്? ദുഷ്കീൎത്തിനിറഞ്ഞ ആ നാറുന്ന ജീവിതം എനിക്കു വേണ്ടേവേണ്ടാ."

"എത്രയോ തലമുറകളായി നമ്മുടെ തൊഴിൽ ഇതായിരുന്നു. നിൻെറ അമ്മയ്ക്കും പൂൎവ്വികക്കും ഉത്തമമായിരുന്നതു് തീൎച്ചയായും നിനക്കും നല്ലതുതന്നെയാണു്."

"എൻെറ മുൻഗാമികരം, ആയിരം തലമുറകളായി ദേവദാസികളായിരുന്നെങ്കിൽതന്നെ, ഞാനതു കാൎയ്യമാക്കുന്നില്ല. അതു ശരിയാണെങ്കിൽ, വിപ്ലവം എന്നേ നടക്കേണ്ടതായിരുന്നുവെന്നാണു് അതു കാണിക്കുന്നതു്. എൻെറ ആദ്യപൂൎവ്വികർ വിശപ്പത്തിൻെറ മാതാവും പിതാവും—തീൎച്ചയായും ഈ അന്യായത്തിനു് എതിരാണു്."

"പിന്നെ എന്തുകൊണ്ടു് അവർ നേരത്തേ ഇതിനു് അന്തംവരുത്തിയില്ല? അങ്ങിനെ ചെയ്യാൻ അവക്കു ശക്തിയില്ലാഞ്ഞിട്ടാണോ? അവർ അങ്ങിനെ ചെയ്യാതിരുന്ന

രിൽനിന്നു അവർ ഈ ഏൎപ്പാടിനെ അംഗീകരിച്ചിരിക്കുന്നു എന്നല്ലേ അൎത്ഥം?" കനകവല്ലി ചോദിച്ചു.

"ഒരിക്കലുമല്ല." ചെമ്പകവതി പറഞ്ഞു. "എല്ലാ കൊലപാതകങ്ങളും, മോഷണങ്ങളും, കൊള്ളകളും നില്ക്കാത്തതു് അവർ അവയെ അംഗീകരിച്ചിരിക്കുന്നതുകൊണ്ടാണെങ്കിലേ ഇതും അംഗീകരിച്ചതായി കരുതിക്കൂട്ടു."

"സിദ്ധാന്തപരമായ ഈ ചൎച്ചകളൊക്കെ നമുക്കു മതിയാക്കാം." കനകവല്ലി പറഞ്ഞു. "ഇന്നു രാത്രി പരമശിവം ചെട്ടിയാരെ നിന്റെ കാമുകനായി നീ സ്വീകരിക്കണമെന്നു ഞാൻ ആജ്ഞാപിക്കുന്നു."

"ആജ്ഞയെ ഞാൻ അനുസരിക്കുന്നില്ല" ചെമ്പകവതി പറഞ്ഞു.

"ഹ്രന്തു്! നിന്നെ പ്രസവിക്കുകയും ഇത്രയുംനാൾ ആലോചിക്കുവാൻപോലും സാദ്ധ്യമല്ലാത്ത ആഡംബരത്തിൽ നിന്നെ വളൎത്തുകയുംചെയ്ത നിന്റെ അമ്മയെ ധിക്കരിക്കുകയോ?

"അതേ. ഒരു ശിശുവിനെ അമ്മ പ്രസവിക്കുകയും വളൎത്തുകയും ചെയ്തു എന്നുവച്ചു് അതിന്റെ ദേഹത്തേയോ ഹൃദയത്തേയോ, സന്മാൎഗ്ഗത്തേയോ നശിപ്പിക്കുവാൻ അമ്മയ്ക്കു് അവകാശമില്ല. വിശ്വബ്രഹ്മത്തിന്റെ അലിഖിതമായ പരിശുദ്ധനിയമമാണതു്. നിങ്ങൾക്കു് വേണ്ടത്ര വികാസം സിദ്ധിച്ചിട്ടില്ലാത്തതുകൊണ്ടു്, ഈ കടപ്പാടിന്റെ ശാരീരികമായ വശംമാത്രമെ അംഗീകരിച്ചിട്ടുള്ളു. നിങ്ങൾക്കു വേണ്ടത്ര വിദ്യാഭ്യാസമുണ്ടായിരുന്നെങ്കിൽ മററു രണ്ടു വശങ്ങളെപ്പററിയും ചിന്തിക്കുമായിരുന്നു. ഇപ്പോൾ പല രാജ്യങ്ങളിലും ശിശുക്കളെ മാനസികമായി കൊല്ലാനും സമുദായം അമ്മമാരെ അനുവദിച്ചിട്ടുണ്ടു്. മതംമാറാനും ചിലപ്പോൾ അഭിപ്രായംപോലും മാറാനുംവേണ്ടി പലവിധ

ത്തിൽ ദണ്ഡിക്കുന്നതുകൊണ്ടും, അടിമകളായും, ദാസികളായും, അടിമവൎഗ്ഗങ്ങളായും കഴിച്ചുകൂട്ടുന്നതിന് കാരന്മാൎക്കു ചേൎന്നവിധം നിൎബ്ബന്ധിക്കുന്നതുമൂലവും അവർ സ്വതന്ത്രചിന്തയെ അടിച്ചമൎത്തുകയും മാനസികമായ കൊലപാതകം ചെയ്യുകയും ആണു് ചെയ്യുന്നതു്. അമ്മേ, ഇതെല്ലാം അപ്രത്യക്ഷമാകും. ലോകം സൗഖ്യമായി ജീവിക്കുവാൻ തക്കതായി തീരുകയും ചെയ്യും."

"നിൻെറ ഈ നശിച്ച ഔദ്ധത്യം നിൎത്തു്." കനകവല്ലി ഉച്ചത്തിൽ പറഞ്ഞു. "നീ എന്നെ പഠിപ്പിക്കേണ്ട ആവശ്യമില്ല. ഈ അസംബന്ധം ഒക്കെ പറയുവാൻ നിന്നെ കഴിവുള്ളവളാക്കിത്തീൎത്ത സ്കൂൾവിദ്യാഭ്യാസം ഈ നാറുന്ന ദേവദാസിവ്യാപാരംകൊണ്ടു ലഭിച്ച പണംകൊണ്ടു നടത്തിയതാണു്. അതിനാൽ അതിൻെറ ഗുണം ഏതു രീതിയിലുള്ളതാണെന്നു് നിൻെറ തോതുവച്ചു് നിനക്കു തന്നെ മനസ്സിലാക്കാവുന്നതേ ഉള്ളു."

"മലക്കുമ്പാരം കത്തിനീറിറിക്കുന്ന തീയിനു തന്മൂലം മാലിന്യം ഏശാത്തതുപോലെ എന്തെങ്കിലുംകൊണ്ടു വിദ്യാഭ്യാസത്തിനും അശുദ്ധിസംഭവിക്കുകയില്ല."

"നിൻെറ ഭാഷ്യമൊക്കെ മതിയാക്കൂ." അമ്മ ദേഷ്യഭാവത്തിൽ പറഞ്ഞു. "നിന്നെ ഇന്നു പ്രാപിക്കാമെന്നു് ഞാൻ പരമശിവത്തോടു് നേരത്തെ പറഞ്ഞുപോയി."

"അതോൎത്തു നിങ്ങൾ ക്ലേശിക്കേണ്ട. അയാളെ ആവശ്യമില്ലെന്നും അയാൾ പൊയ്ക്കൊള്ളണമെന്നും ഞാൻ അയാളോടു പറഞ്ഞുകൊള്ളാം."

"നീ ചെയ്യുമോ, നീയങ്ങിനെ ചെയ്യുമോ?" കനകവല്ലി ക്ഷോഭിച്ചുപറഞ്ഞു. "ശരി. ഒന്നുരണ്ടു കാൎയ്യങ്ങൾ കൂടി മനസ്സിലാക്കിക്കൊള്ളൂ. നിനക്കുവേണ്ടി അയാൾ രണ്ടായിരംരൂപാ എന്നെ ഏല്പിച്ചിട്ടുണ്ടു്. ഏഴായി

രത്തിഅഞ്ഞൂറു രൂപാ വിലയ്ക്കുള്ള മുത്തുമാലയും വാങ്ങിയിട്ടുണ്ട്. ഈ വമ്പിച്ച ചെലവ് എന്തിനായി ചെയ്തുവോ അതു് അയാൾക്കു് തീച്ച്യയായും നൽകിയേമതിയാകൂ."

"നിശ്ചം ആ രണ്ടായിരം രൂപാ അയാൾക്കു മടക്കി കൊടുക്കണം. അയാൾ ആ മാല, വാങ്ങിയ കച്ചവടക്കാരനും കൊടുക്കണം." ചമ്പകവതി ശാന്തമായി പറഞ്ഞു.

"എത്ര ശാന്തമായ ഉറപ്പ്! സ്വപ്നത്തോടു് എന്തു് അനാസ്ഥ! എന്റെ ഗർഭപാത്രത്തിൽതന്നെയോ നീ ജനിച്ചതെന്നു് ഞാൻ ശങ്കിച്ചുപോകുന്നു." കനകവല്ലി പറഞ്ഞു.

"മററാരുടെയെങ്കിലും ഗർഭപാത്രത്തിൽ ജനിച്ചിരുന്നെങ്കിൽ എന്നാണു് എന്റെ ആഗ്രഹം." ചെമ്പകവതി പറഞ്ഞു.

"ശരി, വിരുദ്ധപ്രകൃതിയായ ജന്തു ഇതുവരെ നിനക്കു വേണ്ടി ഞാൻ ചെലവാക്കീട്ടുള്ള അയ്യായിരംരൂപാ തന്നിട്ടു് ഇവിടെനിന്നു പോകൂ. എത്രയും മിതമായ കണക്കനുസരിച്ചുള്ള തുകയാണു ഞാനീപ്പറഞ്ഞതു്." കനകവല്ലി പറഞ്ഞു.

"എനിക്കു് എവിടുന്നാണുപണം?" മകൾ ചോദിച്ചു. "പക്ഷെ എനിക്കു് അത്രയും തുക സമ്പാദിക്കാൻ കഴിയുന്ന മാത്രയിൽ ഓരോ പൈസയും പലിശസഹിതം തിരിച്ചുതരുന്നതാണെന്നു് ഞാൻ വാഗ്ദാനംചെയ്യുന്നു."

"ഈ തൊഴിൽ ഉപേക്ഷിക്കുന്നപക്ഷം അതൊരിക്കലും ഉണ്ടാവുകയില്ല. നീ സമ്പാദിക്കുന്നതുവരെ കാത്തിരിക്കാൻ എനിക്കു നിവൃത്തിയുമില്ല" കനകവല്ലി പറഞ്ഞു. "അതുകൊണ്ടു ഞാൻ പറയുന്നതുപോലെ നീ ചെയ്യണം."

"ഒരിക്കലുമില്ല!" ചെമ്പകവതി പറഞ്ഞു. "ഈ ലോകത്തിൽ ജനിക്കാൻ കാരണക്കാരി നിങ്ങളായതുകൊണ്ടു്

നിങ്ങൾ എന്നെ വളൎത്തുകയും പഠിപ്പിക്കുകയുംചെയ്തു. അതിന്നു് എനിക്കു നന്ദിയുണ്ടു്. പക്ഷെ നിങ്ങൾക്കുവേണ്ടി ഞാൻ സാന്മാൎഗ്ഗികമായിആത്മഹത്യചെയ്യുകയില്ല. അങ്ങെയററം ഞാൻ ചെയ്യേണ്ടതു്, കഴിവുണ്ടാകുന്ന സന്ദൎഭത്തിൽ നിങ്ങൾ എനിക്കുവേണ്ടി ചെലവാക്കിയ സംഖ്യ മടക്കിത്തരികയാണു്. അതിൽ വലിയ കടപ്പാടൊന്നും എന്നോസംബന്ധിച്ചില്ല. ദൈവത്തിനും പ്രകൃതിക്കും നിരക്കാത്തതാകയാൽ, വ്യഭിചരിച്ചുകൊള്ളാമെന്ന കടപ്പാടു് ഒരിക്കലും ഉണ്ടാകാൻസാദ്ധ്യമല്ല."

ഇതിന്നു ദേഷ്യപ്പെട്ടുകൊണ്ടുള്ള ഒരു മറുപടിപറയുവാൻ കനകവല്ലി ആരംഭിക്കുകയായിരുന്നു. ഇതിനിടയിൽ പരമശിവംചെട്ടിയാർ വന്ന വിവരം വേലക്കാരി വന്നറിയിച്ചു.

"അകത്തേയ്ക്കു വരാൻ അയാളോടു പറയൂ." കനകവല്ലി പറഞ്ഞു.

"അമ്മേ, എനിക്കു് അയാളെ കാണണ്ട." ചെമ്പകവതി പറഞ്ഞു.

"നീ കണ്ടേ മതിയാക്കൂ" അമ്മ പറഞ്ഞു. "ഈ ഇടപാടിനെല്ലാം ഉത്തരവാദി നീയാണു്. അതിനെ നേരിടേണ്ടതും നീ മാത്രമാണു്. പിന്നെ അയാൾ വരുന്നതു് നിന്നെ തിരക്കിയാണു്; എന്നെ അന്വേഷിച്ചല്ല."

"ശരി." ചെമ്പകവതിപറഞ്ഞു. "ഞാൻ അയാളെ ഭയപ്പെടുന്നില്ല. എന്റെ ഉള്ളിൽ എന്താണുള്ളതെന്നു് അയാളോടു ഞാൻ പറയുകയുംചെയ്യും."

"ചെമ്പകവതീ, ഇവിടെനോക്കൂ." അവളുടെ അമ്മ പറഞ്ഞു. "അയാളുടെമുമ്പിൽ നിന്റെ വിഡ്ഢിത്തമൊന്നും അരുതു്". എൻറട്ടത്തു പറഞ്ഞതുപോലുള്ള ചവറുകാൎയ്യങ്ങ

ളൊക്കെ അയാളോട്ടും പറയുകയും ഈ ഇടപാട്ട് കുഴപ്പത്തിലാകാൻ ഇടയാക്കുകയുംചെയ്താൽ ഈ രാത്രിയിൽത്തന്നെ തീർച്ചയായും നിന്നെഞാൻ എൻെറ ഈ വീട്ടിൽനിന്നു് ഇറക്കിവിട്ടും."

"നിങ്ങളുടെ ഇഷ്ടംപോലെയാകട്ടെ." ചെമ്പകവതി ശാന്തമായി പറഞ്ഞു.

വിലയും മണവും ഏറിയ ഡസൻ മാലകറം ചുമന്നുകൊണ്ടുവന്ന ഒരു സേവകനുംഒരുമിച്ചു് പരമശിവംചെട്ടിയാർ പെട്ടെന്നു് അവിടെവന്നുകയറി. അയാറം പറഞ്ഞു. "കനകവല്ലി, പ്രിയപ്പെട്ട ചെമ്പകവതി എവിടെ?" പെട്ടെന്നു് ചെമ്പകവതിയെ കാണുകയാൽ അയാറം സ്തംഭിച്ചുനിന്നുപോയി. മാലയുംകുട്ടയും അവിടെവച്ചിട്ടു് പൊയ്ക്കൊള്ളുവാൻ അയാറം ഭൃത്യനോടുപറഞ്ഞു. ഭൃത്യൻ പോയഉടനെ അയാറം കതകടച്ചു. പിന്നെ ഒരു മധുരപ്പുഞ്ചിരി ചിരിച്ചുകൊണ്ടു്, അയാറം കനകവല്ലിയുടെ കഴുത്തിൽ ശൃംഗാരചേഷ്ടകളോടെ ഒരു മാലയിട്ടു. പോക്കററിൽനിന്നു തിളങ്ങുന്ന മുത്തുമാല കൈയിലെടുത്തുകൊണ്ടു് ചെമ്പകവതിയുടെ കഴുത്തിൽ അണിയിക്കുവാൻ അവളെ സമീപിച്ചുകൊണ്ടു് അയാളിങ്ങനെ പറഞ്ഞു. "ഓമനേ ചമ്പകവതീ, നിൻെറ അടിമയായ പരമശിവത്തിൻെറ വകയാണിതു്."

ചെമ്പകവതി പിന്നോക്കംമാറി, ഈവിധം പറഞ്ഞപ്പോഴേയ്ക്കും അയാളുടെമുഖത്തെ പുഞ്ചിരി മറഞ്ഞുപോയി. "അതു നിങ്ങളുടെ ഭാൎയ്യയ്ക്കു കൊടുക്കൂ നിങ്ങളുടെ സൂത്രമൊന്നും എൻറടുത്തു ജയിക്കാൻപോകുന്നില്ല. എൻെറ അമ്മയുടെ അപമാനകരമായ തൊഴിലിൽ ഏൎപ്പെടുകയില്ലെന്നു് ഞാൻ സത്യംചെയ്തിട്ടുണ്ടു്. ഏതൊരു സ്ത്രീയേയും പോലെ കല്യാണംകഴിച്ചു ജീവിക്കണമെന്നാണു് ഞാൻ തീരുമാനിച്ചിരിക്കുന്നതു്. അഹോ! കഷ്ടം, ഒരു ജന്മിയും ബാങ്കറുമായ നിങ്ങറം മാന്യനാണെന്നു് തന്നത്താൻ പറയു

ന്നല്ലോ! നിങ്ങളുടെ ഭാൎയ്യയുടെ കിടക്കവിട്ടെഴുന്നേററുവന്നു് എന്നെപ്പോലെ നിരപരാധിനികളും നിസ്സഹായിനികളും ആയ പെൺകുട്ടികളെ പിഴപ്പിക്കാൻതക്കവിധം നിങ്ങൾ ഇത്ര ഹീനനും, അഭിമാനമില്ലാത്തവനും, നാണം അശേഷമില്ലാത്തവനും ആയിപ്പോയല്ലോ!"

"ചമ്പകവതീ" ദേഷ്യപ്പെട്ടുകൊണ്ടു കനകവല്ലി പറഞ്ഞു. "ഈ മാന്യനെ ഈവിധം അപമാനിക്കാനുള്ള ധൈൎയ്യം നിനക്കു് എവിടെനിന്നുണ്ടായി?"

"അമ്മേ അദ്ദേഹം മാന്യനെപ്പോലെ പെരുമാറുവാൻ തക്കവിധം ഞാൻ ശ്രമിച്ചുനോക്കുകയായിരുന്നു", എന്നായിരുന്നു അവളുടെ ശാന്തമായ മറുപടി. പരമശിവം പിന്നെയും അവിടെതന്നെ നില്ക്കുന്നതുകണ്ടു്, അവൾ അയാളോടിങ്ങനെ പറഞ്ഞു:—ഹേ മനുഷ്യാ, നിങ്ങൾക്കു ലജ്ജ എന്നൊന്നില്ലേ? നിങ്ങൾ ഇവിടെനിന്നു് സമാധാനമായി പോകുകയില്ലേ?"

"അദ്ദേഹത്തോടു് ഇവിടെനിന്നു പോകാൻപറയാൻ നിനക്കെന്താണു് അവകാശം?" അവളുടെ അമ്മ ചോദിച്ചു "ഇതെന്റെ വീടാണു്. അദ്ദേഹം എന്റെ അതിഥിയുമാണു്."

"അങ്ങിനെയാണെങ്കിൽ ഈ പാപക്കളരിയിൽനിന്നു ഞാൻ പൊയ്ക്കൊള്ളാം" ചെമ്പകവതി പറഞ്ഞു.

"എങ്ങോട്ടു?" കനകവല്ലി ചോദിച്ചു

"അതാണു ഞാൻ നോക്കുന്നതു്" മകൾ പറഞ്ഞു.

"നിന്നെപ്പോലെയുള്ള ഒരു പെൺകുട്ടി രാത്രി ഈ സമയത്തു വീടുവിട്ടുപൊയ്ക്കൂടാ."

"അമ്മേ, നിങ്ങളുടെ വീട്ടിനകത്തു പാൎത്താൽ സംഭവിക്കുന്നതിൽ വലിയ അത്യാഹിതമൊന്നും പുറത്തു താമസിച്ചതുകൊണ്ടു വരാനില്ല. ഞാൻ ഈ വീട്ടിൽനിന്നു് ഇപ്പോൾതന്നെ പോകുകയാണു്." ഇതു പറഞ്ഞിട്ടു് ചെമ്പകവതി പുറത്തേയ്ക്കുപോയി.

"എന്നാൽ പോയി തുലയൂ!" കനകവല്ലി പറഞ്ഞു. "ഇത്രയും ധൎമ്മബോധമില്ലാത്തവളും നന്ദികെട്ടവളും ആയ ഒരു ദുഷ്ടയെ എൻെറ വീട്ടിൽ ഒരു മിനിട്ടുനേരത്തേയ്ക്കുപോലും എനിക്കുവേണ്ട." പിന്നെ പരമശിവംചെട്ടിയാരുടെ നേരേ തിരിഞ്ഞു് അവൾ പറഞ്ഞു. "നിങ്ങൾ എന്തൊരു ബൊമ്മയാണു്. പെൺകുട്ടികളെ വശപ്പെടുത്താനുള്ള നിങ്ങളുടെ സാമൎത്ഥ്യത്തെ നിങ്ങൾ എത്ര കൂടുതൽ മതിച്ചുകളഞ്ഞു!"

"അവളെന്നോടു് ഇടപെട്ടതു് പെട്ടെന്നാണു്." അയാൾ പറഞ്ഞു. "ഇനി ഞാൻ വീട്ടിലേയ്ക്കു പോകട്ടെ. അടികൊണ്ട പട്ടിയെപ്പോലെ എനിക്കു തോന്നുന്നു."

"ശരി. എന്നാൽ വന്ദനം!" കനകവല്ലി പറഞ്ഞു.

"ഹും! എൻെറ രണ്ടായിരം രൂപയും മടക്കിത്തരൂ." അയാൾ മുറുമുറുത്തു.

"നിങ്ങൾ എന്തൊരു മൂൎഖനാണെന്നു് എനിക്കു് അറിയാമായിരുന്നു" കനകവല്ലി പറഞ്ഞു. "നിങ്ങൾ ധനസൻപ്രാവശ്യം എൻെറടുത്തുവന്നിട്ടുണ്ടു്. എന്നിട്ടു് ഈ നിസ്സാരസംഖ്യ ഒരു സമ്മാനമായി എൻെറടുത്തു് ഇരുന്നുകൊള്ളാൻ നിങ്ങൾക്കു സമ്മതമല്ല. ശരി, നിങ്ങൾ ഇത്ര പിശുക്കനായതുകൊണ്ടു് നിങ്ങളുടെ പണം കൊണ്ടുപൊയ്ക്കൊള്ളൂ." അന്നു സന്ധ്യയ്ക്കു തന്നെ ഏല്പിച്ച രണ്ടു നോട്ടും അവൾ അയാൾക്കു മടക്കിക്കൊടുത്തു.

മുത്തുമാലയോടൊന്നിച്ച് ആ നോട്ടുകൾ അയാൾ പോക്കലിട്ടു. പിന്നെ കനകവല്ലിയോടു പറഞ്ഞു. "എന്റെ സ്വഭാവം പരിഷ്കരിക്കേണ്ടതാണെന്ന് എനിക്കു ബോദ്ധ്യമായി. ആ പെൺകുട്ടിയുടെ വാക്കുകൾ എന്റെ ഉള്ളിൽ തട്ടി. ഞാൻ നേരേ എന്റെ വീട്ടിലേയ്ക്കു പോകുകയാണ്. ചെമ്പകവതിയുടെ ആഗ്രഹം അനുസരിച്ചു മുത്തുമാല ഞാൻ എന്റെ ഭാര്യയ്ക്കു കൊടുക്കും."

"തല്ലി ഉണ്ടാക്കിയ ഈ ക്രമ് എത്രനാൾ നില്ക്കാനാണ്?" കനകവല്ലി പുച്ഛിച്ചു പറഞ്ഞു. "അതു് ഇന്നത്തെ രാത്രിയിൽ കവിഞ്ഞു നീണ്ടുനില്ക്കുകയില്ല. നിങ്ങളെപ്പോലെ അലഞ്ഞുനടക്കുന്ന ഒരു തോണിക്ക് ഒരു കയറിൽത്തന്നെ അധികകാലം ബന്ധിച്ചുനില്ക്കാൻ സാദ്ധ്യമല്ല."

"നില്ക്കാവുന്നിടത്തോളമെങ്കിലും അതു നില്ക്കട്ടെ." പരമശിവം പറഞ്ഞു. "ആ സാധുവിനു് സമ്മാനമായി എന്തെങ്കിലും നൽകിയിട്ട് യുഗങ്ങൾതന്നെ കഴിഞ്ഞു. ശരി, നമസ്കാരം." അയാളും അവിടംവിട്ടു.

കനകവല്ലി കതകടച്ച് ഉച്ചത്തിൽ പൊട്ടിക്കരഞ്ഞു. മകളുടെ എതിർപ്പ്, വികാരപ്രധാനമായ അവളുടെ പ്രകൃതിയെ വല്ലാതെ മുറിവേല്പിച്ചു. പുതിയ തിരിവിൽ അവൾക്കു കുറച്ചൊന്നുമല്ല പരിഭ്രമം ഉണ്ടായതു്. എന്തെന്നാൽ മറ്റെല്ലാ ദേവദാസിപ്പെൺകുട്ടികളെയുംപോലെ അവളുടെ വരുമാനത്തിൽനിന്നു് അധികമൊന്നും അവൾ മിച്ചംവച്ചിരുന്നില്ല. അവൾ ധൂർത്തടിച്ചു, തുറന്ന ചെലവുള്ള ഒരുജീവിതമാണു് നയിച്ചിരുന്നതു്. അതുമൂലം രൊക്കം പണം മുഴുവൻ വിഴുങ്ങിപ്പോയിരുന്നു അവളുടെ യുവത്വം നശിച്ചു കഴിഞ്ഞിരുന്നു. ദാരിദ്ര്യംപിടിച്ച വിടന്മാരുമായി സമ്പർക്കം പുലർത്തി ജീവിക്കാനാണെങ്കിൽത്തന്നെ അതു് അധികകാലത്തേയ്ക്കു് നടക്കുമായിരുന്നില്ല. ഭാവിയിലെ സമ്പത്തിനും

ഐശ്വര്യത്തിനും അററമില്ലാത്തുള്ള ഷാംപെയിൻ മദ്യത്തിനും അവരം വകകണ്ടിരുന്നത് ചെമ്പകവതിയെയാണു്. ഈ സ്വപ്നമെല്ലാം ഒററയടിക്ക തകൎന്നതായി അവരംകണ്ടു. പെൺകുട്ടിയുടെ തീരുമാനം ദുരുപദിഷ്ടവും വിവേകശൂന്യവും ആയി അവരംക്ക തോന്നി. ധൂൎത്തും കുടിയും ഉപേക്ഷിക്കവാൻ പാടില്ലാത്തവിധം അവയുമായി അവരം അത്രയേറെ ഇടപഴകിയിരുന്നു. ഭാവി അവളുടെ മുഖത്തു് പുച്ഛഭാവത്തിൽ കടാക്ഷിച്ചുനിന്നു. ചെമ്പകവതി അവിടെനിന്നു പോയെങ്കിൽ അവളും അവിടെനിന്നു പോകാതെ തരമില്ല. എന്തെന്നാൽ അത്രവലിയ വാടകകൊടുക്കവാൻ അവരംക്ക നിവൃത്തിയില്ലായിരുന്നു. നഗരത്തിലെ ദേവദാസിപ്പെൺകുട്ടികളിൽ ഏററവും നല്ല ഭാവിയുള്ളവളായ തൻെറ മകളെ പ്രതീക്ഷിച്ചു കഴിയുന്നിടത്തോളംകാലം മദ്യഷാപ്പുകളുരംപ്പെടെയുള്ള എല്ലാ കടകളിൽനിന്നും അവരംക്ക കടം ലഭിച്ചിരുന്നു. കടംവാങ്ങുവാൻ അവരംക്ക കഴിയുമായിരുന്നു. അവളുടെ എതിരാളികളുടെ നേരെയും ഇടപാടുകാരുടെ നേരെപോലും ധിക്കാരപൂൎവ്വം കൈഞൊടിച്ചു കാണിക്കവാനും അവരംക്ക സാധിക്കുമായിരുന്നു. എന്നാൽ, ചെമ്പകവതി പൊയ്പ്പോയസ്ഥിതിക്കു്, ആ വിധം തുടരുക എന്ന പ്രശ്നം ഉദിക്കുകതന്നെ ചെയ്തില്ല. കടങ്ങളെല്ലാം വീട്ടിക്കഴിഞ്ഞാൽ അവരംക്കു് ബാക്കി കിട്ടുമായിരുന്നതു് ആയിരം രൂപാമാത്രമായിരുന്നു. അതും തൻെറയും ചെമ്പകവതിയുടെയും ആഭരണങ്ങരം വില്ക്കുമെങ്കിൽമാത്രം. ഈ ചെറിയ മൂലധനംവച്ചുകൊണ്ടു് എങ്ങിനെ ജീവിതം തുടരും! പെട്ടെന്നു സംഭവിച്ച ഭയങ്കരമായ വിപത്തു് ഓൎത്തു് അവരം കരഞ്ഞു.

പൊട്ടിക്കരച്ചിൽ ആദ്യമായി ഒന്നടങ്ങിയപ്പോരം, മകരം വീട്ടുവിട്ടുപോകുന്നതിനുമുമ്പായി അവളോടു് അവസാനമായി ഒന്നുകൂടി ഉൽബോധിപ്പിച്ചുനോക്കുവാൻ കനകവല്ലി തീരുമാനിച്ചു. അതിനാൽ അവരം താഴത്തെനില

യിലുള്ള മകളുടെ മുറിയിലേയ്ക്കു് ഓടി. ചെമ്പകവതി മുറിയിൽനിന്നു വെളിയിലേയ്ക്കിറങ്ങുമ്പോഴേയ്ക്കും അവൾ അവിടെ എത്തി.

"അമ്മേ" ചെമ്പകവതി പറഞ്ഞു. "ഞാൻ നിങ്ങളോടു യാത്രചോദിക്കാനും എൻെറ ആഭരണങ്ങളും വിലകൂടിയ വസ്ത്രങ്ങളും എവിടെവച്ചിട്ടുണ്ടെന്നു പറയാനും വരികയായിരുന്നു. ഞാൻ സാധാരണ ഉപയോഗത്തിനുള്ള രണ്ടുജോടി വസ്ത്രങ്ങൾമാത്രമേ എടുത്തിട്ടുള്ളു. ഉടുത്തിരിക്കുന്ന ഒന്നും അത്രു മാറാൻ മറെറാന്നും."

കനകവല്ലി അവളെ നേഞ്ചോടുചേർത്തു പിടിച്ചുകൊണ്ടു പറഞ്ഞു:—"ഓമനേ, നീ എന്നെവിട്ടു പോകരുതു്. നീ എൻെറ മകളാണു്. ഞാൻ സഹജമായ രീതിയിൽ നിന്നെ അത്യധികം സ്നേഹിക്കുന്നു. എനിക്കു സ്നേഹിക്കുവാൻ നീയല്ലാതെ മററാരുമില്ല. നീ ഇല്ലെങ്കിൽ എൻെറ ജീവിതം സ്നേഹശൂന്യമായി ഭവിക്കും. നീ ഇവിടെ താമസിക്കണം. നിൻെറ അമ്മയുടെ പ്രത്യേകതകളെ നീ പൊറുക്കണം. നീ പരമശിവംചെട്ടിയാരെ വെറുക്കുന്നുണ്ടാവും. ഞാൻ മറെറാരാളെ കണ്ടുപിടിക്കാം"

ചെമ്പകവതി പറഞ്ഞു. "അമ്മേ, നിങ്ങൾക്കു് എന്നെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നു തോന്നുന്നു. നിങ്ങൾ നയിച്ചുവന്ന ഭയങ്കരജീവിതം നിങ്ങളിലുള്ള സാന്മാർഗ്ഗികബോധത്തെ ആകമാനം അപഹരിച്ചുകളഞ്ഞു. നാണംകെട്ട ഈ തൊഴിൽ നടത്തരുതെന്നു ഞാൻ തീരുമാനിച്ചു. ഈ തൊഴിൽ നടത്തിവരുന്ന ഈ വീട്ടിൽനിന്നു വിട്ടുപോകാനും ഞാൻ നിശ്ചയിച്ചു. ഇതു് പരമശിവംചെട്ടിയാരെ സംബന്ധിച്ച പ്രശ്നമല്ല. അയാളുടെ ഏതെങ്കിലും കായ്യത്തെ സംബന്ധിച്ചു് എനിക്കു് എതിർപ്പുള്ളതുകൊണ്ടുമല്ല ഞാനിങ്ങനെ പറയുന്നതു്. അതിനാൽ എൻെറ

അഭിപ്രായം മാററിക്കളയാമെന്നു വിചാരിക്കുന്നതുകൊണ്ടു് വിശേഷമൊന്നുമില്ല."

"നീ വിട്ടുപോകുന്നപക്ഷം, ഞാനും വിട്ടുപോകേണ്ടിയിരിക്കുന്നു. കുഞ്ഞേ, ഞാൻ അധികമൊന്നും സമ്പാദിച്ചിട്ടില്ല. ഞാൻ നിൻെറ ഉറപ്പിൽ പണമിടപാടുനടത്തുകയായിരുന്നു. ആ വ്യാപാരം ഇതാ പൊട്ടി. എനിക്കു കഷ്ടിച്ചു് ആയിരംരൂപയുടെവകമാത്രമേ കയ്യിലുള്ളു. ഞാൻ ഇതുവരെ ശീലിച്ചുപോന്ന ആഡംബരജീവിതംനയിക്കുവാൻ അതുകൊണ്ടു് എങ്ങിനെ കഴിയുമെന്നാണു് നീ വിചാരിക്കുന്നതു്? ഞാൻ ചെറുപ്പമല്ല. എൻെറ വരവു മുമ്പുണ്ടായിരുന്നതിൻെറ പത്തിലൊന്നുപോലുമില്ല. ഒന്നുരണ്ടുകൊല്ലത്തിനുള്ളിൽ അതു് ഇതിലും കുറയും. അങ്ങിനെയിരിക്കെ, എന്നെ ഇതുപോലെ ഉപേക്ഷിച്ചുപോകുവാൻ മനസ്സുവരുമോ?"

"അമ്മേ, നിങ്ങൾ ആഡംബരത്തിൽ കഴിയാൻവേണ്ടി എനിക്കു വ്യഭിചരിക്കുവാൻ സാദ്ധ്യമല്ല."

"പക്ഷേ, എൻെറ കുഞ്ഞേ, വാസ്തവത്തിൽ ഞാൻ ചെയ്തതു് അതാണു്. ഞാൻ നിനക്കുവേണ്ടി വ്യഭിചരിച്ചു. നിനക്കുവേണ്ടി ഞാൻ എന്തുചെയ്തുവോ, അതു നീ എനിക്കുവേണ്ടി ചെയ്യണമെന്നു പറയാനുള്ള അവകാശം തീച്ചയായും എനിക്കുണ്ടു്."

"അമ്മേ, ഈ തൊഴിലിൽ എനിക്കു തോന്നുന്നപോലെ സദാചാരപരമായ വെറുപ്പു നിങ്ങൾക്കു് ഒരിക്കലും ഉണ്ടായിരുന്നില്ല. പിന്നെ, നിങ്ങൾ ഈ വ്യാപാരം തുടരുന്നതിനുള്ള കാരണം ഞാൻ മാത്രവുമല്ല. ഞാൻ ജനിക്കുന്നതിനു് എത്രയോകൊല്ലംമുമ്പു് നിങ്ങൾ ഇതു തുടങ്ങിയില്ലേ? നിങ്ങളുടെ വ്യാപാരത്തിൽനിന്നു് അപ്രതീക്ഷിതമായോ, ആവശ്യമില്ലാതെയോ ഉണ്ടായ ഒരു ഉല്പത്തിയുമല്ലേ

ഞാൻ. അതെന്തുമാകട്ടെ. ഈ പാപഗഹ്വരത്തിൽ ഒരു ദിവസംപോലും കൂടുതൽ താമസിക്കുവാൻ ഞാൻ നിശ്ചയിച്ചിട്ടില്ല. നിങ്ങളും ഈ തൊഴിൽവിട്ട്, മാന്യവും സത്യവും ആയ എന്തെങ്കിലും തൊഴിൽ ചെയ്യൂ."

"എന്തു തൊഴിൽ?" കനകവല്ലി ചോദിച്ചു.

"ഉദാഹരണത്തിനു മിഡ്‌വൈഫറിയോ, സംഗീതാദ്ധ്യാപനമോ നടത്താം." ചെമ്പകവതി പറഞ്ഞു.

"അന്യക്ക് അടിമയായി പ്രതിമാസം ഏതാനും നശിച്ച രൂപാനാണ്യം കയ്ക്കലാക്കാമെന്നോ? അതൊരിക്കലുമില്ല" കനകവല്ലി പറഞ്ഞു. "ഈ തൊഴിലാണ് എനിക്കു നല്ലതു്. നിൻെറ ഉപദേശത്തിനു നന്ദിയുണ്ട്. നിൻെറ മനസ്സ് അലിയുമെന്നു കരുതിയ ഞാൻ മഠയിത്തിയാണ്. ശരി, നിൻെറ പാട്ടിനുപൊയ്ക്കോ."

ചെമ്പകവതി വാതുക്കലേയ്ക്കു നടന്നു.

"നീ എങ്ങോട്ടാണു പോകുന്നതു്?" കനകവല്ലി ചോദിച്ചു.

"എന്നെ സഹായിക്കാമെന്നു വാക്കുപറഞ്ഞിട്ടുള്ള കൃഷ്ണഭായിയുടെ അടുക്കലേയ്ക്കു്."

"നീ അവിടെ എന്തുചെയ്യും?"

"സംഗീതാദ്ധ്യാപികയാകും. കൊച്ചുപെൺകുട്ടികളെ സംഗീതം പഠിപ്പിക്കും. അങ്ങിനെ എൻെറ ജീവിതം കഴിച്ചുകൂട്ടും." ഇതു പറഞ്ഞിട്ടു ചെമ്പകവതി പുറത്തേയ്ക്കു പോയി.

കനകവല്ലി സ്വന്തം മുറിയിലേക്കു തിരിച്ചുപോയി. പിന്നെയും അവൾ ശക്തിയായി കരഞ്ഞു. "എൻെറ പങ്കുതി ഭാഗ്യഹീനരായ ആരെങ്കിലുമുണ്ടോ?" അവൾ സ്വയം

പറഞ്ഞു. 'ഇന്നുവരെ, ഈ നഗരത്തിലെ ഏററവും കഴിവും ആകർഷണീയതയുംഉള്ള പെൺകുട്ടികളുള്ള ദേവദാസികളുടെപോലും അസൂയാപാത്രമായിരുന്നു ഞാൻ. ഇപ്പോഠം, ഇതാ അവളെന്നെ ഉപേക്ഷിച്ചുപോയി. അതോടെ ഞാൻ എൻെറ ജാതിയിലുള്ള എല്ലാവരുടേയും പരിഹാസപാത്രമായിത്തീന്നിരിക്കുന്നു. ഇത്രയും ഹൃദയശൂന്യയായ ഒരു പെൺകുട്ടിയേ ഞാൻ കണ്ടിട്ടേയില്ല. ഏതെങ്കിലും ദേവദാസിഗൃഹത്തിൽ ഇതുപോലൊരു വിപ്ലവം ഇതുവരെ നടന്നതായി എനിക്കു് അറിവില്ലാ. ഹാ, ഈ നശിച്ച വിദ്യാഭ്യാസം! നന്ദിയും വിചാരവും ഇല്ലാത്തവളാക്കി എൻെറ കുട്ടിയെ മാററിയതു് അതാണു്. ഏതാനും ദിവസത്തിനുള്ളിൽ ദാരിദ്ര്യവും പട്ടിണിയുംകൊണ്ടു് അവഠം എൻെറടുത്തു വരുമെന്നുള്ളതിൽ എനിക്കു സംശയം ഒട്ടുമില്ല. അവളും എന്നെപ്പോലെതന്നെ ആഡംബരജീവിതംനയിച്ചു ശീലിച്ചവളാണു്. അതു പെട്ടെന്നു് ഉപേക്ഷിക്കുവാൻ അവളെക്കൊണ്ടു് ആവുകയില്ല. കൊച്ചുകുട്ടികളെ പാട്ടുപഠിപ്പിച്ചു് അവഠം എളുപ്പം മുഷിയും. ഏതായാലും ഇക്കാര്യം ഓത്തു നിരാശപ്പെടാനൊന്നുമില്ല. കൂടിയാൽ ഒരുമാസത്തിനകം അവഠം മടങ്ങിവരുമെന്നു പ്രതീക്ഷിക്കാം. അതുവരെ അവഠം കനകാഭായിയുടെകൂടെ ഭദ്രമായി കഴിഞ്ഞുകൊള്ളും." ഇങ്ങനെ സ്വയം ആശ്വസിച്ചു്, ആറു കോപ്പ ഷാംപേയിനും കഴിച്ചുകൊണ്ടു് അവഠം ഉറങ്ങാൻ പോയി. അവഠം എല്ലാത്തരത്തിലുംപെട്ട ഭീകരസ്വപ്നങ്ങഠം കണ്ടു. പക്ഷേ പ്രഭാതം അത്രയ്ക്കു ചീത്തയായിരുന്നില്ല. ചെമ്പകവതി മടങ്ങിവരാനുള്ള ദിവസങ്ങഠം അടുത്തുവരുന്നു എന്ന പ്രത്യാശയിൽ തുടൎന്നുള്ള ദിവസങ്ങളും കഴിഞ്ഞു.

ഒരുമാസംകഴിഞ്ഞു. എന്നിട്ടും ചെമ്പകവതി അമ്മയുടെ അടുത്തു മടങ്ങിവന്നില്ല. സംഗീതത്തിലും സംഗീതോപകരണത്തിലും അവഠംക്കുണ്ടായിരുന്ന അസാമാന്യമായ

ജ്ഞാനവും പാടവവുംകൊണ്ടും, കുട്ടികളോടുപെരുമാറാനുള്ള സാമൎത്ഥ്യംകൊണ്ടും, തനിക്കു സംഗീതത്തിൽഉള്ള വാസന മററുള്ളവരിലേയ്ക്കും പകരാനുള്ള കഴിവു് ഉണ്ടായിരുന്നതുകൊണ്ടും, കുട്ടികളുടെ അമ്മമാരുടെ അടുത്തുചെന്നു് കൃഷ്ണഭായിനടത്തിയ ഊൎജ്ജിതമായ പ്രചരണംകൊണ്ടും, സംഗീതവിദ്യാൎത്ഥിനികളായി ധനികഗൃഹങ്ങളിലെ ആറു ബാലികമാരെ സമ്പാദിക്കുവാൻ അവൾക്കു സാധിച്ചു. അങ്ങിനെ അറുപതുരൂപാ ചെമ്പകവതിക്കു കിട്ടിക്കൊണ്ടിരുന്നു. അവളുടെ മിതമായ ആവശ്യങ്ങൾ നടത്തുവാൻ ഈ തുക ധാരാളംമതിയാകുമായിരുന്നു.

ആദ്യമാസംകഴിഞ്ഞപ്പോൾ, താൻ നൽകാനുള്ളതുകയുടെ പലിശഎന്നനിലയ്ക്കു് ഇരുപതുരൂപാ ഒരു ആൾവശം അവൾ അമ്മയ്ക്കു കൊടുത്തയച്ചു. ആ രണ്ടു പത്തുരൂപാനോട്ടും കീറിക്കളയണമെന്നാണു് കനകവല്ലിക്കു് ആദ്യംതോന്നിയതു്. പക്ഷേ ആദായം കുറഞ്ഞുവരുന്നതോൎത്തും, തനിക്കു പ്രിയപ്പെട്ട മദ്യംവാങ്ങുവാനുള്ള കഴിവു് കുറഞ്ഞുവരുന്നതു് ഓൎത്തും ആദ്യവിചാരം ഉപേക്ഷിച്ചു് പണം സ്വീകരിച്ചു.

കൃഷ്ണാഭായിയുടെ വീട്ടിൻെറ ഒരുഭാഗത്തുതന്നെയാണു് ചെമ്പകവതി താമസിച്ചിരുന്നതു്. അവർ വിട്ടുമാറാനാവാത്തവിധം ഉററമിത്രങ്ങളായിത്തീൎന്നു. ആറുമാസം കഴിഞ്ഞപ്പോഴേയ്ക്കും, ചെമ്പകവതി സ്വയം സഹായിക്കുവാൻ മുമ്പിലേക്കാളധികം കഴിവുള്ളവളായിത്തീൎന്നു. പൊതുവിലുള്ളപാട്ടുകച്ചേരികളിലും സ്വകാൎയ്യകച്ചേരികളിലും അവൾ പങ്കെടുക്കുവാൻതുടങ്ങി. അങ്ങിനെയും അവൾക്കു് ഭേദപ്പെട്ട തുക ലഭിച്ചുവന്നു. ഓരോമാസവും കനകവല്ലിക്കു കൂടുതൽ കൂടുതൽ തുക കിട്ടിത്തുടങ്ങി. പക്ഷേ, സമ്പാദിക്കാമായിരുന്നതുകയുമായി ആലോചിക്കുമ്പോൾ ഇവ കടലിൽ ഒരുതുള്ളി എന്നപോലെ ഏററവും നിസ്സാരമായിരു

ന്നതിനാൽ അവൾക്ക് സന്തോഷമോ സംതൃപ്തിയോ ഉണ്ടായില്ല. പാരമ്പര്യമനുസരിച്ചുള്ള തൊഴിലിൽ ഏർപ്പെട്ടാൽ ആയിരക്കണക്കിനു തുക സമ്പാദിക്കാമെന്നിരിക്കേ, നൂറോ ഇരുനൂറോ രൂപായ്ക്കുവേണ്ടി തന്റെ മകൾ ദിവസംമുഴുവൻ അടിമയെപ്പോലെ എന്തിനുപണിയെടുക്കണം എന്ന് എത്ര ആലോചിച്ചിട്ടും അവൾക്കു മനസ്സിലായില്ല. പക്ഷേ, മകളോട്ട് ഈ വിവരംപറയുവാൻ അവൾ ധൈര്യപ്പെട്ടില്ല. അന്നു പിരിഞ്ഞതിൽപിന്നെ അമ്മയും മകളും തമ്മിൽ കണ്ടിരുന്നില്ല. മകളിൽ കണ്ണുവച്ചിരുന്ന പതിവുകാർ അവൾ പോയതിനുശേഷം അവിടംഉപേക്ഷിച്ചു പോയി. അതിൽപിന്നെ അവളുടെ ആദായം ദയനീയമാംവിധം കുറഞ്ഞുവന്നു. അങ്ങിനെ പലദിവസവും അവൾക്കു തന്റെ പ്രിയപ്പെട്ട ഷാംപെയ്ൻമദ്യം കഴിക്കാതെ കഴിച്ചുകൂട്ടേണ്ടിവന്നു. ഇതു് അവളെ നിരാശയാക്കി. നഷ്ടപ്പെട്ടുപോയകാലം വീണ്ടുകിട്ടുവാൻ ഏതുനടപടിയും സ്വീകരിക്കുന്നതിനു് അവളെ അതു് സന്നദ്ധയുമാക്കി.

ചെമ്പകവതി വീടുവിട്ടുപോയി ഒരുവർഷംകഴിഞ്ഞു് ഒരു സന്ധ്യയ്ക്കു് ആകർഷകമായരീതിയിൽ വസ്ത്രധാരണംചെയ്തു ഒരുത്തൻ കനകവല്ലിയുടെ അടുത്തുവന്നു. ഏററവും കൂടിയ മുന്തിരിച്ചാരായം പന്ത്രണ്ടുകുപ്പി കനകവല്ലിക്കു കൊടുത്തു അയാൾ അവളുടെ മനസ്സു് വശ കരിച്ചു. താൻ ശ്യാമളഗിരിരാജാവിന്റെ ഏജൻറാണെന്നയാൾ പറഞ്ഞു അവളുടെ സ്വകാര്യമുറിയിലേയ്ക്കു അവൾ അയാളെക്കൂട്ടിക്കൊണ്ടുപോയി. അപ്പോൾ അയാൾപറഞ്ഞു. "രാജാവു് ഏററവും വലിയധനികനാണു്. ഈയിടെ ഒരു സംഗീതക്കച്ചേരിയിൽവച്ചു നിങ്ങളുടെ മകൾ ചെമ്പകവതിയെ കണ്ടതിൽപിന്നെ അദ്ദേഹം അവളിൽ വല്ലാതെ അനുരക്തനായിരിക്കുകയാണു്. അടുത്ത സംഗീതക്കച്ചേരിദിവസം അദ്ദേഹം അവൾക്കു ഒരു സ്വർണ്ണമെഡൽ സമ്മാനിച്ചു. എന്നാൽ

ന്ദിപൂർവ്വം അവളൊന്നു പുഞ്ചിരിച്ചതല്ലാതെ, വശീകൃതയായതിൻെറ യാതൊരുഭാവവും കാണിച്ചില്ല. അതിനാൽ തിരുമനസ്സുകൊണ്ടു് അവളെപ്പററി വിസ്തരിച്ചു് അന്വേഷണംനടത്തി. അപ്പോൾ നിങ്ങൾ അവളുടെ അമ്മയാണെന്നും എന്തുകൊണ്ടാണു് അവൾ നിങ്ങളെ ഉപേക്ഷിച്ചു പൊയ്ക്കളഞ്ഞതെന്നും മനസ്സിലായി. തന്നെപ്പോലെയുള്ള രാജകുമാരന്മാക്കായി പ്രകൃതിതന്നെ ഉദ്ദേശിച്ചിട്ടുള്ള ഗുണസമ്പന്നയായ ഒരു പെൺകുട്ടിയുടെ കാമുകനായി പരമശിവത്തെപ്പോലെയുള്ള ഒരു വെറും ഉണ്ടിയൽവ്യാപാരിയെ തീരുമാനിച്ചതിനെ അദ്ദേഹം ആക്ഷേപിക്കുകയാണു ചെയ്യുന്നതു്. പെൺകുട്ടി ആ നിർദ്ദേശത്തെ തിരസ്കരിച്ചതിനെ അദ്ദേഹം അഭിനന്ദിക്കുകയുംചെയ്യുന്നു. തൻെറ മൂന്നു റാണിമാരേയും തിരുമനസ്സിനു വെറുത്തു. അദ്ദേഹത്തിനു് നിങ്ങളുടെ മകളിൽ കമ്പംകയറിയിരിക്കുകയാണു്. കൃഷ്ണാഭായിയുമൊരുമിച്ച അവൾ താമസിക്കുന്നിടത്തോളം സ്വതന്ത്രമായി അവളെ ഒററയ്ക്കുകാണുവാൻ സാദ്ധ്യമല്ലെന്നു് അദ്ദേഹത്തിനു മനസ്സിലായിട്ടുണ്ടു്. അതിനാൽ മകളുമായി യോജിക്കുവാനും അവളെ വരുത്തി ഇവിടെ താമസിപ്പിക്കുവാനും അപേക്ഷിക്കണമെന്നു ചുമതലപ്പെടുത്തി ആയിരംരൂപയുമായി അദ്ദേഹം എന്നെ നിയോഗിച്ചിരിക്കുകയാണു്. രാത്രികാലങ്ങളിൽ താൻ ഇവിടം സന്ദർശിക്കുവാൻ തക്കവിധം ഏർപ്പാടുചെയ്യണമെന്നും എന്നെ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുണ്ടു്." ഇങ്ങനെ പറഞ്ഞു് അയാൾ ആയിരംരൂപയുടെ ആ നോട്ടു കനകവല്ലിയെ ഏല്പിച്ചു. അവൾ അതു് സന്തോഷാശ്രുക്കളോടെ സ്വീകരിച്ചു.

അവൾപറഞ്ഞു. "തിരുമനസ്സുകൊണ്ടു വളരെനല്ലയാളാണു്. കണ്ടാലുടൻ ഏതുകുട്ടിക്കും പ്രേമംജനിക്കത്തക്കവിധം അദ്ദേഹം അത്രയ്ക്കു സുന്ദരനുമാണു്. എന്നാൽ ചെമ്പകവതിക്കു് സാന്മാർഗ്ഗികബോധത്തെ സംബന്ധിച്ചു

സ്വന്തമായ അഭിപ്രായങ്ങളുണ്ട്. കൃഷ്ണാഭായി എന്ന ആ സ്ത്രീ ആ സ്വഭാവത്തിന്റെ ദാർഢ്യം വർദ്ധിപ്പിച്ചുംകാണും. ആ പെൺകുട്ടി എന്റെ അടുത്തു തിരിച്ചുവരുമോ എന്നകാര്യത്തിൽ എനിക്കു സംശയമുണ്ട്."

"നിങ്ങൾ വേണ്ടവഴിക്കു പ്രവൎത്തിക്കുന്നപക്ഷം അവൾ വേഗംതന്നെ തിരിച്ചുവരും" എന്നു് ദല്ലാൾ പറഞ്ഞു.

"എന്താണു് നിങ്ങൾ നിൎദ്ദേശിക്കുന്ന ആ ശരിയായ മാൎഗ്ഗം?" കനകവല്ലി ചോദിച്ചു.

"അവളുടെ അടുത്തു ചെല്ലണം. പിന്നെ അവളെ കൂടാതെ ജീവിക്കുവാൻ നിങ്ങൾക്കു സാദ്ധ്യമല്ലെന്നു നടിക്കണം. നിങ്ങൾ ഇപ്പോഴത്തെ തൊഴിൽ ഉപേക്ഷിക്കുവാനും സത്യമായ ജീവിതം നയിക്കുവാനും തീരുമാനിച്ചിരിക്കുന്നുവെന്നും പറയണം. പിന്നെ നിങ്ങളുടെകൂടെ ഇവിടെവന്നു അവൾ താമസിക്കുവാൻ നിൎബ്ബന്ധമായി അപേക്ഷിക്കണം. അവൾ തീൎച്ചയായും അങ്ങിനെ ചെയ്യും. പിന്നെ ഒരു രാത്രിയിൽ, തിരുമനസ്സുകൊണ്ടു് ഇവിടെ വരാനും അവളെ കാണാനും സൗകൎയ്യപ്പെടുത്താം. ബാക്കി കാൎയ്യങ്ങൾ അദ്ദേഹം നടത്തിക്കൊള്ളാനായി വിട്ടേച്ചാൽ മതി."

"അദ്ദേഹം അവളെ ഉപദ്രവിക്കുകയില്ലേ?"

"പുകഴ്ത്തലിലും സമ്മാനദാനത്തിലും കവിഞ്ഞു ഞങ്ങൾ ഒന്നും ചെയ്യാറില്ല" ദല്ലാൾ പറഞ്ഞു.

"എനിക്കു് എന്തു സമ്മാനമായിരിക്കും തരിക?" കനകവല്ലി ചോദിച്ചു.

"ചെമ്പകവതിയും തിരുമേനിയും തമ്മിൽ കാണുവാൻ ഏൎപ്പാടുചെയ്യുന്ന ദിവസത്തേയ്ക്കു് പതിനായിരം രൂപാ. വഴിയേ വേറെയും കിട്ടും."

"അവൾക്കോ?"

"മോഹത്തിന്ന സ്വപ്നംകാണുവാൻപോലും കഴിവില്ലാത്ത്ര ധനം നവരത്നങ്ങൾ പതിച്ചതും അൻപതിനായിരം രൂപാ വിലവരുന്നതുമായ ഹാരം ആദ്യദിവസംതന്നെ സമ്മാനിക്കും. ഇതു് അവസാനത്തെ സമ്മാനമായിരിക്കുകയില്ല. രാജാവിൻെറ കുടുംബം പുരാതനവും അത്യന്തസമ്പന്നവുമാണെന്നു നിങ്ങൾക്കു് അറിയാമല്ലോ. കലകളെ പ്രോത്സാഹിപ്പിക്കുന്ന കാൎയ്യത്തിൽ പ്രശസ്തിപെററവരുമാണവർ. എന്താ, നിങ്ങൾ സമ്മതിച്ചോ?"

"ശരി, ഞാൻ സമ്മതിച്ചു". കനകവല്ലി പറഞ്ഞു. "ഈ ഇടപാടു നടന്നുകഴിഞ്ഞാൽ, ഞങ്ങൾ ഈ തൊഴിൽ ഉപേക്ഷിക്കും. ഇതുമൂലം ഞങ്ങളുടെ ജീവിതംമുഴുവൻ കഴിയാനുള്ള വക കിട്ടും."

"ഈ ഇടപാടു് ഇതോടെ അവസാനിക്കാൻ ഇടയില്ല. തിരുമേനിക്കു നിങ്ങളുടെ മകളോടു വല്ലാത്ത കമ്പം കയറിയിരിക്കുകയാണു്. അതിനാൽ അവളെ അദ്ദേഹം തലസ്ഥാനനഗരിയിലേക്കു കൊണ്ടുപോകാനും യഥാൎത്ഥമായും അദ്ദേഹത്തിനു് ഏററവും പ്രിയപ്പെട്ട നാലാമത്തെ ഭാൎയ്യയായി വയ്ക്കാനും ഇടയുണ്ടു്. അവൾ അദ്ദേഹത്തിൻെറ ജാതിയിൽ പെട്ടവളല്ലാത്തതുകൊണ്ടു ഭാൎയ്യയായി സ്വീകരിക്കുവാൻ സാങ്കേതികമായ തടസ്സമുണ്ടെങ്കിലും അദ്ദേഹം അങ്ങിനെ ചെയ്യാതിരിക്കുകയില്ല."

"അങ്ങിനെ എൻെറ ആദ്യകാലത്തെ സ്വപ്നം സഫലമായിത്തീരും" കനകവല്ലി പറഞ്ഞു.

ദല്ലാൾ ഇതു കഴിഞ്ഞയുടൻ സ്ഥലംവിട്ടു. ആയിരം രൂപാ കൊടുത്തു് ആ സ്ത്രീയെ വശപ്പെടുത്താൻ കഴിഞ്ഞല്ലോ എന്നോൎത്തു് അയാൾ സന്തോഷിച്ചു. അയ്യായിരം രൂപാവരെ ഇതിനായി ചെലവുചെയ്തുകൊള്ളുവാൻ രാജാവു സമ്മതിച്ചിട്ടുണ്ടായിരുന്നു. അവളെ വളരെയധികം പണ

പ്പെട്ടാണു് സമ്മതിപ്പിച്ചതെന്നും മൂവായിരം രൂപാ കൊടുത്തുവെന്നും പറഞ്ഞു രണ്ടായിരം രൂപാ തട്ടിയെടുക്കാമെന്ന അയാൾ മനസ്സിൽ ഉറച്ചു. ഈ പ്രയാസപ്പെട്ട പണി നിർവ്വഹിച്ചതിലും രണ്ടായിരം രൂപാ ലാഭിച്ചതിലും സാധു രാജാവിന്ന സന്തോഷംതോന്നുമല്ലോ എന്നോർത്തു് അയാൾക്കു് ആനന്ദം തോന്നി.

അയാൾ സ്വയം പറഞ്ഞു. "ദരിദ്രന്റെ വിഡ്ഢിത്തം കൊണ്ടു സമ്പന്നൻ സമ്പന്നനാകുന്നതുപോലെതന്നെ, സമ്പന്നന്റെ വിഡ്ഢിത്തംകൊണ്ടു ദരിദ്രൻ സമ്പന്നനാകുന്നു. ലാഭത്തിന്റെ വീതാംശം കിട്ടണമെന്നു ശഠിക്കാൻതക്കവിധം എല്ലാ തൊഴിലാളികളും വിവേകശാലികളായിത്തീരുന്ന പക്ഷം ഒരു മുതലാളിക്കു് എങ്ങിനെ കോടീശ്വരനായിത്തീരുവാൻ കഴിയും? അതിനാൽ കൃഷകനെ ദൈനംദിനം കൊള്ളയിട്ടുജീവിക്കുന്ന ഈ രാജാവിനെ കൊള്ളയിടുന്നതിൽ ഞാൻ യാതൊരു തെററും കാണുന്നില്ല. ഇയാളുടെ പിതാക്കളും ഇതേവിധമാണു് സ്വത്തു് ആർജ്ജിച്ചിട്ടുള്ളതു്. ഒരു പക്ഷേ യുദ്ധകാലത്തും സമാധാനകാലത്തും യഥാർത്ഥമായ കൊള്ളകളും നടത്തിയിരിക്കും."

പിറേറദിവസംതന്നെ കനകവല്ലി ചെമ്പകവതിയുടെ അടുത്തുചെന്നു. പിന്നെ കണ്ണിൽ വെള്ളംനിറച്ചുകൊണ്ടു് അവൾ പറഞ്ഞു. "എന്റെ പൊന്നുമകളെ, ഒരേ ഒരു മകളായ നിന്നെക്കൂടാതെ എനിക്കു് ഒരുനിമിഷംപോലും തനിച്ചു താമസിക്കുവാൻ നിവൃത്തിയില്ല! ഒരുവർഷം മുഴുവൻ ഞാൻ ശ്രമിച്ചുനോക്കി. പക്ഷേ ആ ശ്രമം വിഫലമായി. ഓരോ ദിവസവും നിന്നെക്കാണാനുള്ള എന്റെ മോഹം ഏറിവരികയാണു ചെയ്യുന്നതു്. അതിപ്പോൾ തടുക്കുവാൻ പാടില്ലാത്ത നിലയിലെത്തിയിരിക്കുന്നു. എന്റടുത്തു മടങ്ങിവരൂ. മേലാൽ ദേവദാസിയായി ജീവിക്കുകയില്ലെന്നു് ഇതാ ഞാൻ സത്യംചെയ്യുന്നു."

"അമ്മേ, നിങ്ങളങ്ങിനെ തീച്ച്പ്പെട്ടത്തിയോ?" കണ്ണുകളിൽ വെള്ളംനിറച്ചുകൊണ്ടു ചെമ്പകവതി ചോദിച്ചു.

"ഞാൻ അങ്ങിനെ നിശ്ചയിച്ചു. ദൈവം അതിന്ന സാക്ഷിയാണു്!" കനകവല്ലി പറഞ്ഞു. "എനിക്കിനി ഒററക്കാമുകൻപോലും ഉണ്ടാവുകയില്ല. ഞാൻ നിന്നോടു തുറന്നുപറയട്ടെ. അതു ചീത്തയാണെന്നു് എനിക്കു തോന്നുന്നതുകൊണ്ടല്ല, ചീത്തയാണെന്നു നീ കരുതുന്നതുകൊണ്ടാണു്. നീ എൻെറ അടുത്തു് ഉണ്ടായിരിക്കണമെന്നു് എനിക്കു് നിർബ്ബന്ധമുണ്ടു്. മററു യാതൊരു വ്യവസ്ഥയിലും നീയതു സമ്മതിക്കുകയുമില്ല."

"എൻെറ പ്രിയപ്പെട്ട അമ്മേ" ചെമ്പകവതി പറഞ്ഞു. "നിങ്ങൾക്കു് ഒരു ലോലഹൃദയവും എന്നെ ഓത്തു ത്യാഗംസഹിക്കുവാൻ അപാരമായ കഴിവും ഉണ്ടെന്നു് എനിക്കു് എപ്പോഴും അറിയാമായിരുന്നു. നിങ്ങൾ പരിചയിച്ചുപോന്ന സുഖാഡംബരങ്ങൾ നഷ്ടപ്പെട്ടുകനിമിത്തം നിങ്ങൾ കുറേനാളത്തേയ്ക്കു വല്ലാതെ കഷ്ടപ്പെടേണ്ടിവരും. എങ്കിലും അതു് അത്രയുംനല്ലതിന്നുതന്നെ. അവസാനം ഇങ്ങിനെ ഒരു തീരുമാനംചെയ്ത ദിവസത്തെ നിങ്ങൾ കൃതജ്ഞതയോടെ സ്മരിക്കും. വരൂ; നമുക്കു വീട്ടിലേയ്ക്കു പോകാം". കൃഷ്ണഭായിയോടു് ഹൃദയസ്പൃക്കാംവിധാ യാത്ര ചോദിച്ചുകൊണ്ടും ദിവസവുംവന്നു കണ്ടുകൊള്ളാമെന്നു വാക്കുപറഞ്ഞുകൊണ്ടും അവർ അമ്മയൊന്നിച്ചു വീട്ടിലേയ്ക്കു പോയി.

അന്നുമുതൽ പഴയരീതിയിൽപ്പെട്ട സകലക്കും കനകവല്ലിയുടെ ഭവനത്തിൽ പ്രവേശനം നിരോധിക്കപ്പെട്ടു. പല കിംവദന്തികളും പരന്നു. കനകവല്ലി ദുഷിച്ച ജീവിതം ഉപേക്ഷിക്കണമെന്നു് ഏതോ സിദ്ധൻ അവളെ ഉപദേശിച്ചു എന്നു ചിലരും, ചെമ്പകവതിയെ ഓത്തു് അവർ

ദൂഷിച്ചജീവിതം ഉപേക്ഷിച്ചതാണെന്നു വേറേ ചിലരും. ചെമ്പകവതിയെ ഒരു ധനികൻ കല്യാണംകഴിക്കുവാൻ പോകുകയാണെന്നും കനകവല്ലി പഴയ ജീവിതം ഉപേക്ഷിക്കുന്നുവെങ്കിൽ മാത്രമേ താനങ്ങിനെ ചെയ്യുകയുള്ളൂ എന്ന വ്യവസ്ഥയിലാണു് താനതിനു സമ്മതിച്ചതെന്നു മററുചിലരും പറഞ്ഞു. അമ്മയ്ക്കുനേരിട്ട ബുദ്ധിമുട്ടോർത്തു വ്യസനമുണ്ടായിരുന്നെങ്കിലും ചെമ്പകവതി ഈ വ്യതിയാനം ഓർത്തു സന്തോഷിച്ചു. കൂടെക്കൂടെ അവൾ പറയാറുണ്ടായിരുന്നു. "പ്രിയപ്പെട്ട അമ്മേ, നിങ്ങൾ ഏകാന്തത ഓർത്തു ദുഃഖിക്കുന്നുണ്ടായിരിക്കും." ഇതിനു് എപ്പോഴും അവളുടെ മറുപടി ഈവിധമായിരിക്കും. "എന്റെ കുഞ്ഞേ അതോർത്തു നീ ദുഃഖിക്കാതെ! നീ അകലെയായിരുന്ന ആ ഇരുണ്ടദിനങ്ങളിലാണു് എനിക്കു് അത്യധികമായ ഏകാന്തത അനുഭവപ്പെട്ടിരുന്നതു്". ചെമ്പകവതിയെ സംബന്ധിച്ചിടത്തോളം അവളുടെ ദിനങ്ങൾ സന്തോഷപൂർവ്വം കഴിഞ്ഞുപോയി. അധികസമയവും പാട്ടുപഠിപ്പിക്കുന്നതിലും, സംഗീതക്കച്ചേരി നടത്തുന്നതിലും, കൃഷ്ണഭായിതുടങ്ങിയ മിത്രങ്ങളെ സന്ദർശിക്കുന്നതിലും അവൾ ഏർപ്പെട്ടുപോന്നു.

അങ്ങിനെ ഒരുമാസം കഴിഞ്ഞു. ഇക്കാലമത്രയും ശ്യാമളഗിരിയുടെ ദല്ലാളിനു നൽകിയിരുന്ന വാക്കു പാലിക്കേണ്ട മാർഗ്ഗത്തെപ്പററി ചിന്തിച്ചുകഴിയുകയായിരുന്നു കനകവല്ലി. ഇക്കാര്യത്തിനായി ദല്ലാളിനെ അവൾ രഹസ്യമായി കണ്ടുകൊണ്ടുമിരുന്നു. ഒരുദിവസം രാജാവിനെ അയാളുടെ നഗരമന്ദിരത്തിൽവച്ചു കാണുവാൻ അവൾ നിർദ്ദേശിക്കപ്പെട്ടു. രാജാവു് അവളോടു് വളരെ മര്യാദയായും ഉദാരമായും പെരുമാറി; സ്വന്തം കൈകൊണ്ടു് ആയിരം രൂപയുടെ ഒരു നോട്ടു് അവൾക്കു കൊടുത്തുകൊണ്ടു്, ചെമ്പകവതിയുമായി കാണാനുള്ള അവസരം ത്വരിതപ്പെടുത്തണമെന്നു് അയാൾ അവളോടു് ആവശ്യപ്പെട്ടു.

"അവളെക്കൂടാതുള്ള എൻെറ ജീവിതം ശൂന്യമാണു എൻെറ ഹൃദയം ഞാൻ അവളിൽ അപ്പിച്ചുപോയി. അതിനാൽ എത്രയും വേഗം അവളെ എനിക്കു ലഭിക്കണം" എന്നയാൾ പ്രഖ്യാപിച്ചു.

"തിരുമേനീ, ഞാൻ ഒരു മാഗ്ഗം ആലോചിച്ചുവച്ചിട്ടുണ്ടു്" കനകവല്ലി പറഞ്ഞു. "അതു നടപ്പിൽ വരുത്തുന്നതിനുമുമ്പു് തിരുമനസ്സിലെ അനുമതി സിദ്ധിക്കണം."

"എന്താ അതു്? അതു പറയൂ!" രാജാവു പറഞ്ഞു.

കനകവല്ലി പറഞ്ഞു: "ശൈശവകാലംമുതൽ തൻെറ അച്ഛനാരാണെന്നു എൻെറ മകൾ ചോദിക്കാറുണ്ടായിരുന്നു. തക്കസമയത്തു അതു പറയാമെന്നു അവളോടു സമാധാനം പറഞ്ഞുവരികയായിരുന്നു ഞാൻ ചെയ്തുവന്നതു്. തിരുമനസ്സുകൊണ്ടു ചുവടെ ചേക്കുംപ്രകാരം ഭംഗിയിൽ ഒരു കത്തെഴുതി ഒരു പ്രത്യേകദൂതൻവശം എനിക്കു കൊടുത്തയക്കണം. "നമ്മുടെ പരേതനായ പിതാവും നിങ്ങളുമായുള്ള ബന്ധത്തിൽ നാം എപ്പോഴും കുണ്ഠിതപ്പെട്ടുവരികയും, തന്നിമിത്തം നിങ്ങളുമായോ, ആ ബന്ധത്തിൽനിന്നു ജനിച്ച ചെമ്പകവതിയുമായോ ഒരിക്കലും എഴുത്തുകുത്തുനടത്താതെ വരികയും ആയിരുന്നെങ്കിലും, ചെമ്പകവതി അച്ഛൻെറ കുലധമ്മം സ്വീകരിക്കുകയും സദാചാരപരവും പരിശുദ്ധവും ആയ ജീവിതം നയിക്കുവാൻ തീരുമാനിക്കുകയും, നിങ്ങൾ നയിച്ചുവന്ന പാപപങ്കിലമായ ജീവിതം നിങ്ങളെക്കൊണ്ടുപോലും ഉപേക്ഷിപ്പിക്കുകയും ചെയ്തുവെന്നു് നമ്മുടെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു. അതിനാൽ എൻെറ സഹോദരിയെ സന്ദശിക്കേണ്ടതും അവളുമായി പരിചയപ്പെടേണ്ടതും മേലാൽ എൻെറ കഴിവനുസരിച്ചു് അവളെ സഹായിക്കേണ്ടതും എൻെറ കത്തവ്യമാണെന്നു ഞാൻ വിചാരിക്കുന്നു. അതിനാൽ ഇന്നു രാത്രി പത്തുമണിക്കു നിങ്ങളുടെ വീട്ടു

സന്ദശിക്കുവാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. നമ്മുടെ സമുദായത്തിൻെറ ഇന്നത്തെ അവസ്ഥയിൽ, നിങ്ങളെ പരസ്യമായി സന്ദർശിക്കുന്ന കാര്യം സാധ്യമല്ലല്ലോ. ഏതെങ്കിലും കാരണം പറഞ്ഞു് ഭൃത്യന്മാരെ ദൂരെ പറഞ്ഞയക്കുക. എൻെറ സഹോദരിയെ തനിച്ചു കാണുവാൻ സൗകര്യപ്പെടുത്തുക. ഈ ഏഴത്തു രാത്രി എട്ടുമണിക്കു കിട്ടണം. അപ്പോഴേയ്ക്കും ഞങ്ങളുടെ അത്താഴം കഴിഞ്ഞിരിക്കും. ചെമ്പകവതി അതിനുശേഷം വീടുവിട്ടു് എങ്ങും പോകുകയില്ല എനിക്കു ഒരു ഭൃത്യമാത്രമേ ഉള്ളൂ. അവൾ അത്താഴം കഴിഞ്ഞു പുറത്തുപൊയ്ക്കൊള്ളാൻ ഞാൻ അനുവാദം കൊടുത്തിട്ടുണ്ടു്. നഗരത്തിൽ അകലെ ഒരു പ്രദേശത്തു താമസിക്കുന്ന സഹോദരിയുടെ അടുക്കലേയ്ക്കു അവൾ പൊയ്ക്കൊള്ളും. അങ്ങു വരുന്നതിനകം അങ്ങുമായി ഉണ്ടെന്നു സങ്കല്പിച്ചിരിക്കുന്ന ബന്ധംപറഞ്ഞു് ഞാൻ അവളിൽ സ്നേഹം അങ്കുരിപ്പിച്ചുകൊള്ളാം. അങ്ങ് എത്തിക്കഴിഞ്ഞാൽ, അങ്ങും അവളിൽ സ്നേഹധാര ചൊരിഞ്ഞുകൊള്ളണം. ഈ സമാഗമം ആഘോഷിക്കാനായി നാം ഒരുമിച്ചു കാപ്പികുടിക്കണമെന്നു് ഞാൻ നിർദ്ദേശിക്കും. അവളുടെ കാപ്പിയിൽ ശക്തിയേറിയതെങ്കിലും സുഖമുള്ളതും കണ്ടുപിടിക്കുവാൻ കഴിയുകയില്ലാത്തതും ആയ വിഷയാസക്തിജന്യവും മയക്കമുണ്ടാക്കുന്നതും ആയ ഔഷധം ഞാൻ കലത്തും. അവൾ ഉറങ്ങി വീഴുന്നതുവരെ നമുക്കു വത്തമാനം പറഞ്ഞുകൊണ്ടിരിക്കണം. അതിനുശേഷം നിങ്ങളെ രണ്ടുപേരെയും തനിച്ചു അവളുടെ മുറിയിലാക്കിയിട്ടു് ഞാൻ അവിടം വിട്ടുപോകും. എല്ലാവിധ സുഖസൗകര്യങ്ങളോടും സജ്ജമാക്കീട്ടുള്ള മുറിയാണതു്. പിന്നെ അങ്ങേയ്ക്കു് തൃപ്തിയാവോളം ആനന്ദം അനുഭവിക്കാം. അവൾ ഉണന്നു കളിപ്പു മനസ്സിലാക്കുമ്പോഴേയ്ക്കു്, പരിശുദ്ധയെന്ന നിലയിലേയ്ക്കു തിരിച്ചുവരാൻ സാധ്യമല്ലാത്തവിധം സമയം വൈകിയിരിക്കും. മേലാൽ അങ്ങയുടെ

ഹൃദയേശ്വരിയായി കഴിഞ്ഞുകൊള്ളാമെന്ന സമ്മതിക്കു വാൻ അവൾ നിർബ്ബന്ധിതയായിത്തീരും. ഔഷധമൊന്നും നൽകുന്നില്ലെങ്കിൽ, അവൾ അങ്ങയുടെ ആഗ്രഹത്തിന്ന് വഴങ്ങുകയില്ലെന്നുള്ളതിന്ന് യാതൊരു സംശയവുമില്ല. സദാചാരത്തെപ്പററി അത്ര വിചിത്രതരമായ ബോധമാണ് അവൾക്കുള്ളത്."

"ഹും! അവൾക്ക് പൂർണ്ണബോധമില്ലെങ്കിൽ, സംഭോഗത്തിൻെറ പകുതി സുഖവും നഷ്ടപ്പെട്ടും." രാജാവു പറഞ്ഞു. "പക്ഷെ, നമുക്ക് അതിൽ ഒന്നും ചെയ്യാൻ നിവൃത്തിയില്ലല്ലോ. നടപ്പുള്ളവഴി ഇതൊന്നു മാത്രമാണെന്നു എനിക്കു തോന്നുന്നു. പ്രാരംഭത്തിലുണ്ടാകേണ്ട വിജൃംഭണ സൗകര്യം മിക്കതും നഷ്ടപ്പെട്ടുത്തിക്കളയുന്നതാണെങ്കിലും, മരിച്ചുപോയ അച്ഛൻെറ പേരിൽ വിശേഷിച്ചൊരു കല്പിതകഥ ചമയ്ക്കുവാൻ സംഗതിയാക്കുമെങ്കിലും നീ നിർദ്ദേശിച്ച ബുദ്ധിപൂർവ്വമായ പദ്ധതിയെ അടിസ്ഥാനമാക്കി നിന്നെ ഞാൻ അനുമോദിക്കുന്നു. എങ്കിലും, നിന്നെ അദ്ദേഹം ചെറുപ്പകാലത്തു കണ്ടിരുന്നെങ്കിൽ ഇതുപോലെതന്നെ ചെയ്യുമായിരുന്നു. രാത്രി ആകുന്നില്ലല്ലോ എന്നോർത്തു എനിക്കു വലിയ ഉൽക്കണ്ഠതോന്നുന്നു. തീർച്ചയായും ഞാൻ തനിച്ചും ആളറിയിക്കാതേയും വരും."

"ഇനി എനിക്കുള്ള പതിനായിരം രൂപയും തരൂ." കനകവല്ലി പറഞ്ഞു.

രാജാവ് വലിപ്പുതുറന്ന് ആയിരംരൂപയുടെ പത്തു നോട്ട് എടുത്തു കൊടുത്തു. സന്തോഷവും കൃതജ്ഞതയും കൊണ്ടു കനകവല്ലിക്കു താൻ മിക്കവാറും വീണുപോയി എന്നുതോന്നി. "മാലകൊണ്ടുവരുവാൻ തിരുമനസ്സുകൊണ്ടു മറക്കുകയില്ലല്ലോ" അവൾ പറഞ്ഞു.

"ഇതുകേട്ടാൽ ഞാനതു മറന്നുപോകുമെന്നു തോന്നും!" രാജാവു പറഞ്ഞു.

പിന്നെ കനകവല്ലി അയാളോടു യാത്രചോദിച്ചുകൊണ്ടു അത്യധികമായ സന്തോഷത്തോടെ വീട്ടിലേയ്ക്കുപോയി. വഴിക്കു ബാങ്കിലും കയറി.

അന്നുരാത്രി എട്ടുമണിക്കു്, കനകവല്ലിയും മകളും ഊണുകഴിക്കുകയും ഭൃത്യ അവളുടെ സഹോദരിയുടെ വീട്ടിലേയ്ക്കു പോകുകയും ചെയ്തുകഴിഞ്ഞപ്പോൾ, ഒരാൾ വാതിലിൽ മുട്ടി. വാതിൽ തുറന്നുകൊടുത്ത ചെമ്പകവതിയുടെ കൈയിൽ അയാൾ ഒരെഴുത്തുകൊടുത്തു. ആ എഴുത്തു കനകവല്ലിയുടെ മേൽവിലാസത്തിലുള്ളതായിരുന്നു. ശ്യാമളഗിരിരാജാവാണു് അതു അയച്ചിരുന്നതു്. അതു വായിച്ചു കഴിഞ്ഞ ഉടനെ, കനകവല്ലി മകളെ വാത്സല്യപൂർവ്വം കെട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു. "എന്റെ കുഞ്ഞേ, നമ്മുടെ കഷ്ടകാലമൊക്കെ അവസാനിച്ചു. നിന്റെ സഹോദരൻ നിന്നെ കാണാനായി വരുന്നു."

വിറച്ചുകൊണ്ടു് ചെമ്പകവതി ചോദിച്ചു. "അമ്മേ, ശ്യാമളഗിരിരാജാവു് എന്റെ സഹോദരൻ ആണെന്നാണോ നിങ്ങൾ പറയുന്നതു്?"

"അദ്ദേഹത്തിന്റെ അച്ഛൻ നിന്റെ അച്ഛനാണു്. അദ്ദേഹവുമായുള്ള സുഖകരമായ പ്രണയജീവിതത്തിന്റെ സത്ഫലമാണു് നീ."

"അമ്മേ നിങ്ങൾ എന്തുകൊണ്ടാണു ഇതു നേരത്തെ പറയാതിരുന്നതു്; നിങ്ങളോടു ഞാൻ ഇക്കാര്യം പലപ്പോഴും ചോദിച്ചുകൊണ്ടാണു ഇരുന്നതെങ്കിലും?" ചെമ്പകവതി ചോദിച്ചു.

അതേ കുഞ്ഞേ. നീ എഴുത്തു വായിച്ചുനോക്കു. അപ്പോൾ നിനക്കു് എല്ലാം ശരിക്കു മനസ്സിലാകും. നിന്റെ അച്ഛൻ നിനക്കോ എനിക്കോ വേണ്ടതു തരുന്നതിനു

സാധ്യമാകുന്നതിനു വളരെനാൾ മുമ്പേ മരിച്ചുപോയി. അദ്ദേഹത്തിൻെറ വിധവയും മകനും എൻെറ പരമശത്രുക്കളായിരുന്നു ഇപ്പോൾ മാത്രമാണു രാജാവിനു് നമ്മോടു സന്തോഷം തോന്നുന്നതു്. രാജാവു് നേർവഴിക്കു വരുമെന്നു എനിക്കു പ്രത്യാശ ഉണ്ടായിരുന്നതുകൊണ്ടു് അതു സംഭവിക്കുന്നതുവരെ, അഭിമാനകരമായ ഈ വാർത്ത നിന്നോടു പറയേണ്ട എന്നു ഞാൻ വിചാരിച്ചു."

"അമ്മേ, ഞാൻ അദ്ദേഹത്തെ ഇഷ്ടപ്പെടുന്നു. അദ്ദേഹം സുമുഖനായ നല്ല ഒരു മനുഷ്യനാണു്. എൻെറ ഒരു പാട്ടുകച്ചേരിക്കു് ഒരു നല്ല സ്വർണ്ണമെഡൽ അദ്ദേഹം എനിക്കു സമ്മാനമായി തന്നു. ഹാ, അദ്ദേഹം എൻെറ സഹോദരനാണെന്നു മനസ്സിലായിക്കഴിഞ്ഞപ്പോൾ, അദ്ദേഹത്തെ കാണാൻ ഞാൻ കൊതിച്ചു ചാകുകയാണു്. രാത്രി മുഴുവൻ നമുക്കു് സംസാരിച്ചു ഇരുന്നുകൂടെ?"

തൻെറ പദ്ധതി എത്രവേഗം വിജയിക്കുന്നു എന്നോർത്തു് കനകവല്ലിക്കു് അതിരുകടന്ന സന്തോഷമുണ്ടായി. രാജാവു വരുന്നതിനുമുമ്പുള്ള സമയം മുഴുവൻ അവൾക്കു എല്ലാത്തരത്തിലുംപെട്ട ചോദ്യങ്ങൾക്കു ഉത്തരം പറയേണ്ടിവന്നു. രാജാവുമായുള്ള പ്രണയജീവിതം എങ്ങിനെയിരുന്നു, ആ മഹാൻെറ ആകൃതി ഏതുവിധമായിരുന്നു എന്നെല്ലാം ചെമ്പകവതി ചോദിച്ചു. കനകവല്ലി അവളുടെ ഭാവന സ്വച്ഛന്ദം പ്രവർത്തിപ്പിച്ചു. അയാളെയും ആ ദിവസങ്ങളെയും സംബന്ധിച്ചു എത്രയും ശോഭായമാനമായ ചിത്രം അവൾ രചിച്ചുകൊടുത്തു. അദ്ദേഹത്തിനു് രാക്ഷസൻെറ കരുത്തും, സന്യാസിയുടെ ബുദ്ധിശക്തിയും, ശിശുവിൻെറ ഹൃദയവും, രാജാവിൻെറ ഔദാര്യവും ഉണ്ടായിരുന്നു എന്നു അവൾ വിവരിച്ചു. തൻെറ സാങ്കല്പികപിതാവിനെ സംബന്ധിച്ച ഈ വിവരങ്ങൾ ചെമ്പകവതിക്കു് പീയൂഷസമമായിരുന്നു. അവൾക്കുള്ളു് അനുഭവിച്ചിട്ടും അനുഭവിച്ചിട്ടും

തൃപ്തിവന്നില്ല. "എന്നെ അദ്ദേഹം വച്ചുകൊണ്ടിരുന്നതാണു് അദ്ദേഹത്തിൻെറ ഒരു കുറവു്" എന്നു കനകവല്ലി പറഞ്ഞതുകേട്ടു ചെമ്പകവതി പറഞ്ഞു. "ഭാൎയ്യമാരുമായുള്ള അദ്ദേഹത്തിൻെറ ബന്ധം ഇത്രയേറെ കഷ്ടതരമായിരുന്ന സ്ഥിതിക്കു് അതൊക്കെ ക്ഷമിക്കാവുന്നതേ ഉള്ളൂ അമ്മേ! പിന്നെ ഒരു തെറെറങ്കിലും ഇല്ലാത്തവരായി ആരുണ്ടു്!"

കൃത്യം പത്തുമണിക്കു് വാതുല്ക്കൽ മുട്ടുകേട്ടു. അതു തുറക്കാനായി ചെമ്പകവതി പാഞ്ഞെത്തി. വാതിൽതുറന്നു്, സുമുഖനായ രാജാവിനെ അകത്തു പ്രവേശിപ്പിച്ചു. കതകടച്ച ഉടനെ രാജാവു് അവളെ മാറോടണച്ചുകൊണ്ടു പറഞ്ഞു: "പ്രിയപ്പെട്ട അനുജത്തീ, നാം അന്യോന്യം വേർപെട്ടു കഴിയാൻ തുടങ്ങീട്ടു് എത്രയോ കാലമായി!" പിന്നെ അയാൾ, കനകവല്ലിയെ ആലിംഗനംചെയ്തുകൊണ്ടു്, കഴിഞ്ഞകാലത്തു കാണിച്ച ഉപേക്ഷയ്ക്കു മാപ്പു ചോദിച്ചു.

"അങ്ങു് അങ്ങയുടെ സഹോദരിയോടുള്ള കടമ ഇനിയെങ്കിലും നിൎവ്വഹിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു". എന്നവൾ പറഞ്ഞു.

"അതിൽ എന്താണു സംശയം?" അയാൾ ചോദിച്ചു. "എനിക്കു സ്വന്തം സഹോദരിമാരില്ല. പിന്നെ ചെമ്പകവതി എന്തൊരു ഓമനക്കുട്ടിയുമാണു്! അവൾക്കുള്ള ഒന്നാമത്തെ സമ്മാനമായി ഞാനിതാ ഈ മാല കൊണ്ടുവന്നിട്ടുണ്ടു്. ഇതുപറഞ്ഞു അൻപതിനായിരം രൂപാ വിലവരുന്ന ആ ഭംഗിയേറിയ തിളങ്ങുന്ന ആഭരണം കൈയിലെടുത്തു് വാത്സല്യപൂൎവ്വം അവളുടെ കഴുത്തിൽ അണിയിച്ചു. ചെമ്പകവതി ആനന്ദത്തിൻെറ ഏഴാംസ്വൎഗ്ഗത്തിൽ എത്തി. കനകവല്ലി അവളേയും രാജാവിനേയും

ചെമ്പകവതിയുടെ മുറിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അല്പനേരത്തെ സംഭാഷണത്തിനുശേഷം അവൾ അകത്തു പോയി മൂന്നുപാത്രം കാപ്പി കൊണ്ടുവന്നു.

"ഈ സന്തോഷസംഭവം ആഘോഷിക്കാനായി നമുക്ക് ഒരുമിച്ചു കാപ്പികുടിക്കാം." രാജാവിനും ചെമ്പകവതിക്കും ഓരോ കപ്പു കാപ്പി കൊടുത്തുകൊണ്ട് അവൾ പറഞ്ഞു. മൂന്നുപേരും കാപ്പികുടിച്ചു. രാജാവു് ലളിതരീതിയിൽ നേരംപോക്കുവർത്തമാനങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. മരുന്നിൻെറ ശക്തികൊണ്ടു ചെമ്പകം അവളുടെ കട്ടിലിൽവീണു ഗാഢനിദ്രയിൽ അവൾ ആണ്ടുപോകുന്നതുവരെ തൻെറ ആനകളെപ്പററിയും നായാട്ടുസംബന്ധിച്ച അനുഭവങ്ങളെപ്പററിയും അയാൾ പറഞ്ഞു. കനകവല്ലി കുറെ ഷാംപെയിൻ മദ്യംകൊണ്ടുവന്നു. അവളും രാജാവും അതു് തൃപ്തിയാവോളം കുടിച്ചു. പിന്നെ ചെമ്പകവതിയേയും തനിച്ചു വിട്ടിട്ടു് അവൾ സ്വന്തം മുറിയിൽ എത്തി കുടിയുടെ ലഹരിയിൽ മയങ്ങി ഉറങ്ങാൻ തുടങ്ങി.

അവൾ അവിടംവിട്ട ഉടനെ, രാജാവു് ചെമ്പകവതിയെ ഗാഢമായി പുണർന്നുകൊണ്ടു പറഞ്ഞു: "ഓമനേ, പ്രിയപ്പെട്ട ചെമ്പകവതീ, നീയുമായി ചേരുന്ന ഈ ദിവസം മോഹിച്ചു ഞാൻ കഴിയാൻതുടങ്ങീട്ടു് നാളെത്രയോ ആയി!" ചെമ്പകവതി അന്തംവിട്ടു് അയാളുടെ ശക്തിയായ പിടിയിൽ യാതൊന്നുംചെയ്യുവാൻ ശക്തിയില്ലാതെ കിടന്നു. അയാൾ അവളുടെ മേൽ തോന്നിയതൊക്കെ പ്രവർത്തിച്ചു. ഒരുമണിക്കൂർ കഴിഞ്ഞു് ഉറക്കമരുന്നിൻെറ ശക്തി വളരെയേറെ കുറഞ്ഞപ്പോൾ ചെമ്പകവതി ഉണർന്നു. താൻ രാജാവിൻെറ കൈകളിൽ അമർന്നിരിക്കുന്നതും തൻെറ വസ്ത്രങ്ങൾ അഴിഞ്ഞുലഞ്ഞു കിടക്കുന്നതും അവൾ കണ്ടു.

"എന്നെ വിട്ടു", ഭയവും അത്ഭുതവും കലൎന്ന സ്വരത്തിൽ അവൾ പറഞ്ഞു. "ഇതിന്റെയൊക്കെ അൎത്ഥമെന്താണു്?"

"ഓമനേ, ചെമ്പകവതീ", അയാൾ പറഞ്ഞു: "നിന്നെ വഞ്ചിച്ചതിനു് എനിക്കു മാപ്പുതരിക. എനിക്കു നിന്നെ ആവശ്യമായിരുന്നു. മററു പ്രകാരത്തിൽ നിന്നെ പ്രാപിക്കുവാൻ സാദ്ധ്യമായിരുന്നുമില്ല. അതിനാൽ ഞാൻ നിന്മേൽ ഈ വഞ്ചന പ്രയോഗിച്ചു. ഓമനേ, നീ എനിക്കു മാപ്പു തരികയില്ലേ?"

"വിട്ടു എന്നെ!" പഴക്കംചെന്ന ഒരു വിടനായിരുന്നു രാജാവെങ്കിലും അവളുടെ ഈ ആജ്ഞകേട്ടു് അയാൾ ഉടനെ അവളെ മോചിപ്പിച്ചു.

ചെമ്പകവതി പറഞ്ഞു "നിങ്ങളും അമ്മയും ചേൎന്നു ഗൂഢാലോചന നടത്തി. നിങ്ങൾ എന്റെ സഹോദരനാണെന്ന കഥ കെട്ടിച്ചമച്ചതല്ലേ? എന്നോടു കളവുപറയരുതു്."

"അതു ശരിയാണു്." അവളുടെ ആഭിജാത്യവും അവിതൎക്കിതമായ സദാചാരനിഷ്ഠയുംകണ്ടു വിനയവാനായിത്തീൎന്ന രാജാവു പറഞ്ഞു.

"നിങ്ങൾ അമ്മയ്ക്കു് എന്തുകൊടുത്തു?"

"എല്ലാംകൂടി പതിന്നാലായിരം രൂപാ."

"വൃത്തികെട്ട ധനത്തിനുവേണ്ടി ഒരമ്മ മകളുടെ അഭിമാനവും സുഖവും കൈമാററംചെയ്യുകയുമെന്നും, രാജാവെന്നു് സ്വയം വിളിക്കുകയും സമുദായമദ്ധ്യേ മാന്യനാണെന്നു ഭാവിക്കുകയുംചെയ്യുന്ന ഒരാൾ നിസ്സഹായയായ ഒരു പെൺകുട്ടിയുടെ സതീത്വം നശിപ്പിക്കാനായി ദുഷ്ട

മായ ഗ്രദ്ധാലോചനനിൽ ഏപ്പെട്ടാൻതക്കവിധം അധഃപതിക്കുമെന്നും ചിന്തിക്കാൻതന്നെ വിഷമം!"

"ഓമനേ, വല്ലായ്മ തോന്നരുതു്. ഞാൻ തെററു സമ്മതിക്കുന്നു. എൻെറ പ്രവൃത്തിയോത്തു് ഞാൻ നേരത്തെ പശ്ചാത്തപിച്ചും കഴിഞ്ഞു. ഈ തെററിനു് വേണ്ടത്ര പരിഹാരം ഉണ്ടാക്കണമെന്നു ഞാൻ വിചാരിക്കുന്നു. ഞാൻ നിന്നെ കൊട്ടാരത്തിൽ കൊണ്ടുപോയി ജീവിതാവസാനംവരെ പാർപ്പിച്ചുകൊള്ളാം. നിന്നെ മുറപ്രകാരം വിവാഹം കഴിക്കുവാൻ നിവൃത്തിയില്ലെങ്കിലും എൻെറ മററു കുട്ടികളെപ്പോലെ നിൻെറ കുട്ടികളെ ഞാൻ സംരക്ഷിച്ചുകൊള്ളാം."

"ആ അസംബന്ധം നിറുത്തു!" പെട്ടെന്നു അവൾ രുഷ്ടയായി പറഞ്ഞു. "ഈമാതിരി അപമാനവചനങ്ങൾ പറഞ്ഞു് നിങ്ങളുടെ തെററിൻെറ കാഠിന്യം വദ്ധിപ്പിക്കരുതു്. രക്ഷിക്കാൻ അപ്പനോ, സഹോദരനോ ഇല്ലാത്ത ഒരു സാധു ദേവദാസിയുടെ മകളായിരിക്കാം ഞാൻ. എങ്കിലും നമ്മുടെ പൂവ്വികന്മാർ പറഞ്ഞിട്ടുള്ള ആ അനന്തതയുടെ ഒരംശം എന്നിലുമുണ്ടു്. നിങ്ങൾക്കു് ഒരു സഹോദരി ഉണ്ടായിരുന്നെങ്കിൽ, അവരോടു് നിങ്ങൾ എന്നോടുചെയ്തപ്രകാരം ഏതെങ്കിലും ഒരുത്തൻ പ്രവത്തിച്ചിരുന്നെങ്കിൽ നിങ്ങളെന്തുചെയ്യുമായിരുന്നു എന്നുപറയൂ."

"ഞാൻ അവനെ ആ ക്ഷണം കൊല്ലുമായിരുന്നു. ഒരു ക്ഷത്രിയനു് അതിൽകുറഞ്ഞു ഒന്നുംചെയ്യാൻ സാദ്ധ്യമല്ല." അയാൾ പറഞ്ഞു.

"അപ്പോൾ ഒരു ക്ഷത്രിയനു് തന്നോടുതന്നെ അതിൽ കുറഞ്ഞു് എന്തെങ്കിലും ചെയ്യുവാൻ കഴിയുമോ?" അവൾ ചോദിച്ചു.

"പക്ഷേ നീ ഒരു ക്ഷത്രിയകുമാരിയല്ലല്ലോ. മഹത്തായ മനഃസ്ഥിതിയാണു് നിനക്കുള്ളതെങ്കിലും നീ ഒരു ദേവദാസിപ്പെണ്ണിൻെറ മകളല്ലേ?" അയാൾ പറഞ്ഞു.

"ഞാൻ ഒരു ക്ഷത്രിയകുമാരിയെപ്പോലെ പരിശുദ്ധയാണു്; നിങ്ങൾ എന്നെ കളങ്കപ്പെടുത്തുന്നതുവരെയെങ്കിലും അങ്ങിനെയായിരുന്നു." അയാളുടെ മുഖത്തു ദൃഷ്ടി ഉറപ്പിച്ചുകൊണ്ടു അവൾ പറഞ്ഞു.

"ഞാൻ അതു സമ്മതിക്കുന്നു." അയാൾ പറഞ്ഞു.

"അങ്ങിനെയാണെങ്കിൽ, നിങ്ങൾ ഒരു ക്ഷത്രിയനെപ്പോലെ പ്രവൃത്തിക്കൂ. അന്യർക്കു യാതൊരു മടിയുംകൂടാതെ നൽകുമായിരുന്ന ആ ശിക്ഷ നിങ്ങളെത്തന്നെ ഏൽപിക്കൂ. രാജകുമാരാ, അങ്ങു് സൂര്യന്റെ പിൻഗാമിയാണെന്നു അവകാശപ്പെട്ടുന്നുണ്ടല്ലോ. അങ്ങയുടെ പൂർവികന്മാർ മററുള്ളവരോടു പ്രവൎത്തിച്ചിരുന്ന തോതിൽതന്നെയാണു് തങ്ങളോടുതന്നെയും പ്രവൎത്തിച്ചിരുന്നതു്. അപ്പോൾ അങ്ങയോടു് മറെറാരു തോതിൽ പ്രവൎത്തിക്കണമെന്നു കരുതത്തക്കവിധം അങ്ങു് അത്രയ്ക്കു ഭീരുവാണോ? യുദ്ധവീരന്മാരുടെ പിൻഗാമിയായുള്ളോവേ, ജീവിതം അങ്ങേയ്ക്കു അത്രയേറെ മധുരിക്കുന്നതാണോ?"

വികാരവായ്പിനാൽ രാജാവു് നിന്നിടത്തുനിന്നു ചാഞ്ചാടിപ്പോയി. അയാൾ പറഞ്ഞു: "വരൂ, ഇതാ എന്റെ കൈത്തോക്കു്. അതു ശരിക്കു നിറച്ചിട്ടുണ്ടു്: അതിൽ ഏഴു ഉണ്ടയുണ്ടു്. എന്നെ വെടിവച്ചുകൊല്ലൂ."

"ഇല്ല. അങ്ങു സ്വയം വെടിവച്ചു മരിക്കൂ. രാജാവിനെ ശിക്ഷിക്കേണ്ടതു് ഒരു സാധാരണയല്ല." ചെമ്പകവതി പറഞ്ഞു.

"ജീവിതത്തിൽ പററിക്കൂടിനിൽക്കാൻതക്കവിധം ഞാനൊരു ഭീരുവല്ല. നീ അതു കണ്ടുകൊള്ളൂ." എന്നുപറഞ്ഞുകൊണ്ടു അതേനിമിഷത്തിൽ അയാൾ സ്വയംവെടിവച്ചുമരിച്ചു.

"എന്തൊരു ധീരൻ! മറെറാരു പ്രകാരത്തിൽ വളൎന്നുവന്നിരുന്നെങ്കിൽ, ലോകത്തിനു നന്മചെയ്യുവാൻ എത്രമാത്രം കരുത്തനാകുമായിരുന്നു അദ്ദേഹം!" ചെമ്പകവതി പറ

ഞ്ഞു. "അദ്ദേഹം തന്റെ സവ്പാപത്തിനും പ്രായശ്ചിത്തം ചെയ്തുകഴിഞ്ഞിരിക്കുന്നു അയൽക്കാർ വന്നെത്തുന്നതിനുമുമ്പ് ഞാനും അദ്ദേഹത്തെ പിന്തുടരണം. അശുദ്ധമാക്കപ്പെട്ട ഈ ശരീരം ഇനി വച്ചുകൊണ്ടിരുന്നിട്ടു പ്രയോജനം അശേഷമില്ല.

പിന്നെ കൈത്തോക്കിന്റെ കുഴൽ വായിൽ കടത്തിക്കൊണ്ടു് അവൾ കാഞ്ചിവലിച്ചു. ഭയങ്കരമായ പൊട്ടലുണ്ടായതിനെത്തുടൎന്നു് അവൾ തറയിൽ ഉരുണ്ടുവീണുമരിച്ചു.

രണ്ടു വെടി പൊട്ടുന്ന ശബ്ദംകേട്ടു് അയൽക്കാർ അവിടെ ഓടിക്കൂടി. കുടിച്ചുമയങ്ങിക്കിടന്ന കനകവല്ലി എഴുന്നേറ്റുവന്നു വാതിൽ തുറക്കുന്നതുവരെ അവർ കതകിൽ മുട്ടി വിളിക്കൂട്ടി അവർ വെടിയൊച്ച കേട്ടതിനെപ്പററി അവളോടു ചോദിച്ചു. താൻ അവ കേട്ടില്ലെന്നു അവൾ അവരോടു പറഞ്ഞു. പിടയ്ക്കുന്ന ഹൃദയത്തോടെ അവൾ ചെമ്പകവതിയുടെ മുറി തുറന്നു. രണ്ടു ശവങ്ങളും കണ്ടു് നിലവിളിച്ചുകൊണ്ടു അവൾ പിന്നോക്കം മാറി. പിന്നെ അവൾക്കു സ്വബോധം ഉണ്ടായില്ല. പോലീസ് സ്ഥലത്തെത്തി രണ്ടു പോസ്ററുമാട്ടവും നടത്തി തെളിവുകൾ രേഖപ്പെടുത്തി. പ്രാപ്തനായ ഒരു കൊറോണർ ബുദ്ധിസ്ഥിരതയില്ലായ്മമൂലം നടന്ന ആത്മഹത്യകളാണു് അവയെന്നു വിധിയും പ്രസ്താവിച്ചു. പത്രങ്ങൾ ഒരാഴ്ചയോളം ഈ വൎത്തമാനം പ്രാധാന്യംനൽകി പ്രസിദ്ധപ്പെടുത്തി. പിന്നെ അവയും വായനക്കാരും അക്കാൎയ്യത്തെപ്പററി ശ്രദ്ധിക്കാതെയായി. എന്നാൽ മൂന്നുമാസത്തേയ്ക്കുകൂടി ഭ്രാന്താസ്പത്രിയിൽ ഒരുഭ്രാന്തി ഉന്മത്തമായിപ്രലപിച്ചുകൊണ്ടു കിടന്നിരുന്നു ഒരു ഔഷധത്തിനും അവളുടെ ദീനം സുഖപ്പെടുത്താൻ കഴിഞ്ഞില്ല. ഒടുവിൽ, ഇരുളും മഴയും നിറഞ്ഞ ഒരു രാത്രിയിൽ അവളുടെ ദേഹി ആ ക്ഷീണിച്ചു വലഞ്ഞ ദേഹത്തെ വിട്ടുപോയി. കനകവല്ലിയായിരുന്നു ആ സ്ത്രീ.

---

# സകലതും വിഫലം

ചുറ്റും പരന്നുപരന്നുപോകുന്ന മൈതാനത്തിന്റെ നടുവിലായി ഒട്ടകത്തിന്റെ ഉപ്പിന്റെ ആകൃതിയിൽ, ചെടികളൊന്നും വളരാത്തതും തവിട്ടുനിറത്തിലുള്ളതുമായ ഒരു കുന്നു നിന്നിരുന്നു. രണ്ടു സ്നേഹിതന്മാർ മുകളിലേയ്ക്കു നടന്നുകയറി വന്നു് ഇരുന്നു. അതിൽ ചെറുപ്പക്കാരനായ മുപ്പത്തിയഞ്ചുവയസ്സുള്ള രത്തൻ പറഞ്ഞു. "അശചതഫ്, നോക്കൂ, ശക്തി എത്രമാത്രം ദുർവിനിയോഗംചെയ്യുന്നുവെന്നു്! ഈ കുന്നിൽ ഒരു പുല്ക്കൊടിയുമില്ല. ഇരിക്കാൻ ഒരു കല്ലുപോലുമില്ല. നാം ഈ ബുദ്ധിമുട്ടിയതിനു് നമുക്കു ഒരു പ്രതിഫലവും ലഭിച്ചില്ല. ഇതു് ഇങ്ങിനെയേ വരികയുള്ളുവെന്നു് ഞാൻ നിങ്ങളോടു പറഞ്ഞില്ലേ? വേറെ ഏതെങ്കിലും വഴിക്കു് നാം സായാഹ്നസവാരി നടത്തിയാൽ മതിയായിരുന്നു. ഈ മൊട്ടക്കുന്നിൽ നിങ്ങളെ ആകർഷിക്കത്തക്കവിധം എന്താണു് ഉണ്ടായിരുന്നതെന്നു് എനിക്കു സങ്കല്പിക്കാൻപോലും സാദ്ധ്യമല്ല."

"തികഞ്ഞ നഗ്നതതന്നെ." നാല്പത്തിയഞ്ചു വയസ്സോളം ഉണ്ടായിരുന്ന അശചതഫ് പറഞ്ഞു. "എല്ലാ വസ്തുക്കളുടേയും കുരുക്കുകളും മൂടികളും നീക്കംചെയ്തു് അവയെ ശരിയായരീതിയിൽ വിലയിരുത്തേണ്ടതായ ഒരു ഘട്ടം ഓരോ മനുഷ്യന്റേയും ജീവിതത്തിൽ ആവിർഭവിക്കാറുണ്ടു്."

"ഈ കുന്നിന്റെ വിലതിട്ടപ്പെടുത്താനല്ലല്ലോ നിങ്ങൾ ഇവിടെ വന്നതു്. അതിനാണെങ്കിൽ നിങ്ങൾ ഇങ്ങിനെ ബുദ്ധിമുട്ടേണ്ട കാര്യമുണ്ടായിരുന്നില്ല. ഒരുമൈൽ അകലെ

നിന്നു നോക്കിയാലും നിങ്ങൾക്ക് ഈ നഗ്നത വ്യക്തമായി കാണാമായിരുന്നു. കുരുക്കുകളോ, പൊന്തികളോ ഒന്നും മാററാനുമുണ്ടായിരുന്നില്ല." മററയാറം മറുപടിപറഞ്ഞു.

"അല്ല, അല്ല; ഞാൻ ഈ കുന്നിൻെറ വില തിട്ടപ്പെടുത്തുന്ന കാര്യമല്ല പറഞ്ഞതു്. എൻെറ ജീവിതത്തിൻെറ വില ഇരുത്തുകയാണു് എനിക്കു വേണ്ടിയിരുന്നതു്. അതുപോലെതന്നെയിരിക്കുന്ന ഈ മൊട്ടക്കുന്നിനെ അടുത്തു നോക്കി അതിൻെറവ്യർത്ഥത ബോദ്ധ്യപ്പെടുകയാണാവശ്യം. ഇവിടെ ഒരൊററ പുല്ക്കൊടിപോലുമില്ല. ആവശ്യത്തിനു പററിയ കല്ല് ഇവിടെനിന്നു വെട്ടിയെടുക്കാനുമില്ല. ചുരുക്കത്തിൽ, ഈ കുന്നു് എൻെറ ജീവിതംപോലെതന്നെ തികച്ചും ഊഷരവും അതിനുവേണ്ടി മാത്രം നിലകൊള്ളുന്നതുമാണു്." ദുഃഖംകൊണ്ടു് ഇടറുന്നസ്വരത്തിൽ അശ്വത്ഥ് പറഞ്ഞു.

"എന്താണു് അശ്വത്ഥ്?" സ്നേഹിതൻ ചോദിച്ചു "നിങ്ങളുടെ ജീവിതത്തിനു് എന്താണു തരക്കേടു്? നിങ്ങളുടെ ജീവിതം വ്യർത്ഥമാണെന്നു് എനിക്കു ഒരിക്കലുംതോന്നിയിട്ടില്ല"

"ഇല്ലില്ല. അതുപോലെതന്നെ അടുത്തുവന്നു് ശ്രദ്ധിച്ചുപരിശോധിക്കുന്നതുവരെ ഈ കുന്നിൻെറ നിലനില്പും വ്യർത്ഥമാണെന്നു ആക്കും തോന്നുകയില്ല."

"അങ്ങിനെയാണെങ്കിൽ, ഞാനും നിങ്ങളുടെ ജീവിതത്തിനു് അടുത്തെത്തി അതൊന്നു സൂക്ഷിച്ചുനോക്കട്ടെ" രത്തൻ പറഞ്ഞു "നിങ്ങൾക്കു സാധിക്കുന്നതു വിശദമായ വിവരങ്ങൾ എനിക്കു തരിക."

"അങ്ങിനെ എൻെറ ശൂന്യതയുടെ വ്യാപ്തി മുഴുവൻ നിങ്ങൾക്കു് അറിയാൻകഴിയണം, അല്ലേ?" അശ്വത്ഥ് ചോദിച്ചു. "ഏതായാലും ശ്രദ്ധിച്ചുകേൾക്കൂ. എന്റെ

ന്നാൽ എന്റെ ആത്മാവിന്റെ ഭാരം ആരിലേയ്ക്കെങ്കിലും ഇറക്കിക്കൊടുക്കുന്നതും ആത്മശോധനയിൽനിന്ന് ആശ്വാസംനേടുന്നതും എനിക്കു ഗുണംചെയ്യും."

"തുടങ്ങൂ. ഞാൻ ശ്രദ്ധയോടെകേട്ടുകൊള്ളാം" രത്തൻ പറഞ്ഞു.

അശ്വത്ഥ് ഇങ്ങിനെ തുടങ്ങി. "മാന്യതയുള്ള ഒരു ജന്മികുടുംബത്തിലാണ് ഞാൻ ജനിച്ചതെന്ന് നിങ്ങൾക്കു അറിയാമല്ലോ. എന്റെ അച്ഛൻ ബുദ്ധിമാനായിരുന്നു പക്ഷെ കമല എന്നു പേരായ സമർത്ഥയായ ഭൃത്യയുടെ കുടിലതന്ത്രങ്ങളിൽനിന്നു ആ ബുദ്ധിശക്തി അദ്ദേഹത്തെ രക്ഷിച്ചില്ല. അദ്ദേഹം അവളെ വെപ്പാട്ടിയായി വച്ചുകൊണ്ടിരുന്നു. അമ്മ എന്തൊക്കെ പറഞ്ഞിട്ടും പ്രവർത്തിച്ചിട്ടും അച്ഛൻ അവളെ ഉപേക്ഷിച്ചുപോന്നില്ല. എൻറമ്മ നന്മയുടെ മൂർത്തീഭാവമായിരുന്നു. അവർ വ്യസനിച്ച് എന്നും ചുട്ടകണ്ണീരൊഴുക്കി. വളരെക്കാലത്തേയ്ക്കു് അവക്കു കുട്ടികളൊന്നും ഉണ്ടായില്ല. ഒടുവിൽ അവർ എന്നെ ഗർഭംധരിച്ചു. സ്വല്പം സന്തോഷമെങ്കിലും തനിക്കു സിദ്ധിക്കുമെന്നും മാതാവു തോററിടത്തു് കുഞ്ഞു ജയിക്കുമെന്നും, പുത്രവാത്സല്യംകൊണ്ടെങ്കിലും അച്ഛൻ വീട്ടിൽ താമസിക്കുമെന്നും അവർ പ്രതീക്ഷിച്ചു കഷ്ടം! ഭാഗ്യദോഷത്തിന് ഇതേ കാലത്തുതന്നെ കമലയും ഗർഭംധരിച്ചു. അച്ഛൻ ഭാര്യയെ ഉപേക്ഷിച്ച് അവളുടെ വീട്ടിൽതന്നെ താമസമാക്കി. ഗർഭകാലം ആനന്ദമയമായി തീരേണ്ടതിനു പകരം അതവക്ക് അത്യധികമായ ദുഃഖത്തിന് സംഗതിയാക്കി. എങ്കിലും വരാൻപോകുന്ന പ്രസവത്തെ ഓർത്തുള്ള ആശ്വാസം വേദനിക്കുന്ന അവരുടെ ഹൃദയത്തെ ഒരു കോട്ടയെന്നപോലെ സംരക്ഷിച്ചു. ഏകാന്തതയിൽ തനിക്കു് ഒരു കൂട്ടുണ്ടാകുമല്ലോ എന്നായിരുന്നു അവക്കു അവരുടെ ആശ്വാസഹേതു. രണ്ടു പ്രസവവും ഒരേദിവസം നടക്കണമെന്നതും വിധിനി

ശ്ചയമായിരുന്നു. തൻെറ അവകാശി ജനിക്കുന്ന ദിവസം മെങ്കിലും ഭർത്താവുവന്നു് ജീവിതാനന്ദം നൽകുമെന്നു് അമ്മ പ്രതീക്ഷിച്ചിരുന്നു. എന്നാൽ, അദ്ദേഹം ആ സമയത്തു ഒരു ഡാക്ടരും രണ്ടു മിഡ്‌വൈഫ്‌മാരും ഒരുമിച്ചു കമലയുടെ വീട്ടിൽ ആയിരുന്നുഎന്നതാണു് ഉണ്ടായ സംഭവം. വെറും സ്നേഹവും ധർമ്മബോധവുംകൊണ്ടു് അമ്മയെ ശുശ്രൂഷിക്കാനെത്തിയിരുന്ന ദരിദ്രയായ ഒരയൽക്കാരിയല്ലാതെ അമ്മയെ സഹായിക്കാൻ മററാരുംഉണ്ടായിരുന്നില്ല. കഠിനവും നീണ്ടു നിന്നതുമായ നോവിനെത്തുടർന്നു് അമ്മ എന്നെപ്രസവിച്ചു. കുഞ്ഞു കരഞ്ഞില്ല. ഒരുപക്ഷെ കരയാൻ പാടില്ലാത്ത വിധം ഗർഭപാത്രത്തിനകത്തുവച്ചുതന്നെ അതു വളരെ യേറെ സങ്കടം അനുഭവിച്ചു ശ്വാസംമുട്ടിയിട്ടുണ്ടാകണം. ക്രൂരമായ ലോകത്തെ കണ്ടു് അതു മോഹാലസ്യപ്പെട്ടിരിക്കണം. ലോകത്തിലെ അനീതികളുടെ ആഘാതങ്ങൾ ഗർഭപാത്രത്തിലും ചെന്നെത്തി അതിനെ പീഡിപ്പിച്ചിരുന്നല്ലോ. ദയവുള്ള ആ അയൽക്കാരി ഏത്രയും ദയാശൂന്യമായ ഒരു പ്രവൃത്തിചെയ്തു. ആ കുഞ്ഞു് ചാകാൻ അനുവദിച്ചു് വ്യർത്ഥമായ ഒരു ജീവിതം നയിക്കുന്നതു കൂടാതെ കഴിക്കുവാൻ അനുവദിക്കുന്നതിനു പകരം അവർ കൃത്രിമമായ ശ്വാസസഞ്ചാരംനൽകി അതിൻെറഉള്ളിൽ ബലാൽജീവൻ പ്രവേശിപ്പിച്ചു നുള്ളിനോക്കിയപ്പോൾ ദയനീയനായ ആ തെണ്ടി കരഞ്ഞു. അങ്ങിനെ ക്ഷീണിച്ചുതളൎന്ന മാതാവിനു അല്പം ആനന്ദം ഉണ്ടായി.

എനിക്കു് അശ്വത്ഥ് എന്നു പേരിട്ടു. അശ്വത്ഥ വൃക്ഷത്തെപ്പോലെ എനിക്കു ചുവട്ടിൽ വേരുകളൊന്നുമുണ്ടായിരുന്നില്ല. ഭൂമിയിലെ അച്ഛൻ കാണിക്കുന്ന ഉപേക്ഷയ്ക്കു പരിഹാരംഉണ്ടാക്കുന്ന; സർവ്വത്ര നീതിമാനായ പിതാവു സ്ഥിതിചെയ്യുന്നതെന്നു് കരുതപ്പെടുന്ന, ആകാശത്തിൽമാത്രമെ അശ്വത്ഥത്തെപ്പോലെ എനിക്കും വേരുകളുണ്ടായിരു

ന്നുള്ളൂ. ജനനംമുതൽ അഞ്ചു വയസ്സാകുന്നതുവരെ അമ്മയുടെ ആശയും ആനന്ദവും സർവ്വവും ആയി ഞാൻ അമ്മയുടെകൂടെത്തന്നെ ഉണ്ടായിരുന്നു. എന്റെ അച്ഛനെ വളരെ ചുരുക്കമായേ ഞാൻ കണ്ടിരുന്നുള്ളൂ. ഉള്ള സമയമത്രയും അദ്ദേഹം കമലയുടെ വീട്ടിൽ കഴിച്ചുകൂട്ടി. ഊണുപോലും അദ്ദേഹം അവിടെനിന്നു കഴിച്ചു. അവൾക്കുവേണ്ടി വല്ലതും എടുത്തുകൊണ്ടുപോകുവാൻമാത്രമേ അദ്ദേഹം വീട്ടിൽ വന്നിരുന്നുള്ളൂ. പൂർവ്വികസ്വത്തുക്കളായുണ്ടായിരുന്ന സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടുമുള്ള ആഭരണങ്ങളും, പഴയ മാതൃകയിലുള്ള ഓട്ടുപാത്രങ്ങളും പിച്ചളപ്പാത്രങ്ങളും എല്ലാം കമലയുടെ വീട്ടിൽ ചെന്നുപററി. എന്റെ അമ്മ എപ്പോഴും കരഞ്ഞുകൊണ്ടിരിക്കും. പുഞ്ചിരി ആ മുഖത്തെ ഒരിക്കലും പ്രസന്നമാക്കിയില്ല. എന്നെ ഓമനിക്കുമ്പോഴും ചുംബിക്കുമ്പോഴുംപോലും ആ മുഖം തെളിഞ്ഞില്ല. അവർ എന്നോടുപറയാറുണ്ടായിരുന്നു "എന്റെ മകനേ, നീ എന്നിൽ ജനിച്ചതു വലിയ കഷ്ടമായി. നീ മററതെങ്കിലും ഗർഭപാത്രത്തിലാണു ജനിച്ചിരുന്നതെങ്കിൽ, എത്ര അഗാധമായ ആനന്ദം നിനക്കു് അനുഭവിക്കാമായിരുന്നു!" പലപ്പോഴും അവൾക്കു ദേഷ്യംവരും. നിഷ്ഫലമായ ദേഷ്യംകൊണ്ടു്, അതിന്റെ പ്രയോജനശൂന്യതമനസ്സിലാക്കാതെ അപ്പോഴം അവർ കമലയെ പ്രാകും.

'കാര്യമാത്രപ്രസക്തമായ ഈ ലോകത്തിൽ, സ്നേഹം ആനന്ദത്തിനു പരിഹാരമാകയില്ല. കണ്ണുനീർ അന്തമില്ലാതെ പ്രവഹിക്കുവാൻ തുടങ്ങിയാൽ, അതിൽനിന്നൊഴിഞ്ഞുമാറാനുള്ള ശ്രമത്തിൽ കലാശിക്കും. അങ്ങിനെ അമ്മയേയും അവരുടെ അന്തമില്ലാത്ത കണ്ണീരൊഴുക്കും കാണുകയാൽ അതിൽനിന്നു ഒഴിഞ്ഞുനില്ക്കുവാൻ എനിക്കു തോന്നി. ബാലസഹജമായ ജിജ്ഞാസയും ഉടനെതന്നെ കമലയുടെ അടുത്തുചെല്ലുവാൻ എന്നെ പ്രേരിപ്പിച്ചു. ആ വെപ്പാട്ടി

സന്തോഷവതിയായും ഉത്സാഹവതിയായും കാണപ്പെട്ടു. എൻെറച്ഛൻ അവളോടു പറഞ്ഞു. "ഇതാണു് മറേറച്ചെറുക്കൻ" അവൾ മറുപടി പറഞ്ഞു. "നമ്മുടെ കുഞ്ഞുമായി തട്ടിച്ചുനോക്കുമ്പോൾ എന്തു വൃത്തികെട്ട ജന്തുവാണു് ഇവൻ!" അതു ശരിയുമായിരുന്നു. നീളക്കുപ്പായിട്ടിൽ പൊതിഞ്ഞു്, സ്വർണ്ണമോതിരങ്ങളും വജ്രകുണ്ഡലങ്ങളും അണിഞ്ഞു നില്ക്കുന്ന അവനുമായി താരതമ്യപ്പെടുത്തുമ്പോൾ, ഞാൻ മറേറതോ ഹീനലോകത്തിൽനിന്നുവന്നവനാണെന്നു തോന്നുമായിരുന്നു. എൻെറ എതിരാളിയുടെ പ്രാഭവത്തെ ഓർത്തു് അസൂയപ്പെട്ടു നില്ക്കാൻ എനിക്കു നേരം കിട്ടിയില്ല. അവിടെനിന്നു് ഇറങ്ങിപ്പോകുവാൻ കമല പറഞ്ഞു. കരുണ തോന്നിക്കുന്ന എന്നെക്കണ്ടു് അച്ഛനു് ഹൃദയം അലിഞ്ഞെങ്കിലോ എന്നു ഭയന്നായിരിക്കണം അവളങ്ങിനെ ചെയ്തതു്. വേണ്ടത്ര സമയം ലഭിച്ചിരുന്നെങ്കിൽ, അങ്ങേയററം ദുഷ്ടനായ ഒരുത്തനുപോലും പശ്ചാത്താപം തോന്നുമായിരുന്നു എന്നതാണു വാസ്തവം. ഞാൻ പോകാൻ തയ്യാറില്ലായിരുന്നു. അപ്പോൾ ഒരു ഭൃത്യൻ അവിടെവന്നു് എന്നെ പിടിച്ചുതള്ളുകതന്നെ ചെയ്തു. ഞാൻ കരഞ്ഞുകൊണ്ടു് അമ്മയുടെ അടുത്തെത്തി എല്ലാകാര്യങ്ങളും പറഞ്ഞു. സഹതാപം തോന്നുന്നതിനുപകരം, അവരുടെ കോപം അനിയന്ത്രിതമായി തീൎന്നു് വിനയപൂർണ്ണമായ എൻെറ ശിരസ്സിൽ പതിച്ചു. തുടയിൽ ഒരടിയും വച്ചുതന്നു. തിരസ്കൃതമായ പ്രേമത്തെപ്പോലെ ഭയാനകമായി മറെറാന്നില്ല. പ്രത്യേകിച്ചും ആത്മാഭിമാനം ക്ഷതപ്പെടുകയും ഭയം ജനിക്കുകയും ചെയ്തിരിക്കുമ്പോൾ. കമലയുടെ വീട്ടിൽപോയി സ്വയം നാണംകെടുകയും തന്നെ നാണംകെടുത്തുകയും ചെയ്തല്ലോ എന്നോർത്തുള്ള ദേഷ്യം കൊണ്ടും, ഞാൻ കൂടെക്കൂടെ കമലയുടെ വീട്ടിൽപോയി ദുഷിക്കുകയും, കുറഞ്ഞപക്ഷം തന്നിൽനിന്നു് വിട്ടകലുകയും ചെയ്യുമല്ലോ എന്നുള്ള ഭയംകൊണ്ടും ചുട്ടുപഴുത്ത തവിക്ക

ണ്ടുകൊണ്ടു് അവർ എന്റെ തുടയ്ക്കു ചൂടുവച്ചു. മൃദുവായ എന്റെ മാംസത്തിൽ അതു ചുട്ടുകയറി. ഞാൻ വേദന കൊണ്ടു വിളിച്ചുമോങ്ങി. ഒരു നിമിഷത്തിൽ ഇതിന്റെ പ്രത്യാഘാതമുണ്ടായി. ഒരു ദുഷ്ടപിശാചാണെന്നു് അവർ സ്വയംവിളിച്ചു. പിന്നെ മൂന്നു പ്രാവശ്യം ചുട്ടുപഴുത്ത ഇരുമ്പുകൊണ്ടു് തന്റെ ദേഹം പൊള്ളിച്ചു. അവർ വേദന കൊണ്ടു നിലവിളിച്ചില്ല. യഥാർത്ഥത്തിൽ അവർ ശാന്തയാകുകയാണു ചെയ്തതു്. എന്റെ പൊള്ളൽ അവർ ശ്രദ്ധയോടെ ചികിത്സിച്ചു. ഏതാനും ദിവസത്തിനകം അതു ഭേദമായി. എങ്കിലും ആ വടു ശേഷിച്ചു. അതോടൊപ്പം ദാരുണവും ഭയജനകവും ആയ ഓർമ്മയും. അവരുടെ വ്രണങ്ങൾ അവർ ശുശ്രൂഷിച്ചതേ ഇല്ല. എങ്കിലും പ്രകൃതിശക്തിയാൽ അവയും ഉണങ്ങി വേദനിപ്പിക്കുന്ന പൊള്ളലായിരിക്കുമല്ലോ ശിക്ഷ എന്നോർത്തു് അതിൽ പിന്നെ ഞാൻ കമലയുടെ വീട്ടിൽ പോയില്ല.

"പത്താംവയസ്സിൽ എന്നെ സ്കൂളിൽ അയച്ചു. ഇക്കാലത്തിനകം എന്റച്ഛൻ സ്വത്തുക്കൾ മിക്കവാറും കമലയ്ക്കു കൊടുത്തുകഴിഞ്ഞിരുന്നു. എന്റെ സ്കൂൾപഠിപ്പിനുള്ള വകയുണ്ടാക്കുവാൻ അമ്മ വിഷമിച്ചു. സ്കൂൾ ഫീസ് കൊടുക്കാനും, പഴയ പുസ്തകങ്ങളും പൊട്ടസ്ലേറ്റുകളും വാങ്ങാനും ഉള്ളവക സമ്പാദ്യങ്ങൾ വിററുണ്ടാക്കുവാൻ അവർക്ക് എങ്ങനെയായാലും കഴിഞ്ഞു ആ സ്കൂളിൽതന്നെ പുതിയ പുസ്തകങ്ങളും സ്ലേററും ആയി, രാജകുമാരനെപ്പോലെ വേഷമണിഞ്ഞു് കമലയുടെ മകൻ വന്നിരുന്നു. എന്റെ വൃത്തികെട്ട വേഷവും പുസ്തകങ്ങളും അവൻ വെറുപ്പോടെ നോക്കുകയും എന്നെ കൊഞ്ഞനംകുത്തി കാണിക്കുകയും ചെയ്യും. ഒരു ദിവസം അവൻ അവന്റെ പുതിയ സ്ലേററ് എനിക്കു തന്നിട്ടു പറഞ്ഞു. "നിന്റെ പൊട്ട സ്ലേററ് എനിക്കു് അപമാനകരമാണു്. എന്തെന്നാൽ

നീയ്യും എൻെറ അച്ഛൻെറ മകനാണെന്ന സകലക്കും അറിയാം. ഇതാ ഇതു് എടുത്തുകൊള്ളൂ" അതുംകൊണ്ടു് ഞാൻ അമ്മയുടെ അടുത്തുചെന്നു. അവക്കു പിന്നെയും ദേഷ്യംവന്നു. അവർ പറഞ്ഞു. "നീ എന്തുതന്നെ ചെയ്താലും ഇരക്കരുതു്. തെണ്ടുകയാണെങ്കിൽതന്നെ, ഭക്തിയോടെ തരുന്നവരോടുയാചിക്കുക. അല്ലാതെ പുച്ഛഭാവത്തിൽ എറിഞ്ഞുതരുന്നവരോടു യാചിക്കരുതു്." ഞാൻ ആ സ്ലേററ് ഇഷ്ടപ്പെട്ടുവെങ്കിലും, അതു തിരിച്ചുകൊടുക്കുവാൻ നിർബ്ബന്ധിതനായി. "എന്താണു നീ അതു തിരിച്ചുതരുന്നതു്? ഞാൻ പുതിയൊരു സ്ലേററു വാങ്ങിക്കഴിഞ്ഞതല്ലോ." എൻെറ സഹോദരൻ പറഞ്ഞു. അമ്മയെ കുററപ്പെടുത്തണമെന്നു് എനിക്കു് ആഗ്രഹമുണ്ടായിരുന്നില്ല. അതിനാൽ ഈവിധം പറഞ്ഞു. "പഴയ സ്ലേററുകൊണ്ടു് തൃപ്തനാണു ഞാൻ. നേർവഴിക്കു കിട്ടിയ പണംകൊണ്ടു വാങ്ങിയതാണതു്." അവൻെറ കണ്ണുകൾ കോപാകുലങ്ങളായി. പിന്നെ അവൻ പറഞ്ഞു. "പാപീ, ഞങ്ങളുടെ പണം ചീത്തമാൎഗ്ഗത്തിൽ കിട്ടിയതാണെന്നാണോ നീ ദോഷാരോപണംചെയ്യുന്നതു്?" ഇതു പറഞ്ഞു് അവൻ എന്നെ ആക്രമിച്ചു. ആഹാരമില്ലാതെ തളൎന്നു, ദുഃഖിച്ചുകഴിയുന്ന ഞാൻ അവനു് ഒരു ജോഡിയായിരുന്നില്ല. ഒരു മിനിട്ടിൽ ഞാൻ അവൻെറ കരുണയ്ക്കു വിധേയനായിത്തീൎന്നു. അവൻ പറഞ്ഞു "ഇനി എന്നോടു മാപ്പു ചോദിക്കൂ. എന്നിട്ടു് സ്ലേററു് തിരിച്ചെടുക്കു്." "ഇല്ല; ഞാൻ ചത്താലും എടുക്കുകയില്ല." ഞാൻ പറഞ്ഞു. വെറുപ്പോടുകൂടി അവൻ എന്നെ തൊഴിച്ചു. "നിൻെറ മരണത്തെക്കാൾ നിൻെറ ജീവിതമാണു് നിനക്കു കൂടുതൽ പീഡാജനകമായിരിക്കുക. എന്തിനു് ഞാൻ നിന്നെക്കൊണ്ടു് എൻെറ കൈ അഴുക്കാക്കുന്നു? എന്തൊക്കെയായാലും നീ നിൻെറ അമ്മയുടെ കൈയിലെ ആയുധം മാത്രമാകുന്നു. നിനക്കു് എൻെറ സ്ലേററ് സ്വീകരിക്കാൻ

ഇത്ര അന്തസ്സാണെങ്കിൽ, പച്ചക്കറികൾ വേറെ ആൾ മുഖാന്തിരം വിററ് ഞങ്ങളുടെ ചീത്തസ്വത്തിൽ ഒരു പങ്ക് എന്തിനാണ് നിൻെറ അമ്മ തട്ടിയെടുക്കുന്നത്. പച്ചക്കറി വില്ക്കുന്ന ആ സ്ത്രീ അതു കൊണ്ടുതരുന്നത് ഞങ്ങൾക്കാണെന്നു നിൻെറ അമ്മയ്ക്കു അറിയാം. നേരിട്ടു വിററാൽ കൂടുതൽ പണം കിട്ടുമെന്നും അവൾക്കറിയാം. കഷ്ടം, കള്ളക്കൌശലംനിറഞ്ഞ ഉൗടുവഴിയിൽക്കൂടിയുള്ള ഈ ഇടപാടുകൾ! അതോർത്തിട്ട് എനിക്കു വല്ലാതെവരുന്നു. വെപ്പാട്ടിസമ്പ്രദായത്തെക്കാൾ ചീത്തയാണത്." അവൻെറ അമ്മയുടെ അഭിപ്രായങ്ങൾ മാത്രമാണു അവൻ പറഞ്ഞിരുന്നത്. എങ്കിലും, ലജ്ജകൊണ്ട് എൻെറ ശരീരം കത്തിജ്വലിക്കുന്നുവോ എന്ന് എനിക്കു തോന്നി. ഞാൻ വൈകിട്ട് അമ്മയുടെ അടുത്തുചെന്ന് ഈ വിവരം പറഞ്ഞു. "അമ്മേ, ആ കിഴവിക്കച്ചവടക്കാരിക്കു നിങ്ങൾ കൊടുക്കുന്ന പച്ചക്കറികൾ അവൾ വില്ക്കുന്നതു വെപ്പാട്ടിക്കാണോ?" ഞാൻ ചോദിച്ചു. അമ്മ പറഞ്ഞു "അതെ. എന്താണു നീ അങ്ങിനെചോദിക്കാൻ." എന്താണു ഉണ്ടായതെന്ന് ഞാൻ അവരോടു പറഞ്ഞു. "കുഞ്ഞേ, നമുക്കു അതിൽനിന്നു ഒഴിയുവാൻ നിവൃത്തിയില്ല. ഞാൻ പച്ചക്കറി വില്ക്കാതിരുന്നാൽ നിന്നെ സ്കൂളിൽ അയയ്ക്കാനുള്ള വക ഉണ്ടാക്കാൻ എനിക്കു മാർഗ്ഗമൊന്നുമില്ല. അഭിമാനത്തേയും വികാരങ്ങളേയുംകാൾ പ്രധാനം നിൻെറ വിദ്യാഭ്യാസമാണ്" അവർ പറഞ്ഞു. ഞാൻ ചോദിച്ചു. "അപ്പോൾ ഞാൻ ആ സ്ലേററു വാങ്ങിച്ചതിൽ എന്താണു തെററ്?" "ഛീ, അതു നിനക്കു് എറിഞ്ഞുതന്ന ഭിക്ഷയാണ്. ഇതു നാം വേലയെടുത്തുണ്ടാക്കിയ സസ്യങ്ങൾക്കു് കിട്ടുന്ന ഏററവും ചുരുങ്ങിയ വിലയും. പിന്നെ, ആ കച്ചവടക്കാരി, അവ ആർക്കാണു വില്ക്കുന്നതെന്നു തിരക്കീട്ട് നമുക്കു എന്താണു ആവശ്യം?" എനിക്കു ഇതു കേട്ടിട്ടു ബോധ്യം വന്നില്ല. എങ്കിലും ഞാൻ മിണ്ടിയില്ല.

എന്റെ അമ്മ തനിക്കുവേണ്ടി ദാസിപ്പണി എടുക്കുകയാണെന്നും, തന്റെ പണംകൊണ്ടാണു അമ്മ ജീവിച്ചു കഴിയുന്നതെന്നും കമല വീരവാദം പറയുന്നതായി, ഏതാനംനാൾ കഴിഞ്ഞപ്പോൾ പച്ചക്കറി വില്പനക്കാരി അമ്മയോടു പറഞ്ഞു. അമ്മയ്ക്കു് ഇതു കേട്ടു സങ്കടമുണ്ടായി. എങ്കിലും മുഖം മറച്ചുകൊണ്ടു് അവർ പറഞ്ഞു "അവൾ ഏല്പിക്കുന്ന ഏതു അപമാനവും എന്റെ കുഞ്ഞിനുവേണ്ടി ഞാൻ സഹിച്ചേ പററൂ." ഒരു മാസംകൂടി കഴിഞ്ഞു. കമല ഞങ്ങളുടെ പച്ചക്കറി വാങ്ങാതായി. ഇതിന്റെ ഫലമായി വൃദ്ധയായ ആ പച്ചക്കറിക്കാരി കുറഞ്ഞ വിലയേ തരാൻ തയ്യാറായുള്ളു. എനിക്കു സ്കൂൾഫീസ് തരുവാൻ നിവൃത്തിയുണ്ടായിരുന്നില്ല. അതിനാൽ അമ്മ അസാധാരണമായ ഒരു പ്രവൃത്തിചെയ്തു. അവർ കമലയുടെ വീട്ടിൽ പോയി. അച്ഛനെ പുറത്തേയ്ക്കു വിളിച്ചിട്ടു അവർ പറഞ്ഞു. "സ്കൂളിൽ ഫീസ്കൊടുക്കുവാൻ നിങ്ങളുടെ മകന്റെ കൈയിൽ പണം ഒട്ടുമില്ല. നിങ്ങൾ അതുകൊടുക്കണം." അദ്ദേഹം പറഞ്ഞു. "വൃത്തികെട്ട പെണ്ണേ, പോ ഇവിടുന്നു്. നീയും നിന്റെ മകനും എനിക്കു് അന്യരാണു്." "എന്റെ വാല്യക്കാരിയായി നിൽക്കൂ. എന്നാൽ നിന്റെ മകനു് ഞാൻ സ്കൂൾഫീസ് കൊടുക്കാം;" എന്നു കമല പറഞ്ഞു. എന്നാൽ അമ്മയുടെ ഒററനോട്ടംകൊണ്ടു് അവളുടെ ധിക്കാരം അപ്രത്യക്ഷമായി. എന്റെ അമ്മ അഭിമാനത്തോടുകൂടി പറഞ്ഞു. "പെണ്ണിന്റെ ആകൃതിയിലുള്ള പിശാചേ, മുകളിലുള്ള അവിടുന്നു് ഇതിനു നിനക്കു സമ്മാനം തന്നുകൊള്ളും. തീർച്ചയായും നന്മ ഈ ലോകത്തെ ഭരിക്കുന്നുണ്ടു്." "നന്മ നിന്റെ ലോകത്തെയാണു ഭരിക്കുന്നതു്, എന്റേതിനെയല്ല" ചിരിച്ചുകൊണ്ടു കമല പറഞ്ഞു. "അഹോ, നന്മയുടെ ആകാരമേ, നിനക്കു ലഭിക്കുന്ന സമ്മാനം ദാരിദ്ര്യമാണു്. തിന്മയുടെ ദാസിയായ ഞാൻ സമ്പത്തിൽകിടന്നുരുളുകയുംചെയ്യുന്നു. നിന്റെ

സൗന്ദര്യമൊക്കെ എത്രയോനാൾമുമ്പേ പൊയ്പോയി. വൃദ്ധയാകുന്ന കള്ളൻ അതെല്ലാം അപഹരിച്ചുകളഞ്ഞു. നിന്റെ നെററിയിൽ ഒരു ആയിരം ചുളിയുണ്ട്. എന്റെ യാകട്ടെ പട്ടുപോലെ മിനുത്തിരിക്കുന്നു. ആരോഗ്യവും, സമ്പത്തും, സൗന്ദര്യവും, പ്രേമവും, വിശ്രമവും എല്ലാം എനിക്കുള്ളതാകുന്നു." "നീ ഇതിനൊക്കെ നരകത്തിൽ അനുഭവിച്ചുകൊള്ളും." അമ്മപറഞ്ഞു. "ശരിയായിരിക്കാം! നരകമായിരിക്കാം എനിക്കു കിട്ടുന്നതു്. ഹോ, ഒരു നന്മ നിറഞ്ഞ സ്ത്രീ." മററവൾ പറഞ്ഞു. "എങ്കിലും നരകത്തിൽ ആയിരംകൊല്ലം കഴിച്ചുകൂട്ടുന്നതിൽ നല്ലതു് ഒരു ദിവസം ഭൂമിയിൽ സുഖിക്കുകയാണു്." ഹൃദയവും നീതിയും ഇല്ലാത്ത ആ സ്ത്രീയോടു വാദിച്ചുനിന്നതുകൊണ്ടു വിശേഷമില്ലെന്നു കാണുകയാൽ അമ്മ നേരെ വീട്ടിലേയ്ക്കുപോന്നു.

"എന്റെ ഫീസ് എങ്ങിനെ കൊടുക്കുമെന്നുള്ള പ്രശ്നം അതോടെ ഉത്ഭവിച്ചു. സ്വത്തു ഭാഗിച്ചുകിട്ടണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു്, അച്ഛനെ പ്രതിയാക്കി എനിക്കുവേണ്ടി അമ്മ കേസ് ഫയൽചെയ്തു. അദ്ദേഹം രക്ഷാകർത്തൃസ്ഥാനത്തിനു കൊള്ളാത്തവനാണെന്നും പൂർവ്വികസമ്പത്തു നശിപ്പിച്ചുകളയുന്നു എന്നും അന്യായത്തിൽ പറഞ്ഞിരുന്നു. കേസ് നടന്നിരുന്നകാലത്തു് സമാധാനം എന്നതു് അവർ അറിഞ്ഞിരുന്നില്ല. ഭർത്താവിനോടു് അവർക്കുണ്ടായിരുന്ന അഗാധപ്രേമംനിമിത്തം, എന്നെ പൊള്ളിച്ചപ്പോഴുണ്ടായമാതിരിയുള്ള ഹൃദയവേദന അവർ അനുഭവിച്ചു. "ഒരാളെ സ്നേഹിക്കാൻവേണ്ടി മറെറാരാളെ എനിക്കു ബലികഴിക്കേണ്ടിവരുന്നു. വിത്തു സൂക്ഷിക്കുവാൻവേണ്ടി എനിക്കു കായ് ചെത്തിമുറിക്കേണ്ടിവരുന്നു." എന്നു്അവർ അയൽക്കാരിയോടു പറഞ്ഞു. എന്നാൽ ഇതുകൊണ്ടുമാത്രം ആയില്ല. കേസ്നടത്താനുള്ള പണം ഞങ്ങൾക്കുണ്ടാക്കേണ്ടിവന്നു. വക്കീൽഫീസ് വമ്പിച്ചതായിരുന്നു. എന്നാൽ

അവരുടെ ഇടയിലുള്ള മത്സരവും അവരുടെ ആവശ്യങ്ങളും നിമിത്തം, കേസ് ജയിച്ചുകഴിഞ്ഞു ഫീസ് കൊടുക്കാമെന്നുള്ള വ്യവസ്ഥയിൽ പ്രാപ്തനായ ഒരു വക്കീലിനെ ഏപ്പാടുചെയ്യുവാൻ ഞങ്ങൾക്കു എളുപ്പം കഴിഞ്ഞു. സ്റ്റാമ്പുഫീസിൻെറ കാൎയ്യത്തിൽ ഈ സാവകാശം ലഭിച്ചില്ല. ഈ കേസ്സ് ഒരു പാപ്പരുകേസ്സായി ഫയൽചെയ്യുവാൻ കോടതി അനുവദിച്ചില്ല. അതിനാൽ വമ്പിച്ച പലിശയ്ക്കു ഞങ്ങൾക്കു പണം കടംവാങ്ങേണ്ടിവന്നു. അവസാനമായി, എന്നാൽ ഒട്ടുംതന്നെ അപ്രധാനമല്ലാത്ത സാക്ഷികളുടെ പ്രശ്നവും ഉത്ഭവിച്ചു. അച്ഛൻ കമലയെ വെച്ചുകൊണ്ടിരിക്കുന്നുവെന്നും, അദ്ദേഹം അവളുടെ വീട്ടിലാണു കഴിച്ചുകൂട്ടുന്നതെന്നും, ഞങ്ങളുടെ ധനമെല്ലാം അവിടെയാണു ചെലവഴിക്കുന്നതെന്നും, ഭാൎയ്യയേയും കുഞ്ഞിനേയും ഉപേക്ഷിച്ചിട്ടിരിക്കുകയാണെന്നുംഉള്ള വസ്തുതകൾ കുപ്രസിദ്ധമായിത്തീൎന്നിരുന്നു. പക്ഷേ ഇതെല്ലാം കോടതിയിൽ തെളിയിക്കേണ്ടതാണെന്നു നിങ്ങൾക്കു അറിയാമല്ലോ. അച്ഛൻകൊടുത്ത പത്രികയിൽ കമലയെ വെപ്പാട്ടിയായി വച്ചിരിക്കുകയാണെന്നും അവളും ഒരുമിച്ചാണു് താമസമെന്നുംഉള്ള വാദങ്ങൾ നിഷേധിച്ചു. ഞാനും എൻെറ അമ്മയും തല്പരകക്ഷികളാണെന്നും ഞങ്ങളുടെ മൊഴിക്കു് വലിയ വിലഉണ്ടാകയില്ലെന്നും ഞങ്ങളുടെ വക്കീൽ തെളിച്ചുപറഞ്ഞു. ഒരു സ്വാധീനശക്തിയുമില്ലാത്ത തെണ്ടികളായ ഞങ്ങളെ ആരു് ഇഷ്ടപ്പെടും? താല്പൎയ്യമില്ലാത്ത ചില സാക്ഷികളെ ഓരോരുത്തൎക്കും വലിയ ഫീസ്കൊടുക്കാമെന്ന വ്യവസ്ഥയിൽ ഞങ്ങൾക്കു ഏൎപ്പാടുചെയ്യേണ്ടിവന്നു. ഇതുകൂടാതെ അവരുടെ തീവണ്ടിച്ചെലവും വമ്പിച്ച തീററിച്ചെലവും വഹിക്കേണ്ടിയിരുന്നു. വീട്ടിൽ പരുക്കൻ ആഹാരംകഴിച്ചു ശീലിച്ച അവർ ഞങ്ങളോടു് സദ്യവട്ടങ്ങൾ ആവശ്യപ്പെട്ടു. കൊടുത്തില്ലെങ്കിൽ എതിർപക്ഷം ചേരുമെന്നു ഭയപ്പെടുത്തി. അവൎക്കു കീഴടങ്ങാതെ ഞങ്ങൾക്കു നിവൃത്തിയി

ല്ലെന്നവന്നു. എൻെറ അച്ഛൻെറ സാക്ഷികളും ഇതിൽ നിന്നു ഭേദപ്പെട്ടവരായിരുന്നില്ല. വയററാലിത്തരത്തിലും ഞങ്ങളെ ഉൗററിപ്പിഴിയുന്നതിലും രണ്ടുകൂട്ടം സാക്ഷികളും സൗഹാർദ്ദപൂർവ്വം മത്സരിക്കുകയാണോ എന്നു വാസ്തവത്തിൽ ഞങ്ങൾക്കു തോന്നി. ഞങ്ങളുടെ കഷ്ടകാലത്തിനു് കേസ് പലവർഷങ്ങൾ നീണ്ടുപോയി. ഭീതിജനകമാംവിധം കൂടെ കൂടെയും അകന്നകന്നും കേസുകൾ അവധിമാററി. ചില അവധിക്കു സാക്ഷിസമൻസ് നടത്തിയിരിക്കുകയില്ല; ചില പ്പോൾ രേഖകൾ ഹാജരാക്കാൻ സാധിച്ചിട്ടുണ്ടാകയില്ല; മറെറാരവധിക്കു് വക്കീലിനു സൗകര്യപ്പെട്ടില്ലെന്നുവരും; പിന്നൊരവധിക്കു ഒരു വക്കീലിനു സുഖക്കേടായിരിക്കും; അടുത്ത അവധിക്കു മററ വക്കീലിനു ഹൈക്കോടതിയിൽ അത്യാവശ്യമായ ഒരു കേസുകാണും; ആറാമത്തു് അവധിക്കു് രാജിയാലോചനകൾ നടക്കുകയായിരിക്കും; അതിനടുത്ത അവധിക്കു കോടതിക്കു സമയം ഉണ്ടാകയില്ല. അങ്ങിനെ യിങ്ങനെ അവധി നീണ്ടുപോയി. ഞങ്ങൾക്കു് സാക്ഷിക ളേയുംകൊണ്ടു് കോടതിയിൽ പോകുകയും തിരിച്ചു വരി കയും അങ്ങിനെ അവരുടെ വണ്ടിച്ചെലവും തീററിച്ചെ ലവും നടത്തുകയും വേണ്ടിവന്നു. കേസ് നീണ്ടുപോകുന്ന തിനെപ്പററി പരാതിപറഞ്ഞപ്പോൾ, ഒരു സാക്ഷി അമ്മ യോടു പറയുകയുണ്ടായി, "അമ്മേ, നിങ്ങൾക്കു ഒരു കേസ്സേ ഉള്ളു, അതുകൊണ്ടു് വിളംബംകൂടാതെ കഴിക്കാം. എന്നാൽ കോടതിക്കു് ആയിരം കേസുകളുണ്ടു്. അതുകൊണ്ടു് സാവ കാശത്തിലായിപ്പോകാതെ തരമില്ല. പരാതി പറയേണ്ടതു ഞങ്ങളാണു്; എന്തെന്നാൽ കേസുകൊണ്ടു് നിങ്ങൾ ക്കാണു് ലാഭം ഉണ്ടാകാൻപോകുന്നതു്; ഞങ്ങൾക്കൊന്നും കിട്ടുകയില്ല. എങ്കിലും, കേസ് ഏഴുകൊല്ലം നീണ്ടുപോ യാലും ഞങ്ങൾ വേണ്ടതുപോലെ നോക്കിക്കൊള്ളാം. അത്ര യ്ക്കു ധർമ്മബോധം ഞങ്ങൾക്കുണ്ടു്." അമ്മ സൂക്ഷ്മബുദ്ധി യായിരുന്നു. അതിനാൽ മറുപടിഒന്നും പറയാതെ ഒന്നു

പുഞ്ചിരിക്കുകമാത്രംചെയ്തു. ഞാൻ അത്രയ്ക്കു വിചാരശീല നായിരുന്നില്ല. "കേസുനടക്കുന്ന കാലത്തു നിങ്ങൾക്കു നല്ല ഊണുകിട്ടുമല്ലോ. പിന്നെ അതവസാനിക്കണമെന്നു് നിങ്ങളെന്തിനു് ആഗ്രഹിക്കണം?" എന്നു ഞാൻ തുറന്നടിച്ചു. ഞാൻ വിറച്ചുപോകത്തക്കവിധം അമ്മ എന്നെ ഒന്നു നോക്കി. പക്ഷേ സാക്ഷികൾ ചിരിച്ചതേയുള്ളു. അവരിൽ ഏററവും പ്രായംകൂടിയ, ദയാലുവെന്നു തോന്നിക്കുന്ന നരച്ച താടിയുള്ളയാൾപറഞ്ഞു, "ബുദ്ധിയുള്ളകുട്ടി, നീ ജീവിതത്തിൽ ജയിക്കുമെന്നുള്ളതു തീച്ച്തന്നെ." മററു സാക്ഷികളും ഹൃദയപൂവ്വം അതിനോടു യോജിച്ചു. അവക്കു അനുകൂലമായുള്ള വസ്തുതയും പറയണമല്ലോ. രണ്ടുകൂട്ടം സാക്ഷികളും ക്രാസ്വിസ്താരമാകുന്ന അഗ്നിപരീക്ഷയിലും ജയിച്ചുവന്നു. അവർ നൽകിയ തെളിവിൻെറ ഒരു അംശംപോലും അവക്കു സ്വന്തനിലയിൽ അറിവുള്ളതായിരുന്നില്ലെങ്കിലും അവർ അതെത്രയും വിദഗ്ദ്ധമായി നൽകുകയുണ്ടായി. പാറക്കെട്ടു തിരമാലകളെ ചെറുത്തുനില്ക്കുന്നപോലെ അവർ ക്രാസ് വിസ്താരത്തിൽ തെററാതെനിന്നു. അമ്മയേയും എന്നെയും സംബന്ധിച്ച അനുഭവം അതായിരുന്നില്ല. ഞങ്ങൾ പറഞ്ഞതൊക്കെ സത്യമാണെങ്കിലും കൗശലംനിറഞ്ഞ ചോദ്യങ്ങൾക്കുള്ളിൽ കുഴങ്ങിപ്പോയി. ദയനീയമായ വളരെയേറെ വൈരുദ്ധ്യങ്ങൾ ഞങ്ങൾ പറഞ്ഞുപോയി. അച്ഛൻ ഒന്നാമതായി കമലയുടെ വീട്ടിൽപോയപ്പോൾ ഇരുട്ടായിരുന്നോ നിലാവായിരുന്നോ? ഞാനും എൻെറ അമ്മയും അന്യരാണെന്നു് അച്ഛൻ പ്രഖ്യാപിച്ചപ്പോൾ ഞങ്ങളുടെ ഏതു വശത്താണു് അദ്ദേഹം ഇരുന്നിരുന്നതു്? കമലയുമായി സഹവസിക്കുന്നതു് ഞാനും എൻെറ അമ്മയും സ്വന്തകണ്ണുകൊണ്ടു കണ്ടിട്ടുണ്ടോ? എൻെറ അച്ഛൻെറവക കുറെ പണം അമ്മ എടുത്തിട്ടില്ലേ; അവരെ അച്ഛൻ ശിക്ഷിച്ചതുകൊണ്ടല്ലേ രണ്ടുപേരുംതമ്മിൽ വിരോധം ഉണ്ടായിട്ടുള്ളതു്? അച്ഛൻെറവക ഒരു വെള്ളിക്കപ്പു മോഷ്ടിച്ചു് ഒരയൽക്കാ

രനു ഞാൻ വിററില്ലേ? ഇതെല്ലാമായിരുന്നു ഞങ്ങളോടു ചോദിച്ച ചില ചോദ്യങ്ങൾ. ഞങ്ങൾ ദേഷ്യഭാവത്തിൽ അതെല്ലാം നിഷേധിച്ചതിനു് ക്ഷോഭിക്കരുതെന്നു കോടതിയിൽനിന്നു താക്കീതുനൽകുകമാത്രമാണുണ്ടായതു്. മൂന്നു നീണ്ട വർഷത്തിനുശേഷം കോടതി വിധിപ്രസ്താവിച്ചു. വീട്ടും പുരയിടവും ഏതാനും പാത്രങ്ങളും എനിക്കു നൽകണമെന്നായിരുന്നു വിധി. ഞങ്ങൾ വീട്ടും പുരയിടവും മൂവായിരം രൂപായ്ക്കു വിററു് രണ്ടായിരം രൂപയുടെ കടംവീട്ടി. വിധിയനുസരിച്ചുള്ള കോർട്ടുചെലവുകഴിച്ചു ബാക്കിയുള്ള വക്കീൽഫീസ് കൊടുക്കുവാൻ ശേഷിച്ചതുക വിനിയോഗിച്ചു. പിന്നെ ഞങ്ങൾ ഒരു വാടകവീട്ടിലേയ്ക്കു മാറി.

കേസ്സിനു വേണ്ടിവന്ന വമ്പിച്ച ചെലവു് ഓർത്തു് എൻെറ അമ്മ വല്ലാതെ വ്യസനിച്ചു. ഞങ്ങളുടെ വീടു കിട്ടുമെന്ന പ്രതീക്ഷയിൽ കമലയും അത്രയും തുക ചെലവാക്കിയല്ലോ എന്നതുമാത്രമായിരുന്നു അവൎക്കുണ്ടായ ആശ്വാസം. അവർ സന്തോഷപൂർവം എന്നോടു പറഞ്ഞു:—"ദുർമ്മാൎഗ്ഗത്തിൽകിട്ടിയ അവളുടെ പണവും വളരെയേറെ പുറത്തുചാടിയല്ലോ. ഇനിയും ഒന്നും കൊടുക്കാനില്ലാത്തതുകൊണ്ടു് അവൾ ഇനിയും അച്ഛനെ വേഗം പുറത്താക്കിക്കൊള്ളും. ഒരു മാസത്തിനകം അവൾ അദ്ദേഹത്തെ അടിച്ചോടിക്കും. നമുക്കു് അപ്പോൾ അദ്ദേഹവുമായി യോജിച്ചു കഴിയാം." അവർ പറഞ്ഞതുപോലെ കാൎയ്യങ്ങൾ സംഭവിച്ചു. എൻെറ അമ്മ ഇക്കാൎയ്യം പറഞ്ഞു് ഒരാഴ്ച കഷ്ടിച്ചു കഴിഞ്ഞു്; അപ്പോഴേക്കും ഒരു ദിവസം ഹോട്ടൽക്കാരൻ കിട്ടാനുള്ള പണത്തിൻെറ കണക്കുമായി കമലയുടെ വീട്ടിൽ ചെന്നു. അയാളോടു വാങ്ങിയ ഊണിനും മധുരപലഹാരങ്ങൾക്കും ഉള്ള കണക്കുകളായിരുന്നു അതു്. അച്ഛൻെറ കൈയിൽ പണം ഉണ്ടായിരുന്നില്ല. നല്ലകാലം വരുമ്പോൾ പലിശസഹിതം തിരിച്ചുകൊടുക്കാ

മെന്നുപറഞ്ഞു് ആ തുക കൊടുക്കുവാൻ അദ്ദേഹം കമല യോടു ആവശ്യപ്പെട്ടു. കണക്കിൽക്കൊണ്ട സാധനങ്ങ ളിൽ കൂടുതലും ഉള്ളിലാക്കിയതു് അവളും കുഞ്ഞുങ്ങളും അവളുടെ സഹോദരനുംകൂടിയായിരുന്നെങ്കിലും കമല ഒരു പൈ പോലും കൊടുക്കാൻ കൂട്ടാക്കിയില്ല. അവരം പുച്ഛ രസത്തിൽ അച്ഛനോടു പറഞ്ഞു "നിങ്ങൾക്കിനി എന്നാ ണു് നല്ലകാലം വരുന്നതു്, വേലയൊന്നും ചെയ്യാതെ തിന്നുമുടിക്കുന്ന നിങ്ങൾക്കു് ഒരു പൈ എങ്കിലും എന്നു വീട്ടാൻ കഴിയും? നിങ്ങളുടെ ആ നശിച്ച ഭാൎയ്യയുടെ കേസ്സു മൂലം എന്നെ നശിപ്പിച്ചിട്ടു്, ഇനിയും ശേഷിച്ചതുതിന്നു് എന്നെ തീരെ നശിപ്പിക്കാമെന്നു കരുതരുതു്. ഞാൻ തീരെ താഴ്ന്നുപോകുന്നതിന്നു് ഇടയാകാതെ ഉടൻ എൻെറ വീട്ടിൽനിന്നു പോകൂ." കണ്ണും ചെവിയും ഒന്നും വിശ്വസി ക്കാൻ സാധിക്കാതെ അച്ഛൻ പറഞ്ഞു: "എന്താണിതു്? ഇതിനാണോ ഞാൻ എൻെറ സകലതും നിനക്കുവേണ്ടി ത്യജിച്ചതു്?" "നിങ്ങളുടെ എല്ലാമെന്നോ? എൻെറ എല്ലാം എന്നു പറയുകയാണു ശരി. നിങ്ങളുടെ ദോശാസ ക്തിക്കുവേണ്ടി എൻെറ യൗവനം നിങ്ങൾ നശിപ്പിച്ചു, അഞ്ചു പിള്ളേരെക്കൂടെ ഉണ്ടാക്കി എൻെറ ഭാരം വൎദ്ധി പ്പിച്ചു, എൻെറ സൽപ്പേരു നിങ്ങൾ നശിപ്പിച്ചു, എൻെറ സമ്പാദ്യം നിങ്ങൾ വിഴുങ്ങി, എൻെറ വീടു നിങ്ങൾ നരക മാക്കിത്തീൎത്തു. പാപീ, ഞാൻ മുങ്ങിത്താഴുന്നതിനുമുമ്പു് ഇവിടുന്നു പൊയ്ക്കൊള്ളൂ" എന്നവൾ പറഞ്ഞു. വേരുറച്ച പോലെ അച്ഛൻ അവിടെത്തന്നെനിന്നുപോയി. ഹോട്ടൽ ക്കാരൻെറ ഉച്ചത്തിലുള്ള ചിരിയും അതിലേറെ ഉച്ചത്തി ലുള്ള അഭിപ്രായവും കേൾക്കുന്നതുവരെ അതൊരു സ്വപ്ന മാണോ, യാഥാൎത്ഥ്യമാണോ എന്നു് അദ്ദേഹം അതിശ യിച്ചുപോയി. "എനിക്കു സമയമായി, എൻെറ പണംതരൂ; ഞാൻ പോകട്ടെ"എന്നു ഹോട്ടല്ക്കാരൻപറയുന്നതുകേട്ടപ്പോ ഴേ അച്ഛനു യാഥാൎത്ഥ്യബോധം ഉണ്ടായുള്ളൂ. "നന്ദികെട്ട

ട്ടേ" അദ്ദേഹം കമലയോടു പറഞ്ഞു. "നീ ഇന്നു നിൻെറ വിഷസഞ്ചികാണിച്ചു. നീ ഇത്രയേറെ വിഷം നിറച്ചുവച്ചിട്ടുണ്ടെന്നു് ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല." അവഠം പറഞ്ഞു: "എന്നാൽ അതിപ്പോഠം അറിഞ്ഞുകൊള്ളു. ഉടൻതന്നെ ഇവിടുന്നു് ഇറങ്ങിപ്പൊയ്ക്കോ."

"ഞാൻ ഇപ്പോഠം തന്നെ പൊയ്ക്കൊള്ളാം" എന്നു പറഞ്ഞു് അദ്ദേഹം പടിക്കലേയ്ക്കു നടന്നു.

"നിങ്ങളുടെ പിള്ളേരെക്കൂടി കൊണ്ടുപൊയ്ക്കോ" എന്നു് അവഠം അലറി. പിന്നെ അഞ്ചു കുട്ടികളേയും അവഠം അദ്ദേഹത്തിൻെറ പിന്നാലെ ഓടിച്ചു.

"ഞാൻ അവരെക്കൊണ്ടു് എന്തുചെയ്യും? അവക്കു് ആഹാരത്തിനുള്ള വക ഞാൻ എങ്ങിനെ കൊടുക്കും?" നിരാശാപൂവ്വം അദ്ദേഹം പറഞ്ഞു.

"നിങ്ങഠംക്കു് അതു നല്ലപോലെ അറിയാമല്ലോ. ഇക്കാര്യത്തിൽ ഞാൻ ഒരഭിപ്രായവും പറയുന്നില്ല. പലിശ സഹിതം വീട്ടാൻമാത്രം തുക സമ്പാദിക്കുന്നതുവരെ ഒരു പക്ഷേ ഹോട്ടൽക്കാരൻ അവക്കു ആഹാരം കൊടുത്തുകൊള്ളും" എന്നു് അവഠം പറഞ്ഞു.

"ഇല്ല. ഞാൻ കൊടുക്കുകയില്ല." ഹോട്ടൽക്കാരൻ പറഞ്ഞു. "എന്നെ തൂക്കിക്കൊന്നാൽപോലും ഈ തെണ്ടിക്കു് ഞാൻ ഒരു വററു കൊടുക്കുകയില്ല."

കുട്ടികഠം പരിഭ്രമിച്ചുപോയി. അവർ അമ്മയോടു പററിപ്പിടിച്ചുനിന്നു "അമ്മെ ഞങ്ങളെ അടിച്ചോടിക്കാതെ." എന്നവർ പറഞ്ഞു.

"നിങ്ങഠം നിങ്ങളുടെ അച്ഛൻെറക്കൂടെപ്പോക്കു." അവഠം നിഷ്ഠുരണം പറഞ്ഞു. "അയാളാണു് നിങ്ങളെ

എനിക്കു തന്നതു്. ഞാൻ അയാളെ നിങ്ങൾക്കു തിരിച്ചു കൊടുക്കുന്നു. ഞാൻ സവ്വത്ര നശിച്ചു. ഇനിയും നിങ്ങളെ തീററിപ്പോററാൻ എനിക്കു നിവൃത്തിയില്ല. പോരെങ്കിൽ എനിക്കു ജീവിതം ആദ്യംമുതല്ക്കേ ആരംഭിക്കേണ്ടിയുമിരിക്കുന്നു. വെപ്പാട്ടികളുടെ ജീവിതമത്സരത്തിൽ, അഞ്ചു കുട്ടികളുടെഭാരം നാശഹേതുകമായിരിക്കും.” പിന്നെ അവളും സഹോദരനും ഓരോ വടി എടുത്തുകൊണ്ടു് കുഞ്ഞുങ്ങളെ അച്ഛൻെറ അടുത്തേയ്ക്കു് അടിച്ചോടിച്ചു.

“തനിച്ചു ജീവിക്കാൻ തന്നെ എനിക്കു് അറിഞ്ഞുകൂടായിരുന്നു. ഈ അഞ്ചുപേരും ഉണ്ടെങ്കിൽ, താൻ താഴ്ന്നുപോയതുതന്നെ” എന്നച്ഛൻ വിലപിച്ചു.

“മുങ്ങുകയൊ, നീന്തുകയൊ ചെയ്യൂ. ഒരു തരിമ്പും ഞാൻ അതേപ്പററി കരുതുന്നില്ല.” കമല മറുപടിപറഞ്ഞു. “നിങ്ങളെ ഞാൻ കൈ ഒഴിഞ്ഞു; നിങ്ങളുടെ സന്താനങ്ങളേയും. നിങ്ങൾ എൻെറ ജീവിതത്തിൽ പ്രവേശിച്ച ദിവസം ദുർദ്ദിനമായിരുന്നു. എണ്ണമില്ലാത്ത നിങ്ങളുടെ സന്താനങ്ങളേയും അന്തമില്ലാത്ത കടക്കാരേയുംകൊണ്ടു് നിങ്ങൾ ഇവിടംവിട്ടു് ഒഴിയുന്നതുമുതൽ എൻെറ നല്ലകാലം ആരംഭിക്കും.” പിന്നെ അവർ പടിവാതിലും കതകും അടച്ചു. നിരാശനിറഞ്ഞ അച്ഛൻ പിള്ളരേയും കടക്കാരനേയും പിന്നിൽ ഇട്ടിട്ടു് ഒരോട്ടംവച്ചുകൊടുത്തു. പക്ഷെ അവർ അദ്ദേഹത്തെ പിന്തുടരുകയും വേഗം അദ്ദേഹത്തിൻെറ മുന്നിൽ എത്തുകയും ചെയ്തു. കമലയുടെ വീട്ടിൽ വളരെ നാളായി അടച്ചു് ഇരുന്നതുകൊണ്ടു് അദ്ദേഹത്തിൻെറ കാൽ വേഗത കുറഞ്ഞുപോയിരുന്നു.

“ഞാൻ ആത്മഹത്യചെയ്യും.” നിരാശാപൂവ്വം അദ്ദേഹം പറഞ്ഞു. “എൻെറ കടം വീട്ടുന്നതിനുമുമ്പു് അതു സാധ്യമല്ല.” കിതച്ചുകൊണ്ടു ഹോട്ടൽക്കാരൻ പറ

ഞ്ഞു. "എന്നെ ആരു തടുക്കും?" എന്റെ അച്ഛൻ ചോദിച്ചു "ക്രിമിനൽ നിയമവും ഞാനും." ഹോട്ടൽക്കാരൻ മറുപടി പറഞ്ഞു. "ആത്മഹത്യചെയ്ത ഒരാളെ എങ്ങിനെ ശിക്ഷിക്കുവാൻ കഴിയും?" അച്ഛൻ ചോദിച്ചു. "ആത്മഹത്യചെയ്തുകഴിഞ്ഞാൽ ശിക്ഷിക്കാൻ ഒക്കുകയില്ല. പക്ഷേ, അതിനുള്ള ശ്രമത്തിനു ശിക്ഷനൽകുവാൻ കഴിയും. ആത്മഹത്യയ്ക്കു ശ്രമിക്കുക എന്ന ഘട്ടത്തിനപ്പുറം നിങ്ങൾ പോകാതെ ഞാൻ ശ്രദ്ധിക്കും. നമ്മുടെ നീതിനിറഞ്ഞ നിയമം നിങ്ങളെ രക്ഷിച്ചുകൊള്ളുകയും ചെയ്യും പക്ഷേ എന്റെ കടം വീട്ടിയേക്കാമെങ്കിൽ, നിങ്ങൾ എന്തു ചെയ്യുന്നു എന്നോർത്തു ഞാൻ ക്ലേശിക്കുകയില്ല. അയാൾ മറുപടിപറഞ്ഞു. "നിങ്ങളുടെ കടം വീട്ടിയതിനുശേഷം ആത്മഹത്യചെയ്തതുകൊണ്ട് എന്തു കാര്യം സാധിക്കാനാണ്?" അച്ഛൻ ചോദിച്ചു. "അപ്പോൾ എന്റെ കടം തിരിച്ചുതരാതെ കഴിക്കാൻവേണ്ടിയാണോ നിങ്ങൾ ആത്മഹത്യ ചെയ്യാൻ പോകുന്നതു്? അതേയോ?" ഹോട്ടൽക്കാരൻ ചോദിച്ചു. "നിങ്ങൾക്കു് അതിനു് അവസരം കിട്ടാതെ ഞാൻ നോക്കിക്കൊള്ളും."

"നിങ്ങളുടെ ഹോട്ടലിന്റെ കാര്യം ആരു് അന്വേഷിക്കും?" അച്ഛൻ ചോദിച്ചു.

"നിങ്ങൾ അതേപ്പററി ക്ലേശിക്കേണ്ട. അതിനു വേണ്ടത്ര ആളുകളുണ്ടു്" ഹോട്ടൽക്കാരൻ മറുപടി പറഞ്ഞു.

"ഒററയ്ക്കായാൽതന്നെ എന്താണുചെയ്യേണ്ടതെന്നു് എനിക്കു് അറിഞ്ഞുകൂടാ. നിങ്ങൾ ആറുപേർ എന്നെ പിന്തുടൻകൊണ്ടിരിക്കുമ്പോൾ തികച്ചും നിരാശയാണുതോന്നുന്നതു്." അച്ഛൻ പറഞ്ഞു.

"നമുക്കു നിങ്ങളുടെ ഭാര്യയുടെ അടുക്കലേയ്ക്കു പോകാം. ആ മാന്യസ്ത്രീ നിങ്ങളെ ഒരുപക്ഷെ തിരിച്ചു സ്വീക

രിക്കുകയും എൻെറ കടം വീട്ടുകയും ചെയ്യുക്കും." ഹോട്ടൽക്കാരൻ പറഞ്ഞു.

"അവഠം അങ്ങിനെ ചെയ്യുമോ? എൻെറപേരിൽ കേസുകൊടുത്ത അവഠം എനിക്കുവേണ്ടി എന്തെങ്കിലും ചെലവാക്കുകയോ എന്നെ സ്വീകരിക്കുകയോ ചെയ്യുമോ?" അച്ഛൻ മറുപടി പറഞ്ഞു

"ഒന്നു ശ്രമിച്ചുനോക്കുന്നതുകൊണ്ടു തരക്കേടൊന്നുമില്ല." ഹോട്ടൽക്കാരൻ പറഞ്ഞു. "അവർ കാരുണ്യം കാണിക്കുമെന്നു് എനിക്കു് എന്തോ ഒരു തോന്നൽ."

"ഇത്രയൊക്കെ നടന്നതിനുശേഷം അവളുടെഅടുത്തു ചെല്ലുന്നതു് ആത്മഹത്യചെയ്യുകയേക്കാഠം കഷ്ടമാണു്." അച്ഛൻ പറഞ്ഞു.

"അതേ; ആത്മഹത്യ നടപ്പില്ലാത്ത സ്ഥിതിക്കു് ഇങ്ങനെ ഒന്നു പരീക്ഷിച്ചു നോക്കുകയാണു നല്ലതു്." മററയാഠം അഭിപ്രായപ്പെട്ടു.

അച്ഛൻ ചോദിച്ചു. "ഈ പിള്ളരെ എന്തുചെയ്യും? ഇവരെ കണ്ടാൽ ഭാര്യ കോപിക്കുമെന്നതു തീച്ചതന്നെ."

"അവരുടെ അമ്മയും അമ്മാവനും ചെയ്തതുപോലെ നമുക്കു് അവരെ വടിയെടുത്തു് ഓടിക്കാം." ഹോട്ടൽക്കാരൻ പറഞ്ഞു. പിന്നെ അയാളും അച്ഛനുംചേൎന്നു് അവരുടെ വടിവീശി. ആ സാധുപിള്ളർ പറഞ്ഞു "ഞങ്ങളുടെ അമ്മ ഞങ്ങളെ വടിഎടുത്തു് ഓടിച്ചു. നിങ്ങളും വടി എടുത്തു് ഓടിക്കുന്നു. ഞങ്ങഠം എന്തുചെയ്യും?"

"തെണ്ടുകയോ തന്നത്താൻ ചാകുകയോ ചെയ്യു്." ഹോട്ടൽക്കാരൻ പറഞ്ഞു. "നിങ്ങഠം എനിക്കു് ഒന്നും തരാനില്ലാത്തതുകൊണ്ടു്, നിങ്ങഠം ആത്മഹത്യചെയ്താൽ ഞാൻ തടസ്സപ്പെടുത്തുകയില്ല." എൻെറ സഹപാഠി അപ്പോഠം

മറേറ കുഞ്ഞുങ്ങളോടു പറഞ്ഞു. "വരു, അനിയന്മാരെ, എന്തിന്ന് അടികൊള്ളണം? നമുക്ക ഹോട്ടൽപയ്യന്മാരായിനിന്നു നമുക്കു് ആവശ്യമുള്ള വക ഉണ്ടാക്കാം. നമ്മെ പ്രസവിച്ച അമ്മ ശപിക്കപ്പെട്ടവരാണു്. അതിൻെറ മൂന്നിരട്ടി ശപിക്കപ്പെട്ടവനാണു്, നമ്മുടെ ജനനത്തിന്നു കാരണക്കാരനായ നമ്മുടെ അച്ഛൻ. വിലപിച്ചതുകൊണ്ടു വിശേഷമില്ല. വല്ല മരണം നമ്മെ മോചിപ്പിക്കുന്നതുവരെ നമുക്കു് അടിമകളായി കഴിയാം"

"എൻെറ ഹോട്ടലിലേയ്ക്കു പോയി ഞാൻ വരുന്നതുവരെ കാത്തിരിക്കൂ! ഹോട്ടൽക്കാരൻ വിളിച്ചുപറഞ്ഞു. "നിങ്ങളുടെ അമ്മയേയും അച്ഛനേയുംപോലെ ഞാൻ അത്രയ്ക്കു ക്രൂരനല്ല. നിങ്ങൾക്കു് ഞാൻ ഒരു സന്ദർഭംതരാം."

എൻെറ സഹപാഠിപറഞ്ഞു. "നിങ്ങളുടെ അടിമയായി കഴിയുന്നതിനുള്ള ഒരവസരം ഞങ്ങളെ ദൂഷണംചെയ്യുന്നതിനുള്ള അവസരം. പക്ഷെ മററു മാൎഗ്ഗമില്ലല്ലോ. പഴയ വിദ്യാലയമേ, പുസ്തകങ്ങളെ, കളികളേ, അല്ലൽ അറിയാത്ത ദിവസങ്ങളെ, നിങ്ങൾക്കെല്ലാം നമസ്കാരം! ശരി, ഞങ്ങൾ നിങ്ങളുടെ ഹോട്ടലിൽ കാത്തുനില്ക്കും. വേഗം വരണം." പിന്നെ ആ കുട്ടികൾ അവിടെനിന്നു പോയി.

അച്ഛനും ഹോട്ടൽക്കാരനും പിന്നെ ഞങ്ങളുടെ വീട്ടിൽവന്നു. ഞാനും അമ്മയും അകത്തായിരുന്നു. ഞാൻ ഉണ്ണാൻ ഭാവിക്കുകയായിരുന്നു. പടിക്കൽ ഒരു മുട്ടുകേട്ടു. "അതു് എണ്ണക്കച്ചവടക്കാരനായിരിക്കണം" എൻെറ അമ്മപറഞ്ഞു. ഞാൻ വാതിൽ തുറക്കാനായി ഓടിച്ചെന്നു. വാതിൽ തുറന്നു്, അച്ഛനേയും ഹോട്ടൽക്കാരനേയും കണ്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. എൻെറ അമ്മയും എണ്ണഭരണിയും പണവും ആയി എൻെറ പിന്നാലെ വന്നിട്ടുണ്ടായിരുന്നു. വിശേഷപ്പെട്ട രീതിയിലുള്ള ഈ

തിരിച്ചുവരവുകണ്ടു് അവരും അത്ഭുതപ്പെട്ടു. "ഞാനിതാ തിരിച്ചുവന്നിരിക്കുന്നു" അച്ഛൻ പറഞ്ഞു. 'നിങ്ങൾക്കു തിരിച്ചുവരാനുള്ള സമയമായോ?' അമ്മചോദിച്ചു.

"കഴിഞ്ഞതൊക്കെ മറന്നു് എന്നെ തിരികെ സ്വീകരിക്കൂ എന്റെ ഓമനേ!" എന്റെ അച്ഛൻ പറഞ്ഞു "ആ ദുഷ്ടസ്ത്രീ എന്നെ അടിച്ചോടിച്ചു" അച്ഛൻ പറഞ്ഞു.

"മറക്കാൻപാടില്ലാത്തവിധം കഴിഞ്ഞകാലം ദൈർഘ്യവും തെളിച്ചവും ഏറിയതാകുന്നു." അമ്മ പറഞ്ഞു.

"നിങ്ങൾ എന്താണു് ഭർത്താവിനോടു് അകത്തുവരാൻ പറയാത്തതു്?" ഹോട്ടൽക്കാരൻ ചോദിച്ചു.

"നിങ്ങൾ ആരാണു്? എന്തിനാണു് അദ്ദേഹത്തിന്റെകൂടെ വന്നിരിക്കുന്നതു്?" അമ്മ നിർവികാരയായി ചോദിച്ചു.

"ഹും. അദ്ദേഹം എനിക്കു് ഒരു ചെറിയസംഖ്യ തരാനുണ്ടു്. കൃത്യമായി പറയുന്നപക്ഷം മുപ്പതു രൂപാ രണ്ടണ ഒരു പൈ. വരണം. നിങ്ങൾ അതു വീട്ടുമെന്നു് അദ്ദേഹം എന്നോടു പറഞ്ഞു." ഹോട്ടൽക്കാരൻ നിന്നു നിവർത്തിപ്പറഞ്ഞു.

"എനിക്കു മനസ്സിലായി. നിങ്ങൾക്കു് അത്രമാത്രം കാര്യമേ ഉള്ളുവെങ്കിൽ, ഉടനേതന്നെ മടങ്ങിപ്പോകുകയാണു ഭേദം. എന്തെന്നാൽ ഒന്നും ഞാൻ തരികയില്ല" അമ്മ പറഞ്ഞു.

"എന്തു്! അദ്ദേഹം ഭക്ഷണംകഴിച്ചതിന്റെ കടം നിങ്ങൾ വീട്ടുകയില്ലെന്നോ?" ഹോട്ടൽ ഉടമസ്ഥൻ ചോദിച്ചു.

"അദ്ദേഹംതന്നെയാണോ അതു മുഴവൻ കഴിച്ചതു്? കമലയേയും അവളുടെ അഞ്ചു കുഞ്ഞുങ്ങളേയും അവളുടെ

സഹോദരനേയും നിങ്ങൾ മറന്നുവെന്നു തോന്നുന്നല്ലോ." എന്നു് അമ്മ പറഞ്ഞു.

"എങ്ങിനെയായാലും ആവശ്യപ്പെട്ടതു് ഇദ്ദേഹമാണു്. അതു തരാൻ ഇദ്ദേഹം ബാദ്ധ്യസ്ഥനമാണു്."

"നിങ്ങൾ അദ്ദേഹത്തിൻെറ പേരിൽ നടപടികൾ നടത്തിക്കൊള്ളണം."

"ഞാൻ അയാളെ സിവിൽജയിലിൽ അടപ്പിക്കും" ഹോട്ടൽക്കാരൻ പറഞ്ഞു.

"ശരി, അങ്ങിനെ ചെയ്തുകൊള്ളു. കോടതിച്ചെലവു കൂടാതെ പ്രതിമാസം പതിനഞ്ചുരൂപാ വേറെയും അടച്ചു കൊള്ളൂ. ഈ പ്രശ്നം പരിഹരിക്കുന്നതിനു് ആ ഒററമാർഗ്ഗമേ ഞാൻ കാണുന്നുള്ളൂ." അമ്മ പറഞ്ഞു.

"പക്ഷേ, നിങ്ങൾക്കു ഭർത്താവു നഷ്ടപ്പെട്ടുമല്ലോ?" ഹോട്ടൽക്കാരൻ പറഞ്ഞു.

"ഞാൻ അദ്ദേഹത്തെ എന്നേ നഷ്ടപ്പെട്ടു" എന്നായിരുന്നു ഇതിനുള്ള മറുപടി

"ഇനി ഇയാൾക്കുവേണ്ടി എൻെറ കഷ്ടപ്പെട്ടു സമ്പാദിച്ച പണം ചെലവാക്കിയാൽ ഞാൻ നശിച്ചുപോകും" ഹോട്ടൽക്കാരൻ പറഞ്ഞു. "എനിക്കു് രൂപയ്ക്കു എട്ടണ വച്ചു തരൂ ഞാൻ അതുകൊണ്ടു പൂർണ്ണമായി തൃപ്തിപ്പെട്ടു കൊള്ളാം."

"നിങ്ങൾക്കു് ഒററപ്പൈസയും തരികയില്ല." അമ്മ പറഞ്ഞു.

"രൂപയ്ക്കു നാലണവച്ചെങ്കിലും തരൂ." ഹോട്ടൽക്കാരൻ കരഞ്ഞു പറഞ്ഞു.

“ഒരു പൈസയും തരികയില്ല” അമ്മ പറഞ്ഞു.

“രണ്ടണവച്ചെങ്കിലും തരൂ. ആ എട്ടുപേരിൽ അയാൾതിന്ന വകയെങ്കിലും ആകും അങ്ങിനെയായാൽ. ഏഴുപേരും അദ്ദേഹത്തിന്റെകൂടെ ഭക്ഷിക്കാനുണ്ടായിരുള്ളു എന്നു പറഞ്ഞതല്ലോ. നിങ്ങളുടെ ഭർത്താവു് കഴിച്ചതിന്റെ വകയെങ്കിലും തരു” അയാൾ പറഞ്ഞു.

“ഒരു പൈസ തരികയില്ല” അമ്മ ആവൎത്തിച്ചു. “അദ്ദേഹം അതു കഴിക്കുമ്പോൾ എന്റെ ഭർത്താവായിരുന്നില്ല. കമലയുടെ കാമുകൻ മാത്രമായിരുന്നു.”

“ഞാൻ ഒരു തിരുമറയനാണല്ലോ.” ഹോട്ടൽക്കാരൻ പറഞ്ഞു. “ആ കുഞ്ഞുങ്ങളെ അടിച്ചോടിക്കുന്നതിൽ ഞാൻ സഹായിച്ചു; ഈ ദുഷ്ടന്റെ ആത്മഹത്യാശ്രമം ഞാൻ തടഞ്ഞു. ഈ ചെന്നായ് കടത്തിന്റെ ഒരു ഭാഗമെങ്കിലും വീട്ടുമെന്ന പ്രത്യാശയിലാണു് ഞാൻ ഇതൊക്കെ ചെയ്തതു്. ദൈവശാപം നിങ്ങളുടെ എല്ലാം മേൽ പതിക്കട്ടെ!”

“നിങ്ങളുടെ ചൊല്പടിക്കുനില്ക്കുന്നയാളല്ല ദൈവം.” ശപിച്ചും ചീത്തവിളിച്ചും വെറുപ്പോടെ തുപ്പിക്കൊണ്ടു് അപ്പാൾ തിരിച്ചുപോകുന്നതിനിടയിൽ അമ്മ പറഞ്ഞു.

“ഞാൻ അകത്തേയ്ക്കു വരട്ടെ?” അച്ഛൻ ചോദിച്ചു.

“ഇനിയും മററൊരു സ്ത്രീയുടെ വീട്ടിൽ പോകുന്നതല്ലെന്നു സത്യംചെയ്യുമെങ്കിൽ മാത്രം.” അമ്മപറഞ്ഞു.

അദ്ദേഹം അതുപോലെ പ്രതിജ്ഞചെയ്തു. ശപിക്കപ്പെട്ട ഒരു കുററവാളയെപ്പോലെ അദ്ദേഹം അകത്തേയ്ക്കു വന്നു. കമല ക്രൂരമായി പെരുമാറിയതിനെപ്പററി എല്ലാം വിസ്തരിച്ചുപറഞ്ഞു് ഹൃദയഭാരം തീക്കണമെന്നു് അദ്ദേഹത്തിനു മോഹമുണ്ടായിരുന്നു. പക്ഷെ ഈവിധം പറഞ്ഞു്

അമ്മ അതിനെ തടഞ്ഞു. "മതി, മതി. എന്തൊക്കെയാ യാലും അവർ നിങ്ങളെക്കാൾ ഭേദമാണു്. നിങ്ങൾ ഭാൎയ്യ യെ വഞ്ചിച്ചതുപോലെ അവൾ ഒരുഭൎത്താവിനേയും വഞ്ചി ച്ചില്ലല്ലോ." ദയാഹീനമായ ഈ പെരുമാററത്തിൽ അച്ഛൻ ചൂളിപ്പോയി. എൻെറ അമ്മയുടെ പ്രേമം തറയ്ക്കുന്ന കുത്തുവാക്കുകളായി രൂപം പ്രാപിച്ചിരുന്നു മുറി ച്ചിട്ടും പിന്നെയും കയറും താങ്ങുംകൊണ്ടു് നിന്നസ്ഥാനത്തു തന്നെ നിറുത്തിയിരുന്ന ഒരു വൃക്ഷത്തിൻെറ സ്ഥിതിയായി രുന്നു അച്ഛൻെറ വീട്ടിലെ സ്ഥാനം. പ്രേമജീവിതത്തിൻെറ അവിച്ഛിന്നത എന്നെന്നേയ്ക്കുമായി ഛേദിക്കപ്പെട്ടുപോയി രുന്നു. അച്ഛൻ ചിലപ്പോൾ എന്നെ താലോലിക്കാൻ തുടങ്ങും. അമ്മ അതിനെ തടഞ്ഞുകൊണ്ടു പറയും. "അവനെ ചീത്തയാക്കാതെ. സന്മാൎഗ്ഗബോധമുള്ളവനായി അവനെങ്കിലും വളൎന്നുവരട്ടെ"

അച്ഛൻ ഒരിക്കലും പ്രതിഷേധശബ്ദം പ്രകടിപ്പി ച്ചില്ല. പ്രതിഷേധിക്കാൻ പാടില്ലാത്തവിധം തൻെറ പാപം അത്രയ്ക്കു വലുതാണെന്നു് അദ്ദേഹത്തിനു് അറിയാ മായിരുന്നു. എല്ലാം നിശ്ശബ്ദമായി അദ്ദേഹം സഹിച്ചു. ഈ മനോവേദനയെ വൎദ്ധിപ്പിക്കാൻ മറെറാരു കാൎയ്യവുമു ണ്ടായി. അദ്ദേഹം പുറത്തേയ്ക്കെങ്ങാനും ഇറങ്ങിയാൽ, അദ്ദേഹത്തിൻെറ ഏതെങ്കിലും ഒരു മകൻ കണ്ടുമുട്ടി അവ നെ സംരക്ഷിക്കാത്തതിനു് അദ്ദേഹത്തെ ചീത്തവിളിക്കും. അവരെക്കാണാതെ കഴിക്കാൻവേണ്ടി അദ്ദേഹം മിക്കവാറും പുരയ്ക്കകത്തുതന്നെ കഴിച്ചുകൂട്ടും. അദ്ദേഹം ചിന്താക്രാന്ത നായി, പെട്ടെന്നുപെട്ടെന്നു ക്ഷീണിക്കാൻ തുടങ്ങി. ഏതാ നും മാസങ്ങൾക്കകം അദ്ദേഹത്തിനു് സന്നിപാതജ്വരം ബാധിച്ചു. അമ്മയുടെ പഴയ സ്നേഹം വൎദ്ധിച്ച ശക്തി യോടെ തിരിച്ചുവന്നു. പല രാത്രികളിലും ഉറക്കമിളച്ചി രുന്നു് അവർ അദ്ദേഹത്തെ പ്രേമപൂൎവ്വം പരിചരിച്ചു.

എങ്കിലും അതുകൊണ്ടു് ഒരു ഫലവുമുണ്ടായില്ല. ജീവിക്കാനുള്ള ഇച്ഛാശക്തി അദ്ദേഹത്തിനു് നശിച്ചുപോയിരുന്നു. തളൎന്ന ശരീരത്തിൽ രോഗവും ശക്തിയായി പിടിയിട്ടിരുന്നു. ഒരു മാസവുംകൂടി കഴിഞ്ഞപ്പോൾ അച്ഛൻ മരിച്ചു. ഹൃദയം പൊട്ടിപ്പോകുമോ എന്നു തോന്നുമാറു് അമ്മ കരഞ്ഞു. അദ്ദേഹത്തോടു ക്രൂരമായി പെരുമാറിയല്ലോ എന്നോൎത്തുള്ള അവരുടെ കണ്ണീരും സ്വയം നടത്തിയ ശാപവും എത്ര വ്യൎത്ഥമായിരുന്നു. അദ്ദേഹത്തിൽനിന്നു് അവർ അവസാനമായി ഗ്രഹിച്ച വാക്കുകൾ ഇതായിരുന്നു. "ഞാൻ കമലയെ ഒരിക്കലും യഥാൎത്ഥമായി സ്നേഹിച്ചിരുന്നില്ല. അതു കാമമായിരുന്നു; പ്രേമമായിരുന്നില്ല."

വൎഷങ്ങൾ പിന്നെയും കഴിഞ്ഞു. ഞാൻ സ്കൂൾ വിടുകയും ഒരു ഗവൎമ്മെൻറ് ആഫീസിൽ ക്ലാൎക്കായി നിയമിക്കപ്പെടുകയും ചെയ്തു. ഞാൻ വിവാഹം കഴിക്കണമെന്നു് അമ്മ ആവശ്യപ്പെട്ടു. എന്നെ പ്രസവിപ്പിക്കാൻ സഹായിച്ച അയൽക്കാരിക്കു് എന്നെക്കാൾ നാലുവയസ്സു് പ്രായംകുറഞ്ഞ ഒരു മകളുണ്ടായിരുന്നു. എൻെറ ഇരുപതാമത്തെ വയസ്സിൽ ഞാൻ അവളെ ഭാൎയ്യയായി സ്വീകരിച്ചു. ഞാൻ അവളെ സ്നേഹിച്ചില്ല. വെറുത്തുമില്ല. മററുള്ളവരെല്ലാം ചെയ്യുംപോലെ ഞാൻ അവളെ കല്യാണംകഴിക്കുകമാത്രം ചെയ്തു. എനിക്കു കല്യാണം കഴിക്കേണ്ടിയിരുന്നു. അവളൊരു പെണ്ണായിരുന്നു. ഞങ്ങളുടെ മാതാപിതാക്കൾ സമ്മതിക്കുകയും ചെയ്തു. നമ്മുടെ ദേശാഭിമാനികളിൽ ഒരാൾ പറഞ്ഞിട്ടുണ്ടു് "യൂറോപ്പിലുള്ളവർ സ്നേഹിക്കുന്ന പെൺകുട്ടിയെ വിവാഹം കഴിക്കുന്നു; ഇന്ത്യയിൽ കല്യാണം കഴിക്കുന്ന പെൺകുട്ടികളെ ഞങ്ങൾ സ്നേഹിക്കുന്നു." ആജ്ഞാപിക്കുന്നതനുസരിച്ചു ഉണ്ടാകുന്നതല്ല പ്രേമം. ആദ്യമൊക്കെ എനിക്കു് ഭാൎയ്യയെ പ്രേമിക്കുവാൻ സാദ്ധ്യമല്ലായിരുന്നു. തീൎച്ചയായും ഞാൻ അവളെ വെറു

ത്തിരുന്നില്ല. പക്ഷെ അവളെ സ്നേഹിക്കാതിരിക്കുന്നതും വെറുക്കാതിരിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ടല്ലോ. എന്റെ ശ്രദ്ധ തിരിഞ്ഞുപോകാതിരിക്കുവാൻവേണ്ടി ആ സാധു എന്നെ പ്രേമിച്ചു. ആ നാടകം നടന്നുപോകുവാൻ വേണ്ടി ഞാനും തത്തുല്യം പ്രേമം ഉണ്ടെന്നു ഭാവിച്ചു. പരിശീലനംകൊണ്ടു് പൂർണ്ണപ്രാഗത്ഭ്യം കിട്ടുന്നുവെന്നാണല്ലോ പറയുന്നതു്. അതെല്ലാം വെറുതെയാണു്. ഞാൻ എത്രത്തോളം പ്രേമം ഭാവിച്ചുവോ, അത്രയ്ക്കു് വാസ്തവം അറിഞ്ഞുകൂടാത്ത അവളുടെ പ്രേമവും ഏറിവന്നു. അടുത്തതായി എങ്ങിനെ നടിക്കണമെന്നോർത്തു് എനിക്കു് ബുദ്ധിമുട്ടു് അനുഭവപ്പെട്ടു. ഞങ്ങൾക്കു കുട്ടികളുണ്ടായിരുന്നില്ല. ഈ വസ്തുത ഒരു ഭ്രാന്തിയെന്നമാതിരി അവളെ ദുഃഖിപ്പിച്ചു. പ്രാർത്ഥനയോ, കണ്ണീരോ അവൾക്കു് ആവശ്യമുള്ള കുട്ടിയേ നൽകിയില്ല.

ഇതിനിടയിൽ, വീട്ടിലെ വിരസതയും, വിഫലതയും ആഫീസ്സിൽ ഒരു അടിമയെപ്പോലെ പണിചെയ്യാൻ എന്നെപ്രേരിപ്പിച്ചു. എൻ. ഡിസ്-ം ഡി. ഡിസ്-ം, ആർ. ഡിസ്-ം എൽ. ഡിസ്-ം എല്ലാം എനിക്കു പ്രേമഭാജനത്തിന്റെ മുഖംപോലെയായിരുന്നു. ഒരിക്കലും അവയിൽ തെറേറാ മറവിയോ പററിയില്ല. നോട്ടുകളും ഡ്രാഫ്ററുകളും ഇട്ടു് അററമില്ലാത്ത ഫയലുകൾ ഞാൻ സമർപ്പിച്ചുകൊണ്ടിരുന്നു. അസ്സൽ പകർപ്പുകളും ഞാൻ വളരെ വളരെ ഉണ്ടാക്കി. ഈ പകർപ്പുകളിൽ ഒററത്തെററുപോലും ഉണ്ടായിരുന്നില്ല. ഞാൻ എല്ലാക്ലാർക്കന്മാരുടേയും അസൂയാപാത്രമായിരുന്നു. എങ്കിലും ഇതിന്റെയൊക്കെ വിഫലതയെപ്പററിയുള്ള ബോധം എന്റെ ഹൃദയാന്തർഭാഗത്തുണ്ടായിരുന്നു. സസ്യങ്ങൾ ഇല്ലാത്ത ഈ കുന്നിനെപ്പോലെ സജീവമായ എന്തിനെയെങ്കിലും സൃഷ്ടിക്കുവാൻ പ്രാപ്തനല്ലാത്ത ഞാൻ എന്റെ പ്രവൃത്തിയിൽ അശേഷവും അഭിമാനിച്ചില്ല.

“എൻെറ അമ്മ മരിച്ച ദിവസം ഒരു കരിദിവസമായിരുന്നു. അച്ഛൻെറ മരണശേഷം അവക്ക് ഒരിക്കലും സുഖം ഉണ്ടായിരുന്നില്ല. ഒടുവിൽ ഒരു വിറയും പനിയും അവരുടെ മരണത്തിനു കാരണമായി. ജനിച്ചതുമുതൽ എൻെറകൂടെയുണ്ടായിരുന്ന അവരുടെ വേർപാടു് ഓത്തു ഞാൻ കരഞ്ഞു. എൻെറ ഭാൎയ്യക്കു് എത്രയും അസ്വാസ്ഥ്യത ഉണ്ടായി. അവൾ പറഞ്ഞു. “പ്രാണനാഥാ, അവർ പോയി. താമസിയാതെ നമ്മളും പോകും. അവർ നമ്മെ പിന്നിൽ വിട്ടിട്ടുപോയി നമുക്കു് പിന്നിൽ വിടാൻ ആരുമില്ലല്ലൊ.” ഇതുകേട്ടു് എനിക്കു് ദേഷ്യമാണു വന്നതു്. ഞാൻ പറഞ്ഞു. “ദൈവത്തിൻെറ കൃപയില്ലാത്തതിനു് എന്നെ എന്തിനു കുററപ്പെടുത്തുന്നു?” അവൾ എൻെറ കാൽക്കൽവീണു മാപ്പുതരണമെന്നു പ്രാൎത്ഥിച്ചു. “തരാനോ ക്ഷമിക്കാനോ ഒന്നുംതന്നെയില്ല,” എന്നു ഞാൻ പറഞ്ഞു.

“എന്നെസംബന്ധിച്ചു് അവശേഷിച്ചിരുന്ന ഒരാൾ ഭാൎയ്യമാത്രമായിരുന്നതിനാൽ, അവളോടുള്ള സ്നേഹം വൎദ്ധിച്ചുവന്നു. മൂന്നുവൎഷത്തിനുമുമ്പു് അവൾ മരിച്ചപ്പോൾ, ദുഃഖംകൊണ്ടു് ഞാനും മരിച്ചുപോകുമായിരുന്നു. അവൾക്കു് കൂടിയജാതി മസൂരിയായിരുന്നു. എനിക്കും പകന്നെങ്കിലോ എന്നു കരുതി ഒഴിഞ്ഞു നില്ക്കണമെന്നു് അവൾ എന്നോടു് ആവശ്യപ്പെട്ടു. “അസംബന്ധം!” ഞാൻ പറഞ്ഞു “എനിക്കു നീയും നിനക്കു് ഞാനും മാത്രമെ ശേഷിച്ചിട്ടുള്ളു. ഈ പുണ്യഘട്ടത്തിൽ നമ്മളെ അകററിനിൎത്തുവാൻ ഒരു രോഗത്തിനും സാദ്ധ്യമല്ല” “പ്രാണനാഥ,” അവൾ പറഞ്ഞു. “എനിക്കു മാപ്പുതരിക. എൻെറ സ്നേഹത്തെ സ്വീകരിക്കുവാനുള്ള നാട്യംമാത്രമാണു് അങ്ങയുടെ സ്നേഹം എന്നാണു ഞാൻ ഇതുവരെ കരുതിയിരുന്നതു്. ഞാൻ എന്തു തെററാണു് അങ്ങയോടു ചെയ്തതെന്നു

ഇപ്പോഠം ഓക്കുന്നു." കഷ്ടം, എൻെറ നാട്യം യഥാർത്ഥമാക്കിത്തീക്കാനുള്ള എൻെറ ശ്രമം എത്ര വിഫലമായിപ്പോയി. അതു് നാട്യമല്ലായിരുന്ന അവസാന മുഹൂർത്തത്തിൽമാത്രമെ യഥാർത്ഥമായിരുന്നുള്ളല്ലോ! ഞാൻ ആ ലോലഗാത്രത്തിൻെറ മീതെക്കൂടി കുനിഞ്ഞു് കുരുക്കഠംനിറഞ്ഞ ആ മുഖത്തു്, വരണ്ട ആ ചുണ്ടുകളിൽ ഒരു ചുടുചുംബനം അപ്പിച്ചു. യഥാർത്ഥപ്രേമത്തിൻെറ ബഹിർപ്രകടനമായിരുന്നു അതു്. നാട്യത്തിൻെറ മൂടുപടം നീങ്ങിപ്പോയിരുന്നു. സംതൃപ്തയായിത്തീൎന്ന് അവഠം ദേവദൂതിയെപ്പോലെ മന്ദഹസിച്ചു. "പ്രാണനാഥാ" എന്നൊരു വാക്കുമാത്രം ഉച്ചരിച്ചിട്ടു് ഈ ലോകം വിട്ടുകയുംചെയ്തു. അഹോ, പ്രേമത്തിൻെറ ആരംഭങ്ങഠം എത്ര വിഫലങ്ങളായിരുന്നു!

"അതിൽപ്പിന്നെഞാൻ എന്നത്തേയുംകാഠം കഠിനമായി പണിഎടുക്കുകയായിരുന്നു. പക്ഷേ ജോലി ഇല്ലാത്തപ്പോഠം എൻെറ ജീവിതത്തിൻെറ വ്യത്ഥതയെ സംബന്ധിച്ചു് ഞാൻ ആലോചിക്കും. എൻെറ പ്രേമഭാജനത്തെ ഇനിയും എവിടെവച്ചു കാണാൻകഴിയുമെന്നു് ഞാൻ ചിന്തിക്കും. തീച്ചയായും വളരെ അകലെ ഏതോ ഒരു മണ്ഡലത്തിൽ അവഠം എന്നെ കാത്തിരിക്കുന്നുണ്ടു്. അവളുടെ പ്രേമം ഇരട്ടിച്ചിരിക്കും; മസൂരി പോയിരിക്കും. മേലാലുള്ള എൻെറ ജീവിതം എത്ര വ്യത്ഥമാണു്. പൂമ്പാററ വിട്ടുപോയ കോശംപോലെ ആയിത്തീൎന്നിരിക്കുന്നു അതു്! അതുകൊണ്ടാണു് എൻെറ ജീവിതത്തിൻെറ മുതൽ തിട്ടപ്പെടുത്തിനോക്കാൻ ഊഷരമായ ഈ കുന്നിൽ ഞാൻ വരുന്നതു്. എല്ലാററിൻേറയും വിഫലതയെപ്പററി ചിന്തിക്കുവാൻ" അശ്വത്ഥ് ദുഃഖാത്മകമായി ഒന്നു പുഞ്ചിരിച്ചു.

രത്തൻ പറഞ്ഞു: "നോക്കൂ. സൂൎയ്യൻ അസ്തമിച്ചു ഇരുട്ടു് പരന്നുകഴിഞ്ഞല്ലോ. നമുക്കു പോകാം."

"വ്യൎത്ഥമായ ഒരു ദിവസം കഴിഞ്ഞു. രാത്രിയുടെ ഗൎഭപാത്രത്തിൽ വ്യൎത്ഥമായ മറെറാരുദിനം സ്ഥാനംപിടിച്ചുകഴിഞ്ഞു. എങ്കിലും വളരെ കുറച്ചാളുകളേ ഇതിന്റെയൊക്കെ ഫലശൂന്യതയെപ്പററി ചിന്തിക്കാറുള്ളു". എഴുന്നേററു നടക്കുന്നതിനിടയിൽ അശ്വത്ഥ് പറഞ്ഞു.

UNIVERSITY LIBRARY
31 DEC 1954
MADRAS

160071
36705
O:3M44X
32J3

MUL
160071
G

21 JUIN 1955

"BAGYA SUOCHANA"

BAGYA